
അമരുകശതകം
പരിഭാഷ
ഉമേഷ് നരേന്ദ്രൻ

# അമരുകശതകം

പരിഭാഷ, വ്യാഖ്യാനം, പഠനം
**ഉമേഷ് നരേന്ദ്രൻ**

**Amarukaśathakam of Amaruka**
A romantic Sanskrit poem in 101 verses

Translation, commentary & studies
**Umesh Narendran**

Cover
**Rajeev Sakshi**

Creative crew
**Athmaraman**
**Haridas Mangalappilly**
**Kavitha Raja**
**Prajesh Panicker**
**Prasanth Narayanan**
**Resmi Vava**
**Sajith Yousuf**
**Santhosh Pillai**
**Sarija N.S.**
**Syam Kumar R.**
**Vasudevan Ilayath**

Language
**Malayalam**

First published
**2020**

ചെറുപ്പകാലത്തു് ധാരാളം സംസ്കൃതശ്ലോകങ്ങൾ അർത്ഥത്തോടെ പറഞ്ഞു
തരുകയും സംസ്കൃതസാഹിത്യത്തിൽ എനിക്കു താത്പര്യം ഉണ്ടാക്കുകയും ചെയ്ത

**കമലാസനൻ സാറിന്**

# ആമുഖം

ക്രിസ്തുവിനു ശേഷം ഏഴാമത്തെയോ എട്ടാമത്തെയോ നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന അമരുകൻ എന്ന കവി എഴുതിയ ശൃംഗാരകാവ്യമാണ് അമരുകശതകം. ഈ വിശിഷ്ടകൃതിയ്ക്കു് മലയാളത്തിൽ ലളിതവും വിശദവുമായ ഒരു വ്യാഖ്യാനവും സരളമായ ഒരു പദ്യപരിഭാഷയും തയ്യാറാക്കണം എന്ന ആഗ്രഹത്തിന്റെ പരിണതഫലമാണ് ഈ പുസ്തകം.

അലങ്കാരജടിലമല്ലാത്തതും രസസമ്പുഷ്ടവും ധ്വനിസാന്ദ്രവുമായ മനോഹരശ്ലോകങ്ങളിലൂടെ കാളിദാസനു സമശീർഷനായ കവി എന്നു നിരൂപകർ പ്രശംസിച്ചിട്ടുള്ള അമരുകൻ കാലത്തിനു മുമ്പേ നടന്ന സംസ്കൃതകവിയാണ്. ആനന്ദവർദ്ധനൻ തുടങ്ങിയവരുടെ മുക്തകണ്ഠപ്രശംസ നേടിയ കവി.

മലയാളത്തിൽ ഇതിന് കൈക്കുളങ്ങര രാമവാര്യരുടെ ഒരു വ്യാഖ്യാനവും കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും(ശ്ലോകം) പടിഞ്ഞാറേ കോവിലകത്തു് മാനവിക്രമൻ ചെറിയനുജൻ രാജയുടെയും(ശ്ലോകം) സുന്ദരം ധനുവച്ചപുരത്തിന്റെയും (ഭാഷാവൃത്തം) പരിഭാഷകളും ഉണ്ടായിട്ടുണ്ട്. ഇവയിൽ കേരളവർമ്മയുടെ പരിഭാഷ ഈ പുസ്തകത്തിൽ "കേരളവർമ്മ വലിയകോയിത്തമ്പുരാൻ" എന്ന അദ്ധ്യായത്തിലും (പേജ് 165) മാനവിക്രമന്റെ പരിഭാഷ "മാനവിക്രമൻ ചെറിയനുജൻ രാജാ" എന്ന അദ്ധ്യായത്തിലും (പേജ് 190) ചേർത്തിട്ടുണ്ട്.

ഒരുപാടു സുഹൃത്തുക്കൾ ഈ പുസ്തകം എഴുതുവാൻ എന്നെ സഹായിച്ചിട്ടുണ്ട്. ഞാൻ ഈ പുസ്തകത്തിലെ ഓരോ ശ്ലോകവും എഴുതിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അതു വായിക്കുകയും തിരുത്തുകൾ നിർദ്ദേശിക്കുകയും ചെയ്ത **പ്രശാന്ത് നാരായണൻ, ശ്യാം കുമാർ ആർ., സജിത്ത് യൂസഫ്, സന്തോഷ് പിള്ള, സരിജ എൻ. എസ്., ഹരിദാസ് മംഗലപ്പിള്ളി** എന്നിവരുടെ സഹായമാണ് ഏറ്റവും എടുത്തു പറയേണ്ടതു്. ഇവരുടെ സഹായമില്ലാതെ ഇതു് ഒരിക്കലും പൂർത്തിയാവില്ലായിരുന്നു.

പൂർത്തിയായ ശ്ലോകങ്ങൾ വായിച്ച് അഭിപ്രായം പറഞ്ഞ **ആത്മാരാമൻ, പ്രജേഷ് പണിക്കർ, വാസുദേവൻ ഇളയതു്** എന്നിവരോടും, പരിഭാഷകളെപ്പറ്റി അഭിപ്രായം പറയുന്നതു കൂടാതെ ഇതിന്റെ പഠനം തയ്യാറാക്കാൻ സഹായിക്കുകയും ചെയ്ത **കവിതാ രാജാ, രശ്മി വാവ** എന്നിവരോടും, മറ്റു പരിഭാഷകൾ കണ്ടെടുക്കാൻ സഹായിച്ച **ആർ. പി. ശിവകുമാർ, അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ** എന്നിവരോടും ഉള്ള കൃതജ്ഞത അറിയിക്കട്ടേ.

ഇതിനു കവർ ചിത്രം വരച്ച **രാജീവ് സാക്ഷി**യ്ക്കു് പ്രത്യേകം നന്ദി.

**ഉമേഷ് പി. നരേന്ദ്രൻ**
umesh.p.narendran@gmail.com

# ഉള്ളടക്കം


1 ഈ പുസ്തകത്തെപ്പറ്റി 7

1.1 ഉദ്ദേശ്യം . . . 7
1.2 ഉപയോഗിച്ച പാഠം . . . 7
1.3 ക്രമീകരണം . . . 7
1.4 ഭാഷാശൈലി . . . 7
1.5 വ്യാഖ്യാനത്തിന്റെ ശൈലി . . . 8
1.6 പരിഭാഷയുടെ ശൈലി . . . 8
1.7 പഠനം, ഗവേഷണം . . . 9

2 അമരുകശതകം 10

2.1 കവിയും കാലവും . . . 10
2.2 ഐതിഹ്യങ്ങൾ . . . 10
2.3 ഒരാൾ എഴുതിയതോ സമാഹാരമോ? . . . 11
2.4 കാവ്യമഹത്ത്വം . . . 11
2.5 വിഷയങ്ങൾ . . . 12
2.6 സാമൂഹികവിശകലനം . . . 21
2.7 മനശ്ശാസ്ത്രവിശകലനം . . . 22

3 പരിഭാഷ 25

3.1 ജ്യാകൃഷ്ടിബദ്ധ.../ഞാണേറ്റി നിന്നു... . . . 26
3.2 ക്ഷിപ്തോ ഹസ്താവലഗ്നഃ.../കേറിക്കയ്യിൽ പിടിക്കേ... . . . 27
3.3 ആലോലാമളകാവലീം.../ചഞ്ചലങ്ങളളകങ്ങൾ ചിന്നി... . . . 29
3.4 സന്ദഷ്ടാധരപല്ലവാ.../ചുണ്ടത്തായ് കടിയേറ്റ്... . . . 30
3.5 അലസവലിതൈഃ.../ചേണാർന്നിട്ടിളകീട്ടു... . . . 31
3.6 അംഗുല്യഗ്രനഖേന.../കണ്ണീർ കൈവിരലാൽ... . . . 33
3.7 ദത്തോഽസ്യാഃ പ്രണയഃ.../നീ താൻ പ്രേമമിവൾക്കു... . . . 34
3.8 ലിഖന്നാസ്തേ ഭൂമിം.../പുറത്തെങ്ങോ മുറ്റത്തെഴുതി... . . . 35
3.9 നാര്യോ മുഗ്ദ്ധശഠാ.../പാവം പോലെ, യകത്തു... . . . 36
3.10 കോപാത് കോമളലോല.../കോപത്താൽ കരവല്ലിയാം... . . . 37
3.11 യാതാഃ കിം ന മിലന്തി.../പോവുന്നോർ വരുമെപ്പൊഴും... . . . 38

3.12 തദ്വക്ത്രാഭിമുഖം മുഖം.../നേരേ നിന്ന മുഖം... . . . . . . . . . . . . . . 39
3.13 പ്രഹരവിരതൌ മദ്ധ്യേ.../ചൊല്ലൂ, നിൻ വരവെപ്പൊൾ... . . . . . . . 41
3.14 കഥമപി സഖി ക്രീഡാ.../നീയിപ്പോഴിവിടുന്നിറങ്ങ്... . . . . . . . . . . . 42
3.15 ദമ്പത്യോർന്നിശി ജല്പതോഃ.../പെണ്ണും മാരനുമൊത്തു... . . . . . . . . . 43
3.16 അജ്ഞാനേന പരാങ്മുഖീം.../നിന്നോടീ മുഖം... . . . . . . . . . . . . 45
3.17 ഏകത്രാസനസംഗതിഃ.../നേരത്തേയെഴുന്നേറ്റൊരേ... . . . . . . . . 46
3.18 ദ്വൈഷ്ലേകാസനസംഗതേ.../ഒന്നിച്ചാണിരു കാന്തമാരുടെ... . . . . . . . 47
3.19 ചരണപതനപ്രത്യാഖ്യാനാത്.../കുനിഞ്ഞു കാൽക്കൽ വീഴവേ... . . . 48
3.20 കാഞ്ച്യാ ഗാഢതരാവബദ്ധാ.../ഇന്നീപ്പെണ്ണുരഞ്ഞാണു കൊണ്ടു... . . . 49
3.21 ഏകസ്മിഞ്ഛയനേ പരാന്മുഖ.../തമ്മിൽ കണ്ണിടയാതെ... . . . . . . . . 51
3.22 പശ്യാമോ മയി കിം പ്രപദ്യത.../എന്നോടിന്നിവളെന്തു... . . . . . . . . . 53
3.23 ഏകസ്മിഞ്ഛയനേ വിപക്ഷ.../വേറേ പെണ്ണിനെഴുന്ന പേരു... . . . . 54
3.24 തസ്യാസ്സാന്ദ്രവിലേപന.../നീ മറ്റോളുടെ മാറിൽ... . . . . . . . . . . . 55
3.25 ത്വം മുഗ്ധാക്ഷി വിനൈവ.../നിന്നെക്കഞ്ചുകമൊന്നഴിച്ച്... . . . . . . . 57
3.26 ഭ്രൂഭംഗേ രചിതേപി.../തണ്ടാർന്നീപ്പുരികം... . . . . . . . . . . . . . . . 58
3.27 പ്രാണേശപ്രണയാപരാധ.../പ്രാണേശൻ പിഴ കാട്ടവേ... . . . . . . . . 59
3.28 ഭവതു വിദിതം വ്യർത്ഥ.../അറിയുമഖിലം, ചുമ്മാതൊന്നും... . . . . . . . 60
3.29 ഉരസി നിഹിതസ്താരോ.../മുത്തിൻ മാലകൾ മാറിലും... . . . . . . . . 61
3.30 പ്രാതഃപ്രാതരുപാഗതേന.../എന്നും രാവിലെയെത്തി... . . . . . . . . . 62
3.31 പ്രസ്ഥാനം വലയൈഃ കൃതം.../പോയീ കൈകളിൽ നിന്നും... . . . . . 63
3.32 സുപ്തോ/യം സഖി സുപ്യതാം.../ദേ, നിൻ കാന്തനുറങ്ങി... . . . . . . . 64
3.33 കോപോ യത്ര ഭ്രുകുടിരചനാ.../കോപം വന്നാൽ... . . . . . . . . . . . 65
3.34 സുതനു ജഹിഹി മൗനം.../അടിമലർ പണിയുന്നോരെന്നെ... . . . . . 66
3.35 ഗാഢാലിംഗനവാമനീകൃത.../ഉന്നതസ്തനമമർന്നു പോം... . . . . . . 67
3.36 പടാലഗ്നേ പത്യൗ.../പിടിക്കുമ്പോൾ കാന്തൻ... . . . . . . . . . . . . . 68
3.37 നാപേതോനുനയേന യഃ.../ബന്ധുക്കൾ പറയും... . . . . . . . . . . . 69
3.38 ഗതേ പ്രേമാവേശേ.../കഴിഞ്ഞൂ പ്രേമത്തിൻ... . . . . . . . . . . . . . . 70
3.39 ചിരവിരഹിണോരുത്കണ്ഠ.../ഇതുവരെയകന്ന്... . . . . . . . . . . . 72
3.40 ദീർഘാ വന്ദനമാലികാ.../തൂക്കി നീണ്ടൊരു തോരണം... . . . . . . . 74
3.41 കാന്തേ സാഗസി യാപിതേ.../ലോലൻ, ദൂരെയകറ്റിയോൻ,... . . . . . . 76

3.42 ആശങ്ക്യ പ്രണതിം പടാന്ത.../കാലിൽ ചെന്നു പിടിച്ചിടാതെ... . . . . . 77
3.43 സാ യാവന്തി പദാന്യളീക.../കന്നത്തം കലരും പ്രിയന്നൊട്ടു... . . . . 78
3.44 ദൂരാദുത്സുകമാഹതേ.../ദൂരത്തുത്ക്കണ്ടു... . . . . . . . . . . . . . . . . 79
3.45 അംഗാനാമതിതാനവം.../എന്തേ നിന്റെ ശരീരം... . . . . . . . . . . . . 80
3.46 രാത്രൗ വാരിഭരാലസാംബുദ.../ഏറെക്കാറു നിറഞ്ഞ... . . . . . . . . 81
3.47 സ്വം ദൃഷ്ട്വാ കരജക്ഷതം.../എന്മേൽ സ്വന്തനഖക്ഷതം... . . . . . . . . 82
3.48 ചപലഹൃദയേ കിം.../ചേതസ്സിൽ പ്രണയം... . . . . . . . . . . . . . . . 83
3.49 നഭസി ജലദലക്ഷ്മീം.../മുകിലുകളുയരുമ്പോൾ... . . . . . . . . . . . . 84
3.50 ബാലേ നാഥ വിമുഞ്ച.../പൊന്നേ, നാഥ, പിണങ്ങൊലാ... . . . . . . . . 86
3.51 ശ്ലിഷ്ടഃ കണ്ഠേ കിമിതി.../എന്തേ മൗഢ്യം പെരുകും... . . . . . . . . . . 88
3.52 വാരൈർല്ലോചനവാരിഭിഃ.../ത്തുകും നേത്രജം... . . . . . . . . . . . . 89
3.53 ലഗ്നാ നാംശുകപല്ലവേ.../പൂണില്ലാ കരവല്ലി കൊണ്ടു... . . . . . . . . . 90
3.54 വിരഹവിഷമഃ കാമഃ കാമം.../മാരൻ കൂട്ടു പിരിഞ്ഞവർക്ക്... . . . . . . 91
3.55 പരിമ്ലാനേ മാനേ.../തിങ്കൾക്കൊത്ത മുഖം... . . . . . . . . . . . . . . 92
3.56 കൃതോ ദൂരാദേവ.../ചിരിച്ചു ദൂരത്തായ്... . . . . . . . . . . . . . . . . 93
3.57 ആസ്താം വിശ്വസനം.../മാനിക്കാ സഖിമാരെ... . . . . . . . . . . . . 94
3.58 ശ്രുത്വാ നാമാപി.../രോമാഞ്ചം വന്നു മൂടും... . . . . . . . . . . . . . . . 95
3.59 സന്ത്യേവാത്ര ഗൃഹേ.../പെണ്ണുങ്ങൾ പലരുണ്ടു നാട്ടിൽ... . . . . . . . . 96
3.60 സ്മരരസനദീപൂരേണോഢാഃ.../കൂലം കുത്തിയൊലിച്ച... . . . . . . . . 97
3.61 നിശ്ശേഷച്യുതചന്ദനം.../തെല്ലും ചന്ദനമില്ല നിൻ... . . . . . . . . . . . 98
3.62 മ്ലാനം പാണ്ഡു കൃശം.../മങ്ങീട്ടും വിളറി... . . . . . . . . . . . . . . . . . 99
3.63 ആയസ്താ കലഹം.../പണ്ടേപ്പോലെ വഴക്കിനില്ല... . . . . . . . . . . . 100
3.64 ചിന്താമോഹനിബദ്ധ്യമാന.../വീണ്ടു കാൽക്കലവൻ... . . . . . . . . . 101
3.65 ക്വചിത്താംബൂലാക്തഃ.../മുറുക്കും ചുണ്ടിൻ പാട്... . . . . . . . . . . . . 102
3.66 അഹം തേനാഹൂതാ കിമപി.../നിന്നോടൊന്നു പറഞ്ഞിടേണം... . . . 103
3.67 പുഷ്പോൽഭേദമവാപ്യ.../പൂന്തേൻ വാണി തൊടായ്മ... . . . . . . . . . 104
3.68 ക്വ പ്രസ്ഥിതാസി കരഭോരു.../ഈ രാവിലീയിരുളിലെങ്ങു... . . . . . . 105
3.69 ലോലഭ്രൂലതയാ വിപക്ഷദി.../വേറേ പെണ്ണിനു കാട്ടവേ... . . . . . . . 106
3.70 ദൃഷ്ടഃ കാതരനേത്രയാ.../കത്തും ഹൃത്തൊട്ടു നോക്കി... . . . . . . . . . 107
3.71 ലാക്ഷാലക്ഷ്മ ലലാട.../മൈയാകെപ്പടരും മുഖം... . . . . . . . . . . . . 108

3.72 അദ്യാരഭ്യ നഹി പ്രിയേ.../ഇന്നോടേ പ്രിയനോട്ട... . . . . . . . . . . . . 109
3.73 ശഠാന്യസ്യാഃ കാഞ്ചീ.../നാണം കെട്ടവനേ... . . . . . . . . . . . . . . 110
3.74 ശൂന്യം വാസഗൃഹം വിലോക്യ.../കാണില്ലാരുമിതെന്നുറച്ചു... . . . . . . 111
3.75 പാദാസക്തേസുചിരമിഹതേ.../എന്നും നിൻ കാൽ തടവി... . . . . . . 113
3.76 കഥമപി കൃതപ്രത്യാപത്തൗ.../തിരികെയണയും കാന്തൻ... . . . . . . 114
3.77 പശ്യാശ്ലേഷവിശീർണ്ണ.../നോക്കു സുന്ദരി, ചന്ദനപ്പൊടി... . . . . . . . 115
3.78 അച്ഛിന്നം നയനാംബു.../ഉരുകം തന്നുടെ കണ്ണുനീർ... . . . . . . . . . . 116
3.79 സ്ഫുടതു ഹൃദയം കാമഃ കാമം.../പൂവമ്പൻ ചെറുതാക്കിടട്ടെ... . . . . . 118
3.80 ലീലാതാമരസാഹതോന്യ.../ഏതോ പെണ്ണു കടിച്ചു... . . . . . . . . . . . 119
3.81 പൂരാഭ്രദസ്ഥാകം.../ഒന്നായുള്ള ശരീരമായ്... . . . . . . . . . . . . . . 121
3.82 മുഗ്ദ്ധേ മുഗ്ദ്ധതയൈവ.../നീയെന്തിങ്ങനെ പൊട്ടിയായ്... . . . . . . . 122
3.83 ആലംബ്യാംഗണവാപികാ.../അങ്ങിപ്പോൾ തൊടിയിൽ... . . . . . . . 123
3.84 അനാലോച്യപ്രേമ്ണഃ.../നിൻ പ്രേമത്തെ, യതിന്റെ... . . . . . . . . . . 124
3.85 കപോലേ പത്രാളീ.../കയ്യാൽ മാഞ്ഞു മുഴുക്കെ... . . . . . . . . . . . . 125
3.86 ആയാതേ ദയിതേ മനോരഥ.../വന്നപ്പോൾ ദയിതൻ... . . . . . . . . 127
3.87 രോഹന്തൗ പ്രഥമം മമോരസി.../എൻ മാറത്തു കുരുത്ത... . . . . . . 128
3.88 ചക്ഷുഃപ്രീത്യാ നിഷണ്ണേ.../കണ്ടിട്ടിഷ്ടം സ്ഫുരിച്ചും... . . . . . . . . . . . 129
3.89 കരകിസലയം ധൂത്വാ.../അഴിഞ്ഞു പോയരയ്ക്ക... . . . . . . . . . . . . 131
3.90 പരാചീ കോപേന.../കടുക്കും കോപത്താൽ... . . . . . . . . . . . . . . 132
3.91 ആദൃഷ്ടിപ്രസരാത് പ്രിയസ്യ.../എന്നും യാത്രയിലായവന്റെ... . . . . . 133
3.92 ദേശൈരന്തരിതാ ശതൈശ്ച.../ഉണ്ടാം നൂറു വനങ്ങളും... . . . . . . . 134
3.93 സ്വിന്നം കേന മുഖം.../ഇന്നാരേകി വിയർപ്പു... . . . . . . . . . . . . . 135
3.94 കഠിനഹൃദയേ മുഞ്ച ഭ്രാന്തിം.../കള്ളം തിങ്ങും കഥകൾ... . . . . . . . . 137
3.95 ഭൂദേദോ ഗണിതശ്ചിരം.../സാധിച്ചു പൂരികം... . . . . . . . . . . . . . . 138
3.96 ചരണപതനം സാസ്രാലാപാ.../വീഴും കാൽക്കലവൻ... . . . . . . . . . 140
3.97 കാന്തേ തല്പമുപാഗതേ.../മാരൻ വന്നു കിടക്കവേ... . . . . . . . . . . 141
3.98 നിശ്വാസാ വദനം ദഹന്തി.../പൊള്ളുന്നു നെട്ടുവീർപ്പിനാൽ... . . . . . 142
3.99 നാന്തഃ പ്രവേശമരുണ.../വീട്ടിൽ കടപ്പതു... . . . . . . . . . . . . . . . 143
3.100 പ്രിയകൃതപടസ്ഥേയ.../രതി കഴിയവേ വസ്ത്രം... . . . . . . . . . . . . 144
3.101 സാലക്തകേന നവപല്ലവ.../ചെമ്പഞ്ഞി തന്റെ രസമിട്ട... . . . . . . 145

4 മറ്റു പാഠങ്ങളിലെ ശ്ലോകങ്ങൾ 146

4.1 ധീരം വാരിധരസ്യ... 147
4.2 മലയമരുതാം വ്രാതാ... 147
4.3 സാ ബാലാ വയം... 147
4.4 പുരസ്തന്വ്യാ ഗോത്ര... 147
4.5 തതശ്ചാഭിജ്ഞായ... 148
4.6 ന ജാനേ സമ്മുഖായാതേ... 148
4.7 അനല്പചിന്താഭര... 148
4.8 ഇതി പ്രിയേ പൃച്ഛതി... 149
4.9 യാസ്യാമീതി സമുദ്യതസ്യ... 149
4.10 ജാതാ നോത്കലികാ... 149
4.11 തപ്ലേ മഹാവിരഹ... 149
4.12 സൈവാഹം പ്രമദാ... 150
4.13 ഇദം കൃഷ്ണം കൃഷ്ണം... 150
4.14 തന്വംഗ്യാ ഗുരുസന്നിധൗ... 150
4.15 പ്രാസാദേ സാ ദിശി... 150
4.16 പ്രയച്ഛാകാരം മേ... 151
4.17 കിഞ്ചിന്മുദ്രിതപാംസവഃ... 151
4.18 നീത്വോച്ചൈരിക്ഷിപന്തഃ... 151
4.19 പീതസ്തുഷാരകിരണോ... 152
4.20 ലലനാലോലധമ്മില്ല... 152
4.21 വാന്തി കല്ഹാരസുഭഗാഃ... 152
4.22 രാമാണാം രമണീയ... 152
4.23 അംഗം ചന്ദനപാണ്ഡു... 153
4.24 വരമസൗ ദിവസോ ന... 153
4.25 മന്ദം മുദ്രിതപാംസവഃ... 153
4.26 ഇയമസൗ തരളായത... 153
4.27 സാലക്തകം ശതദളാ... 154
4.28 ശ്രുത്വാകസ്മാന്നിശീഥേ... 154
4.29 പീതോ യതഃ പ്രഭൃതി... 154

4.30 കോപസ്ഥയാ ഹൃദി... . . . 155
4.31 ഊരുദ്വയം മൃഗദൃശഃ... . . . 155
4.32 ഹാരോ ജലാർദ്രവസനം... . . . 155
4.33 തന്വീ ശരത്ത്രിപഥഗാ... . . . 155
4.34 ഹാരോ ഽയം ഹരിണാക്ഷീണാം... . . . 156
4.35 കാന്തേ കത്യപി... . . . 156

**5 ചില ശ്ലോകങ്ങളുടെ വിശദമായ വ്യാഖ്യാനം 157**

**6 മറ്റു പരിഭാഷകൾ 165**

6.1 കേരളവർമ്മ വലിയകോയിത്തമ്പുരാൻ . . . 165
6.2 മാനവിക്രമൻ ചെറിയനുജൻ രാജാ . . . 190

**7 മൂലകൃതിയുടെ വിവിധപാഠങ്ങൾ 216**

**8 വൃത്തങ്ങൾ 220**

**9 സൂചികഃ വിശദീകരണം 222**

**സൂചിക 239**

# 1 ഈ പുസ്തകത്തെപ്പറ്റി

## 1.1 ഉദ്ദേശ്യം

സംസ്കൃതകാവ്യങ്ങൾക്കു വ്യാഖ്യാനവും പരിഭാഷയും മലയാളത്തിൽ ധാരാളമായി ഉണ്ടായിട്ടുണ്ട്. അവയിൽ പലതിന്റെയും മാതൃക അവലംബിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും ആധുനിക ടൈപ്പ്സെറ്റിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കമ്പ്യൂട്ടർ പോലെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളിലും വായിക്കാൻ തക്കവണ്ണമാണ് ഇതു രൂപകല്പന ചെയ്തിട്ടുള്ളത്.

## 1.2 ഉപയോഗിച്ച പാഠം

വേമഭൂപാലന്റെ ശൃംഗാരദീപിക എന്ന സംസ്കൃതവ്യാഖ്യാനവും രാമചന്ദ്ര ദേവധറിന്റെ ഇംഗ്ലീഷ് പരിഭാഷയും ഉൾക്കൊള്ളിച്ച് മോത്തിലാൽ ബനാർസീദാസ് പ്രസിദ്ധീകരിച്ച പുസ്തകത്തിലെ [2] പാഠമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. കേരളവർമ്മ ഉപയോഗിച്ച പാഠം അല്പം വ്യത്യസ്തമാണ്. അർജ്ജുനവർമ്മദേവന്റെ വ്യാഖ്യാനവും [3] (ഇതിലുള്ള പല ശ്ലോകങ്ങളും അതിലില്ല. ഇതിലില്ലാത്ത പലതും അതിൽ ഉണ്ടു്. ഉള്ളതിനു തന്നെ പാഠഭേദവും ഉണ്ടു്.) ഇടയ്ക്കു പരിശോധിച്ചിട്ടുണ്ടു്. രവിചന്ദ്രന്റെ വ്യാഖ്യാനത്തിന്റെ ഒരു സ്കാൻഡ് കോപ്പി [1] കിട്ടിയിട്ടുണ്ടെങ്കിലും കാര്യമായി നോക്കാൻ പറ്റിയിട്ടില്ല.

പല തരം പാഠങ്ങളെപ്പറ്റി ഒരു താരതമ്യം “പലതരം പാഠങ്ങൾ” എന്ന അദ്ധ്യായത്തിൽ (പേജ് 216) ചേർത്തിട്ടുണ്ടു്.

## 1.3 ക്രമീകരണം

ഒരു ശ്ലോകവും പരിഭാഷയും അർത്ഥവിവരണവും കൂടി ഒരു പേജിൽ കൊള്ളത്തക്കവിധമാണ് ലേയൗട്ടും ഫോണ്ടും തെരഞ്ഞെടുത്തതു്. മൂലശ്ലോകവും പരിഭാഷയും വ്യത്യസ്തനിറങ്ങളിൽ കൊടുത്തിരിക്കുന്നു. പദച്ഛേദം, അർത്ഥവിവരണം എന്നിവ പ്രത്യേകം ചെറിയ ഫോണ്ടുകളിലാണു കൊടുത്തിരിക്കുന്നതു്. വലത്തേ മാർജിനിൽ വൃത്തവും സൂചിപ്പിച്ചിട്ടുണ്ടു്. മൂലത്തിലും രണ്ടു പരിഭാഷയിലുമുള്ള വൃത്തങ്ങളുടെ വിശദവിവരങ്ങൾ “വൃത്തങ്ങൾ” എന്ന അദ്ധ്യായത്തിൽ (പേജ് 220) ഉണ്ടു്.

വിശദമായ ഉള്ളടക്കവും (Table of contents) സൂചികയും (Index) ശ്ലോകങ്ങൾ കണ്ടുപിടിക്കാൻ സൗകര്യമാകുന്ന വിധത്തിൽ ചേർത്തിട്ടുണ്ടു്.

## 1.4 ഭാഷാശൈലി

വ്യാഖ്യാനത്തിലും പരിഭാഷയിലും മറ്റു വ്യാഖ്യാന–വിവർത്തന–കൃതികളുടെ ശൈലിയിൽ നിന്നു വ്യത്യസ്തമായി സമീപകാലത്തു പ്രചാരത്തിലുള്ള ധാരാളം വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ടു്. “ദേ, നിൻ കാന്തനുറങ്ങി”, “ഇല്ലെടാ കോന്താ”, “തോന്ന്യവാസം”, “കന്നം തിരിവ്”, “കൊഞ്ചിക്കുക”, “പിന്നേം”, “എന്തോന്ന്”, “പൊന്നേ”, “കട

ന്നു പോ", "വർത്താനം" തുടങ്ങിയ പ്രയോഗങ്ങൾ ധാരാളമായി കാണാം. അമരുകന്റെ കാലത്തെ ശൈലിയിലല്ല, ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ശൈലിയിലാണു പരിഭാഷ എന്നു ചുരുക്കം.

കർമ്മണിപ്രയോഗവും സംസ്കൃതകൃതികളുടെ വ്യാഖ്യാനത്തിലും വിവർത്തനത്തിലും സാധാരണ കാണുന്നതും സംസ്കൃതത്തിൽ ഭംഗിയാണെങ്കിലും ഭാഷയിൽ അരോചകമായ പല പ്രയോഗങ്ങളും (യഃ/യാ/യത് ഉപയോഗങ്ങൾ ഉദാഹരണം) ഒഴിവാക്കിയിരിക്കുന്നു. അതിനാൽ പരിഭാഷ (പദ്യവും വ്യാഖ്യാനത്തിലെ ഗദ്യവും) പലപ്പോഴും നേർതർജ്ജമയല്ല.

## 1.5 വ്യാഖ്യാനത്തിന്റെ ശൈലി

കാളിദാസകൃതികൾക്കു കുട്ടിക്കൃഷ്ണമാരാർ ചെയ്ത വ്യാഖ്യാനങ്ങൾ, പലരും ഭഗവദ് ഗീതയ്ക്ക് എഴുതിയ വ്യാഖ്യാനങ്ങൾ മുതലായവയിൽ ഉപയോഗിച്ച രീതിയാണു് മൂലശ്ലോകങ്ങളുടെ അർത്ഥം വിശദമാക്കാൻ ഇവിടെ ഉപയോഗിച്ചിട്ടുള്ളതു്. ശ്ലോകങ്ങളിലെ വാക്കുകൾ അന്വയക്രമത്തിൽ ഇടത്തുവശത്തും അവയുടെ മലയാളം അതാതിന്റെ വലത്തു വശത്തും കൊടുക്കുന്ന രീതി. എങ്കിലും ഇതിൽ കുറേ സ്വാതന്ത്ര്യങ്ങൾ എടുത്തിട്ടുണ്ടു്. മൂലപദങ്ങളുടെ നേർതർജ്ജമയല്ല മറു വശത്തു്. സംസ്കൃതം തീരെ അറിയാത്തവർക്ക് വലത്തു വശത്തെ മലയാളഭാഗം വായിച്ച് അർത്ഥം മനസ്സിലാകത്തക്കവണ്ണമാണു് ഇതു തയ്യാറാക്കിയതു്. അതിനാൽ മൂലപദങ്ങളുടെ വിഭക്തിയും ശൈലിയും അതു പോലെ പരിഭാഷയിൽ വന്നിട്ടുണ്ടാവില്ല.[1] സംസ്കൃതത്തിൽ നല്ല അറിവുള്ളവർക്ക് ശ്ലോകങ്ങൾ മനസ്സിലാക്കാനും ഇതുപകരിക്കും. എങ്കിലും സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആ ഭാഷയിലെ പദഘടനയും മറ്റും മനസ്സിലാക്കാൻ ഈ പുസ്തകം ഉപയോഗിക്കാൻ പറ്റില്ല.

## 1.6 പരിഭാഷയുടെ ശൈലി

ഇതു് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും മാനവിക്രമന്റെയും പരിഭാഷകൾ പോലെ ഒരു നേർതർജ്ജമയല്ല. കേരളവർമ്മ മൂലത്തിലെ ഒരു പദമോ ആശയമോ വിടാതെ യഥാതഥമായി തർജ്ജമ ചെയ്തിട്ടുണ്ടു്. (കേരളവർമ്മയുടെ തർജ്ജമ പേജ് 165 മുതൽ കൊടുത്തിട്ടുണ്ടു്. മാനവിക്രമന്റേതു് പേജ് 190 മുതലും.) ഈ പരിഭാഷയിൽ മൂലശ്ലോകത്തിന്റെ "ഫീൽ" ഭാഷയിൽ കൊണ്ടു വരാനാണു പ്രധാനമായും ശ്രദ്ധിച്ചിട്ടുള്ളതു്. പരിഭാഷ വായിച്ചാൽ അതിന്റെ മൂലശ്ലോകം വായിച്ച മനസ്സിലാക്കാൻ തോന്നണം എന്ന ഉദ്ദേശ്യത്തോടു കൂടിയാണു് ഓരോ ശ്ലോകവും എഴുതിയിരിക്കുന്നതു്. അതിനാൽത്തന്നെ പരമ്പരാഗതരീതിയിൽ നോക്കിയാൽ പല വൈകല്യങ്ങളും ഉള്ള ഒരു പരിഭാഷയാണു് ഇതു്.

1. കർമ്മണിപ്രയോഗം ഒഴിവാക്കി.
2. മലയാളികൾക്കു പരിചിതമല്ലാത്ത സംസ്കൃതപദങ്ങൾ ഒഴിവാക്കിയതു മൂലം മൂലപദങ്ങൾക്കുള്ള അർത്ഥം പലപ്പോഴും ഉപയോഗിച്ച ഭാഷാപദങ്ങൾക്കു തരാൻ

[1] നാപേതോനനയേന യഃ/ബന്ധുക്കൾ പറയും... (ശ്ലോകം 37) എന്നതിന്റെ വ്യാഖ്യാനം ഉദാഹരണം.

പറ്റിയിട്ടില്ല. “നിവൃത്തേ സദ്ഭാവേ” എന്നതിനു “കൊഴിഞ്ഞു ചങ്ങാത്തം” എന്ന തർജ്ജമ[2] ഉദാഹരണം.

3. പദ്യങ്ങളുടെ ഘടന തന്നെ മാറ്റിയിട്ടുണ്ട്. “പോകുന്നവർ തിരിച്ചു വരാറില്ലേ? സുന്ദരീ, എന്നെപ്പറ്റി ഓർത്തു് നീ പിന്നെയും ആധി പിടിക്കുന്നതിൽ ഒരു കാര്യവുമില്ല” എന്ന് അർത്ഥമുള്ള “യാതാഃ കിം ന മിലന്തി? സുന്ദരി! പുനശ്ചിന്താ ത്വയാ മത്കൃതേ നോ കാര്യാ” എന്നതിന്ന് പ്രസ്താവനയും ചോദ്യവും മറിച്ചിട്ട് “പോവുന്നോർ വരുമെപ്പൊഴും, വെറുതെ നീയെന്നെക്കുറിച്ചെന്തിനായ് നോവേണ്ടുന്നു?” എന്നു പരിഭാഷപ്പെടുത്തിയതു്[3] ഒരുദാഹരണം.

4. മൂലകൃതിയിലെ പല വിശദാംശങ്ങളും പരിഭാഷയിൽ വിട്ടിട്ടുണ്ട്. “നക്തം ദിവം രുദ്യതേ” (രാത്രിയും പകലും കരയുന്നു) എന്നതിനെ “കേഴുന്നു ഞാൻ എല്ലായ്പ്പോഴും” എന്നു [4] പരിഭാഷപ്പെടുത്തിയതു് ഉദാഹരണം. (മൂലശ്ലോകത്തിലെ പ്രഥമപുരുഷൻ ഭാഷയിൽ ഉത്തമപുരുഷനായതും ശ്രദ്ധിക്കുക.)

   ഇതു് ഉദ്ദേശിക്കാത്ത വൈകല്യമാണു്. ഇതു കഴിയുന്നത്ര ഒഴിവാക്കാൻ ഇനിയുള്ള പതിപ്പുകളിൽ ശ്രദ്ധിക്കാം.

5. വളരെ ചുരുക്കമായി, മൂലകൃതിയിൽ പറയാത്തതു പരിഭാഷയിൽ പറഞ്ഞിട്ടുണ്ട്. “സഖ്യഃ കം ഗുണമാകലയ്യ?” എന്നതിനു “ഓതുകയെന്നൊടെൻ സഖികളേ! എന്തേ ഗുണം കിട്ടുവാൻ?” എന്ന പരിഭാഷ[5] ഉദാഹരണം.

കഴിയുന്നത്ര ദ്വിതീയാക്ഷരപ്രാസം കൊണ്ടുവരാൻ നോക്കിയിട്ടുണ്ട്. എങ്കിലും അതു നിർബന്ധമാക്കിയിട്ടില്ല. രണ്ടു ലഘുക്കളിൽ തുടങ്ങുന്ന ശ്ലോകങ്ങൾക്കു പ്രാസം ദീക്ഷിച്ചിട്ടില്ല. ആദ്യാക്ഷരം ലഘുവും രണ്ടാം അക്ഷരം ഗുരുവുമായ ശ്ലോകങ്ങൾക്കു ദ്വിതീയാക്ഷരപ്രാസത്തേക്കാൾ തൃതീയാക്ഷരപ്രാസമാണു പ്രധാനമായി നോക്കിയതു്. പ്രാസദീക്ഷ പലയിടത്തും അർത്ഥത്തെ ബാധിച്ചിട്ടുണ്ട്. അതും പരിഹരിക്കേണ്ട വൈകല്യമാണു്.

“വ്യാഖ്യാനഭേദാദപി പാഠഭേദാത് പ്രസ്ഥാനഭേദാദ്രുചിഭേദതശ്ച” പല രീതിയിൽ പരിഭാഷപ്പെടുത്തണമെന്നു തോന്നിയ പല ശ്ലോകങ്ങളുടെയും അപരപരിഭാഷകൾ അതാതു ശ്ലോകത്തിന്റെ വ്യാഖ്യാനത്തോടു കൂടി കൊടുത്തിരിക്കുന്നു.

## 1.7 പഠനം, ഗവേഷണം

പ്രാചീനസംസ്കൃതകാവ്യങ്ങളെപ്പറ്റിയും അന്നത്തെ സാമൂഹികവ്യവസ്ഥിതിയെപ്പറ്റിയും സാമാന്യമായും അമരുകശതകത്തെപ്പറ്റി വിശേഷിച്ചും പഠിക്കാൻ താത്പര്യമുള്ളവർക്കു് ഉപകരിക്കണം എന്ന ഉദ്ദേശ്യം ഈ കൃതിയ്ക്കുണ്ട്. പല പാഠങ്ങൾ തമ്മിലുള്ള താരതമ്യപഠനം (പേജ് 216), പട്ടികകൾ, പ്രതിപാദ്യവിഷയങ്ങളെക്കുറിച്ചുള്ള വിശകലനം (പേജ് 12), വിശദമായ ഇൻഡക്സ് എന്നിവ ആ ഉദ്ദേശ്യത്തിലാണു്. അമരുകശതകത്തിന്നു് ഇത്തരത്തിൽ ഒരു പഠനം മലയാളത്തിൽ ഇതാദ്യമാണു്.

[2] ഗതേ പ്രേമാവേശേ/കഴിഞ്ഞു പ്രേമത്തിൻ... (ശ്ലോകം 38)
[3] യാതാഃ കിം ന മിലന്തി/പോവുന്നോർ വരുമെപ്പൊഴും... (ശ്ലോകം 11)
[4] നിശ്വാസാ വദനം ദഹന്തി/പൊള്ളുന്നു നെടുവീർപ്പിനാൽ... (ശ്ലോകം 98)
[5] നിശ്വാസാ വദനം ദഹന്തി/പൊള്ളുന്നു നെടുവീർപ്പിനാൽ... (ശ്ലോകം 98)

# 2 അമരുകശതകം

## 2.1 കവിയും കാലവും

ഈ കാവ്യത്തിന്റെ കർത്താവിന്റെ പേരു് പല രീതിയിൽ – അമരുകൻ, അമരു, അമരൻ, അമരകൻ, അമരുകൻ, അമ്രുകൻ എന്നിങ്ങനെ – എഴുതിക്കണ്ടിട്ടുണ്ടു്. കാവ്യത്തിൽ ഒരിടത്തും കവിയുടെ പേർ പറഞ്ഞിട്ടില്ല.

ശങ്കരാചാര്യരുമായി ബന്ധപ്പെട്ട ചില ഐതിഹ്യങ്ങളുടെ അടിസ്ഥാനത്തിൽ അമരുകന്റെ കാലം ക്രി. പി. ഏഴോ എട്ടോ നൂറ്റാണ്ടാണു് എന്ന വാദമുണ്ടു്. അമരുകൻ കാശ്മീരത്തിലെ രാജാവായിരുന്നു എന്നാണു് ഐതിഹ്യം. എങ്കിലും ഇതിനു് ഇന്നു ലഭ്യമായ ചരിത്രത്തിന്റെ പിൻബലമില്ല.

അമരുകശതകത്തിലെ ശ്ലോകങ്ങൾ വാമനൻ (8/9 നൂറ്റാണ്ടു്) കാവ്യാലങ്കാരത്തിൽ കവിയുടെ പേരു പറയാതെ ഉദ്ധരിക്കുന്നുണ്ടു്. അമരുകശതകത്തെപ്പറ്റി ആദ്യം പരാമർശിക്കുന്ന ഗ്രന്ഥം ആനന്ദവർദ്ധനന്റെ ധ്വന്യാലോകം (ഒമ്പതാം നൂറ്റാണ്ടു്) ആണു്. പിന്നീടു് ദശരൂപകത്തിലും (പത്താം നൂറ്റാണ്ടു്) അമരുകശതകത്തിൽ നിന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്.

## 2.2 ഐതിഹ്യങ്ങൾ

അമരുകശതകത്തിന്റെ രചനയെപ്പറ്റി പല കെട്ടുകഥകളുമുണ്ടു്.

പ്രസിദ്ധമായ ഒരു ഐതിഹ്യമനുസരിച്ചു്, മണ്ഡനമിശ്രന്റെ ഭാര്യ ഉഭയഭാരതിയെ വാദത്തിൽ ജയിക്കാൻ വേണ്ടി കാമകല അഭ്യസിക്കാൻ ശങ്കരാചാര്യർ അമരുകൻ എന്ന രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചപ്പോൾ എഴുതിയതാണു് ഈ കാവ്യം. മാധവൻ എന്ന കവി (പതിനാലാം നൂറ്റാണ്ടു്) എഴുതിയ “ശങ്കരവിജയം” എന്ന കാവ്യത്തിൽ ഇതിനെപ്പറ്റി

**വാത്സ്യായനപ്രോദിതസൂത്രജാതം**
**തദീയഭാഷ്യം ച വിലോക്യ സമ്യക്**
**സ്വയം വ്യധത്താഭിനവാർത്ഥഗർഭേ**
**നിബദ്ധമേകം നൃപവേഷധാരീ**

എന്നു പരാമർശിക്കുന്നു.

ശങ്കരാചാര്യർ കാമകല അഭ്യസിക്കാൻ നൂറു ഭാര്യമാരുള്ള അമരുകന്റെ ശരീരത്തിൽ കയറി എന്ന ഒരു അല്പം കൂടി വ്യത്യാസമുള്ള കഥയും ഉണ്ട്.

## 2.3 ഒരാൾ എഴുതിയതോ സമാഹാരമോ?

അമരുകശതകം പ്രത്യേകിച്ച് ഒരു ക്രമത്തിൽ അടുക്കുകയോ പൊതുവായ ഒരു ആഖ്യാനം ഉണ്ടാവുകയോ ചെയ്യാത്ത ഒരു കാവ്യമായതു കൊണ്ട് അത് ഒരാൾ എഴുതിയ കൃതിയല്ല, മറിച്ച് ഒരു സമാഹാരം ആകാനാണു സാദ്ധ്യത എന്നു ഡോ. ഡി. ഡി. കൊസംബിയെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നു. എങ്കിലും ഒരാൾ തന്നെ മുഴുവനും എഴുതിയതു് എന്ന അഭിപ്രായത്തിനാണു കൂടുതൽ മുൻതൂക്കം.

ശൃംഗാര/കാമശാസ്ത്രത്തിലെ വിവിധതരത്തിലുള്ള നായകന്മാരുടെയും നായികമാരുടെയും അവരുടെ വിവിധപ്രവൃത്തികളുടെയും വിഭാഗങ്ങളെ വിശദീകരിക്കാനുള്ള ഉദാഹരണങ്ങളുടെ സമാഹാരമാണു് അമരുകശതകം എന്നൊരു വാദവുമുണ്ട്. വേമഭൂപാലന്റെ വ്യാഖ്യാനത്തിൽ ഓരോ ശ്ലോകത്തിലെയും നായകന്റെയും നായികയുടെയും തരം, അതിലുള്ള രസം, സഞ്ചാരീവ്യഭിചാരീഭാവങ്ങൾ ഇവയൊക്കെ പറയുന്നുണ്ട്.

## 2.4 കാവ്യമഹത്ത്വം

“ഏകമേവാമരോഃ ശ്ലോകഃ സത്പ്രബന്ധശതായ ച” (അമരുകന്റെ ഒരു ശ്ലോകം നൂറു പ്രബന്ധങ്ങൾക്കു തുല്യമാണു്) എന്നൊരു ചൊല്ലു് അമരുകശതകത്തെപ്പറ്റിയുണ്ട്. “മുക്തകേഷു ഹി പ്രബന്ധേഷ്വിവ രസബന്ധാഭിർനിവേശനഃ കവയോ ദൃശ്യന്തേ. യഥാ ഹ്യമരുകസ്യ കവേർമുക്തകാഃ ശൃംഗാരരസനിഷ്യന്ദിനഃ പ്രബന്ധായമാനാഃ പ്രസിദ്ധാ ഏവ” (മുക്തകങ്ങളിലും പ്രബന്ധങ്ങളിലെപ്പോലെ തന്നെ രസങ്ങളെ കോർത്തിണക്കിയ കവികളും ഉണ്ട്. ഉദാഹരണമായി, അമരുകകവിയുടെ ശൃംഗാരരസം വഴിഞ്ഞൊഴുകുന്ന മുക്തകങ്ങൾ പ്രബന്ധങ്ങളെപ്പോലെ തന്നെ പ്രസിദ്ധമാണു്) എന്നു് ആനന്ദവർദ്ധനൻ. അലങ്കാരഭ്രമം കലശലായിരുന്ന സംസ്കൃതസാഹിത്യത്തിൽ രസപ്രാധാന്യമുള്ള കാല്പനികകവിതകൾ എഴുതിയതിൽ അമരുകൻ കാളിദാസനൊപ്പം നിൽക്കുന്നു.

കാവ്യാലങ്കാരം, ധ്വന്യാലോകം, ദശരൂപകം, സാഹിത്യദർപ്പണം, കുവലാനന്ദം തുടങ്ങിയ കാവ്യശാസ്ത്രഗ്രന്ഥങ്ങളിൽ അമരുകശ്ലോകങ്ങളുടെ ആസ്വാദനം കാണാം.

ശൃംഗാരകാവ്യമാണെങ്കിലും ഉപരിപ്ലവമായ രതിവർണ്ണനകളില്ലാതെ മനുഷ്യമനസ്സിന്റെ വൈകാരികാംശങ്ങളെ വെളിവാക്കുന്ന ഈ മുക്തകങ്ങൾ സംസ്കൃതസാഹിത്യത്തിനു് ഒരു മുതൽക്കൂട്ടാണു്.

## 2.5 വിഷയങ്ങൾ

പ്രത്യേകിച്ച് ഒരു ക്രമവും ഇല്ലാതെ, മുക്തകശ്ലോകങ്ങൾ നിരത്തിവെച്ചിരിക്കുന്ന ഒരു കാവ്യമാണ് അമരുകശതകം. ഇവിടെ വിഷയക്രമമനുസരിച്ച് അവയെ തരം തിരിക്കാൻ ശ്രമിക്കുകയാണ്.

ശൃംഗാരമാണ് അമരുകശതകത്തിലെ രസം. ശൃംഗാരരസത്തിന്റെ പല അവാന്തരവിഭാഗങ്ങളെ വർണ്ണിക്കുന്ന ശ്ലോകങ്ങൾ ഇതിലുണ്ട്. സംഭോഗശൃംഗാരം (നായകനും നായികയും അടുത്തിരിക്കുമ്പോഴുള്ള ശൃംഗാരം), വിപ്രലംഭശൃംഗാരം (നായകനും നായികയും താത്ക്കാലികമായെങ്കിലും അകന്നിരിക്കുമ്പോഴുള്ള ശൃംഗാരം) എന്നു രണ്ടു വിഭാഗങ്ങളായി പ്രധാനമായി ഇവയെ തരം തിരിക്കാം. കൂടാതെ പല തരത്തിലുള്ള വിഷയങ്ങൾ ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

- **ശൃംഗാരം**
  - **സംഭോഗശൃംഗാരം:** നായകനും നായികയും അടുത്തു സ്നേഹത്തോടെ ഇരിക്കുമ്പോൾ ഉള്ള ശൃംഗാരം.
  - **വിപ്രലംഭശൃംഗാരം:** നായകനും നായികയും തമ്മിൽ ഏതെങ്കിലും വിധത്തിലുള്ള അകൽച്ച ഉള്ള ശൃംഗാരം.
    - **ആയോഗവിപ്രലംഭം:** ആദ്യസംഗമത്തിനു മുമ്പുള്ള, സംഗമം സാധിക്കാതെ വിഷമിക്കുന്നത്.
    - **പ്രണയമാനവിപ്രലംഭം:** പ്രണയകലഹങ്ങൾ കൊണ്ടുള്ള താത്കാലികമായ അകൽച്ച.
    - **ഈർഷ്യമാണവിപ്രലംഭം:** വലിയ വിരോധം ഉണ്ടായി വേർപിരിയുന്നത്.
    - **പ്രവാസവിപ്രലംഭം:** നായകനും നായകനും ദൂരെ താമസിക്കേണ്ടി വരുന്നതു കൊണ്ടുള്ള വിരഹം.

ഒരു ശ്ലോകത്തിൽ ഇവയിൽ ഒന്നിൽക്കൂടുതൽ ഉണ്ടാവാം. കൂടാതെ കരുണം മുതലായ മറ്റു രസങ്ങളോടു കൂടി ചേർന്നതാകുകയും ചെയ്യാം.

### 2.5.1 സംഗമത്തിനു മുമ്പുള്ള ദുഃഖം

ആയോഗവിപ്രലംഭം. ഇഷ്ടമുള്ള ആളോടു ചേരാൻ വളരെ ആഗ്രഹമുണ്ടെങ്കിലും അതിനു പറ്റാൻ കഴിയാത്ത കാലത്തെ വിപ്രലംഭം.

1. അലസവലിതൈഃ/ചേണാർന്നിട്ടിളകീട്ടു... (ശ്ലോകം 5) : ഇഷ്ടപ്പെട്ട പുരുഷനെ ഇടയ്ക്കിടയ്ക്കു നോക്കുന്ന നായികയോടു സഖി പറയുന്നത്.
2. ആസ്താം വിശ്വസനം/മാനിക്കാ സഖിമാരെ... (ശ്ലോകം 57) : ഇഷ്ടപ്പെട്ട പുരുഷനോടുള്ള പ്രണയം എങ്ങനെ പറയും എന്ന് നായിക ധാത്രിയോടു ചോദിക്കുന്നത്.
3. അച്ഛിന്നം നയനാംബു/ഉുകം തന്നുടെ കണ്ണുനീർ... (ശ്ലോകം 78) : നായകൻ തന്നോട് അടുപ്പം കാണിക്കാത്തതിൽ സങ്കടപ്പെട്ട് മരിക്കാൻ പോലും വിചാരിക്കുന്ന നായിക.

4. ചക്ഷുഃപ്രീത്യാ നിഷണ്ണേ/കണ്ടിട്ടിഷ്ടം സ്മരിച്ചും... (ശ്ലോകം 88) : നായികയെ കാണാൻ നിവൃത്തിയില്ലാതെ അവളുടെ വീടിന്റെ മുമ്പിലുള്ള വഴിയിലൂടെ നടക്കുന്ന നായകൻ.

### 2.5.2 തോഴിമാരുടെ ഇടപെടൽ

നായകനോടു ദേഷ്യപ്പെടാനും പിണങ്ങാനും തോഴിമാർ പലപ്പോഴും നായികയെ പ്രേരിപ്പിക്കാറുണ്ട്.

5. ഭ്രൂഭേദോ ഗണിതശ്ചിരം/സാധിച്ചൂ പൂരികം... (ശ്ലോകം 95) : സഖിമാരുടെ നിർദ്ദേശപ്രകാരം കോപം പരിശീലിക്കുന്ന നായിക.

ചിലപ്പോൾ അവനോടുള്ള പ്രേമം കൊണ്ട് നായകനോടു പിണങ്ങാൻ കഴിയാത്ത നിസ്സഹായയായ നായികയെ നാം കാണുന്നു.

6. തദ്വക്ത്രാഭിമുഖം മുഖം/നേരേ നിന്ന മുഖം... (ശ്ലോകം 12) : തോഴിമാർ ഉപദേശിച്ചതനുസരിച്ചിട്ടു നായകനോടു അനുഭാവം കാണിക്കാതെ ഇരുന്ന് ഒരു കാര്യത്തിൽ പരാജയപ്പെട്ട നായികയുടെ ധർമ്മസങ്കടം.

7. ഭ്രൂഭംഗേ രചിതേപി/തണ്ടാർന്നീപ്പൂരികം... (ശ്ലോകം 26) : തോഴിമാർ ഉപദേശിച്ചതനുസരിച്ചിട്ടു നായകനോടു അനുഭാവം കാണിക്കാതെ ഇരുന്ന് എല്ലാറ്റിലും പരാജയപ്പെട്ട നായികയുടെ ധർമ്മസങ്കടം.

8. സാ യാവന്തി പദാന്യളീക/കന്നത്തം കലരും പ്രിയന്നൊടു... (ശ്ലോകം 43) : തോഴിമാർ പറഞ്ഞതു പോലെയൊക്കെ ചെയ്തെങ്കിലും നായികയ്ക്കു നായകനോടുള്ള പ്രേമം അതിനും മുകളിൽ നിന്നു.

9. കഥമപി കൃതപ്രത്യാപത്തൗ/തിരികെയണയും കാന്തൻ... (ശ്ലോകം 76) : പ്രിയതമൻ വാക്കു തെറ്റി പറഞ്ഞിട്ടും അതു തോഴിമാർ കേട്ടോ എന്നു മാത്രം ഭയപ്പെടുന്ന നായിക.

10. ശ്രുത്വാ നാമാപി/രോമാഞ്ചം വന്നു മൂടും... (ശ്ലോകം 58) : പ്രിയൻ അടുത്തു വരുമ്പോൾ പിണങ്ങാൻ പറ്റില്ലെന്നു പറയുന്ന നായിക.

11. മുഗ്ദ്ധേ മുഗ്ദ്ധതയൈവ/നീയെന്തിങ്ങനെ പൊട്ടിയായ്... (ശ്ലോകം 82) : സഖിമാർ പറഞ്ഞതു കേൾക്കുന്നതിനിടയ്ക്കു് തന്റെ ഹൃദയത്തിലുള്ള പ്രിയതമൻ കേൾക്കും എന്നു ഭയപ്പെടുന്ന പൊട്ടിപ്പെണ്ണ്.

ചിലപ്പോൾ പിണങ്ങിയ നായികയെ തോഴി നായകന്റെ പക്ഷം ചേർന്ന് ചീത്ത പറയുന്നുമുണ്ട്.

12. അംഗുല്യഗ്രനഖേന/കണ്ണീർ കൈവിരലാൽ... (ശ്ലോകം 6) : "ഇങ്ങനെ പിണങ്ങിയാൽ അവൻ നിന്നെ വിട്ടു പോകും, നിന്റെ കരച്ചിൽ കൂട്ടും" എന്നു പറയുന്നു.

13. ലിഖന്നാസ്തേ ഭൂമിം/പുറത്തെങ്ങോ മുറ്റത്തെഴുതി... (ശ്ലോകം 8) : പുറപ്പേട്ടു പോകാൻ ഒരുമ്പെട്ടു നിൽക്കുന്ന നായികയോടു നായകന്റെയും തോഴിമാരുടെയും വളർത്തുതത്തയുടെയും വരെ സ്ഥിതി പറഞ്ഞു് ഇമോഷണൽ ബ്ലായ്ക്ക്മെയിലിംഗ് ചെയ്യുന്ന സഖി.

14. സന്ത്യേവാത്ര ഗൃഹേ/പെണ്ണുങ്ങൾ പലരുണ്ടു നാട്ടിൽ... (ശ്ലോകം 59) : പരദൂഷണം കേട്ടു നായകനോടു കലഹിച്ച നായികയെ ചീത്ത പറയുന്ന സഖി.

15. പാദാസക്തേസുചിരമിഹതേ/എന്നും നിൻ കാൽ തടവി... (ശ്ലോകം 75) : നായകനു വേണ്ടി സഖിമാർ വാദിക്കുമ്പോൾ എന്തു തീരുമാനമെടുക്കണമെന്നു സംശയിക്കുന്ന നായിക.

16. ചപലഹൃദയേ കിം/ചേതസ്സിൽ പ്രണയം... (ശ്ലോകം 48) : നായകനെ ഓടിച്ചു വിട്ടതിനു നായികയെ ചീത്ത വിളിക്കുന്ന സഖി.

17. അനാലോച്യപ്രേമ്ണഃ/നിൻ പ്രേമത്തെ, യതിന്റെ... (ശ്ലോകം 84) : നായകനോടു പിണങ്ങിയിരിക്കുന്ന നായികയോടു സഖി ദേഷ്യപ്പെടുന്നു.

18. നാര്യോ മുഗ്ദ്ധശാ/പാവം പോലെ, യകത്തു... (ശ്ലോകം 9) : നായകൻ മറ്റു പെണ്ണുങ്ങളുടെ അടുത്തു പോയേക്കാം എന്നു സങ്കടപ്പെട്ടിരിക്കുന്ന നായികയോടു സഖിയുടെ ഉപദേശം.

ചിലപ്പോൾ തോഴി പിണങ്ങിയ നായികയ്ക്കു വേണ്ടി നായകനോടും സംസാരിക്കുന്നുണ്ടു്.

19. ദത്തോഽസ്യാഃ പ്രണയഃ/നീ താൻ പ്രേമമിവൾക്കു... (ശ്ലോകം 7) : നായികയ്ക്കു വേണ്ടി തോഴി നായകനോടു പറയുന്നു.

### 2.5.3 തെറ്റു ചെയ്ത നായകനോടു് നായികയുടെ പ്രതികരണം

ഈർഷ്യമാനവിപ്രലംഭം. പരസ്ത്രീസംഗമത്തിനു ശേഷം നായികയുടെ അടുത്തെത്തുമ്പോൾ നായിക പല തരത്തിൽ പ്രതികരിക്കുന്നു.

ചിലപ്പോൾ നായിക വല്ലാതെ ദേഷ്യപ്പെടുന്നു.

20. അജ്ഞാനേന പരാങ്മുഖീം/നിന്നോടീ മുഖം... (ശ്ലോകം 16) : പരസ്ത്രീഗമനത്തിനു ശേഷം എത്തിയ നായകനോടു കുത്തുവാക്കുകൾ പറയുന്ന നായിക.

21. ഭവതു വിദിതം വ്യർത്ഥ/അറിയുമഖിലം, ചുമ്മാതൊന്നും... (ശ്ലോകം 28) : കടുത്ത ഭാഷയിൽ നായകനെ ചീത്ത പറയുകയും മരിച്ചു കളയും എന്നു പറയുകയും ചെയ്യുന്ന നായിക.

22. പ്രാതഃപ്രാതരുപാഗതേന/എന്നും രാവിലെയെത്തി... (ശ്ലോകം 30) : ഇവിടെയും നായിക കടുത്ത ഭാഷയിൽ നായകനെ ചീത്ത പറയുകയും മരണഭീഷണി മുഴക്കുകയും ചെയ്യുന്നു.

23. ഏകസ്മിഞ്ഛയനേ വിപക്ഷ/വേറേ പെണ്ണിനെഴുന്ന പേരു... (ശ്ലോകം 23) : വേറേ പെണ്ണിന്റെ പേരു തെറ്റിപ്പറഞ്ഞ നായകനോടു നായിക ചെയ്തതു്.

24. തസ്യാസ്സാന്ദ്രവിലേപന/നീ മറ്റോളുടെ മാറിൽ... (ശ്ലോകം 24) : പരസ്ത്രീഗമനത്തിനെ ചോദ്യം ചെയ്ത നായികയെ ബലമായി പുണർന്ന നായകൻ.

25. ചിന്താമോഹനിബദ്ധ്യമാന/വീണു കാൽക്കലവൻ... (ശ്ലോകം 64) : നായിക ചീത്ത പറഞ്ഞു് അവസാനം നായകൻ പോകാൻ തുടങ്ങിയപ്പോൾ സങ്കടപ്പെട്ടു് അവനെ തിരികെ വിളിക്കുന്ന നായിക.

26. ശാന്യസ്യാഃ കാഞ്ചീ/നാണം കെട്ടവനേ... (ശ്ലോകം 73) : നായകനു് അടുത്ത വീട്ടിലെ പെണ്ണിനോടു് ആഭിമുഖ്യമുണ്ടെന്നു സംശയിക്കുന്ന നായിക.

ചിലപ്പോൾ നായിക സങ്കടപ്പെടുന്നു.

27. കോപാത് കോമളലോല/കോപത്താൽ കരവല്ലിയാം... (ശ്ലോകം 10) : പരസ്ത്രീഗമനത്തിനു ശേഷം വന്ന നായകന്റെ മുമ്പിൽ സഖിമാരുടെ മുന്നിൽ വെച്ചു പൊട്ടിക്കരയുന്ന നായിക.

28. സുതനു ജഹിഹി മൗനം/അടിമലർ പണിയുന്നോരെന്നെ... (ശ്ലോകം 34) : നായകൻ കാൽക്കൽ വീണപ്പോൾ കരഞ്ഞു പോയ നായിക.

29. ലാക്ഷാലക്ഷ്മ ലലാട/മൈയാകെപ്പടരും മുഖം... (ശ്ലോകം 71) : പരസ്ത്രീഗമനത്തിനു ശേഷം നായകൻ എത്തുമ്പോൾ നായിക സങ്കടത്തോടെ അതു സഹിക്കുന്നതു്.

30. സ്ഫുടതു ഹൃദയം കാമഃ കാമം/പൂവമ്പൻ ചെറുതാക്കിടട്ടെ... (ശ്ലോകം 79) : നായകനെ കുറ്റം പറഞ്ഞിട്ടു് അവൻ വരുന്നുണ്ടോ എന്നു നോക്കുന്ന നായിക.

31. ചരണപതനം സാസ്രാലാപാ/വീഴും കാൽക്കലവൻ... (ശ്ലോകം 96) : നായകൻ ചതിയനാണെങ്കിലും അവനോടു പിണങ്ങാൻ കഴിയാതെ വിഷമിക്കുന്ന നായിക.

32. നിശ്വാസാ വദനം ദഹന്തി/പൊള്ളുന്നു നെടുവീർപ്പിനാൽ... (ശ്ലോകം 98) : സഖിമാരുടെ വാക്കു കേട്ടിട്ടു് നായകനോടു പിണങ്ങിയിട്ടു് എന്തു കാര്യം എന്നു നായിക ചിന്തിക്കുന്നു.

33. പ്രാണേശപ്രണയാപരാധ/പ്രാണേശൻ പിഴ കാട്ടവേ... (ശ്ലോകം 27) : പ്രിയതമൻ തെറ്റു ചെയ്തപ്പോൾ അവനോടു് എങ്ങനെ കലഹിക്കണം എന്നു് അറിഞ്ഞു കൂടാത്ത നായിക കരയുന്നതു്.

ചിലപ്പോൾ നായിക മറ്റേതെങ്കിലും വിധത്തിൽ ദേഷ്യം കാണിക്കുന്നു.

34. ഏകത്രാസനസംഗതിഃ/നേരത്തേയെഴുന്നേറ്റൊരേ... (ശ്ലോകം 17) : കുറ്റം ചെയ്ത നായകനോടു് ഒരു അനുഭാവവും കാണിക്കാതെ ഒഴിഞ്ഞു മാറി നടക്കുന്ന നായിക.

35. ആശങ്ക്യ പ്രണതിം പടാന്ത/കാലിൽ ചെന്നു പിടിച്ചിടാതെ... (ശ്ലോകം 42) : നായകനോടു പിണങ്ങിയിട്ടു് അവനോടു യാതൊരു അനുഭാവവുമില്ലാതെ പെരുമാറുന്ന നായിക.

ചിലപ്പോൾ നായിക സങ്കടവും ദേഷ്യവും ഉള്ളിൽ വെച്ചു കൊണ്ടു് സാധാരണ പോലെ പെരുമാറുന്നു.

36. ആയസ്താ കലഹം/പണ്ടേപ്പോലെ വഴക്കിനില്ല... (ശ്ലോകം 63) : പിണങ്ങിനിൽക്കുന്നതിനു പകരം പൂർണ്ണമായി സഹകരിച്ച നായകനോടുള്ള കോപം പ്രകടമാക്കുന്ന നായിക.

37. നാന്തഃ പ്രവേശമരുണ/വീട്ടിൽ കടപ്പതു... (ശ്ലോകം 99) : പിണങ്ങി നിൽക്കുന്നതിനു പകരം ഒന്നുമറിയാത്തവളെപ്പോലെ അഭിനയിക്കുന്ന നായിക.

38. കൃതോ ദൂരാദേവ/ചിരിച്ചു ദൂരത്തായ്... (ശ്ലോകം 56) : പിണക്കം കാണിക്കാതെ കോപം ഉള്ളിൽ വെച്ചു കൊണ്ടു ചിരികളികളുമായി നിൽക്കുന്ന നായിക.

കൂടാതെ,

39. ദൂരാദുത്സുകമാഹതേ/ദൂരത്തുത്ക്കണ്ഠ... (ശ്ലോകം 44) : തെറ്റു ചെയ്ത നായകനോടു നായിക പ്രതികരിക്കുമ്പോൾ പല സന്ദർഭങ്ങളിൽ അവളുടെ കണ്ണുകളുടെ അവസ്ഥ.

40. പരിമ്ലാനേ മാനേ/തിങ്കൾക്കൊത്ത മുഖം... (ശ്ലോകം 55) : നായികയുടെ കോപം പതിയെ അനുഭാവമായി മാറുന്നതു്.

41. ലോലഭ്രൂലതയാ വിപക്ഷദി/വേറേ പെണ്ണിനു കാട്ടവേ... (ശ്ലോകം 69) : മറ്റൊരു പെണ്ണിനെ നോക്കിയതിനു മുതിർന്നവരുടെ മുന്നിൽ വെച്ചു നായികാനായകന്മാർ ആംഗ്യഭാഷയിൽ സംസാരിക്കുന്നതു്.

### 2.5.4 നായികയെ ഉപേക്ഷിച്ച നായകൻ

42. ഗതേ പ്രേമാവേശേ/കഴിഞ്ഞു പ്രേമത്തിൻ... (ശ്ലോകം 38) : കാമുകൻ ഉപേക്ഷിച്ച കാമുകിയുടെ ദുഃഖം.

43. ദൃഷ്ടഃ കാതരനേത്രയാ/കണ്ണും ഏന്തൊടു നോക്കി... (ശ്ലോകം 70) : ഉപേക്ഷിച്ചു പോകുന്ന നായകനോടു പോകല്ലേ എന്നു യാചിക്കുന്ന നായിക.

### 2.5.5 നായകനെ ഉപേക്ഷിച്ച നായിക

44. അദ്യാരഭ്യ നഹി പ്രിയേ/ഇന്നോടേ പ്രിയനോടു... (ശ്ലോകം 72) : നായകനോടു രോഷം ഉള്ളിൽ വെച്ച് അവനെ ഉപേക്ഷിച്ച നായിക ഇനി അവനില്ലാതെ ജീവിക്കാൻ പറ്റുമോ എന്നു സന്ദേഹിക്കുന്നു.

45. കഥമപി സഖി ക്രീഡാ/നീയിപ്പോഴിവിടുന്നിറങ്ങ്... (ശ്ലോകം 14) : വഴക്കുണ്ടാക്കി നായകനെ ഓടിച്ചു വിട്ടതിനു ശേഷം അവനെയോർത്തു സങ്കടപ്പെട്ടിരിക്കുന്ന നായിക.

46. ചരണപതനപ്രത്യാഖ്യാനാത്/കുനിഞ്ഞു കാൽക്കൽ വീഴവേ... (ശ്ലോകം 19) : സഖിമാർ പറഞ്ഞതു കേട്ട് നായകനെ വഴക്കു പറഞ്ഞു് ഓടിച്ചതിനു ശേഷം സങ്കടപ്പെടുന്ന നായിക.

### 2.5.6 കലഹം തീർക്കാൻ നായകന്റെ ശ്രമങ്ങൾ

47. കഠിനഹൃദയേ മുഞ്ച ഭ്രാന്തിം/കള്ളം തിങ്ങും കഥകൾ... (ശ്ലോകം 94) : തന്നെപ്പറ്റി കേട്ടതൊക്കെ കള്ളമാണെന്നു പറയുന്ന നായകൻ.

48. കപോലേ പത്രാളീ/കയ്യാൽ മാഞ്ഞു മുഴുക്കെ... (ശ്ലോകം 85) : ദേഷ്യപ്പെട്ടിരിക്കുന്ന നായികയെ നായകൻ അനുനയിപ്പിക്കാൻ നോക്കുന്നു.

### 2.5.7 പിണക്കം ഇണക്കമാകുന്നത്

വിപ്രലംഭശൃംഗാരത്തിൽ തുടങ്ങി അവസാനം സംഭോഗശൃംഗാരത്തിൽ അവസാനിക്കുന്നത്.

49. കാഞ്ച്യാ ഗാഢതരാവബദ്ധ/ഇന്നീപ്പെണ്ണരഞ്ഞാണ കൊണ്ടു... (ശ്ലോകം 20) : പിണങ്ങിക്കിടന്നെന്നു തോന്നിച്ച പെണ്ണിന്റെ ശരിക്കുള്ള ഉള്ളിലിരിപ്പ്.

50. കാന്തേ സാഗസി യാപിതേ/ലോലൻ, ദൂരെയകറ്റിയോൻ,... (ശ്ലോകം 41) : പിണങ്ങിയ പെണ്ണിനെ വശത്താക്കാൻ പ്രിയതമന്റെ സൂത്രം.

51. ഏകസ്മിഞ്ഛയനേ പരാങ്മുഖ/തമ്മിൽ കണ്ണിടയാതെ... (ശ്ലോകം 21) : പിണങ്ങിയിരിക്കുന്ന നായികാനായകന്മാരുടെ കണ്ണിടഞ്ഞപ്പോൾ പിണക്കം മാറിയത്.

52. പശ്യാമോ മയി കിം പ്രപദ്യത/എന്നോടിന്നിവളെന്തു... (ശ്ലോകം 22) : പിണങ്ങിയിരിക്കുന്ന നായികാനായകന്മാരുടെ പിണക്കം തീർന്നത്.

53. നാപേതോനുനയേന യഃ/ബന്ധുക്കൾ പറയും... (ശ്ലോകം 37) : ഒരു ദിവസം പിണങ്ങിയിരുന്നിട്ട് അവസാനം പിണക്കം തീരുന്നത്.

54. ബാലേ നാഥ വിമുഞ്ച/പൊന്നേ, നാഥ, പിണങ്ങൊലാ... (ശ്ലോകം 50) : സംഭാഷണത്തിലൂടെ പിണക്കമൊക്കെ മാറി വീണ്ടും സ്നേഹമാകുന്നത്.

55. സ്വം ദൃഷ്ട്വാ കരജക്ഷതം/എന്മേൽ സ്വന്തനഖക്ഷതം... (ശ്ലോകം 47) : നായിക അനാവശ്യമായി പിണങ്ങിപ്പോകുന്നതും നായകന്റെ പ്രതികരണവും.

### 2.5.8 അടുത്താണെങ്കിലും ഇടപഴകാൻ പറ്റാതെ വരുന്നത്.

സംഭോഗശൃംഗാരത്തിൽ തുടങ്ങി വിപ്രലംഭശൃംഗാരത്തിൽ അവസാനിക്കുന്നത്

56. ശ്ലിഷ്ടഃ കണ്ഠേ കിമിതി/എന്തേ മൗഢ്യം പെരുകും... (ശ്ലോകം 51) : പ്രിയനോടു വേണ്ട പോലെ ഇടപഴകാൻ പറ്റിയില്ല എന്നു വിഷമിക്കുന്ന നായിക.

57. സ്മരനനദീപൂരേണോഢാഃ/കൂലം കുത്തിയൊലിച്ച... (ശ്ലോകം 60) : ബന്ധുക്കളുടെ ഇടയിൽ കണ്ണുകൊണ്ടു മാത്രം ഇടപഴകുന്ന നായികാനായകന്മാർ.

58. പുഷ്പോൽഭേദമവാപ്യ/പൂന്തേൻ വാണി തൊടായ്ക... (ശ്ലോകം 67) : തൊട്ടുകൂടായ്മയാൽ ഇടപഴകാൻ പറ്റാത്ത നായികാനായകന്മാർ.

### 2.5.9 നഷ്ടപ്രണയം

ഈർഷ്യമാനവിപ്രലംഭത്തിന്റെ ഒരു രൂപം. കാലക്രമേണ പ്രണയം നഷ്ടമാകുന്നത്.

59. കോപോ യത്ര ഭ്രുകുടിരചനാ/കോപം വന്നാൽ... (ശ്ലോകം 33) : പണ്ടുണ്ടായിരുന്ന പ്രേമം ഇപ്പോൾ നശിച്ചു എന്നു നായികയുടെ പരാതി.

60. വിരഹവിഷമഃ കാമഃ കാമം/മാരൻ കൂട്ടു പിരിഞ്ഞവർക്ക്... (ശ്ലോകം 54) : പ്രണയം നശിച്ച ദാമ്പത്യത്തിലെ നായിക നായകനോട്.

61. പുരാഭൂദസ്മാകം/ഒന്നായുള്ള ശരീരമായ്... (ശ്ലോകം 81) : സൗഹൃദം, പ്രണയം, ദാമ്പത്യം എന്നിങ്ങനെ പല ഘട്ടങ്ങളിൽ കൂടി പോകുമ്പോൾ സ്നേഹം കുറഞ്ഞു വരുന്നത്.

62. രോഹന്തൌ പ്രഥമം മമോരസി/എൻ മാറത്തു കുരുത്ത... (ശ്ലോകം 87) : ചെറുപ്പത്തിലെ തീവ്രപ്രണയം ഇടയ്ക്കു കുറേക്കാലം കാണാതിരുന്നപ്പോൾ നശിച്ചു പോയത്.

### 2.5.10 യാത്ര പോകുന്ന നായകനെ തടയുന്ന നായിക

പ്രവാസവിപ്രലംഭം.

63. യാതാഃ കിം ന മിലന്തി/പോവുന്നോർ വരുമെപ്പൊഴും... (ശ്ലോകം 11) : നായകൻ യാത്ര പോകുമ്പോൾ വിഷമിച്ചു നിൽക്കുന്ന നായികയെ നായകൻ ആശ്വസിപ്പിക്കുന്നു.

64. പ്രഹരവിരതൌ മദ്ധ്യേ/ചൊല്ലൂ, നിൻ വരവെപ്പൊൾ... (ശ്ലോകം 13) : പോകാനിറങ്ങി നിൽക്കുന്ന നായകനെ അതുമിതും ചോദിച്ച് നായിക വൈകിക്കുന്നു.

65. പ്രസ്ഥാനം വലയൈഃ കൃതം/പോയീ കൈകളിൽ നിന്നും... (ശ്ലോകം 31) : നായകൻ യാത്ര പോകുമ്പോൾ ദുഃഖിച്ചിരിക്കുന്ന നായിക തന്റെ ജീവനും പോകാത്തതിൽ വ്യാകുലപ്പെടുന്നു.

66. നഭസി ജലദലക്ഷ്മീം/മുകിലുകളുയരുമ്പോൾ... (ശ്ലോകം 49) : യാത്രയ്ക്കു പുറപ്പെട്ട നായകനെ സങ്കടത്തോടെ തടയുന്ന നായികയെ പിന്നീട് ഓർക്കുന്ന നായകൻ.

67. വാണൈർല്ലോചനവാരിഭിഃ/ളുകം നേത്രജം... (ശ്ലോകം 52) : “നീ പോയാൽ ഞാൻ മരിക്കും” എന്നു ഭീഷണിപ്പെടുത്തുന്ന നായിക.

68. ലഗ്നാ നാംശുകപല്ലവേ/പൂണില്ലാ കരവല്ലി കൊണ്ടു... (ശ്ലോകം 53) : യാത്ര പുറപ്പെട്ടന്ന നായകനെ കരഞ്ഞുകൊണ്ടു തടയുന്ന നായിക.

### 2.5.11 പ്രവാസവിപ്രലംഭം: മറ്റുള്ളവ

69. രാത്രൗ വാരിഭരാലസാംബുദ/ഏറെക്കാറു നിറഞ്ഞ... (ശ്ലോകം 46) : വിരഹിയായ പാന്ഥൻ പാടിയ പാട്ടു കേട്ട ആളുകൾ വിരഹത്തെ ശപിച്ച് സ്നേഹത്തോടെ കഴിയുന്നു.

70. ആലംബ്യാംഗണവാപികാ/അങ്ങിപ്പോൾ തൊടിയിൽ... (ശ്ലോകം 83) : വിരഹിണിയായ നായികയെ ഓർത്തു സങ്കടപ്പെടുന്ന നായകൻ.

71. ആദൃഷ്ടിപ്രസരാത് പ്രിയസ്യ/എന്നും യാത്രയിലായവന്റെ... (ശ്ലോകം 91) : നായകന്റെ മടക്കവും കാത്തിരിക്കുന്ന നായിക.

72. ദേശൈരന്തരിതാ ശതൈശ്ച/ഉണ്ടാം നൂറു വനങ്ങളും... (ശ്ലോകം 92) : ദൂരെയുള്ള നായികയെ കാണാൻ പറ്റുമോ എന്ന് എത്തിക്കുത്തി നിന്നു നോക്കുന്ന നായകൻ.

ഇനി സംഭോഗശൃംഗാരം.

### 2.5.12 അനുവാദമില്ലാതെയുള്ള സംഗമം

സംഭോഗശൃംഗാരം. മറ്റേയാൾക്കു അനുഭാവമില്ലാത്തപ്പോൾ കടന്നു കയറിയുള്ള പ്രണയപ്രകടനം.

73. സുപ്തോഽയം സഖി സുപ്യതാം/ദേ, നിൻ കാന്തനുറങ്ങി... (ശ്ലോകം 32) : ഉറങ്ങിയെന്നു വിചാരിച്ച പ്രിയതമനെ ചുംബിച്ച പ്രിയ.

74. ശൂന്യം വാസഗൃഹം വിലോക്യ/കാണില്ലാരുമിതെന്നുറച്ച്... (ശ്ലോകം 74) : കഴിഞ്ഞ ശ്ലോകത്തോടു വളരെ സാദൃശ്യം. ഉറക്കം നടിച്ചു കിടക്കുന്ന നായകനെ ചുംബിച്ച നായിക.

75. പരാചീ കോപേന/കടുക്കും കോപത്താൽ... (ശ്ലോകം 90) : ഉറക്കം നടിച്ചു കിടക്കുന്ന നായികയോടു നായകന്റെ പ്രവൃത്തി.

76. ലീലാതാമരസാഹതോന്യ/ഏതോ പെണ്ണു കടിച്ച... (ശ്ലോകം 80) : പിണങ്ങിയ പ്രിയയെ പറ്റിച്ച പ്രിയൻ.

77. അഹം തേനാഹൂതാ കിമപി/നിന്നോടൊന്നു പറഞ്ഞിടേണം... (ശ്ലോകം 66) : കള്ളത്തരം പറഞ്ഞു പൊട്ടിപ്പെണ്ണിനെ പറ്റിച്ചു ചുംബിക്കുന്ന നായകൻ.

### 2.5.13 പുനസ്സമാഗമം

പ്രവാസവിപ്രലംഭശൃംഗാരം സംഭോഗശൃംഗാരമാകുന്നതു്.

78. ചിരവിരഹിണോരുത്കണ്ഠ/ഇതുവരെയകന്ന്... (ശ്ലോകം 39) : വളരെക്കാലത്തിനു ശേഷം കണ്ട ദമ്പതികൾക്കു രതിയെക്കാൾ സല്ലാപമാണു താത്പര്യമെന്ന്.

79. ദീർഘാ വന്ദനമാലികാ/തൂക്കി നീണ്ടൊരു തോരണം... (ശ്ലോകം 40) : പ്രവാസത്തിനു ശേഷം മടങ്ങി വരുന്ന പ്രിയനെ സ്വീകരിക്കുന്ന നായിക.

80. ആയാതേ ദയിതേ മനോരഥ/വന്നപ്പോൾ ദയിതൻ... (ശ്ലോകം 86) : പ്രിയൻ മടങ്ങി വന്ന ദിവസം തോഴിമാരെ ഒഴിവാക്കാൻ പ്രിയയുടെ സാമർത്ഥ്യം.

81. അംഗാനാമതിതാനവം/എന്തേ നിന്റെ ശരീരം... (ശ്ലോകം 45) : പ്രവാസത്തിനു ശേഷം തിരിച്ചു വരുന്ന നായകൻ നായികയുടെ ദീനാവസ്ഥ കാണുന്നതു്.

82. മ്ലാനം പാണ്ഡു കൃശം/മങ്ങീട്ടും വിളറി... (ശ്ലോകം 62) : ദുഃഖിതയായി ക്ഷീണിച്ചിരിക്കുന്ന നായികയ്ക്കു് നായകൻ തിരിച്ചെത്തുമ്പോൾ സന്തോഷവും ഉന്മേഷവും തിരികെക്കിട്ടുന്നതു്.

### 2.5.14 നായികയെ ചതിക്കുന്ന സഖി

നായകനെ വശത്താക്കാൻ സഹായിക്കാൻ വന്ന സഖി നായികയെ ചതിക്കുന്നതു്.

83. നിശ്ശേഷച്യുതചന്ദനം/തെല്ലും ചന്ദനമില്ല നിൻ... (ശ്ലോകം 61) : ദൂതിയായിപ്പോയി നായകനുമായി സംഗമിച്ചതിനു ശേഷം മടങ്ങിവന്ന സഖിയോടു നായികയുടെ കുത്തുവാക്കു്.

84. സ്വിന്നം കേന മുഖം/ഇന്നാരേകി വിയർപ്പു... (ശ്ലോകം 93) : ദൂതിയായിപ്പോയിട്ടു നായകനുമായി സംഗമിച്ചതിനു ശേഷം മടങ്ങി വന്ന സഖിയും നായികമായുള്ള സംഭാഷണം.

### 2.5.15 നായകനെ കാണാൻ രാത്രിയിൽ പോകുന്ന നായിക

85. ഉരസി നിഹിതസ്താരോ/മുത്തിൻ മാലകൾ മാറിലും... (ശ്ലോകം 29) : ആകെ ശബ്ദമുണ്ടാക്കി നായകനെ കാണാൻ പോകുന്ന നായിക എന്തിനാണു ചുറ്റും ഭയത്തോടെ നോക്കുന്നതെന്നു സഖി ചോദിക്കുന്നു.

86. ക്വ പ്രസ്ഥിതാസി കരഭോരു/ഈ രാവിലീയിരുളിലെങ്ങു... (ശ്ലോകം 68) : നായകനെ കാണാൻ രാത്രിയിൽ ഒറ്റയ്ക്കു പോകുന്ന നായികയും സഖിയും തമ്മിലുള്ള സംഭാഷണം.

### 2.5.16 രതിവർണ്ണനകൾ

സംഭോഗശൃംഗാരം. രതിവർണ്ണന.

87. ആലോലാമളകാവലീം/ചഞ്ചലങ്ങളളകങ്ങൾ ചിന്നി... (ശ്ലോകം 3) : പുരുഷായിതരതിവർണ്ണന. ദേവപൂജയെക്കാൾ നന്നു് രതിയാണെന്നു പറയുന്നു.

88. സന്ദഷ്ടാധരപല്ലവാ/ചുണ്ടത്തായ് കടിയേറ്റ്... (ശ്ലോകം 4) : അമൃതതുല്യമായ ചുംബനത്തെപ്പറ്റി.

89. ത്വം മുഗ്ദ്ധാക്ഷി വിനൈവ/നിന്നെക്കഞ്ചുകമൊന്നഴിച്ച്... (ശ്ലോകം 25) : സഖിമാരുടെ മുന്നിൽ വെച്ചു നായകന്റെ രതിയ്ക്കുള്ള ക്ഷണവും സഖിമാരുടെ ഔചിത്യത്തോടെയുള്ള പ്രവൃത്തിയും.

90. ഗാഢാലിംഗനവാമനീകൃത/ഉന്നതസ്തനമമർന്നു പോം... (ശ്ലോകം 35) : രതിവർണ്ണന.

91. പടാലഗ്നേ പത്യൗ/പിടിക്കുമ്പോൾ കാന്തൻ... (ശ്ലോകം 36) : ആദ്യരാത്രിയിൽ സഖിമാരുടെ മുന്നിൽ വെച്ച നായകന്റെ പ്രേമപ്രകടനം.
92. പശ്യാശ്ലേഷവിശീർണ്ണ/നോക്കു സുന്ദരി, ചന്ദനപ്പൊടി... (ശ്ലോകം 77) : രതിവർണ്ണന. നായിക തോഴിയോട്.
93. കരകിസലയം ധൂത്വാ/അഴിഞ്ഞു പോയരയ്ക്കു... (ശ്ലോകം 89) : രതിയ്ക്കു ശേഷം നായികയുടെ
94. കാന്തേ തല്പമുപാഗതേ/മാരൻ വന്ന കിടക്കവേ... (ശ്ലോകം 97) : രതിവർണ്ണന.
95. പ്രിയകൃതപടസ്തേയ/രതി കഴിയവേ വസ്ത്രം... (ശ്ലോകം 100) : സംഭ്രമം.രണ്ടാമതും രതിയ്ക്കുള്ള തയ്യാറെടുപ്പ്.

### 2.5.17 സംഭോഗശൃംഗാരം: മറ്റുള്ളവ

96. കചചിത്താംബൂലാക്തഃ/മുറുക്കാം ചുണ്ടിൻ പാട്... (ശ്ലോകം 65) : രതി കഴിഞ്ഞ കിടക്കയുടെ വർണ്ണന. രതിവർണ്ണനയെക്കാളും അർത്ഥഗർഭമായത്.
97. ദമ്പത്യോർന്നിശി ജല്പതോഃ/പെണ്ണും മാരനമൊത്തു... (ശ്ലോകം 15) : തലേ രാത്രിയിലെ രതിയെപ്പറ്റി തത്ത ബന്ധുക്കളോടു പറയുന്നത്.
98. ദൃഷ്ട്വൈകാസനസംഗതേ/ഒന്നിച്ചാണിരു കാന്തമാരുടെ... (ശ്ലോകം 18) : രണ്ടു ഭാര്യമാരെ ഒരുത്തൻ ഒരേ സമയം സന്തോഷിപ്പിക്കുന്നത്. ഒരുത്തിയുടെ കണ്ണു പൊത്തിയിട്ട് മറ്റവളെ ചുംബിക്കുന്നു.

### 2.5.18 ശൃംഗാരമില്ലാത്ത ശ്ലോകങ്ങൾ

ശൃംഗാരം അംഗിയായ രസമല്ലാത്ത മൂന്നു ശ്ലോകങ്ങൾ ഉണ്ട്.

99. ജ്യാകൃഷ്ടിബദ്ധ/ഞാണേറ്റി നിന്നു... (ശ്ലോകം 1) : കാവ്യത്തിന്റെ ആദിയിലെ സ്തുതി.
100. ക്ഷിപ്തോ ഹസ്താവലഗ്നഃ/കേറിക്കൈയിൽ പിടിക്കേ... (ശ്ലോകം 2) : രണ്ടാമത്തെ ശ്ലോകം. ശൃംഗാരം അടങ്ങിയ സ്തുതി.
101. സാലക്തകേന നവപല്ലവ/ചെമ്പഞ്ഞി തന്റെ രസമിട്ടു... (ശ്ലോകം 101) : അവസാനത്തെ ശ്ലോകം.

## 2.6 സാമൂഹികവിശകലനം

സംസ്കൃതത്തിലെയും മലയാളത്തിലെയും ശൃംഗാരശ്ലോകങ്ങളിൽ അധികവും പുരുഷപക്ഷത്തു നിന്നുള്ളതാണ്. സ്ത്രീവർണ്ണനകളും രതിക്രീഡാവർണ്ണനകളും ആണു മിക്കവയുടെയും പ്രതിപാദ്യം. സംസ്കൃതത്തിൽ ഇതു വിരളമല്ലെങ്കിലും, മണിപ്രവാളത്തിലും മലയാളത്തിലും ഇതു വളരെയധികം മാംസനിബദ്ധമായി. ചന്ദ്രോത്സങ്ങളും ഉണ്ണി

യച്ചീചരിതങ്ങളും അംബോപദേശങ്ങളും തൊട്ടു വെണ്മണികളുടെ മുരിശൃംഗാരശ്ലോകങ്ങൾ വരെ ശൃംഗാരത്തെ ഇങ്ങനെ പുരുഷകേന്ദ്രീകൃതമാക്കി. സ്ത്രീകൾ സംസാരിക്കുന്ന അംബോപദേശം, വൈശികതന്ത്രം തുടങ്ങിയവയിലും രചന പുരുഷനെ തൃപ്തിപ്പെടുത്താൻ ഉതകുന്ന തരത്തിലാണ്. ഇതിൽ നിന്നു വ്യത്യസ്തമായി, സ്ത്രീകളുടെ വിചാരഗതികൾ ആവിഷ്കരിക്കുന്നു എന്നൊരു പ്രത്യേകതയും അമരുകശതകത്തിനുണ്ട്.

പന്ത്രണ്ടു നൂറ്റാണ്ടു മുമ്പുള്ള ഒരു കാലഘട്ടത്തെയാണ് അമരുകശതകത്തിൽ പ്രതിപാദിക്കുന്നതെങ്കിലും, അതിലെ വിഷയങ്ങൾ മിക്കതും എല്ലാ കാലത്തും പ്രസക്തമാണ്. ചില പ്രകടമായ വ്യത്യാസങ്ങളും പ്രത്യേകതകളും:

1. ബഹുഭാര്യാത്വം അല്ലെങ്കിൽ ഒരു പുരുഷൻ പല സ്ത്രീകളുമായി ബന്ധം പുലർത്തുന്ന സമ്പ്രദായം അംഗീകൃതമായ ഒരു സമൂഹമായിരുന്നു അന്നത്തേതു്. സപത്നികൾ തമ്മിൽ അസൂയയും മത്സരവും ഉണ്ടായിരുന്നെങ്കിലും മറ്റു സ്ത്രീകളുമായുള്ള ബന്ധം ഒരു ന്യൂനതയായി കരുതപ്പെട്ടിരുന്നില്ല. നേരേ മറിച്ച്, ഒന്നിലധികം പുരുഷന്മാരുമായി ബന്ധമുള്ള സ്ത്രീകളെ അമരുകശതകത്തിൽ കാണുന്നില്ല.
2. രണ്ടു ശ്ലോകങ്ങളിൽ (ആസ്താം വിശ്വസനം/മാനിക്കാ സഖിമാരെ... (ശ്ലോകം 57) , രോഹന്തൌ പ്രഥമം മമോരസി/എൻ മാറത്തു കുരുത്ത... (ശ്ലോകം 87) ) നായികയുടെ ധാത്രിയെ (വളർത്തമ്മ) പരാമർശിക്കുന്നുണ്ട്. തനിക്കിഷ്ടമുള്ള പുരുഷനെ വശത്താക്കാൻ എന്താണു വഴി എന്നതിനുള്ള ഉപദേശം ചോദിക്കത്തക്കവിധമുള്ള ബന്ധമാണു നായികയ്ക്കു ധാത്രിയോടുള്ളതു്. അതു പോലെ, തൊട്ടടുത്തുള്ള മുറിയിലുള്ള ഒരുത്തിയുമായി നായകനു ബന്ധമുണ്ടു് എന്നു നായിക സംശയിക്കുന്ന ഒരു ശ്ലോകമുണ്ടു് (ശാഠാന്യസ്യാഃ കാഞ്ചീ/നാണം കെട്ടവനേ... (ശ്ലോകം 73) ). ഇവയിൽ നിന്നു് ഇതിലെ ചില നായികമാരെങ്കിലും ഗണികാസ്വഭാവമുള്ളവർ ആണെന്നു കരുതാം. അവിടെപ്പോലും വേശ്യാവൃത്തി ചെയ്യുന്നവരല്ല, ഒരു സമയത്തു് ഒരു പുരുഷനോടു മാത്രം അടുപ്പമുള്ള ഗണികകളെയാണു കാണാൻ കഴിയുക.
3. പ്രവാസത്തിന്റെ ദുഃഖങ്ങളെപ്പറ്റി പല ശ്ലോകങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. പുരുഷന്മാർ വാണിജ്യത്തിനും മറ്റുമായി പ്രിയതമയെ പിരിഞ്ഞു് വളരെക്കാലം നാട്ടു വിട്ടു പോകുന്നതു സാധാരണയായിരിക്കണം. അമരുകരാജാവിനു തന്നെ യുദ്ധങ്ങൾക്കും രാജ്യകാര്യങ്ങൾക്കുമായി ഭാര്യമാരെ പിരിഞ്ഞു കഴിയേണ്ടതായി വന്നിട്ടുണ്ടാവാം.

## 2.7 മനശ്ശാസ്ത്രവിശകലനം

അമരുകശതകത്തെ വ്യാഖ്യാനിക്കുമ്പോൾ കാവ്യത്തിന്റെ അംഗിയായ ശൃംഗാരരസത്തിനു ഭംഗം വരാതിരിക്കാൻ വ്യാഖ്യാതാക്കൾ വളരെ ശ്രദ്ധിക്കുന്നുണ്ട്. ഗാഢാലിംഗനവാമനീകൃത/ഉന്നതസ്തനമമർന്നു പോം... (ശ്ലോകം 35) എന്ന ശ്ലോകത്തിൽ രതിയ്ക്കു ശേഷം അനങ്ങാതെ കിടക്കുന്ന നായികയെപ്പറ്റി "കിം നു മൃതാ?" (മരിച്ചു പോയോ?) എന്നു കവി ചോദിക്കുന്നുണ്ട്. മരണം അമംഗളസൂചകമായതിനാൽ മൃതി എന്നതിനു മോഹാലസ്യം എന്നു് അർത്ഥം പറയണം എന്നു വേമഭൂപാലൻ പറയുന്നു. അർജ്ജുനവർമ്മദേവനാകട്ടേ ഒരു പടി കൂടെ കടന്നു് "എങ്കിലും കരുണവും ബീഭത്സവും ദ്യോതിപ്പിക്കുന്ന മൃതാ എന്ന പ്രയോഗം ഞാൻ അംഗീകരിക്കുന്നില്ല. അതിനാൽ നാലാമത്തെ വരി 'കിം മ്ലാനാ ശയിതാ നു കിം മനസി മേ ലീനാ വിലീനാ നു കിം' എന്നു മാറ്റണം" എന്നു വരെ പറയുന്നു. (സംസ്കൃതകാവ്യങ്ങൾക്കു് പല പാഠങ്ങളുണ്ടായതു് ഒരു

പക്ഷേ വ്യാഖ്യാതാക്കളുടെ ഇങ്ങനെയുള്ള കൈകടത്തൽ മൂലമായിരിക്കാം.) മറ്റു പല യിടത്തും (യാതാഃ കിം ന മിലന്തി/പോവുന്നോർ വരുമെപ്പൊഴും... (ശ്ലോകം 11) , ഭവതു വിദിതം വ്യർത്ഥ/അറിയുമഖിലം, ചുമ്മാതൊന്നും... (ശ്ലോകം 28) , പ്രസ്ഥാനം വലയൈഃ കൃതം/പോയീ കൈകളിൽ നിന്നും... (ശ്ലോകം 31) , വാണൈർല്ലോചനവാരിഭിഃ/ളുകം നേത്രജം... (ശ്ലോകം 52) , പ്രാതഃപ്രാതരുപാഗതേന/എന്നും രാവിലെയെത്തി... (ശ്ലോകം 30) , അച്ഛിന്നം നയനാം ബു/ളുകം തന്നുടെ കണ്ണുനീർ... (ശ്ലോകം 78) ) മരണസൂചന ഉണ്ടെങ്കിലും അവയൊക്കെ "ഞാൻ മരിച്ചു പോകും" എന്ന വിപ്രലംഭശൃംഗാരസൂചകമായ വ്യാക്ഷേപകം മാത്രമാണ്.

ഈ നിർബന്ധം ശ്ലോകസന്ദർഭങ്ങൾ വിശദീകരിക്കുന്ന സ്ഥലത്തും കാണാം. നായിക പിണങ്ങുന്ന ഭാഗത്തൊക്കെ അതു നായകന്റെ പരസ്ത്രീബന്ധം കൊണ്ടാണെന്നു കാണാം. പരസ്ത്രീബന്ധം സാധാരണവും അതേ സമയം അതല്ലാതെ ഏതെങ്കിലും കാരണം കൊണ്ടു നായിക പിണങ്ങുന്നതു തെറ്റും ആണെന്നു കരുതുന്ന ഒരു സദാചാരവീക്ഷണമാണു വ്യാഖ്യാതാക്കൾക്കുള്ളത്. നായികയുടെ ദേഷ്യമൊക്കെ തോഴിമാരുടെ ഉപദേശം കൊണ്ടാണെന്ന് എടുത്തു പറഞ്ഞ് നായികയെ വഴക്കാളി എന്ന ലേബലിൽ നിന്ന് ഒഴിവാക്കുന്നുണ്ട്. ഇനി തോഴിമാർ അങ്ങനെ ചെയ്താൽത്തന്നെ അതു നായകന്റെ പരസ്ത്രീബന്ധം കൊണ്ടാവണമെന്നില്ല, അവരുടെ അസൂയ കൊണ്ടാവാം. പക്ഷേ, അങ്ങനെ ഒരു വായന വ്യാഖ്യാതാക്കൾക്കു നിഷിദ്ധമാണ്. നായകനെ കൂട്ടിക്കൊണ്ടു വരാൻ അയച്ച തോഴി നായകനുമായി രമിക്കുന്ന രണ്ടു ശ്ലോകങ്ങൾ (നിശ്ശേഷച്യുതചന്ദനം/തെല്ലും ചന്ദനമില്ല നിൻ... (ശ്ലോകം 61) , സ്വിന്നം കേന മുഖം/ഇന്നാരേകി വിയർപ്പു... (ശ്ലോകം 93) ) അമരുകൻ എഴുതിയിട്ടുണ്ടെങ്കിലും!

ഈ നിഷ്ഠ അമരുകശതകത്തിൽ അന്തർലീനമായ പല സാമൂഹിക-ദാമ്പത്യ-പ്രശ്നങ്ങളുടെയും നേർക്കു കണ്ണടയ്ക്കാൻ വ്യാഖ്യാതാക്കളെ പ്രേരിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി, അമരുകശതകത്തിലെ ഇന്നും പ്രസക്തമായ ഒരു അംശം പീഡകനായ ഭർത്താവിനെയും (abusive husband) പീഡിതയായ ഭാര്യയെയും (abused wife) ഇതിലെ നായകനും നായികയും ചിലപ്പോൾ പ്രതിനിധീകരിക്കുന്നുണ്ടെന്നതാണ്.

പരസ്ത്രീസംഗം പോലെയുള്ള അപരാധം ചെയ്യുകയും പിന്നീട് കാൽക്കൽ വീണു ക്ഷമ യാചിക്കുകയും ചെയ്യുന്ന നായകൻ Intermittent reinforcement എന്ന രീതി ഉപയോഗിക്കുന്ന പീഡകനാണ്. കാൽക്കൽ വീഴുന്ന നായകൻ നായികയില്ലെങ്കിൽ തനിക്കു ജീവിക്കാൻ കഴിയില്ല എന്ന തോന്നൽ നായികയ്ക്കുണ്ടാക്കി അവളെ ഒരു Traumatic bonding-ൽ എത്തിക്കുന്നു.

തന്നെപ്പറ്റി കേട്ടതൊക്കെ കള്ളമാണെന്ന Denial mode-ലേയ്ക്കു പോകുന്ന നായകനെ കഠിനഹൃദയേ മുഞ്ച ഭ്രാന്തിം/കള്ളം തിങ്ങും കഥകൾ... (ശ്ലോകം 94) , തസ്യാസ്സാന്ദ്രവിലേപന/നീ മറ്റോളുടെ മാറിൽ... (ശ്ലോകം 24) തുടങ്ങിയ ശ്ലോകങ്ങളിൽ വ്യക്തമായി കാണാം.

അനുവാദമില്ലാതെയുള്ള കടന്നുകയറ്റം (Forcing without consent) പല ശ്ലോകങ്ങളിലും വിഷയമാകുന്നുണ്ട്. സന്ദഷ്ടാധരപല്ലവാ/ചുണ്ടത്തായ് കടിയേറ്റ്... (ശ്ലോകം 4) , അഹം തേനാഹൂതാ കിമപി/നിന്നോടൊന്നു പറഞ്ഞിടേണം... (ശ്ലോകം 66) , പരാചീ കോപേന/കടുക്കും കോപത്താൽ... (ശ്ലോകം 90) , തസ്യാസ്സാന്ദ്രവിലേപന/നീ മറ്റോളുടെ മാറിൽ... (ശ്ലോകം 24) എന്നിവയിൽ നായകനാണ് ഇതു ചെയ്യുന്നതെങ്കിൽ സുപ്തോ//യം സഖി സുപ്യതാം/ദേ, നിൻ കാന്തനുറങ്ങി... (ശ്ലോകം 32) , ശൂന്യം വാസഗൃഹം വിലോക്യ/കാണില്ലാരുമിതെന്നുറച്ചു... (ശ്ലോകം 74) എന്നിവയിൽ നായിക ചെയ്യുന്നു.

Betrayal trauma അനുഭവിക്കുന്ന നായികയെ പല ശ്ലോകങ്ങളിലും കാണാം. നാ

യകന്റെ പരസ്ത്രീബന്ധം അന്നത്തെ കാലത്ത് അനുവദനീയമായ ഒരു പ്രവൃത്തിയാണെങ്കിൽക്കൂടി, അതിൽ വല്ലാതെ ദുഃഖിക്കുന്ന നായികയെ പല ശ്ലോകങ്ങളിലും കാണാം. ഭവതു വിദിതം വ്യർത്ഥ/അറിയുമഖിലം, ചുമ്മാതൊന്നും... (ശ്ലോകം 28) , പ്രാതഃപ്രാതരുപാഗതേന/എന്നും രാവിലെയെത്തി... (ശ്ലോകം 30) എന്നീ ശ്ലോകങ്ങളിൽ നായിക ആത്മഹത്യാഭീഷണി മുഴക്കുന്നുണ്ട്. ലാക്ഷാലക്ഷ്മ ലലാട/മൈയാകെപ്പടരും മുഖം... (ശ്ലോകം 71) , ഏകത്രാസനസംഗതിഃ/നേരത്തേയെഴുന്നേറ്റൊരേ... (ശ്ലോകം 17) , ആശങ്ക്യ പ്രണതിം പടാന്ത/കാലിൽ ചെന്നു പിടിച്ചിടാതെ... (ശ്ലോകം 42) എന്നിവയിലും നായികയുടെ ദുഃഖം നിഴലിക്കുന്നുണ്ട്.

പന്ത്രണ്ടു നൂറ്റാണ്ടു മുമ്പുള്ള സാമൂഹികവ്യവസ്ഥിതിയ്ക്കനുസരിച്ചെഴുതിയ ഈ കാവ്യത്തിൽ ഇതൊരു അതിവായനയായിരിക്കാം. എങ്കിലും കാലാതിവർത്തിയായ ഒരു വിശിഷ്ട കാവ്യത്തിന് ഇങ്ങനെയും ഒരു വ്യാഖ്യാനം സാദ്ധ്യമാണെന്ന വാദവും തള്ളിക്കളയാവുന്നതല്ല.

# 3 പരിഭാഷ

വേമഭൂപാലന്റെ ദാക്ഷിണാത്യപാഠമാണ് ഈ പരിഭാഷയ്ക്കു് ഉപയോഗിച്ചിരിക്കുന്നതു്. 101 ശ്ലോകങ്ങളാണ് ഇതിലുള്ളതു്. കേരളവർമ്മയുടെയുടെയും മാനവിക്രമന്റെയും പരിഭാഷകളും ഈ വ്യാഖ്യാനത്തെ അവലംബിച്ചുള്ളതാണ്.

മറ്റു വ്യാഖ്യാതാക്കൾ ഉൾക്കൊള്ളിച്ച 35 ശ്ലോകങ്ങൾ ഇതിലില്ല. മറ്റെങ്ങുമില്ലാത്ത 12 ശ്ലോകങ്ങൾ ഇതിലുണ്ടു താനും.

വേമഭൂപാലന്റെ പാഠത്തിൽ വസന്തതിലകത്തെക്കാൾ ചെറിയ ശ്ലോകങ്ങൾ ഒന്നുമില്ല. മറ്റു പാഠങ്ങളിൽ ദ്രുതവിളംബിതം, വംശസ്ഥം, അനുഷ്ടുപ്പ് എന്നിവയും ഉണ്ടു്.

## 3.1 ജ്യാകൃഷ്ടിബദ്ധാ.../ഞാണേറ്റി നിന്നു...

വേമഭൂപാലൻ:1 രവിചന്ദ്രൻ:1 രുദ്രദേവകമാരൻ:1 അർജ്ജുനവർമ്മദേവൻ:1

കാവ്യത്തിന്റെ ആദിയിലെ ദേവീസ്തുതി.

**മൂലം:**

**ജ്യാകൃഷ്ടിബദ്ധകടകാമുഖപാണിപൃഷ്ഠ-**
**പ്രേംഖന്നഖാംശുചയസംവലിതോ മൃഡാന്യാഃ**
**ത്വാം പാതു മഞ്ജരിതപല്ലവകർണ്ണപൂര-**
**ലോഭഭ്രമദ്ഭ്രമരവിഭ്രമഭൃത്കടാക്ഷഃ** ‖ 1 ‖

വസന്തതിലകം

**പദച്ഛേദം:** ജ്യാ–കൃഷ്ടി–ബദ്ധാ–കടകാമുഖ–പാണി–പൃഷ്ഠ–പ്രേംഖത്–നഖ–അംശു–ചയ–സംവലിതഃ മൃഡാന്യാഃ ത്വാം പാതു മഞ്ജരിത–പല്ലവ–കർണ്ണ–പൂര–ലോഭ–ഭ്രമത്–ഭ്രമര–വിഭ്രമഭൃത് കടാക്ഷഃ

**അർത്ഥം:**

| | | |
|---|---|---|
| മൃഡാന്യാഃ | : | പാർവ്വതിയുടെ |
| ജ്യാ-കൃഷ്ടി-ബദ്ധ- | : | ഞാണേറ്റി നിൽക്കുന്ന |
| -കടകാമുഖ-പാണി-പൃഷ്ഠ-പ്രേംഖൻ- | : | കടകാമുഖത്തിലുള്ള കൈയുടെ അറ്റത്ത് വിളങ്ങുന്ന |
| -നഖ-അംശു-ചയ- | : | നഖങ്ങളിൽ നിന്നുള്ള രശ്മികൾ |
| -സംവലിതഃ | : | ചേർന്നതും |
| മഞ്ജരിത-പല്ലവ-കർണ്ണ-പൂര- | : | ഇളം തളിരു പോലെയുള്ള ചെവി വരെ എത്തുന്ന |
| -ലോഭ-ഭ്രമത്-ഭ്രമര-വിഭ്രമ-ഭൃത് | : | ആർത്തി പൂണ്ടു ഭ്രമിച്ച വണ്ടുകളെപ്പോലെ ഉള്ളതുമായ |
| കടാക്ഷഃ | : | കടാക്ഷം (നോട്ടം) |
| ത്വാം പാതു | : | നിന്നെ രക്ഷിക്കട്ടേ |

**പരിഭാഷ:**

**ഞാണേറ്റി നിന്നു കടകാമുഖരൂപമാളും**
**പാണിക്കെഴും നഖമനോജ്ഞത ചേർന്നു മിന്നും**
**ചേണാർന്നിളം തളിരു തോറ്റ ചെവിയ്ക്കു വണ്ടെ-**
**ന്നോണം കടാക്ഷമുമ ചെയ്‌വതു കാത്തിടട്ടേ.**

വസന്തതിലകം

**പദച്ഛേദം:** ഞാൺ ഏറ്റി നിന്നു കടകാ–മുഖ–രൂപം ആളും പാണിയ്ക്ക് എഴും നഖ–മനോജ്ഞത ചേർന്നു മിന്നും ചേണ് ആർന്ന് ഇളം തളിരു തോറ്റ ചെവിയ്ക്ക് വണ്ട് എന്നോണം കടാക്ഷം ഉമ ചെയ്‌വതു കാത്തിടട്ടേ

(വ്യാഖ്യാനം പേജ് 157–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കർണ്ണാന്തം കടകാമുഖാ...(പേജ് 165)

**മാനവിക്രമൻ:** ഒന്നായ് ഞാൺ കടകാമുഖത്തോടു...(പേജ് 190)

## 3.2 ക്ഷിപ്തോ ഹസ്താവലഗ്നഃ.../കേറിക്കയ്യിൽ പിടിക്കേ...

വേമഭൂപാലൻ:2 രവിചന്ദ്രൻ:2 രുദ്രമദേവകുമാരൻ:2 അർജ്ജുനവർമ്മദേവൻ:2

രണ്ടാമത്തെ സ്തുതി. ത്രിപുരദഹനം നടത്തിയ ശിവന്റെ അമ്പിലെ തീയെ പോഴത്തം കാണിച്ചു ശിക്ഷിക്കപ്പെട്ട കാമുകനോട് ശ്ലേഷം വഴി ഉപമിച്ചിരിക്കുന്നു.

**മൂലം:**

ക്ഷിപ്തോ ഹസ്താവലഗ്നഃ പ്രസഭമഭിഹതോऽപ്യാദദാനോംऽശുകാന്തം
ഗൃഹ്ണൻ കേശേഷ്വപാസ്തശ്ചരണനിപതിതോനേക്ഷിതസ്സംഭ്രമേണ
ആലിംഗൻ യോऽവധൂതസ്ത്രിപുരയുവതിഭിസ്സാശ്രുനേത്രോത്പലാഭിഃ
കാമീവാർദ്രാപരാധഃ സ ദഹതു ദുരിതം ശാംഭവോ വഃ ശരാഗ്നിഃ ‖ 2 ‖ സ്രഗ്ദ്ധര

**പദച്ഛേദം:** ക്ഷിപ്തഃ ഹസ്ത–അവലഗ്നഃ പ്രസഭം അഭിഹതഃ അപി ആദദാനോം അംശുക–അന്തം (അംശു–കാന്തം) ഗൃഹ്ണൻ കേശേഷു (കേശ–ഇഷു) അപാസ്തഃ ചരണ–നിപതിതഃ ന–ഈക്ഷിതഃ സംഭ്രമേണ ആലിംഗൻ യഃ അവധൂതഃ ത്രിപുര–യുവതിഭിഃ സ–അശ്രു–നേത്ര–ഉത്പലാഭിഃ കാമീ ഇവ ആർദ്ര–അപരാധഃ സ ദഹതു ദുരിതം ശാംഭവഃ വഃ ശര–അഗ്നിഃ

**അർത്ഥം:**

| | | |
|---|---|---|
| യഃ | : | ആരാണോ എന്താണോ |
| ഹസ്ത-അവലഗ്നഃ ക്ഷിപ്തഃ | : | കയ്യിൽ കടന്നുപിടിച്ചപ്പോൾ തള്ളപ്പെട്ടവനായും |
| | : | കയ്യിൽ പടർന്നപ്പോൾ തട്ടിയെറിയപ്പെട്ടതായും |
| അംശുക-അന്തം അഭിഹതഃ ആദദാനഃ അപി | : | സാരിത്തുമ്പു പിടിച്ചപ്പോൾ |
| പ്രസഭം അഭിഹതഃ | : | ശക്തിയായി അടിക്കപ്പെട്ടവനായും |
| | : | (കെടുത്താൻ വേണ്ടി) തല്ലു കൊണ്ടതായും |
| കേശേഷു ഗൃഹ്ണൻ അപാസ്തഃ | : | തലമുടിയിൽ പിടിച്ചപ്പോൾ നിരസിക്കപ്പെട്ടവനായും |
| | : | തലമുടിയിൽ പിടിച്ചപ്പോൾ തട്ടിക്കളയപ്പെട്ടതായും |
| ചരണ-നിപതിതഃ ന-ഈക്ഷിതഃ | : | കാലിൽ വീണപ്പോൾ നോക്കപ്പെടാത്തവനായും |
| | : | കാലിൽ വീണപ്പോൾ (പേടി കൊണ്ട്) നോക്കപ്പെടാത്തതായും |
| ആലിംഗൻ അവധൂതഃ | : | കെട്ടിപ്പിടിച്ചപ്പോൾ നിന്ദിക്കപ്പെട്ടവനായും |
| | : | (അവസാനം) കെട്ടിപ്പിടിച്ചപ്പോൾ തള്ളിമാറ്റപ്പെട്ടതായും |
| ശാംഭവഃ ശര-അഗ്നിഃ | : | (ഉള്ള) ശിവന്റെ അമ്പിലെ തീ |
| സ-അശ്രു-നേത്ര-ഉത്പലാഭിഃ ത്രിപുര-യുവതിഭിഃ | : | ത്രിപുരത്തിലെ കണ്ണുനീർ ഒഴുക്കിയ യുവതികൾക്ക് |
| ആർദ്ര-അപരാധഃ കാമീ ഇവ | : | കന്നത്തരം കാണിച്ച കാമുകനെപ്പോലെ തോന്നിച്ച |
| വഃ ദുരിതം ദഹതു | : | നിങ്ങളുടെ ദുരിതം കളയട്ടേ! |

**പരിഭാഷഃ**

**കേറിക്കയ്യിൽ പിടിക്കേ കുതറി, തുണി പിടിച്ചീടവേ തല്ലിയൂക്കോ,-**
**ടേറെക്കോപിച്ചു മാറ്റീ മുടി തൊട്ടുവതിനാഞ്ഞീടവേ, കാലിൽ വീഴ്കേ**
**നേരേ നോക്കാതിരുന്നൂ, പുണരുവതിനു നിന്നില്ല, തോന്ന്യാസിയാകും**
**മാരൻ പോൽ മുപ്പുരത്തിൽ തരുണികൾ കരുതും ശർവ്വബാണം തുണയ്ക്കു.**

സ്രഗ്ദ്ധര

**പദച്ഛേദംഃ** കേറി കയ്യിൽ പിടിക്കേ കുതറി, തുണി പിടിച്ചീടവേ തല്ലി ഊക്കോടെ, ഏറെ കോപിച്ചു മാറ്റീ മുടി തൊട്ടുവതിന്ന് ആഞ്ഞീടവേ, കാലിൽ വീഴ്കേ നേരേ നോക്കാതെ ഇരുന്നൂ, പുണരുവതിനു നിന്നില്ല, തോന്ന്യാസി ആകും മാരൻ പോൽ മു-പുരത്തിൽ തരുണികൾ കരുതും ശർവ്വ-ബാണം തുണയ്ക്കു.

(വ്യാഖ്യാനം പേജ് 157-ൽ.)

**മറ്റു പരിഭാഷകൾഃ**

**കേരളവർമ്മഃ** വേഗത്താൽ ക്ഷിപ്തൻ...(പേജ് 165)

**മാനവിക്രമൻഃ** ക്ഷിപ്തൻ കൈത്താർ പിടിക്കെ...(പേജ് 190)

## 3.3 ആലോലാമളകാവലീം.../ചഞ്ചലങ്ങളളകങ്ങൾ ചിന്നി...

വേമഭൂപാലൻ:3 രവിചന്ദ്രൻ:3 രുദ്രമദേവകുമാരൻ:3 അർജ്ജുനവർമ്മദേവൻ:3

കവി സ്തുതിയിൽ നിന്നു ശൃംഗാരത്തിലേയ്ക്കു കടക്കുന്നു.

**മൂലം:**

ആലോലാമളകാവലീം വിലുളിതാം ബിഭ്രച്ചലത്കുണ്ഡലം
കിഞ്ചിന്മൃഷ്ടവിശേഷകം തനുതരൈഃ സ്വേദാംഭസാം ജാലകൈഃ
തന്വ്യാ യത് സുരതാന്തതാന്തനയനം വക്ത്രം രതിവ്യത്യയേ
തത്ത്വാം പാതു ചിരായ കിം ഹരിഹരബ്രഹ്മാദിഭിർദൈവതൈഃ ‖ 3 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആലോലാം അളക–ആവലീം വിലുളിതാം ബിഭ്രത്–ചലത്–കുണ്ഡലം കിം–ചിത്–മൃഷ്ട–വിശേഷകം തനു–തരൈഃ സ്വേദ–അംഭസാം ജാലകൈഃ തന്വ്യാ യത് സുരത–അന്ത–താന്ത–ശയനം വക്ത്രം രതി–വ്യത്യയേ തത് ത്വാം പാതു ചിരായ കിം ഹരി–ഹര–ബ്രഹ്മാദിഭിഃ ദൈവതൈഃ

**അർത്ഥം:**

| | | |
|---|---|---|
| രതി-വ്യത്യയേ | : | വിപരീതസുരതത്തിൽ |
| ആലോലാം അളക-ആവലീം വിലുളിതാം | : | ഇളകുന്ന കുറുനിരകളാൽ മനോഹരമായതും |
| ചലത്-കുണ്ഡലം ബിഭ്രത് | : | ചലിക്കുന്ന കർണ്ണാഭരണങ്ങളെ വഹിക്കുന്നതും |
| തനു-തരൈഃ സ്വേദ-അംഭസാം ജാലകൈഃ | : | ഏറ്റവും ചെറുതായി പൊടിഞ്ഞ വിയർപ്പുകണങ്ങളാൽ |
| കിം-ചിത് മൃഷ്ട-വിശേഷകം | : | കുറച്ചു മാഞ്ഞു പോയ പൊട്ടോടു കൂടിയതും |
| സുരത-അന്ത-താന്ത-നയനം | : | സുരതത്തിന്റെ അവസാനത്തിൽ ക്ഷീണിച്ച കണ്ണുകളോടു കൂടിയതും |
| തന്വ്യാ യത് വക്ത്രം തത് | : | (ആയ) പെണ്ണിന്റെ മുഖം |
| ത്വാം ചിരായ പാതു | : | നിന്നെ എന്നും രക്ഷിക്കട്ടേ |
| കിം ഹരി-ഹര-ബ്രഹ്മാദിഭിഃ ദൈവതൈഃ | : | വിഷ്ണു, ശിവൻ, ബ്രഹ്മാവ് ഉടങ്ങിയ ദേവന്മാരെക്കൊണ്ടു് |
| കിം | : | എന്തു കാര്യം? |

**പരിഭാഷ:**

ചഞ്ചലങ്ങളളകങ്ങൾ ചിന്നി, യിളകുന്ന കുണ്ഡലമുലഞ്ഞുമാ-
ക്കുഞ്ഞുവേർപ്പുകണമാകെ മൂടി വടിവിൽ കുറച്ചു കുറി മാഞ്ഞുമേ,
പഞ്ചബാണരതി തീർന്നു കണ്ണുകൾ തളർന്നു, സൗഭഗമണയ്ക്കു നിൻ
നെഞ്ചിലേറുമവൾ തൻ മുഖം, ഹരവിരിഞ്ചവിഷ്ണുജനമെന്തിനോ?

കുസുമമഞ്ജരി

**പദച്ഛേദം:** ചഞ്ചലങ്ങൾ അളകങ്ങൾ ചിന്നി, ഇളകുന്ന കുണ്ഡലം ഉലഞ്ഞും ആ കുഞ്ഞു–വേർപ്പു–കണം ആകെ മൂടി വടിവിൽ കുറച്ചു കുറി മാഞ്ഞുമേ, പഞ്ച–ബാണ–രതി തീർന്നു കണ്ണുകൾ തളർന്നു, സൗഭഗം അണയ്ക്കു നിൻ നെഞ്ചിൽ ഏറും അവൾ തൻ മുഖം, ഹര–വിരിഞ്ച–വിഷ്ണു–ജനം എന്തിനോ?

(വ്യാഖ്യാനം പേജ് 157–ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഇന്നാലോലാളകാളീ...(പേജ് 165)

**മാനവിക്രമൻ:** പാരം പുംസായിതത്തിൽ...(പേജ് 191)

## 3.4 സന്ദഷ്ടാധരപല്ലവാ.../ചുണ്ടത്തായ് കടിയേറ്റ്...

വേമഭൂപാലൻ:4 രവിചന്ദ്രൻ:32 രുദ്രമദേവകുമാരൻ:37 അർജ്ജുനവർമ്മദേവൻ:36

ശൃംഗാരം നിറഞ്ഞ ഗൃഹസ്ഥാശ്രമത്തിന്റെ മാഹാത്മ്യത്തെ കവി വർണ്ണിക്കുന്നു.

**മൂലം:**

സന്ദഷ്ടാധരപല്ലവാ സചകിതം ഹസ്താഗ്രമാധൂന്വതീ
"മാ മാ മുഞ്ച ശഠേ"തി കോപവചനൈരാനർത്തിതഭ്രൂലതാ
സീത്കാരാഞ്ചിതലോചനാ സപുളകം യൈശ്ചുംബിതാ മാനിനീ
പ്രാപ്തം തൈരമൃതം ശ്രമായ മഥിതോ മൂഢൈസ്സുരൈസ്സാഗരഃ ‖ 4 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സം–ദഷ്ട–അധര–പല്ലവാ സ–ചകിതം ഹസ്ത–അഗ്രം ആധുന്വതീ മാ മാ മുഞ്ച ശഠ ഇതി കോപ–വചനൈഃ ആനർത്തിത–ഭ്രൂ–ലതാ സീത്കാര–അഞ്ചിത–ലോചനാ സ–പുളകം യൈഃ ചുംബിതാ മാനിനീ പ്രാപ്തം തൈഃ അമൃതം ശ്രമായ മഥിതഃ മൂഢൈഃ സുരൈഃ സാഗരഃ

**അർത്ഥം:**

| | | |
|---|---|---|
| സം-ദഷ്ട-അധര-പല്ലവാ | : | തളിരു പോലെയുള്ള ചുണ്ടുകളെ കടിച്ചപ്പോൾ |
| സ-ചകിതം ഹസ്ത-അഗ്രം ആധുന്വതീ | : | ചകിതയായി കൈ കുടഞ്ഞവളും |
| "ശഠ മാ മാ മുഞ്ച" ഇതി | : | "ദുഷ്ടാ, എന്നെ വിടൂ" എന്ന് |
| കോപ-വചനൈഃ ആനർത്തിത-ഭ്രൂ-ലതാ | : | കോപത്തോടെ പറഞ്ഞു പുരികം ചുളിച്ചവളും |
| സീത്കാര-അഞ്ചിത-ലോചനാ മാനിനീ | : | സീത്കാരം കൊണ്ടു കൂമ്പിയ കണ്ണുകളുള്ളവളുമായ ദേഷ്യക്കാരിയെ |
| യൈഃ സ-പുളകം ചുംബിതാ തൈഃ | : | ആസ്വദിച്ചു ചുംബിക്കുന്നവർക്കാണ് |
| അമൃതം പ്രാപ്തം | : | അമൃതു ലഭിക്കുന്നത് |
| സാഗരഃ മൂഢൈഃ സുരൈഃ ശ്രമായ മഥിതഃ | : | മണ്ടന്മാരായ ദേവന്മാർ (വെറുതേ) ബുദ്ധിമുട്ടി സമുദ്രം കടഞ്ഞു |

**പരിഭാഷ:**

ചുണ്ടത്തായ് കടിയേ, റ്റിടഞ്ഞു പുരികം പൊക്കി ക്രുധാ കൈ കുട-
"ഞ്ഞെന്നേ നീ വിടു, ദുഷ്ടു," യെന്നു കുതറി, സ്സീൽക്കാരമുണ്ടാക്കിയും,
കൺകൾ കൂമ്പി വഴക്കടിക്കുമവളെച്ചൊങ്കോടെ ചുംബിച്ചിടും
ധന്യർക്കാണമൃതം, കടഞ്ഞു വെറുതേ പാലാഴിയാ ദേവകൾ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ചുണ്ടത്തായ് കടി ഏറ്റ്, ഇടഞ്ഞു പുരികം പൊക്കി ക്രുധാ കൈ കുടഞ്ഞ്, "എന്നേ നീ വിടു, ദുഷ്ടു" എന്നു കുതറി, സീൽക്കാരം ഉണ്ടാക്കിയും, കൺകൾ കൂമ്പി വഴക്ക് അടിക്കും അവളെ ചൊങ്ക്-ഓടെ ചുംബിച്ചിടും ധന്യർക്ക് ആണ് അമൃതം, കടഞ്ഞു വെറുതേ പാലാഴി ആ ദേവകൾ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** സന്ദംശിച്ചീടവേ...(പേജ് 166)

**മാനവിക്രമൻ:** ചുണ്ടിൽ ദംശിക്കവേ സംഭ്രമമൊട്ടു...(പേജ് 191)

## 3.5 അലസവലിതൈഃ.../ചേണാർന്നിട്ടിളകീട്ടു...

വേമഭൂപാലൻ:5 രവിചന്ദ്രൻ:4 രുദ്രമദേവകമാരൻ:4 അർജ്ജുനവർമ്മദേവൻ:4

നായികയുടെ പ്രണയമധുരമായ നോട്ടത്തെ കണ്ടിട്ടു സഖി ചോദിക്കുന്നു.

**മൂലം:**

അലസവലിതൈഃ പ്രേമാർദ്രാർദ്രൈർമ്മുഹുർമ്മുകളീകൃതൈഃ
ക്ഷണമഭിമുഖൈർല്ലജ്ജാലോലൈർന്നിമേഷപരാങ്മുഖൈഃ
ഹൃദയനിഹിതം ഭാവാകൂതം വമദ്ഭിരിവേക്ഷണൈഃ
കഥയ സുകൃതീ കോऽയം മുഗ്ദ്ധേ ത്വയാദ്യ വിലോക്യതേ ‖ 5 ‖

ഹരിണി

**പദച്ഛേദം:** അലസ–വലിതൈഃ പ്രേമ–ആർദ്ര–ആർദ്രൈഃ മുഹുഃ–മുകുളീകൃതൈഃ ക്ഷണം അഭി–മുഖൈഃ ലജ്ജാ–ലോലൈഃ നിമേഷ–പരാങ്മുഖൈഃ ഹൃദയ–നിഹിതം ഭാവ–ആകൂതം വമദ്ഭിഃ ഇവ ഈക്ഷണൈഃ കഥയ സുകൃതീ കഃ അയം മുഗ്ദ്ധേ ത്വയാ അദ്യ വിലോക്യതേ

**അർത്ഥം:**

| | | |
|---|---|---|
| മുഗ്ദ്ധേ | : | മനോഹരീ |
| അദ്യ ത്വയാ | : | ഇന്ന് നീ |
| അലസ-വലിതൈഃ | : | അലസങ്ങളും ഇളകുന്നവയും |
| പ്രേമ-ആർദ്ര-ആർദ്രൈഃ | : | പ്രേമം കൊണ്ട് ഉരുകിയുരുകിപ്പോകുന്നതും |
| മുഹുഃ-മുകുളീകൃതൈഃ | : | പിന്നെയും പിന്നെയും കൂമ്പിപ്പോകുന്നതും |
| ക്ഷണം അഭി-മുഖൈഃ | : | അല്പസമയം നേരേ നോക്കുകയും |
| ലജ്ജാ-ലോലൈഃ | : | നാണം കൊണ്ട് |
| നിമേഷ-പരാങ്മുഖൈഃ | : | പെട്ടെന്ന് മാറ്റുകയും |
| | : | (ഇമ വെട്ടാതെ നോക്കുകയും എന്നും പറയാം) |
| | : | (ചെയ്യുന്ന) |
| ഹൃദയ-നിഹിതം ഭാവ-ആകൂതം | : | ഹൃദയത്തിൽ നിന്നു വരുന്ന താത്പര്യഭാവത്തെ |
| വമദ്ഭിഃ ഇവ ഈക്ഷണൈഃ | : | വഞ്ചിക്കുന്നതു പോലെയുള്ള നോട്ടങ്ങളെക്കൊണ്ട് |
| കഃ അയം വിലോക്യതേ | : | ആരെയാണു നോക്കുന്നത്? |
| കഥയ | : | പറയൂ |

**പരിഭാഷ:**

ചേണാർന്നിട്ടിളകീട്ടു തെല്ലലസമായ് നേരേ ക്ഷണം നോക്കിയും,
നാണം കൊണ്ടുടനേ തിരി, ച്ചുരുകിയും പ്രേമക്കൊട്ടുംചൂടിനാൽ,
കാണെക്കാണെയൊരിറ്റു കൂമ്പിയടയും നോട്ടങ്ങളീ മട്ടിലേ-
താണിൻ രൂപമുഴിഞ്ഞിടാൻ പ്രിയമൊളിച്ചേകുന്നു നീ സുന്ദരീ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ചേണ് ആർന്നിട്ട് ഇളകീട്ട് തെല്ല് അലസമായ് നേരേ ക്ഷണം നോക്കിയും, നാണം കൊണ്ടു ഉടനേ തിരിച്ച്, ഉരുകിയും പ്രേമ–കൊട്ടും ചൂടിനാൽ, കാണെക്കാണെ ഒരു ഇറ്റു കൂമ്പി അടയും നോട്ടങ്ങൾ ഈ മട്ടിൽ ഏത് ആണിൻ രൂപം ഉഴിഞ്ഞിടാൻ പ്രിയം ഒളിച്ച് ഏകുന്നു നീ സുന്ദരീ?

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ജാതാലസ്യം തിരിഞ്ഞും...(പേജ് 166)

**മാനവിക്രമൻ:** ആലസ്യത്താൽ തിരിഞ്ഞുൾ...(പേജ് 191)

## 3.6 അംഗുല്യഗ്രനഖേന.../കണ്ണീർ കൈവിരലാൽ...

വേമഭൂപാലൻ:6 രവിചന്ദ്രൻ:80 രുദ്രമദേവകുമാരൻ:5 അർജ്ജുനവർമ്മദേവൻ:5

നായകനോടു ദേഷ്യപ്പെട്ടിരിക്കുന്ന നായികയോടു സഖി പറയുന്നു.

**മൂലം:**

അംഗുല്യഗ്രനഖേന ബാഷ്പസലിലം വിക്ഷിപ്യ വിക്ഷിപ്യ കിം
തൂഷ്ണീം രോദിഷി കോപനേ ബഹുതരം ഫൂത്കൃത്യ രോദിഷ്യസി
യസ്യാസ്തേ പിശുനോപദേശവചനൈർമ്മാനേഽതിഭൂമിം ഗതേ
നിർവിണ്ണോഽനുനയം പ്രതി പ്രിയതമോ മദ്ധ്യസ്ഥതാമേഷ്യതി ‖ 6 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അംഗുലീ–അഗ്ര–നഖേന ബാഷ്പ–സലിലം വിക്ഷിപ്യ വിക്ഷിപ്യ കിം തൂഷ്ണീം രോദിഷി കോപനേ ബഹു–തരം ഫൂത്കൃത്യ രോദിഷ്യസി യസ്യാഃ തേ പിശുന–ഉപദേശ–വചനൈഃ മാനേ അതി–ഭൂമിം ഗതേ നിർവിണ്ണഃ അനു–നയം പ്രതി പ്രിയ–തമഃ മദ്ധ്യസ്ഥതാം ഏഷ്യതി

**അർത്ഥം:**

| | | |
|---|---|---|
| കോപനേ | : | ദേഷ്യക്കാരീ |
| അംഗുലീ-അഗ്ര-നഖേന | : | വിരലിന്റെ അറ്റത്തെ നഖം കൊണ്ട് |
| ബാഷ്പ-സലിലം വിക്ഷിപ്യ വിക്ഷിപ്യ | : | കണ്ണുനീർ നീക്കി നീക്കി |
| തൂഷ്ണീം കിം രോദിഷി | : | മിണ്ടാതെ എന്തിനു കരയുന്നു? |
| പിശുന-ഉപദേശ-വചനൈഃ | : | ചീത്ത ആളുകളുടെ ഉപദേശവാക്കുകളാൽ |
| യസ്യാഃ തേ മാനേ അതി-ഭൂമിം ഗതേ | : | കോപം കൂടിയ നിന്നെ |
| നിർവിണ്ണഃ പ്രിയ-തമഃ | : | മടുത്തു് പ്രിയതമൻ |
| അനു-നയം മദ്ധ്യസ്ഥതാം ഏഷ്യതി | : | ഒരു വിധത്തിലും ശരിയാക്കാൻ കഴിയില്ലെന്നു വിചാരിക്കും |
| ബഹു-തരം ഫൂത്കൃത്യ രോദിഷ്യസി | : | അപ്പോൾ നീ കുറേക്കൂടി ഉച്ചത്തിൽ കരയേണ്ടി വരും |

**പരിഭാഷ:**

കണ്ണീർ കൈവിരലാൽ തുടച്ചു കലി പൂണ്ടെന്തിന്നു കേഴുന്നു നീ
മിണ്ടാതിത്രയു? മീക്കരച്ചിലിനിയും കൂടും നിനക്കേറ്റവും;
കണ്ടോർ ചൊന്നതു കേട്ടു ദേഷ്യമിതു പോൽ വർദ്ധിക്കുകിൽ, നീക്കുപോ-
ക്കുണ്ടാവില്ലിനിയെന്നു തോന്നി, യവനും വൈരസ്യമാർന്നീടുമേ

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കണ്ണീർ കൈ–വിരലാൽ തുടച്ചു കലി പൂണ്ട് എന്തിന്നു കേഴുന്നു നീ മിണ്ടാതെ ഇത്രയും? ഈ കരച്ചിൽ ഇനിയും കൂടും നിനക്ക് ഏറ്റവും; കണ്ടോർ (കണ്ടവർ) ചൊന്നതു കേട്ടു ദേഷ്യം ഇതു പോൽ വർദ്ധിക്കുകിൽ, നീക്കു–പോക്ക് ഉണ്ടാവില്ല ഇനി എന്നു തോന്നി, അവനും വൈരസ്യം ആർന്നീടുമേ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** അന്തസ്സ്ഥാപേന...(പേജ് 166)

**മാനവിക്രമൻ:** കണ്ണീരും കയ്യുമായിട്ടിതു...(പേജ് 191)

## 3.7 ദത്തോഽസ്യാഃ പ്രണയഃ.../നീ താൻ പ്രേമമിവൾക്കു...

വേമഭൂപാലൻ:7 രവിചന്ദ്രൻ:5 രുദ്രമദേവകുമാരൻ:6 അർജ്ജുനവർമ്മദേവൻ:6

നായകനോടു കലഹിച്ചിരിക്കുന്ന നായികയുടെ മുൻപിൽവച്ചു സഖി നായകനോടു പറയുന്നു.

**മൂലം:**

ദത്തോഽസ്യാഃ പ്രണയസ്ത്വയൈവ ഭവതൈവേയം ചിരം ലാളിതാ
ദൈവാദദ്യ കില ത്വമേവ കൃതവാനസ്യാ നവം വിപ്രിയം
മന്യുർദ്ദുസ്സഹ ഏഷ യാത്യുപശമം നോ സാന്ത്വവാദൈഃ സ്ഫുടം
ഹേ നിസ്ത്രിംശ വിമുക്തകണ്ഠകരുണം താവത് സഖീ രോദിതു. ‖ 7 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദത്തഃ അസ്യാഃ പ്രണയഃ ത്വയാ ഏവ ഭവതാ ഏവ ഇയം ചിരം ലാളിതാ ദൈവാത് അദ്യ കില ത്വം ഏവ കൃതവാൻ അസ്യാഃ നവം വിപ്രിയം മന്യുഃ ദുസ്-സഹഃ ഏഷ യാതി ഉപ-ശമം നോ സാന്ത്വ-വാദൈഃ സ്ഫുടം ഹേ നിസ്ത്രിംശ വിമുക്ത-കണ്ഠ-കരുണം താവത് സഖീ രോദിതു

**അർത്ഥം:**

| | | |
|---|---|---|
| അസ്യാഃ പ്രണയഃ ത്വയാ ഏവ ദത്തഃ | : | ഇവൾക്കു സ്നേഹം കൊടുത്തതും നീയാണ് |
| ഭവതാ ഏവ ഇയം ചിരം ലാളിതാ | : | ഇവളെ എന്നും ലാളിച്ചതും നീയാണ് |
| അദ്യ ദൈവാത് ത്വം ഏവ | : | ഇപ്പോൾ വിധിവശാൽ നീ തന്നെ |
| അസ്യാഃ നവം വിപ്രിയം കൃതവാൻ കില | : | ഇവളുടെ ഇതു വരെ ഇല്ലാത്ത വിരോധവും ഉണ്ടാക്കി |
| ഏഷ മന്യുഃ ദുസ്-സഹഃ | : | ഈ പിണക്കം ദുസ്സഹമാണ് |
| സാന്ത്വ-വാദൈഃ ഉപ-ശമം നോ യാതി സ്ഫുടം | : | പഞ്ചാരവാക്കു കൊണ്ടൊന്നും അതു പോവില്ല, തീർച്ച |
| ഹേ നിസ്ത്രിംശ | : | എടാ ദുഷ്ടാ |
| വിമുക്ത-കണ്ഠ-കരുണം | : | തൊണ്ടയിടറിക്കൊണ്ട് |
| താവത് സഖീ രോദതി | : | നിന്റെ സഖി കരയുന്നു |

**പരിഭാഷ:**

നീ താൻ പ്രേമമിവൾക്കു നൽകി, യിവളെക്കൊഞ്ചിച്ചതും നീ, യിട-
ഞ്ഞേതോ ദുർവിധി മൂലമാദ്യകലഹം നീ താൻ തുടങ്ങീ വൃഥാ;
ചേതോഭേദകമായ ദുഃഖ, മതിനിന്നാശ്വാസവാക്കേശിടാ;
ഹേ ദുഷ്ടാ, രുജ കൊണ്ടു കണ്ഠമിടറിക്കേഴുന്നു നിൻ തോഴിയും!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നീ താൻ പ്രേമം ഇവൾക്കു നൽകി, ഇവളെ കൊഞ്ചിച്ചതും നീ, ഇടഞ്ഞ് ഏതോ ദുർവിധി മൂലം ആദ്യ-കലഹം നീ താൻ തുടങ്ങീ വൃഥാ; ചേതഃ-ഭേദകം ആയ ദുഃഖം, അതിന് ഇന്ന് ആശ്വാസ-വാക്ക് ഏശിടാ; ഹേ ദുഷ്ടാ! രുജ കൊണ്ടു കണ്ഠം-ഇടറി കേഴുന്നു നിൻ തോഴിയും!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** നീതാൻ സ്നേഹിച്ചു...(പേജ് 166)

**മാനവിക്രമൻ:** നന്നേ പ്രേമാലിവളെ...(പേജ് 192)

## 3.8 ലിഖന്നാസ്തേ ഭൂമിം.../പുറത്തെങ്ങോ മുറ്റത്തെഴുതി...

വേമഭൂപാലൻ:8 രവിചന്ദ്രൻ:6 രുദ്രമദേവകമാരൻ:7 അർജ്ജുനവർമ്മദേവൻ:7

കലഹിച്ച നായികയോടു സഖി പറയുന്നു.

**മൂലം:**

ലിഖന്നാസ്തേ ഭൂമിം ബഹിരവനതഃ പ്രാണദയിതോ;
നിരാഹാരാസ്സഖ്യസ്സതതരുദിതോച്ഛൂനനയനാഃ;
പരിത്യക്തം സർവേ ഹസിതപഠിതം പഞ്ജരശുകൈഃ;-
സ്തവാവസ്ഥാ ചേയം; വിസൃജ കഠിനേ മാനമധുനാ. ‖ 8 ‖

ശിഖരിണി

**പദച്ഛേദം:** ലിഖൻ ആസ്തേ ഭൂമിം ബഹിഃ അവനതഃ പ്രാണ–ദയിതഃ നിരാഹാരാഃ സഖ്യഃ സതത–രുദിത–ഉച്ഛൂന–നയനാഃ പരി–ത്യക്തം സർവേ ഹസിത–പഠിതം പഞ്ജര–ശുകൈഃ തവ–അവസ്ഥാ ച ഇയം വിസൃജ കഠിനേ മാനം അധുനാ

**അർത്ഥം:**

| | | |
|---|---|---|
| പ്രാണ-ദയിതഃ ബഹിഃ അവനതഃ | : | (നിന്റെ) പ്രിയതമൻ വെളിയിൽ തല കുനിച്ചിരുന്ന് |
| ഭൂമിം ലിഖൻ ആസ്തേ | : | തറയിൽ എഴുതിക്കൊണ്ടിരിക്കുന്നു |
| സഖ്യഃ നിരാഹാരാഃ | : | തോഴിമാർ ആഹാരം കഴിക്കാതെ |
| സതത-രുദിത-ഉച്ഛൂന-നയനാഃ | : | എപ്പോഴും കരയുന്നതു കൊണ്ട് വീർത്ത കണ്ണുകളുമായി (ഇരിക്കുന്നു) |
| പഞ്ജര-ശുകൈഃ | : | കൂട്ടിലുള്ള തത്തകൾ |
| സർവേ ഹസിതപഠിതം പരി-ത്യക്തം | : | എല്ലാ ചിരിയും പറച്ചിലും നിർത്തി |
| തവ-അവസ്ഥാ ച ഇയം | : | നിന്റെ സ്ഥിതിയും ഇങ്ങനെയാണ് |
| കഠിനേ | : | കഠിനഹൃദയേ |
| അധുനാ മാനം വിസൃജ | : | ഇപ്പോൾത്തന്നെ കോപം ഉപേക്ഷിക്കൂ |

**പരിഭാഷ:**

പുറത്തെങ്ങോ മുറ്റത്തെഴുതി, വദനം താഴ്ത്തി ദയിതൻ;
കരഞ്ഞും കൺ വീർത്തും മരുവിന ഭുജിക്കാത്ത സഖിമാർ;
നിറുത്തുന്നൂ കൂട്ടിൽ കിളികൾ ചിരിയും പേച്ചു; മിതു നി-
ന്നിരിപ്പും; മാറ്റൂ നീ കഠിനഹൃദയേ, കോപമുടനേ.

ശിഖരിണി

**പദച്ഛേദം:** പുറത്ത് എങ്ങോ മുറ്റത്ത് എഴുതി, വദനം താഴ്ത്തി ദയിതൻ; കരഞ്ഞും കൺ വീർത്തും മരുവിന ഭുജിക്കാത്ത സഖി–മാർ; നിറുത്തുന്നൂ കൂട്ടിൽ കിളികൾ ചിരിയും പേച്ചും; ഇതു നിൻ ഇരിപ്പും; മാറ്റൂ നീ കഠിന–ഹൃദയേ, കോപം ഉടനേ.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വാഴുന്നൂഴി വരച്ചു കൊണ്ട്...(പേജ് 167)

**മാനവിക്രമൻ:** വല്ലഭനൂഴി വരച്ചു പുറത്തു...(പേജ് 192)

## 3.9 നാര്യോ മുഗ്ദ്ധാശഠാ.../പാവം പോലെ, യകത്തു...

വേമഭൂപാലൻ:9 രവിചന്ദ്രൻ:7 രുദ്രമദേവകുമാരൻ:8 അർജ്ജുനവർമ്മദേവൻ:8

നായകന്റെ പരസ്ത്രീബന്ധത്തിൽ സങ്കടപ്പെട്ടിരിക്കുന്ന നായികയോടു സഖിയുടെ ഉപദേശം.

**മൂലം:**

നാര്യോ മുഗ്ദ്ധശഠാ ഹരന്തി രമണം തിഷ്ഠന്തി നോ വാരിതാ-
സ്തത് കിം താമ്യസി കിഞ്ച രോദിഷി പുനസ്താസാം പ്രിയം മാ കൃഥാഃ
കാന്തഃ കേളിരുചിർയുവാ സഹൃദയസ്താദൃക് പ്രിയഃ കാതരേ
കിം നോ ബർബ്ബരകർക്കശൈഃ പ്രിയശതൈരാക്രമ്യ വിക്രീയതേ ‖ 9 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നാര്യഃ മുഗ്ദ്ധാ–ശഠാഃ ഹരന്തി രമണം തിഷ്ഠന്തി നോ വാരിതാഃ തത് കിം താമ്യസി കിം ച രോദിഷി പുനഃ താസാം പ്രിയം മാ കൃഥാഃ കാന്തഃ കേളി–രുചിഃ യുവാ സഹൃദയഃ താദൃക് പ്രിയഃ കാതരേ കിം നോ ബർബര–കർക്കശേ പ്രിയ–ശതൈഃ ആക്രമ്യ വിക്രീയതേ

**അർത്ഥം:**

| | | |
|---|---|---|
| മുഗ്ദ്ധ-ശഠാഃ നാര്യഃ | : | പുറമേ പാവങ്ങളും ഉള്ളിൽ ക്രൂരകളുമായ സ്ത്രീകൾ |
| രമണം ഹരന്തി | : | ഭർത്താവിനെ അപഹരിക്കും |
| വാരിതാ നോ തിഷ്ഠന്തി | : | അവരെ അടക്കി നിർത്താൻ ഒരു നിവൃത്തിയുമില്ല |
| തത് കാതരേ | : | അതുകൊണ്ടു് പൊട്ടിപ്പെണ്ണേ |
| കിം താമ്യസി കിം ച രോദിഷി | : | നീ എന്തിനു സങ്കടപ്പെടുകയും കരയുകയും ചെയ്യുന്നു? |
| പുനഃ താസാം പ്രിയം മാ കൃഥാഃ | : | അവരുടെ ഒരു കാര്യവും നീ നോക്കണ്ടാ |
| കാന്തഃ കേളി-രുചിഃ യുവാ സഹൃദയഃ | : | നിന്റെ പ്രിയൻ കളി ഇഷ്ടമുള്ളവനും യുവാവും സഹൃദയനും ആണു് |
| താദൃക് പ്രിയഃ | : | അങ്ങനെയുള്ള പ്രിയതമനെ |
| ബർബര-കർക്കശൈഃ പ്രിയ-ശതൈഃ | : | അല്പം കടുത്ത വാക്കുകളുള്ള നൂറുകണക്കിനു പ്രേമഭാഷണങ്ങളാൽ |
| കിം നോ ആക്രമ്യ വിക്രീയതേ | : | എന്തു കൊണ്ടു് ആക്രമിച്ചു വശത്താക്കിക്കൂടാ? |

**പരിഭാഷ:**

പാവം പോലെ, യകത്തു വൻ വിഷവുമായ് മേവുന്ന പെണ്ണുങ്ങളു-
ണ്ടേവം കാന്തഹരർ, മറന്നു കളയൂ, കേഴാതെ; നിൻ നാഥനോ
ആവശ്യത്തിനു കേളിയും രസവുമുള്ളോനാം യുവാവല്ലയോ?
നീ വാക്കേറെയെടുത്തടിച്ചു വരുതിയ്ക്കാക്കു സ്വഭർത്താവിനെ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പാവം പോലെ, അകത്തു വൻ വിഷവും ആയ് മേവുന്ന പെണ്ണുങ്ങൾ ഉണ്ട് ഏവം കാന്ത–ഹരർ, മറന്നു കളയൂ, കേഴാതെ; നിൻ നാഥനോ ആവശ്യത്തിനു കേളിയും രസവും ഉള്ളോനാം യുവാവ് അല്ലയോ? നീ വാക്ക് ഏറെ എടുത്ത് അടിച്ചു വരുതിയ്ക്ക് ആക്കു സ്വ–ഭർത്താവിനെ.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ത്വന്നാഥം വശ്യനാക്കും...(പേജ് 167)

**മാനവിക്രമൻ:** ഭർത്താവെപ്പാട്ടിലാക്കും കുടില...(പേജ് 192)

## 3.10 കോപാത് കോമളലോല.../കോപത്താൽ കരവല്ലിയാം...

വേമഭൂപാലൻ:10 രവിചന്ദ്രൻ:8 രുദ്രമദേവകമാരൻ:9 അർജ്ജുനവർമ്മദേവൻ:9

അപരാധിയായ നായകനെ നായിക ശിക്ഷിക്കുന്ന വിധം:

**മൂലം:**

കോപാത് കോമളലോലബാഹുലതികാപാശേന ബദ്ധ്വാ ദൃഢം
നീത്വാ മോഹനമന്ദിരം ദയിതയാ സ്വൈരം സഖീനാം പുരഃ
ഭൂയോ$\int$പ്യേവമിതി സ്ഖലന്മൃദുഗിരാ സംസൂച്യ ദുശ്ചേഷ്ടിതം
ധന്യോ ഹന്യത ഏവ നിഹ്നുതിപരഃ പ്രേയാൻ രുദത്യാ ഹസൻ || 10 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കോപാത് കോമള–ലോല–ബാഹു–ലതികാ–പാശേന ബദ്ധ്വാ ദൃഢം നീത്വാ മോഹന–മന്ദിരം ദയിതയാ സ്വൈരം– സഖീനാം പുരഃ ഭൂയഃ അപി ഏവം ഇതി സ്ഖലത്–മൃദു–ഗിരാ സംസൂച്യ ദുസ്–ചേഷ്ടിതം ധന്യഃ ഹന്യതേ ഏവ നിഹ്നുതിപരഃ പ്രേയാൻ രുദത്യാ ഹസൻ

**അർത്ഥം:**

| | | |
|---|---|---|
| രുദത്യാ ദയിതയാ കോപാത് | : | കരയുന്ന പ്രിയതമ കോപം കൊണ്ട് |
| കോമള-ലോല-ബാഹു-ലതികാ-പാശേന | : | സുന്ദരവും മൃദുവും കൈകളാകുന്ന വള്ളികൊണ്ടുണ്ടാക്കിയ കയറു കൊണ്ട് |
| ദൃഢം ബദ്ധ്വാ | : | ശക്തിയായി കെട്ടി വരിഞ്ഞ് |
| സ്വൈരം സഖീനാം പുരഃ | : | സഖിമാരുടെ മുന്നിലാണെങ്കിലും മടിയില്ലാതെ |
| മോഹന-മന്ദിരം നീത്വാ | : | കിടപ്പറയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ |
| "ഭൂയഃ അപി ഏവം" ഇതി സ്ഖലത്-മൃദുഗിരാ | : | "പിന്നെയും?" എന്ന് ഇടറിയ മൃദുവായ ശബ്ദത്തിൽ |
| ദുസ്-ചേഷ്ടിതം സംസൂച്യ | : | (അവന്റെ) ദുർന്നടപ്പിനെ സൂചിപ്പിച്ച് |
| ഹന്യതേ ഏവ | : | തല്ലുമ്പോൾ |
| നിഹ്നുതി-പരഃ പ്രേയാൻ ധന്യഃ ഹസൻ | : | എല്ലാം നിഷേധിച്ച് ആ ഭാഗ്യവാനായ പ്രിയൻ ചിരിക്കുന്നു |

**പരിഭാഷ:**

കോപത്താൽ കരവല്ലിയാം കയറിനാൽ ബന്ധിച്ചു, ശയ്യാഗൃഹം
പ്രാപിക്കാൻ സഖിമാർക്കു മുമ്പിലവനെത്താഡിച്ചു തള്ളീടവേ
"നീ പിന്നേം" ഇതി ഗദ്ഗദത്തൊടു കരഞ്ഞാത്തന്വി ദുശ്ചേഷ്ടിതാ-
രോപം ചെയ്തതു കള്ളമെന്നു ചിരി തൂകീടുന്നവൻ ഭാഗ്യവാൻ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കോപത്താൽ കര–വല്ലിയാം കയറിനാൽ ബന്ധിച്ചു, ശയ്യാഗൃഹം പ്രാപിക്കാൻ സഖി–മാർക്കു മുമ്പിൽ അവനെ താഡിച്ചു തള്ളീടവേ, "നീ പിന്നേം" ഇതി ഗദ്ഗദത്തൊടു കരഞ്ഞ് ആ തന്വി ദുസ്–ചേഷ്ടിത–ആരോപം ചെയ്തതു കള്ളം എന്നു ചിരി തൂകീടുന്നവൻ ഭാഗ്യവാൻ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാലുഷ്യത്തോടു ലോലായിത...(പേജ് 167)

**മാനവിക്രമൻ:** ഏറീടും കോപമോടേ...(പേജ് 192)

## 3.11 യാതാഃ കിം ന മിലന്തി.../പോവുന്നോർ വരുമെപ്പൊഴും...

വേമഭൂപാലൻ:11 രവിചന്ദ്രൻ:10 രുദ്രമദേവകമാരൻ:10 അർജ്ജുനവർമ്മദേവൻ:10

ദൂരദേശത്തേയ്ക്കു പുറപ്പെടുന്ന നായകനെ യാത്രയയയ്ക്കുന്ന നായികയുടെ അവസ്ഥ:

**മൂലം:**

"യാതാഃ കിം ന മിലന്തി? സുന്ദരി! പുനശ്ചിന്താ ത്വയാ മത്കൃതേ
നോ കാര്യാ നിതരാം കൃശാസി" കഥയത്യേവം സബാർഷ്പേ മയി
ലജ്ജാമന്ഥരതാരകേണ നിപതത്പീതാശ്രുണാ ചക്ഷുഷാ
ദൃഷ്ട്വാ മാം ഹസിതേന ഭാവിമരണോത്സാഹസ്തയാ സൂചിതഃ || 11 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** യാതാഃ കിം ന മിലന്തി സുന്ദരി പുനഃ ചിന്താ ത്വയാ മത്–കൃതേ നോ കാര്യാ നിതരാം കൃശാ അസി കഥയതി ഏവം സ–ബാഷ്പേ മയി ലജ്ജാ–മന്ഥര–താരകേണ നിപതത്–പീത–അശ്രുണാ ചക്ഷുഷാ ദൃഷ്ട്വാ മാം ഹസിതേന ഭാവി–മരണ–ഉത്സാഹഃ തയാ സൂചിതഃ

**അർത്ഥം:**

| | | |
|---|---|---|
| "സുന്ദരി | : | "അല്ലയോ സുന്ദരീ, |
| യാതാഃ ന പുനഃ മിലന്തി കിം? | : | പോയവർ പിന്നെ ഒന്നിച്ചു ചേരാറില്ലേ? |
| ത്വയാ മത്-കൃതേ ചിന്താ നിതരാം നോ കാര്യാ | : | നീ എന്നെപ്പറ്റി എപ്പോഴും ഇങ്ങനെ ചിന്തിക്കുന്നതിൽ കാര്യമില്ല |
| (ത്വം) കൃശാ അസി" | : | നീ ചടച്ചും ഇരിക്കുന്നു" |
| ഏവം സ-ബാഷ്പേ കഥയതി മയി | : | ഇങ്ങനെ കണ്ണുനീരോടു കൂടി ഞാൻ പറയുമ്പോൾ |
| ലജ്ജാമന്ഥരതാരകേണ | : | നാണം കൊണ്ടു പതുക്കെയായ കൺപീലികളിൽ നിന്ന് |
| നിപതത് പീതാശ്രുണാ ചക്ഷുഷാ | : | പതിക്കുന്ന ദുഃഖം നിറഞ്ഞ കണ്ണുനീരണിഞ്ഞ കണ്ണുകളോടെ |
| മാം ദൃഷ്ട്വാ | : | എന്നെ നോക്കുമ്പോൾ |
| ഹസിതേന | : | ചിരിയിലൂടെ |
| തയാ ഭാവി-മരണ-ഉത്സാഹഃ സൂചിതഃ | : | "താൻ താമസിയാതെ മരിച്ചു പോകും" എന്നു സൂചിപ്പിച്ചു |

**പരിഭാഷ:**

"പോവുന്നോർ വരുമെപ്പൊഴും, വെറുതെ നീയെന്നെക്കുറിച്ചെന്തിനായ്
നോവേന്തുന്നു? ചടച്ചു നീ," മിഴി നിറഞ്ഞോതീടവേ ഞാനിദം,
പാവം ലജ്ജ വിടാത്ത കണ്ണിൽ നിറയെക്കണ്ണീർ പൊഴിച്ചെന്നൊടായ്
തൂവും സ്മേരമതിൽ "മരിയ്ക്കുമിവ"ളെന്നോതുന്നതും കണ്ടു ഞാൻ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "പോവുന്നോർ വരും എപ്പൊഴും, വെറുതെ നീ എന്നെ–കുറിച്ച് എന്തിനായ് നോവ് ഏന്തുന്നു? ചടച്ചു നീ" മിഴി നിറഞ്ഞ് ഓതീടവേ ഞാൻ ഇദം, പാവം ലജ്ജ വിടാത്ത കണ്ണിൽ നിറയെ കണ്ണീർ പൊഴിച്ച് എന്നൊടായ് തൂവും സ്മേരം അതിൽ "മരിയ്ക്കും ഇവൾ" എന്ന് ഓതുന്നതും കണ്ടു ഞാൻ!

(വ്യാഖ്യാനം പേജ് 158–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** പോയാലിങ്ങായവർ സുന്ദരി...(പേജ് 167)

**മാനവിക്രമൻ:** എത്താറില്ലേ ഗമിച്ചോർ?...(പേജ് 193)

## 3.12 തദ്വക്ത്രാഭിമുഖം മുഖം.../നേരേ നിന്ന മുഖം...

വേമഭൂപാലൻ:12 രവിചന്ദ്രൻ:81 രുദ്രമദേവകുമാരൻ:11 അർജ്ജുനവർമ്മദേവൻ:11

നായകനോടു കോപം കാണിക്കണം എന്നുപദേശിച്ച സഖിയോടു മുഗ്ദ്ധയായ നായിക പറയുന്നു.

**മൂലം:**

തദ്വക്ത്രാഭിമുഖം മുഖം വിനമിതം ദൃഷ്ടിഃ കൃതാ പാദയോ-
സ്തത്സല്ലാപകുതൂഹലാകുലതരേ ശ്രോത്രേ നിരുദ്ധേ മയാ
പാണിഭ്യാം ച തിരസ്കൃതസ്സപുളക സ്വേദോദ്ഗമോ ഗണ്ഡയോ
സ്സഖ്യഃ! കിം കരവാണി യാന്തി ശതധാ മത്കഞ്ചുകീസന്ധയഃ ‖ 12 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തത്–വക്ത്ര–അഭിമുഖം മുഖം വി–നമിതം ദൃഷ്ടിഃ കൃതാ പാദയോഃ തത്–സല്ലാപ–കുതൂഹല–ആകുല–തരേ ശ്രോത്രേ നിരുദ്ധേ മയാ പാണിഭ്യാം ച തിരസ്കൃതഃ സ–പുളകഃ സ്വേദ–ഉദ്ഗമഃ ഗണ്ഡയോഃ സഖ്യ കിം കരവാണി യാന്തി ശതധാ മത്–കഞ്ചുകീ–സന്ധയഃ

**അർത്ഥം:**

| | | |
|---|---|---|
| തത്-വക്ത്ര-അഭിമുഖം മുഖം വി-നമിതം | : | അവന്റെ നേരേ നോക്കിയിരുന്ന മുഖം (ഞാൻ) കുനിച്ചു |
| ദൃഷ്ടിഃ പാദയോഃ കൃതാ | : | നോട്ടം പാദങ്ങളിലേക്ക് ആക്കി |
| തത്-സല്ലാപ-കുതൂഹല-ആകുല-തരേ ശ്രോത്രേ | : | അവന്റെ കളിചിരികൾ കേൾക്കാൻ കാത്തിരുന്ന ചെവികളെ |
| മയാ നിരുദ്ധേ | : | ഞാൻ പൊത്തി |
| സ-പുളകഃ സ്വേദ-ഉദ്ഗമഃ ഗണ്ഡയോഃ | : | കവിളിലെ വിയർപ്പും പുളകവും |
| പാണിഭ്യാം ച തിരസ്കൃതഃ | : | കൈകൾ കൊണ്ടു മറച്ചു |
| സഖ്യ | : | എന്റെ സഖിമാരേ |
| മത്-കഞ്ചുകീ-സന്ധയഃ | : | എന്റെ മുലക്കച്ചയുടെ കെട്ടൊക്കെ |
| ശതധാ യാന്തി | : | നൂറായി പൊട്ടിപ്പോകുന്നെടീ |
| കിം കരവാണി | : | ഞാൻ എന്തു ചെയ്യും? |

**പരിഭാഷ:**

നേരേ നിന്ന മുഖം കുനിച്ചു, മിഴികൾ പാദങ്ങളിൽ ചേർത്തു, തൻ
ചാരേ ചാടുവചസ്സു ചൊന്നൊരവനെക്കേൾക്കാതെ പൊത്തീ ചെവി,
ഏറീടുന്ന വിയർപ്പു മുത്തു പുളകം കൊള്ളും കവിൾത്തട്ടി, ലി-
ന്നൂരിപ്പൊട്ടിയ കഞ്ചുകത്തെയെവിടെൻ തോഴീ, യൊളിപ്പിച്ചിടും?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നേരേ നിന്ന മുഖം കുനിച്ചു, മിഴികൾ പാദങ്ങളിൽ ചേർത്തു, തൻ ചാരേ ചാടു–വചസ്സു ചൊന്ന ഒരു അവനെ കേൾക്കാതെ പൊത്തീ ചെവി, ഏറീടുന്ന വിയർപ്പു മുത്തു പുളകം കൊള്ളും കവിൾ–തട്ടിൽ, ഇന്ന് ഊരി പൊട്ടിയ കഞ്ചുകത്തെ എവിടെൻ തോഴീ ഒളിപ്പിച്ചിടും?

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാന്തേ മത്സമ്മുഖീനേ...(പേജ് 168)

**മാനവിക്രമൻ:** തദ്വത്രത്തിങ്കലേക്കായ്...(പേജ് 193)

## 3.13 പ്രഹരവിരതൌ മദ്ധ്യേ.../ചൊല്ലൂ, നിൻ വരവെപ്പൊൾ...

വേമഭൂപാലൻ:13 രവിചന്ദ്രൻ:9 രുദ്രമദേവകുമാരൻ:12 അർജ്ജുനവർമ്മദേവൻ:12

പ്രയാണോന്മുഖനായ നായകനെ മുഗ്ദ്ധയായ നായിക നിവാരണം ചെയ്യുന്ന പ്രകാരത്തെ കവി പറയുന്നു.

**മൂലം:**

"പ്രഹരവിരതൌ മദ്ധ്യേ വാഹ്നസ്തതോഽപി പരേഽഥവാ
കിമുത സകലേ യാതേ വാഹ്നി പ്രിയ! ത്വമിഹൈഷ്യസി"
ഇതി ദിനശതപ്രാപ്യം ദേശം പ്രിയസ്യ യിയാസതോ
ഹരതി ഗമനം ബാലാ വാക്യൈസ്സബാഷ്പഗളജ്ജലൈഃ || 13 ||

ഹരിണി

**പദച്ഛേദം:** പ്രഹര-വിരതൗ മധ്യേ വാ അഹ്നഃ തതഃ അപി പരേ അഥവാ കിം ഉത സകലേ യാതേ വാ അഹ്നി പ്രിയ ത്വം ഇഹ ഏഷ്യസി ഇതി ദിന-ശത-പ്രാപ്യം ദേശം പ്രിയസ്യ യിയാസതഃ ഹരതി ഗമനം ബാലാ വാക്യൈഃ സ-ബാഷ്പ-ഗളത്-ജലൈഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രഹര-വിരതൗ | : | തല്ലിയതിനു ശേഷം |
| "പ്രിയ, ത്വം ഇഹ ഏഷ്യസി | : | "പ്രിയനേ, നീ തിരികെ ഇവിടെ വരുന്നതു് |
| മധ്യേ അഹ്നഃ വാ തതഃ അപി പരേ | : | ഉച്ചയ്ക്കാണോ അതോ ഉച്ച കഴിഞ്ഞോ? |
| അഥവാ സകലേ യാതേ വാ അഹ്നി കിം ഉത" | : | അതോ പകൽ കഴിഞ്ഞിട്ടേ ഉള്ളോ?" |
| ഇതി ദിന-ശത-പ്രാപ്യം ദേശം യിയാസതഃ | : | ഇങ്ങനെ നൂറു ദിവസത്തേയ്ക്കു് വിദേശത്തു പോകുന്ന |
| പ്രിയസ്യ ഗമനം | : | പ്രിയന്റെ യാത്രയെ |
| ബാലാ സ-ബാഷ്പ-ഗളത്-ജലൈഃ വാക്യൈഃ | : | ആ പെൺകുട്ടി കണ്ണുനീർ നിറഞ്ഞ വാക്യങ്ങളെക്കൊണ്ടു |
| ഹരതി | : | തടുക്കുന്നു |

**പരിഭാഷ:**

"ചൊല്ലൂ, നിൻ വരവെപ്പൊ? ഴുച്ച കഴിയും മുമ്പോ? കഴിഞ്ഞീടുമോ
തെല്ലും കൂടി? യതോ പകൽക്കൊടുവിലോ?" ചോദിച്ചു മൈക്കണ്ണിയാൾ;
ഇല്ലം വിട്ടൊരു നൂറു നാൾകളകലെപ്പോകുന്ന ഭർത്താവിനെ-
ത്തല്ലീട്ടിങ്ങനെ കണ്ണുനീരൊടു മുടക്കീടാൻ തുനിഞ്ഞീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "ചൊല്ലൂ, നിൻ വരവ് എപ്പൊഴ്? ഉച്ച കഴിയും മുമ്പോ? കഴിഞ്ഞീടുമോ തെല്ലും കൂടി? അതോ പകൽക്ക് ഒടുവിലോ? ചോദിച്ചു മൈ-കണ്ണി-ആൾ; ഇല്ലം വിട്ട് ഒരു നൂറ് നാൾ-കൾ അകലെ പോകുന്ന ഭർത്താവിനെ തല്ലീട്ട് ഇങ്ങനെ കണ്ണു-നീര്-ഒടു മുടക്കീടാൻ തുനിഞ്ഞീടിനാൾ.

(വ്യാഖ്യാനം പേജ് 159-ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വന്നീടാനിവിടെക്കുറേ...(പേജ് 168)

**മാനവിക്രമൻ:** എത്താനായിഹ വൈകുമോ?...(പേജ് 193)

## 3.14 കഥമപി സഖി ക്രീഡാ.../നീയിപ്പോഴിവിട്ടുന്നിറങ്ങ്...

വേമഭൂപാലൻ:14 രവിചന്ദ്രൻ:12 രുദ്രമദേവകുമാരൻ:15 അർജ്ജുനവർമ്മദേവൻ:15

കോപിച്ച് നായകനെ പറഞ്ഞു വിട്ട നായിക സഖിയോടു തന്റെ സങ്കടം പറയുന്നു.

**മൂലം:**

കഥമപി സഖി ക്രീഡാകോപാദ് വ്രജേതി മയോദിതേ
കഠിനഹൃദയസ്ത്യക്ത്വാ ശയ്യാം ബലാത് ഗത ഏവ സഃ
ഇതി സരഭസം ധ്വസ്തപ്രേമ്ണി വ്യപേതഘൃണേ സ്പൃഹാം
പുനരപി ഹതവ്രീളം ചേതഃ കരോതി കരോമി കിം. || 14 ||

ഹരിണി

**പദച്ഛേദം:** കഥം അപി സഖി ക്രീഡാ–കോപാത് വ്രജേതി മയാ ഉദിതേ കഠിന–ഹൃദയഃ ത്യക്ത്വാ ശയ്യാം ബലാത് ഗതഃ ഏവ സഃ ഇതി സരഭസം ധ്വസ്ത–പ്രേമ്ണി വ്യപേത–ഘൃണേ സ്പൃഹാം പുനഃ–അപി ഹത–വ്രീളം ചേതഃ കരോതി കരോമി കിം

**അർത്ഥം:**

| | | |
|---|---|---|
| സഖി | : | അല്ലയോ സഖീ |
| മയാ ക്രീഡാ-കോപാത് കഥം-അപി | : | ഞാൻ കളിയുടെ ഇടയ്ക്ക് എങ്ങനെയോ |
| "വ്രജ" ഇതി ഉദിതേ | : | "എണീറ്റു പോടാ" എന്നു പറഞ്ഞപ്പോൾ |
| സഃ കഠിന-ഹൃദയഃ ഏവ ശയ്യാം ത്യക്ത്വാ | : | ആ കഠിനഹൃദയൻ കട്ടിൽ ഉപേക്ഷിച്ചിട്ട് |
| ബലാത് ഗതഃ | : | ചവിട്ടിത്തുള്ളി പോയി |
| ഇതി സരഭസം ധ്വസ്ത-പ്രേമ്ണി | : | ഇങ്ങനെ പെട്ടെന്നു സ്നേഹം കളഞ്ഞു പോയ |
| വ്യപേത-ഘൃണേ | : | ആ കരുണയില്ലാത്തവനിൽ |
| ഹത-വ്രീളം ചേതഃ | : | എന്റെ ഈ നാണം കെട്ട മനസ്സ് |
| പുനഃ അപി സ്പൃഹാം കരോതി | : | പിന്നെയും ആഗ്രഹം കാണിക്കുന്നു |
| (അഹം) കിം കരോമി? | : | (ഞാൻ) എന്തു ചെയ്യും? |

**പരിഭാഷ:**

"നീയിപ്പോഴിവിട്ടുന്നിറങ്ങ്" കളിയിൽ ദേഷ്യത്തിൽ ഞാനോതവേ
പോയീ ശയ്യ വെടിഞ്ഞെണീറ്റുടനെയെൻ കാന്തൻ കഠോരൻ ബലാൽ;
ഈയെൻ നാണമെഴാ മനം പ്രണയമേ പോയോരവൻ തങ്കലായ്
ചായുന്നൂ, ദയ വിട്ട നീചനവ, നീ ഞാനെന്തു ചെയ്യീടുമേ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നീ ഇപ്പോൾ ഇവിടുന്ന് ഇറങ്ങ്" കളിയിൽ ദേഷ്യത്തിൽ ഞാൻ ഓതവേ, പോയീ ശയ്യ വെടിഞ്ഞ് എണീറ്റ് ഉടനെ എൻ കാന്തൻ കഠോരൻ ബലാൽ! ഈ എൻ നാണം എഴാ മനം പ്രണയമേ പോയ ഒരു അവൻ തന്നിൽ ആയ് ചായുന്നൂ, ദയ വിട്ട നീചൻ അവൻ, ഈ ഞാൻ എന്തു ചെയ്യീടുമേ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കേളീകോപവശാൽ...(പേജ് 168)

**മാനവിക്രമൻ:** ഇന്നെന്തോ പോകയെന്നായ്...(പേജ് 193)

## 3.15 ദമ്പത്യോർന്നിശി ജല്പതോഃ.../പെണ്ണും മാരനുമൊത്തു...

വേമഭൂപാലൻ:15 രവിചന്ദ്രൻ:13 രുദ്രദേവകുമാരൻ:16 അർജ്ജുനവർമ്മദേവൻ:16

രാത്രിയിൽ നായികാനായകന്മാർ പറഞ്ഞ വാക്കുകളെ രാവിലെ വിളിച്ചു പറയുന്ന കിളിയെ നായിക തടുക്കുന്നതു്:

**മൂലം:**

ദമ്പത്യോർന്നിശി ജല്പതോർഗൃഹശുകേനാകർണ്ണിതം യദ്വച-
സ്തത് പ്രാതർഗ്ഗുരുസന്നിധൌ നിഗദതസ്തസ്യാതിമാത്രം വധൂഃ
കർണ്ണാലംബിതപദ്മരാഗശകലം വിന്യസ്യ ചഞ്ചൂപുടേ
വ്രീളാർത്താ വിദധാതി ദാഡിമഫല വ്യാജേന വാഗ്ബന്ധനം || 15 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദമ്പത്യോഃ നിശി ജല്പതോഃ ഗൃഹ–ശുകേന ആകർണിതം യത് വചഃ തത് പ്രാതഃ ഗുരു–സന്നിധൗ നിഗദതഃ തസ്യ അതി–മാത്രം വധൂഃ കർണ–ആലംബിത–പദ്മരാഗ–ശകലം വിന്യസ്യ ചഞ്ചൂ–പുടേ വ്രീളാ–ആർത്താ വിദധാതി ദാഡിമ–ഫല–വ്യാജേന വാക്–ബന്ധനം

**അർത്ഥം:**

| | | |
|---|---|---|
| നിശി ജല്പതോഃ ദമ്പത്യോഃ യത് വചഃ | : | ദമ്പതികൾ രാത്രി മൊഴിഞ്ഞ വാക്കൊക്കെ |
| തത് ഗൃഹ-ശുകേന ആകർണിതം | : | വീട്ടിലെ തത്ത കേട്ടിട്ടു് |
| പ്രാതഃ ഗുരു-സന്നിധൗ അതി-മാത്രം നിഗദതഃ | : | രാവിലെ ബന്ധുക്കളുടെ മുന്നിൽ ഓരോ അക്ഷരമായി പറഞ്ഞു |
| വ്രീളാ-ആർത്താ വധൂഃ ചഞ്ചൂ-പുടേ | : | ആകെ നാണിച്ചു പോയ പെണ്ണ് അതിന്റെ ചുണ്ടിൽ |
| ദാഡിമ-ഫല-വ്യാജേന | : | താളിമാതളത്തിന്റെ പഴം ആണെന്ന വ്യാജേന |
| കർണ-ആലംബിത-പദ്മരാഗ-ശകലം വിന്യസ്യ | : | കർണ്ണാഭരണത്തിൽ നിന്നു് ഒരു പദ്മരാഗം എടുത്തു വെച്ചു് |
| വാക്-ബന്ധനം വിദധാതി | : | (അതിന്റെ) വാക്കിനെ നിർത്തുന്നു |

**പരിഭാഷ:**

പെണ്ണും മാരനുമൊത്തു രാത്രിയിൽ മൊഴിഞ്ഞുള്ളോരു കാര്യങ്ങള-
ന്നൊന്നും ബാക്കി വിടാതെ രാവിലെ ശുകം ബന്ധുക്കളോടോതവേ
വന്നു നാണമവൾക്കു, വായടയുവാൻ ചെമ്മാതളത്തിന്റെ കാ-
യെന്നോണം കളവോടെ കമ്മലിലെഴും മാണിക്യമേകുന്നിതേ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പെണ്ണും മാരനും ഒത്തു രാത്രിയിൽ മൊഴിഞ്ഞ് ഉള്ള ഒരു കാര്യങ്ങൾ അന്ന് ഒന്നും ബാക്കി വിടാതെ രാവിലെ ശുകം ബന്ധുക്കളോട് ഓതവേ വന്നു നാണം അവൾക്കു, വായ് അടയുവാൻ ചെം–മാതളത്തിന്റെ കായ് എന്നോണം കളവോടെ കമ്മലിന് എഴും മാണിക്യം ഏകുന്നിതേ.

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** രണ്ടാളും രാത്രിയിൽ ചെന്ന്...(പേജ് 168)

**മാനവിക്രമൻ:** താനും ഭർത്താവുമായി...(പേജ് 194)

## 3.16 അജ്ഞാനേന പരാങ്മുഖീം.../നിന്നോടീ മുഖം...

വേമഭൂപാലൻ:16 രവിചന്ദ്രൻ:14 രുദ്രമദേവകുമാരൻ:18 അർജ്ജുനവർമ്മദേവൻ:17

തെറ്റു ചെയ്തിട്ടു വന്നിട്ട് അതു മറയ്ക്കാൻ പുറകിൽ നിന്നു കെട്ടിപ്പിടിച്ച നായകനോടു നായിക കുത്തുവാക്കു പറയുന്നു.

**മൂലം:**

അജ്ഞാനേന പരാങ്മുഖീം പരിഭവാദാശ്ലിഷ്യ മാം ദുഃഖിതാം
കിം ലബ്ധം ശഠ! ദുർന്നയേന നയതാ സൗഭാഗ്യമേതാം ദശാം
പശ്യൈതദ്ദയിതാകുചവ്യതികരാ സക്താംഗരാഗാരുണം
വക്ഷസ്തേ മമ തൈലപങ്കമലിനൈർ വേണീപദൈരങ്കിതം ‖ 16 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അജ്ഞാനേന പരാങ്-മുഖീം പരിഭവാത് ആശ്ലിഷ്യ മാം ദുഃഖിതാം കിം ലബ്ധം ശഠ ദുർ-നയേന നയതാ സൗഭാഗ്യം ഏതാം ദശാം പശ്യ ഏതത് ദയിതാ-കുച-വ്യതികരാ സക്ത-അംഗ-രാഗ-അരുണം വക്ഷഃ തേ മമ തൈല-പങ്ക-മലിനൈഃ വേണീ-പദൈഃ അങ്കിതം

**അർത്ഥം:**

| | | |
|---|---|---|
| ശഠ | : | ദുഷ്ടാ |
| പരിഭവാത് ദുഃഖിതാം പരാങ്മുഖീം മാം | : | പരിഭവിച്ച് ദുഃഖിച്ച് മുഖം തിരിച്ചു നിൽക്കുന്ന എന്നെ |
| അജ്ഞാനേന ആശ്ലിഷ്യ | : | അറിയാതെ (പുറകിൽ നിന്നു) കെട്ടിപ്പിടിച്ചിട്ടു കൊണ്ട് |
| ഏതാം ദശാം | : | ഈ സമയത്ത് |
| നയതാ ദുർനയേന (ഭവതാ) | : | ദുർന്നടപ്പുകാരനായ നിനക്ക് |
| കിം സൗഭാഗ്യം ലബ്ധം? | : | എന്തു ഗുണമാണു കിട്ടുന്നത്? |
| പശ്യ | : | നോക്കൂ |
| ഏതത് തേ | : | നിന്റെ ഈ |
| ദയിതാ-കുച-വ്യതികര-ആസക്ത-അംഗ-രാഗ-അരുണം വക്ഷഃ | : | പ്രിയയുടെ മുലകളിലെ ചുവന്ന കുറിക്കൂട്ടുകൾ പുരണ്ട നെഞ്ച് |
| മമ തൈല-പങ്ക-മലിനൈഃ വേണീ-പദൈഃ അങ്കിതം | : | എന്റെ എണ്ണമയം കൊണ്ടു വൃത്തികെട്ടിരിക്കുന്ന തലമുടി കൊണ്ട് |
| അങ്കിതം | : | പാടു പിടിക്കുമല്ലോ |

**പരിഭാഷ:**

നിന്നോടീ മുഖമേകിടാത്തൊരിവളെക്കെട്ടിപ്പിടിച്ചീടിലോ
കന്നത്തത്തിനു കാതലായൊരു നിനക്കെന്തൊന്നു കിട്ടീടുവാൻ?
തന്വംഗീകുചരാഗലേപനമണിഞ്ഞുള്ളോരു നിൻ നെഞ്ചിലി-
ന്നെൻ നാറും മുടിമേലെയെണ്ണ പുരളും, മാലിന്യമാർന്നീടുമേ

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നിന്നോട് ഈ മുഖം ഏകിടാത്ത ഒരു ഇവളെ കെട്ടി-പിടിച്ചീടിലോ കന്നത്തത്തിനു കാതലായ ഒരു നിനക്ക് എന്തൊന്നു കിട്ടീടുവാൻ? തന്വംഗീ-കുച-രാഗ-ലേപനം അണിഞ്ഞ് ഉള്ള ഒരു നിൻ നെഞ്ചിൽ ഇന്ന് എൻ നാറും മുടി മേലെ എണ്ണ പുരളും, മാലിന്യം ആർന്നീടുമേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വിശ്വാസക്കേടിനാലിജ്ജനം...(പേജ് 169)

**മാനവിക്രമൻ:** കാല്യഷ്യേന കുനിഞ്ഞുകൊണ്ടു...(പേജ് 194)

## 3.17 ഏകത്രാസനസംഗതിഃ.../നേരത്തേയെഴുനേറ്റൊരേ...

വേമഭൂപാലൻ:17 രവിചന്ദ്രൻ:15 രുദ്രമദേവകമാരൻ:19 അർജ്ജുനവർമ്മദേവൻ:18

നായകനോടുള്ള ദേഷ്യം നായിക സാമർത്ഥ്യം കൊണ്ടു പ്രകടിപ്പിക്കുന്നു.

**മൂലം:**

ഏകത്രാസനസംഗതിഃ പരിഹൃതാ പ്രത്യുദ്ഗമാദ്ദൂരത-
സ്താംബൂലാനയനച്ഛലേന രഭസാശ്ലേഷോഽപി സംവിഘ്നിതഃ
ആലാപോപി ന മിശ്രിതഃ പരിജനം വ്യാപാരയന്ത്യാന്തികേ
കാന്തം പ്രത്യുപചാരതശ്ചതുരയാ കോപഃ കൃതാർഥീകൃതഃ || 17 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഏകത്ര ആസന–സംഗതിഃ പരിഹൃതാ പ്രതി–ഉദ്ഗമാത് ദൂരതഃ താംബൂല–ആനയന–ച്ഛലേന രഭസ–ആശ്ലേഷഃ അപി സംവിഘ്നിതഃ ആലാപഃ അപി ന മിശ്രിതഃ പരിജനം വ്യാപാരയന്ത്യാ അന്തികേ കാന്തം പ്രതി–ഉപചാരതഃ ചതുരയാ കോപഃ കൃതാർഥീകൃതഃ

**അർത്ഥം:**

| | | |
|---|---|---|
| ദൂരതഃ പ്രതി-ഉദ്-ഗമാത് | : | ദൂരത്തു വെച്ചു തന്നെ എഴുനേറ്റു കൊണ്ട് |
| ഏകത്ര ആസനസംഗതിഃ പരിഹൃതാ | : | ഒരേ ഇരിപ്പിടത്തിൽ ഇരിക്കുന്നത് ഒഴിവാക്കി |
| താംബൂല-ആനയന-ച്ഛലേന | : | താംബൂലം കൊണ്ടുവരാൻ എന്ന കള്ളത്തരം ഭാവിച്ച് |
| രഭസ-ആശ്ലേഷഃ അപി സംവിഘ്നിതഃ | : | പെട്ടെന്നുള്ള കെട്ടിപ്പിടിത്തത്തെ ഒഴിവാക്കി |
| അന്തികേ പരിജനം വ്യാപാരയന്ത്യാ | : | അടുക്കൽ വേലക്കാരെ നിർത്തി |
| ആലാപഃ അപി ന മിശ്രിതഃ | : | സംസാരവും ഒഴിവാക്കി |
| കാന്തം പ്രതി-ഉപചാരതഃ | : | കാന്തനെ ഉപചരിക്കുന്ന എന്ന ഭാവത്തിൽ |
| ചതുരയാ കോപഃ കൃതാർഥീകൃതഃ | : | ആ മിടുക്കി തന്റെ ദേഷ്യം പ്രകടിപ്പിച്ചു |

**പരിഭാഷ:**

നേരത്തേയെഴുനേറ്റൊരേയിടമിരുന്നീടാൻ വിലക്കീ; പ്രിയൻ
ചാരത്തായ് പുണരാതെ പോയിയവൾ താംബൂലത്തിനെന്നോണമേ;
ആരാൽ തൻ സഖിമാരെ നിർത്തി, യവൾ സംസാരം തടഞ്ഞാൽ; തനി-
ക്കേറീട്ടും കലിയാ മിടുക്കി വരനോടീമട്ടു കാണിച്ചിതേ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നേരത്തേ എഴുനേറ്റ് ഒരേ ഇടം ഇരുന്നീടാൻ വിലക്കീ; പ്രിയൻ ചാരത്തായ് പുണരാതെ പോയി അവൾ താംബൂലത്തിന് എന്നോണം; ആരാൽ തൻ സഖി–മാരെ നിർത്തി അവൾ സംസാരം തടഞ്ഞാൽ; തനിക്ക് ഏറീട്ടും കലി ആ മിടുക്കി വരനോട് ഈ മട്ടു കാണിച്ചു ഇതേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ദൂരാൽപ്രത്യുദ്വ്രജന്തീ...(പേജ് 169)

**മാനവിക്രമൻ:** ഒന്നായ് പ്രത്യുൽഗമത്താൽ...(പേജ് 194)

## 3.18 ദൃഷ്ട്വൈകാസനസംഗതേ.../ഒന്നിച്ചാണിരു കാന്തമാരുടെ...

വേമഭൂപാലൻ:18 രവിചന്ദ്രൻ:16 രുദ്രമദേവകുമാരൻ:20 അർജ്ജുനവർമ്മദേവൻ:19

ധൂർത്തനായ നായകൻ രണ്ടു നായികകളോടു ചെയ്യുന്നതു കവി വർണ്ണിക്കുന്നു.

**മൂലം:**

ദൃഷ്ട്വൈകാസനസംഗതേ പ്രിയതമേ പശ്ചാദുപേത്യാദരാ-
ദേകസ്യാ നയനേ പിധായ വിഹിതക്രീഡാനുബന്ധച്ഛലഃ
ഈഷദ്വക്രിതകന്ധരസ്സപുളക പ്രേമോല്ലസന്മാനസാ-
മന്തർഹാസലസത്കപോലഫലകാം ധൂർത്തോഽപരാം ചുംബതി ‖ 18 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദൃഷ്ട്വാ ഏക-ആസന-സംഗതേ പ്രിയ-തമേ പശ്ചാത് ഉപേത്യ ആദരാത് ഏകസ്യാഃ നയനേ പിധായ വിഹിത-ക്രീഡാ-അനു-ബന്ധ-ച്ഛലഃ ഈഷത് വക്രിത-കന്ധരഃ സ-പുളക-പ്രേമ-ഉല്ലാസ-സത്-മാനസാം അന്തർ-ഹാസ-ലസത്-കപോല-ഫലകാം ധൂർത്തഃ അപരാം ചുംബതി

**അർത്ഥം:**

| | | |
|---|---|---|
| ധൂർത്തഃ | : | തരികിടക്കാരനായ നായകൻ |
| ഏക-ആസന-സംഗതേ | : | ഒരേ ഇരിപ്പിടത്തിലിരിക്കുന്ന |
| പ്രിയതമേ ദൃഷ്ട്വാ | : | രണ്ടു പ്രിയതമമാരെ കണ്ടിട്ട് |
| ആദരാത് പശ്ചാത് ഉപേത്യ | : | താത്പര്യം തോന്നി പുറകിൽ ചെന്നിട്ട് |
| വിഹിത-ക്രീഡ-അനുബന്ധ-ച്ഛലഃ | : | കളിയാണെന്ന് നടിച്ച് |
| ഏകസ്യാഃ നയനേ പിധായ | : | ഒരുത്തിയുടെ കണ്ണുകൾ പൊത്തിയിട്ട് |
| ഈഷത് വക്രിത-കന്ധരഃ | : | അല്പം കഴുത്തു വളച്ചിട്ട് |
| സ-പുളക-പ്രേമ-ഉല്ലസത്-മാനസാം | : | പുളകത്തോടു കൂടി പ്രേമം നിറഞ്ഞ മനസ്സുമായി |
| അന്തർ-ഹാസ-ലസത്-കപോല-ഫലകാം | : | ഉള്ളിലൊതുക്കിയ ചിരി കൊണ്ട് കവിൾ തിളങ്ങുന്ന |
| അപരാം ചുംബതി | : | മറ്റവളെ ചുംബിക്കുന്നു |

**പരിഭാഷ:**

ഒന്നിച്ചാണിരു കാന്തമാരുടെയിരിപ്പെന്നങ്ങു കണ്ടിട്ടുടൻ
പിന്നിൽ ചെന്നൊരു പെണ്ണിനെക്കളിയിലായ് കണ്ണൊന്നു പൊത്തീടിനാൻ;

എന്നിട്ടൊന്നു മുഖം തിരി, ച്ചപര തൻ മിന്നും കവിൾത്തട്ടിലായ്
നന്നായുമ്മ കൊടുത്തു ഹർഷപുളകത്തിന്നായി ധൂർത്തൻ പ്രിയൻ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഒന്നിച്ച് ആയ് ഇരു കാന്ത-മാർ-ഉടെ ഇരിപ്പ് ഒന്ന് അങ്ങു കണ്ടിട്ട് ഉടൻ പിന്നിൽ ചെന്ന് ഒരു വൾക്ക് എഴും മിഴികളെ കേളിയ്ക്കു പൊത്തീടിനാൻ; എന്നിട്ട് ഒന്നു മുഖം തിരിച്ച് അപര തൻ മിന്നും കവിൾ-തട്ടിൽ ആയ് നന്നായ് ഉമ്മ കൊടുത്തു ഹർഷ-പുളകത്തിന്ന് ആയി ധൂർത്തൻ പ്രിയൻ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കണ്ടിട്ടേകാസനത്തിൽ...(പേജ് 169)

**മാനവിക്രമൻ:** സുന്ദരിമാരിരുപേരൊരു പീഠം...(പേജ് 194)

## 3.19 ചരണപതനപ്രത്യാഖ്യാനാത്.../കുനിഞ്ഞു കാൽക്കൽ വീഴവേ...

വേമഭൂപാലൻ:19 രവിചന്ദ്രൻ:17 രുദ്രമദേവകുമാരൻ:21 അർജ്ജുനവർമ്മദേവൻ:20

തോഴിമാർ പറഞ്ഞതു കേട്ട് പ്രിയതമനെ പിണക്കിയ നായികയുടെ സങ്കടം.

**മൂലം:**

ചരണപതനപ്രത്യാഖ്യാനാത് പ്രസാദപരാങ്മുഖേ
നിഭൃതകിതവാചാരേത്യുക്ത്വാ രുഷാ പരുഷീകൃതേ
വ്രജതി രമണേ നിശ്ശ്വസ്യോച്ചൈസ്സ്തനാഹിതഹസ്തയാ
നയനസലിലക്ലിന്നാ ദൃഷ്ടിസ്സഖീഷു നിപാതിതാ ‖ 19 ‖

ഹരിണി

**പദച്ഛേദം:** ചരണ–പതന–പ്രതി–ആഖ്യാനാത് പ്രസാദ–പരാങ്മുഖേ നിഭൃത–കിതവ–ആചാര ഇതി ഉക്ത്വാ രുഷാ പരുഷീകൃതേ വ്രജതി രമണേ നിശ്വസ്യ ഉച്ചൈഃ സ്തന–ആഹിത–ഹസ്തയാ നയന–സലില–ക്ലിന്നാ ദൃഷ്ടിഃ സഖീഷു നിപാതിതാ

**അർത്ഥം:**

| | | |
|---|---|---|
| ചരണ-പതന-പ്രതി-ആഖ്യാനാത് | : | കാൽക്കൽ വീണപ്പോൾ മറുത്തു പറഞ്ഞതു കൊണ്ട് |
| പ്രസാദ-പരാങ്മുഖേ | : | പ്രസാദം പോയ്പ്പോയവനും |
| "നിഭൃത-കിതവ-ആചാര" | : | "എപ്പോഴും ചതി കാണിക്കുന്നവനേ" |
| ഇതി ഉക്ത്വാ | : | എന്നുള്ള വാക്കുകൾ കൊണ്ട് |
| രുഷാ പരുഷീകൃതേ | : | ദേഷ്യത്തോടെ വഴക്കു കേട്ടവനുമായ |
| രമണേ വ്രജതി | : | ഭർത്താവ് പോകാൻ തുടങ്ങിയപ്പോൾ |
| ഉച്ചൈഃ നിശ്വസ്യ സ്തന-ആഹിത-ഹസ്തയാ | : | (അവൾ) വലുതായി നിശ്വസിച്ച് മാറിടത്തിൽ കൈ വെച്ച് |
| നയന-സലില-ക്ലിന്നാ ദൃഷ്ടിഃ | : | കണ്ണുനീർ നിറഞ്ഞു വയ്യാതായ കണ്ണുകൾ |
| സഖീഷു നിപാതിതാ | : | സഖിമാരിൽ പതിപ്പിച്ചു |

**പരിഭാഷ:**

കുനിഞ്ഞു കാൽക്കൽ വീഴവേ മറുത്തു ദുഃഖിയായ്, "വിടൻ,
മുടിഞ്ഞവൻ" മുതൽക്കു കേട്ടു കാന്തനങ്ങു പോകവേ
നിറഞ്ഞു വീർപ്പു, നെഞ്ചിലാക്കരത്തെ വെച്ചു തയ്യലാൾ
കരഞ്ഞു വീർത്ത കണ്ണു തോഴിമാർക്കു നേർക്കെറിഞ്ഞിതേ

പഞ്ചചാമരം

**പദച്ഛേദം:** കുനിഞ്ഞു കാൽക്കൽ വീഴവേ മറുത്തു ദുഃഖിയായ്, "വിടൻ, മുടിഞ്ഞവൻ" മുതൽക്കു കേട്ടു കാന്തൻ അങ്ങു പോകവേ നിറഞ്ഞു വീർപ്പു, നെഞ്ചിൽ ആ കരത്തെ വെച്ചു തയ്യലാൾ കരഞ്ഞു വീർത്ത കണ്ണു തോഴി–മാർക്കു നേർക്ക് എറിഞ്ഞിതേ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഭള്ളില്ലാതെ നമസ്കരിച്ചതും...(പേജ് 169)

**മാനവിക്രമൻ:** മാനം വിട്ടു പണിഞ്ഞതും...(പേജ് 195)

## 3.20 കാഞ്ച്യാ ഗാഢതരാവബദ്ധാ.../ഇന്നീപ്പെണ്ണരഞ്ഞാണ കൊണ്ടു...

വേമഭൂപാലൻ:20 രവിചന്ദ്രൻ:18 രുദ്രമദേവകുമാരൻ:22 അർജ്ജുനവർമ്മദേവൻ:21

പിണക്കം നടിച്ചു കിടന്ന നായിക നായകനോടുള്ള സ്നേഹം കൊണ്ടു ചെയ്തതു്:

**മൂലം:**

"കാഞ്ച്യാ ഗാഢതരാവബദ്ധവസനപ്രാന്താ കിമർത്ഥേ പുനർ-
മുദ്ധാക്ഷീ സ്വപി"തീതി തത്പരിജനം സ്വൈരം പ്രിയേ പൃച്ഛതി
"മാതസ്സുപ്തിമപീഹ ലുംപതി മമേ"ത്യാരോപിതക്രോധയാ
പര്യസ്യ സ്വപനച്ഛലേന ശയനേ ദത്തോഽവകാശസ്തയാ ‖ 20 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കാഞ്ച്യാ ഗാഢ–തര–അവബദ്ധാ–വസന–പ്രാന്താ കിം അർത്ഥേ പുനഃ മുദ്ധാ–അക്ഷീ സ്വപിതി ഇതി തത്–പരിജനം സ്വൈരം പ്രിയേ പൃച്ഛതി മാതഃ സുപ്തിം അപി ഇഹ ലുമ്പതി മമ ഇതി ആരോപിത–ക്രോധയാ പര്യസ്യ സ്വപന–ച്ഛലേന ശയനേ ദത്തഃ അവകാശഃ തയാ

**അർത്ഥം:**

| | | |
|---|---|---|
| "കാഞ്ച്യാ ഗാഢ-തര-അവബദ്ധ-വസന-പ്രാന്താ | : | "അരഞ്ഞാണം കൊണ്ട് വസ്ത്രം നന്നായി മുറുക്കിക്കെട്ടി |
| മുദ്ധ-അക്ഷീ കിം അർത്ഥേ പുനഃ സ്വപിതി" | : | ഈ സുന്ദരി എന്താണ് ഇങ്ങനെ ഉറങ്ങുന്നതു്?" |
| ഇതി തത്-പരിജനം സ്വൈരം പൃച്ഛതി പ്രിയേ | : | എന്നു തോഴിമാരോട് പതുക്കെ പ്രിയൻ ചോദിച്ചപ്പോൾ |
| "മാതഃ മമ സുപ്തിം അപി ഇഹ ലുമ്പതി" | : | "അമ്മേ! എന്നെ ഉറങ്ങാനും സമ്മതിക്കുന്നില്ല" |
| ഇതി ആരോപിത-ക്രോധയാ | : | എന്ന് ദേഷ്യത്തോടെ ആരോപിച്ച് |
| സ്വപന-ച്ഛലേന പര്യസ്യ | : | സ്വപ്നത്തിൽ ചെയ്യുന്നതു പോലെ നടിച്ച് നീങ്ങിക്കിടന്ന് |
| ശയനേ അവകാശഃ തയാ ദത്തഃ | : | അവൾ കിടക്കയിൽ സ്ഥലം കൊടുത്തു. |

**പരിഭാഷ:**

"ഇന്നീപ്പെണ്ണരഞ്ഞാണ കൊണ്ടു വസനം ബന്ധിച്ചുറങ്ങീടുവാൻ
എന്തേ കാരണ"മെന്നു തോഴികളൊടായ് ഭർത്താവു ചോദിക്കവേ
"അമ്മേ! ശല്യമുറക്കുകില്ലിവ"നിതും ചൊന്നിട്ടുറക്കത്തിലാ-
ണെന്നുള്ളോരു വിധം മിടുക്കി ചെറുതായ് നീങ്ങിക്കിടന്നീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ”ഇന്ന് ഈ പെണ്ണ് അര–ഞ്ഞാണ കൊണ്ടു വസനം ബന്ധിച്ച് ഉറങ്ങുവാൻ എന്തേ കാരണം” എന്നു തോഴികളൊടായ് ഭർത്താവു ചോദിക്കവേ ”അമ്മേ! ശല്യം ഉറക്കുകില്ല ഇവൻ” ഇതും ചൊന്നിട്ട് ഉറക്കത്തിൽ ആണ് എന്ന് ഉള്ള ഒരു വിധം മിടുക്കി ചെറുതായ് നീങ്ങി കിടന്നീടിനാൾ

## മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ചുമ്മാതെന്തേ പടാന്തം...(പേജ് 170)

**മാനവിക്രമൻ:** എന്തിന്നായ് മുഗ്ദ്ധാ ചേലാഞ്ചലം...(പേജ് 195)

## 3.21 ഏകസ്മിഞ്ഛയനേ പരാന്മുഖ.../തമ്മിൽ കണ്ണിടയാതെ...

വേമഭൂപാലൻ:21 രവിചന്ദ്രൻ:19 രുദ്രമദേവകുമാരൻ:23 അർജ്ജുനവർമ്മദേവൻ:23

അന്യോന്യം ദേഷ്യപ്പെട്ടു് ഇരുന്ന നായികാനായകന്മാരുടെ കോപം മാറിയതിനെപ്പറ്റി:

**മൂലം:**

ഏകസ്മിഞ്ഛയനേ പരാന്മുഖതയാ വീതോത്തരം താമ്യതോ-
രന്യോന്യസ്യ ഹൃദി സ്ഥിതേഽപ്യനുനയേ സംരക്ഷതോർഗൗരവം
ദമ്പത്യോശ്ശനകൈരപാംഗവലനാന്മിശ്രീഭവച്ചക്ഷുഷോർ-
ഭഗ്നോ മാനകലിസ്സഹാസരഭസവ്യാവൃത്ത-കണ്ഠഗ്രഹഃ ‖ 21 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഏകസ്മിൻ ശയനേ പരാങ്മുഖതയാ വീതോത്തരം താമ്യതോഃ അന്യോന്യസ്യ ഹൃദി സ്ഥിതേ അപി സംരക്ഷതോഃ ഗൗരവം ദമ്പത്യോഃ ശനകൈഃ അപാംഗ–വലനാൻ മിശ്രീ–ഭവത് ചക്ഷുഷോഃ ഭഗ്നഃ മാനകലിഃ സ–ഹാസ–രഭസ–വ്യാവൃത്ത–കണ്ഠ–ഗ്രഹഃ

**അർത്ഥം:**

| | | |
|---|---|---|
| ഏകസ്മിൻ ശയനേ | : | ഒരു കിടക്കയിൽ |
| പരാങ്മുഖതയാ | : | അങ്ങോട്ടുമിങ്ങോട്ടും നോക്കി |
| വീതോത്തരം താമ്യതോഃ | : | മിണ്ടാതെ വിരസതയോടെ |
| അന്യോന്യസ്യ ഹൃദി സ്ഥിതേ അപി | : | മറ്റേയാളുടെ ഹൃദയത്തിൽ ഉണ്ടെങ്കിലും |
| ഗൗരവം സംരക്ഷതോഃ | : | ഗൗരവം പാലിച്ച് |
| ദമ്പത്യോഃ | : | (ഇരിക്കുന്ന) ഭാര്യാഭർത്താക്കന്മാർ |
| ശനകൈഃ | : | പതുക്കെ |
| അപാംഗവലനാൻ മിശ്രീ-ഭവത് ചക്ഷുഷഃ | : | കൺകോണുകൾ കൂട്ടിമുട്ടിയപ്പോൾ |
| മാന-കലിഃ ഭഗ്നഃ | : | അഭിമാനം കൊണ്ടുള്ള ദേഷ്യമൊക്കെപ്പോയി |
| സ-ഹാസ-രഭസ-വ്യാവൃത്ത-കണ്ഠ-ഗ്രഹഃ | : | ചിരിച്ചു കൊണ്ടു് ശക്തിയായി ആലിംഗനം ചെയ്തു |

**പരിഭാഷ:**

തമ്മിൽ കണ്ണിടയാതെ ദമ്പതികളൊരേ ശയ്യയ്ക്കു മേൽ, മറ്റെയാൾ
തന്നുള്ളിൽ കുടികൊണ്ടിട്ടും പൊഴുതിലും, വൈരസ്യമൊട്ടാർന്നുമേ
മിണ്ടാതങ്ങനിരിയ്ക്കവേ, മിഴികളൊന്നൻപോടു മുട്ടീ, തദാ
ഒന്നിച്ചൊന്നു ചിരിച്ചു, പിന്നെയവരോ കെട്ടിപ്പിടിച്ചുമ്മയായ്!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തമ്മിൽ കണ്ണ് ഇടയാതെ ദമ്പതികൾ ഒരേ ശയ്യയ്ക്കു മേൽ, മറ്റെ ആൾ തൻ ഉള്ളിൽ കുടി–കൊണ്ടിട്ടും പൊഴുതിലും, വൈരസ്യം ഒട്ട് ആർന്നുമേ മിണ്ടാതെ അങ്ങനെ ഇരിക്കവേ മിഴികൾ ഒന്ന് അൻപോടു മുട്ടീ തദാ ഒന്നിച്ച് ഒന്നു ചിരിച്ചു പിന്നെ അവരോ കെട്ടി–പിടിച്ച് ഉമ്മയായ്!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഉൾത്താപത്തോടൊരേ…(പേജ് 170)

**മാനവിക്രമൻ:** സന്താപംപൂണ്ടു മിണ്ടാതൊരു…(പേജ് 195)

## 3.22 പശ്യാമോ മയി കിം പ്രപദ്യത.../എന്നോടിന്നിവളെന്തു...

വേമഭൂപാലൻ:22 രവിചന്ദ്രൻ:20 രുദ്രമദേവകുമാരൻ:24 അർജ്ജുനവർമ്മദേവൻ:24

നായികാനായകന്മാർ കലഹിച്ചിരുന്നപ്പോൾ...

**മൂലം:**

പശ്യാമോ മയി കിം പ്രപദ്യത ഇതി സ്ഥൈര്യം മയാലംബിതം
കിം മാം നാലപതീത്യയം ഖലു ശഠഃ കോപസ്തയാപ്യാശ്രിതഃ
ഇത്യന്യോന്യവിലക്ഷദൃഷ്ടിചതുരേ തസ്മിന്നവസ്ഥാന്തരേ
സവ്യാജം ഹസിതം മയാ ധൃതിഹരോ മുക്തസ്തു ബാഷ്പസ്തയാ ‖ 22 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പശ്യാമഃ മയി കിം പ്രപദ്യതേ ഇതി സ്ഥൈര്യം മയാ ആലംബിതം കിം മാം ന ആലപതി ഇതി അയം ഖലു ശഠഃ കോപഃ തയാ അപി ആശ്രിതഃ ഇതി അന്യഃ–അന്യ–വിലക്ഷ–ദൃഷ്ടി–ചതുരേ തസ്മിൻ അവസ്ഥാ–അന്തരേ സ–വ്യാജം ഹസിതം മയാ ധൃതി–ഹരഃ മുക്തഃ തു ബാഷ്പഃ തയാ

**അർത്ഥം:**

| | | |
|---|---|---|
| മയി (ഏഷാ) കിം പ്രപദ്യതേ പശ്യാമഃ ഇതി | : | (ഇവൾ) എന്നോട് എന്തു ചെയ്യും എന്നു നോക്കാം |
| മയാ സ്ഥൈര്യം ആലംബിതം | : | (എന്നു കരുതി) ഞാൻ ഗൗരവം ഭാവിച്ചിരുന്നു |
| അയം ഖലു ശഠഃ മാം കിം ന ആലപതി ഇതി | : | ഈ ദുഷ്ടൻ എന്നോടു മിണ്ടാത്തത് എന്താണ് എന്ന് |
| തയാ കോപഃ അപി ആശ്രിതഃ | : | അവൾക്കു ദേഷ്യവും വന്നു |
| ഇതി അന്യോന്യ-വിലക്ഷ-ദൃഷ്ടി-ചതുരേ | : | ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും നേരേ നോക്കാതെ നോക്കിക്കൊണ്ട് |
| തസ്മിൻ അവസ്ഥാന്തരേ | : | (ഇരുന്ന) ആ അവസരത്തിൽ |
| മയാ സവ്യാജം ഹസിതം | : | ഞാൻ ഒരു കള്ളച്ചിരി ചിരിച്ചു |
| തയാ ധൃതിഹരഃ ബാഷ്പഃ മുക്തഃ തു | : | അവൾ എന്റെ ഗൗരവം ഒക്കെ പോകുന്ന വിധത്തിൽ കരഞ്ഞു |

**പരിഭാഷ:**

"എന്നോടിന്നിവളെന്തു ചെയ്യു"മിതുമോർത്തേറെക്കടുപ്പിച്ചു ഞാൻ;
"ഒന്നും ചൊല്ലുവതില്ലയെന്തിവ"നിതോർത്തെൻ കാന്തയും കോപമായ്;
കൺകൾ വല്ല വഴിയ്ക്കുമായുഴറവേ, പെട്ടെന്നു കള്ളം നിറ-
ഞ്ഞെന്നിൽ പുഞ്ചിരി പൊട്ടി, യപ്പൊഴവളോ കേണാൾ, അലിഞ്ഞാനിവൻ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "എന്നോട് ഇന്ന് ഇവൾ എന്തു ചെയ്യും?" ഇതും ഓർത്ത് ഏറെ കടുപ്പിച്ചു ഞാൻ; "ഒന്നും ചൊല്ലുവതില്ല എന്ത് ഇവൻ" ഇത് ഓർത്ത് എൻ കാന്തയും കോപമായ്; കൺകൾ വല്ല വഴിയ്ക്കുമായ് ഉഴറവേ, പെട്ടെന്നു കള്ളം നിറഞ്ഞ് എന്നിൽ പുഞ്ചിരി പൊട്ടി അപ്പൊൾ അവളോ കേണാൾ, അലിഞ്ഞാൻ ഇവൻ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കണ്ടീടാമെന്നൊടെന്ത്...(പേജ് 170)

**മാനവിക്രമൻ:** എന്നോടെന്തൊന്നു കാണിച്ചിട്ടും...(പേജ് 195)

## 3.23 ഏകസ്മിഞ്ഛയനേ വിപക്ഷ.../വേറേ പെണ്ണിനെഴുന്ന പേരു...

വേമഭൂപാലൻ:23 രവിചന്ദ്രൻ:83 രുദ്രമദേവകമാരൻ:25 അർജ്ജുനവർമ്മദേവൻ:22

നായകൻ വേറേ പെണ്ണിന്റെ പേരു പറഞ്ഞപ്പോൾ...

**മൂലം:**

ഏകസ്മിഞ്ഛയനേ വിപക്ഷരമണീനാമഗ്രഹേ മുഗ്ദ്ധയാ
സദ്യഃ കോപപരാങ്മുഖഗ്ലപിതയാ ചാടൂനി കുർവന്നപി
ആവേഗാദവധീരിതഃ പ്രിയതമസ്തൂഷ്ണീം സ്ഥിതസ്തത്ക്ഷണം
"മാ ഭൂത്സുപ്ത" ഇവേത്യമന്ദവലിത ഗ്രീവം പുനർവീക്ഷിതം ‖ 23 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഏകസ്മിൻ ശയനേ വിചക്ഷ–രമണീ–നാമ–ഗ്രഹേ മുഗ്ദ്ധയാ സദ്യഃ കോപ–പരാക്–മുഖ–ഗ്ലപിതയാ ചാടൂനി കുർവൻ അപി ആവേഗാത് അവധീരിതഃ പ്രിയതമഃ തൂഷ്ണീം സ്ഥിതഃ തത്–ക്ഷണം മാ ഭൂത് സുപ്ത ഇവ ഇതി മന്ദ–വലിത–ഗ്രീവം പുനഃ വീക്ഷിതം

**അർത്ഥം:**

| | | |
|---|---|---|
| ഏകസ്മിൻ ശയനേ | : | ഒരേ കിടക്കയിൽ |
| വിപക്ഷ-രമണീ നാമ-ഗ്രഹേ | : | (നായകൻ) മറ്റൊരു പെണ്ണിന്റെ പേരു പറഞ്ഞു കേട്ടപ്പോൾ |
| സദ്യഃ കോപ-പരാങ്മുഖ-ഗ്ലപിതയാ മുഗ്ദ്ധയാ | : | പെട്ടെന്ന് കോപത്താൽ മുഖം തിരിച്ച വൈരസ്യം കാണിച്ച സുന്ദരി |
| ചാടൂനി കുർവൻ അപി | : | കുത്തുവാക്കുകൾ പലതും പറയുന്നുണ്ടെങ്കിലും |
| തത്ക്ഷണം | : | ആ സമയത്തു് |
| ആവേഗാത് അവധീരിതഃ പ്രിയതമഃ | : | പ്രിയതമൻ സംഭ്രമവും അപമാനവും കൊണ്ട് |
| തൂഷ്ണീം സ്ഥിതഃ | : | മിണ്ടാതെ ഇരുന്നു. |
| "മാ ഭൂത് സുപ്തഃ" ഇവ ഇതി | : | "ഉറങ്ങിക്കളയല്ലേടാ" എന്നു പറയുന്നതു പോലെ |
| അമന്ദ-വലിത-ഗ്രീവം | : | (അവൾ) ഇടയ്ക്കിടയ്ക്കു പെട്ടെന്നു കഴുത്തു തിരിച്ച് |
| പുനഃ വീക്ഷിതം | : | (അവനെ) പിന്നെയും പിന്നെയും നോക്കുന്നു. |

**പരിഭാഷ:**

വേറേ പെണ്ണിനെഴുന്ന പേരു പറയും കാന്തനൊടായ് ദേഷ്യവും
പേറി, ത്തന്റെ മുഖം തിരിച്ചു കടുവാക്കോതീടുമാരോമലാൾ
ഏറ്റം ലജ്ജയൊടങ്കലാപ്പൊടുമവൻ വാ പൂട്ടവേ, ചുട്ട ക-
ണ്ണേറാൽ കാന്തനുറങ്ങിടാതവനെ നോക്കീടുന്നിടയ്ക്കൊക്കവേ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വേറേ പെണ്ണിന് എഴുന്ന പേരു പറയും കാന്തനൊട് ആയ് ദേഷ്യവും പേറി, തന്റെ മുഖം തിരിച്ചു കടു–വാക്ക് ഓതീടും ആരോമലാൾ ഏറ്റം ലജ്ജ–യൊട് അങ്കലാപ്പ്–ഒടും അവൻ വാ പൂട്ടവേ, ചുട്ട കണ്ണ്–ഏറാൽ കാന്തൻ ഉറങ്ങിടാതെ അവനെ നോക്കീടുന്നു ഇടയ്ക്ക് ഒക്കവേ.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** അദ്ധ്യാസിച്ചേകശയ്യാം പതി...(പേജ് 170)

**മാനവിക്രമൻ:** ചെന്നൊരു മെത്തയിലൊത്ത്...(പേജ് 196)

## 3.24 തസ്യാസ്സാന്ദ്രവിലേപന.../നീ മറ്റോളുടെ മാറിൽ...

വേമഭൂപാലൻ:24 രവിചന്ദ്രൻ:22 രുദ്രമദേവകുമാരൻ:27 അർജ്ജുനവർമ്മദേവൻ:26

അപരാധം കൈയോടെ പിടിച്ച നായികയെ നായകൻ കബളിപ്പിച്ച വിധം:

**മൂലം:**

തസ്യാസ്സാന്ദ്രവിലേപനസ്തനതട പ്രശ്ലേഷമുദ്രാങ്കിതം
കിം വക്ഷശ്ചരണാനതിവ്യതികരവ്യാജേന ഗോപായ്യതേ
ഇത്യുക്തേ ക്വ തദിത്യുദീര്യ സഹസാ തത് സംപ്രമാർഷ്ടും മയാ
സാശ്ലിഷ്ടാ രഭസേന തത്സുഖവശാ- ത്തന്വ്യാപി തദ്വിസ്മൃതം ‖ 24 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തസ്യാഃ സാന്ദ്ര–വിലേപന–സ്തന–തട–പ്രശ്ലേഷ–മുദ്രാ–അങ്കിതം കിം വക്ഷഃ ചരണ–അനതി–വ്യതികര–വ്യാജേന ഗോപായ്യതേ ഇതി ഉക്തേ ക്വ തത് ഇതി ഉദീര്യ സഹസാ തത് സമ്പ്രമാഷ്ടും മയാ സാ ആശ്ലിഷ്ടാ രഭസേന തത്–സുഖ–വശാത് തന്വ്യാ അപി തത് വിസ്മൃതം

**അർത്ഥം:**

| | | |
|---|---|---|
| "തസ്യാഃ സാന്ദ്ര-വിലേപന-സ്തന-തട- | : | "അവളുടെ നിറയെ ലേപനം വാരിപ്പൂശിയ മുലത്തടത്തിൽ |
| -പ്രശ്ലേഷ-മുദ്രാ-അങ്കിതം വക്ഷഃ | : | ആശ്ലേഷിച്ചതിന്റെ പാടു പതിഞ്ഞ നെഞ്ച് |
| കിം ചരണ-അനതി-വ്യതികര- | : | എന്തിനാണ് ഇങ്ങനെ കാലിൽ വീഴുന്ന |
| -വ്യാജേന ഗോപായ്യതേ?" | : | കള്ളത്തരം കാണിച്ച് മറയ്ക്കുന്നത്?" |
| ഇതി ഉക്തേ | : | എന്ന് (അവൾ) ചോദിച്ചപ്പോൾ |
| "ക്വ തത്" ഇതി ഉദീര്യ | : | "എവിടെ?" എന്ന ചോദിച്ച് |
| സഹസാ തത് സമ്പ്രമാഷ്ടും | : | പെട്ടെന്ന് അതു മായ്ക്കാനായി |
| മയാ രഭസേന സാ ആശ്ലിഷ്ടാ | : | തന്ത്രപൂർവ്വം അവളെ ഞാൻ കെട്ടിപ്പിടിച്ച |
| തത്-സുഖ-വശാത് | : | അതിന്റെ സുഖത്തിൽ |
| തന്വ്യാ അപി തത് വിസ്മൃതം | : | അവൾ എല്ലാം മറന്നു പോയി |

**പരിഭാഷ:**

"നീ മറ്റോളുടെ മാറിൽ നിന്നു പുരളും ലേപം മറച്ചീടുവാൻ
സാമർത്ഥ്യത്തൊടു കാലിൽ വീണു കരയേ"ണ്ടെന്നങ്ങു ചൊന്നീടവേ,
പ്രേമം പൂ, ണ്ടെവിടെന്ന ചോദ്യമൊടു, ഞാൻ പൂച്ചൊക്കെ മായ്ച്ചീടുവാൻ
ഓമൽപ്രേയസിയെപ്പുണർന്നു, സുഖമാർന്നെല്ലാം മറന്നാളവൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നീ മറ്റോളുടെ മാറിൽ നിന്നു പുരളും ലേപം മറച്ചീടുവാൻ സാമർത്ഥ്യത്തൊടു കാലിൽ വീണു കരയേണ്ട" എന്ന് അങ്ങു ചൊന്നീടവേ, പ്രേമം പൂണ്ട് "എവിടെ?" എന്ന ചോദ്യം–ഒടു ഞാൻ പൂച്ച് ഒക്കെ മായ്ച്ചീടുവാൻ ഓമൽ–പ്രേയസിയെ പുണർന്നു, സുഖം ആർന്ന് എല്ലാം മറന്നാൾ അവൾ.

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കുന്നേലും‌കൊങ്കയാളാമവളുടെ...(പേജ് 171)

**മാനവിക്രമൻ:** നന്നായ്ച്ചെന്നങ്ങു പൂണ്ടാരവൾ...(പേജ് 196)

## 3.25 ത്വം മുഗ്ദ്ധാക്ഷി വിനൈവ.../നിന്നെക്കഞ്ചുകമൊന്നഴിച്ച്...

വേമഭൂപാലൻ:25 രവിചന്ദ്രൻ:23 രുദ്രദേവകുമാരൻ:28 അർജ്ജുനവർമ്മദേവൻ:27

നായകന്റെ പരിസരം നോക്കാതെയുള്ള പ്രണയപ്രകടനവും തോഴിമാരുടെ സമയോചിതമായ പ്രവൃത്തിയും:

**മൂലം:**

ത്വം മുഗ്ദ്ധാക്ഷി വിനൈവ കഞ്ചുളികയാ ധത്സേ മനോഹാരിണീം
ലക്ഷ്മീമിത്യഭിധായിനി പ്രിയതമേ തദ്വേണികാസംസ്പൃശി
ശയ്യോപാന്തനിവിഷ്ടസസ്മിതവധൂനേത്രോത്സവാനന്ദിതോ
നിര്യാതതശ്ശനകൈരളീകവചനോപന്യാസമാളീജനഃ ‖ 25 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ത്വം മുഗ്ദ്ധാ-അക്ഷി വിനാ ഏവ കഞ്ചുളികയാ ധത്സേ മനോഹാരിണീം ലക്ഷ്മീം ഇതി അഭിദായിനി പ്രിയതമേ തത്-വേണികാ-സംസ്പൃശി ശയ്യാ-ഉപാന്ത-നിവിഷ്ട-സസ്മിത-വധൂ-നേത്ര-ഉത്സവ-ആനന്ദിതഃ നിര്യാതഃ ശനകൈഃ അളീക-വചന-ഉപന്യാസം ആളീ-ജനഃ

**അർത്ഥം:**

| | | |
|---|---|---|
| "മുഗ്ദ്ധാക്ഷി | : | "അല്ലയോ സുന്ദരീ, |
| ത്വം കഞ്ചുളികയാ വിനാ ഏവ | : | നീ മുലക്കച്ചയില്ലാതെ തന്നെ |
| മനോ-ഹാരിണീം ലക്ഷ്മീം ധത്സേ" | : | എത്ര മനസ്സിനെ കവരുന്ന സൗന്ദര്യം ഉള്ളവളാണ്" |
| ഇതി അഭിതായിനി പ്രിയതമേ | : | ഇങ്ങനെ പറയുന്ന പ്രിയതമൻ |
| തത്-വേണികാ-സംസ്പൃശി | : | അതിന്റെ (മുലക്കച്ചയുടെ) കെട്ടിൽ തൊട്ടപ്പോൾ |
| ശയ്യാ-ഉപാന്ത-നിവിഷ്ട-സസ്മിത- | : | കട്ടിലിന്റെ അറ്റത്ത് ഇരുന്ന ചിരി തൂകുന്ന |
| -വധൂ-നേത്ര-ഉത്സവ-ആനന്ദിതഃ | : | പെണ്ണിന്റെ കണ്ണുകളിലെ സന്തോഷം കണ്ട് ആനന്ദിച്ച് |
| ആളിജനഃ അളീക-വചന-ഉപന്യാസം | : | തോഴിമാർ എന്തൊക്കെയോ അതുമിതും പറഞ്ഞു കൊണ്ട് |
| ശനകൈഃ നിര്യാതഃ | : | പതുക്കെ സ്ഥലം കാലിയാക്കി. |

**പരിഭാഷ:**

"നിന്നെക്കഞ്ചുകമൊന്നഴിച്ചഴകൊടായിന്നൊന്നു കണ്ടോട്ടെ ഞാ"-
നെന്നോതീട്ടതിനുള്ള കെട്ടു കണവൻ ചെന്നങ്ങു തൊട്ടീടവേ
അന്നാശ്ശയ്യയിൽ മോദമാർന്നു ചിരി തൂകുന്നോരു പെണ്ണിൻ മുഖാ-
നന്ദം കണ്ടവിടം വെടിഞ്ഞു സഖിമാരെന്തോ പറഞ്ഞങ്ങനെ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നിന്നെ കഞ്ചുകം ഒന്ന് അഴിച്ച് അഴകൊട് ആയ് ഇന്ന് ഒന്നു കണ്ടോട്ടെ ഞാൻ" എന്ന് ഓതിട്ട് അതിന് ഉള്ള കെട്ടു കണവൻ ചെന്ന് അങ്ങു തൊട്ടീടവേ അന്ന് ആ ശയ്യയിൽ മോദം ആർന്നു ചിരി തൂകുന്ന ഒരു പെണ്ണിൻ മുഖ-ആനന്ദം കണ്ട് അവിടം വെടിഞ്ഞു സഖിമാർ എന്തോ പറഞ്ഞ് അങ്ങനെ

(വ്യാഖ്യാനം പേജ് 159-ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** മയ്യേൽക്കണ്ണീ, നിനക്ക്...(പേജ് 171)

**മാനവിക്രമൻ:** ഇന്നെൻ മുഗ്ദ്ധാക്ഷി, കുട്ടന്നഴക...(പേജ് 196)

## 3.26 ഭ്രൂഭംഗേ രചിതേപി.../തണ്ടാർന്നീപ്പൂരികം...

വേമഭൂപാലൻ:26 രവിചന്ദ്രൻ:24 രുദ്രമദേവകമാരൻ:29 അർജ്ജുനവർമ്മദേവൻ:28

തോഴിമാർ പറഞ്ഞതു പോലെ നായകനോടു പിണങ്ങാൻ കഴിയാത്ത നായികയുടെ ധർമ്മസങ്കടം:

**മൂലം:**

ഭ്രൂഭംഗേ രചിതേऽപി ദൃഷ്ടിരധികം സോത്കണ്ഠമുദ്വീക്ഷതേ
രുദ്ധായാമപി വാചി സസ്മിതമിദം ദഗ്ധാനനം ജായതേ
കാർക്കശ്യം ഗമിതേऽപി ചേതസി തനൂ രോമാഞ്ചമാലംബതേ
ദൃഷ്ടേ നിർവഹണം ഭവിഷ്യതി കഥം മാനസ്യ തസ്മിഞ്ജനേ ॥ 26 ॥

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഭ്രൂ–ഭംഗേ രചിതേ അപി ദൃഷ്ടിഃ അധികം സ–ഉത്കണ്ഠം ഉദ്വീക്ഷതേ രുദ്ധായാം അപി വാചി സ–സ്മിതം ഇദം ദഗ്ധ–ആനനം ജായതേ കാർക്കശ്യം ഗമിതേ അപി ചേതസി തനൂ രോമാഞ്ചം ആലംബതേ ദൃഷ്ടേ നിർവഹണം ഭവിഷ്യതി കഥം മാനസ്യ തസ്മിൻ ജനേ

**അർത്ഥം:**

| | | |
|---|---|---|
| ഭ്രൂ-ഭംഗേ രചിതേ അപി | : | പുരികം ചുളിച്ചാലും |
| ദൃഷ്ടിഃ അധികം സ-ഉത്കണ്ഠം ഉദ്വീക്ഷതേ | : | കണ്ണ് അവനെ ആഗ്രഹത്തോടെ നോക്കും |
| രുദ്ധായാം അപി വാചി | : | മിണ്ടാതിരുന്നാലും |
| ഇദം ദഗ്ധ-ആനനം സ-സ്മിതം ജായതേ | : | ഈ നശിച്ച മുഖത്തു ചിരി വരും |
| ചേതസി കാർക്കശ്യം ഗമിതേ അപി | : | മനസ്സു കടുപ്പിച്ചു വെച്ചാലും |
| തനൂ രോമാഞ്ചം ആലംബതേ | : | ശരീരത്തിൽ രോമാഞ്ചം ഉണ്ടാകും |
| തസ്മിൻ ജനേ ദൃഷ്ടേ | : | അവനെ ഒന്നു കണ്ടാൽ |
| മാനസ്യ കഥം നിർവഹണം ഭവിഷ്യതി? | : | പിന്നെ പിണക്കം എങ്ങനെ ചെയ്യാൻ? |

**പരിഭാഷ:**

തണ്ടാർന്നീപ്പൂരികം ചുളിക്കുകിലുമെൻ കണ്ണാശയാൽ നോക്കിടും;
മിണ്ടാട്ടം തടയാം, നശിച്ച വദനം വീണ്ടും സ്മിതം തൂകുമേ;
ഉണ്ടാക്കാം കഠിനത്വമുള്ളി, ലുടലോ കൊണ്ടീടുമേ കോൾമയിർ;
കണ്ടാൽ ഞാനവനെ, പ്പിണങ്ങുവതിനായെന്തോന്നു ചെയ്തീടുമേ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തണ്ട് ആർന്ന് ഈ പൂരികം ചുളിക്കുകിലും എൻ കണ്ണ് ആശ–യാൽ നോക്കിടും; മിണ്ടാട്ടം തടയാം, നശിച്ച വദനം വീണ്ടും സ്മിതം തൂകുമേ; ഉണ്ടാക്കാം കഠിനത്വം ഉള്ളിൽ, ഉടലോ കൊണ്ടീടുമേ കോൾ മയിർ; കണ്ടാൽ ഞാൻ അവനെ, പിണങ്ങുവതിനായ് എന്തോന്നു ചെയ്തീടുമേ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വല്ലാതാക്കിച്ചുളുക്കാം...(പേജ് 171)

**മാനവിക്രമൻ:** നൂനം ചില്ലിച്ചുളിക്കിലും...(പേജ് 196)

## 3.27 പ്രാണേശപ്രണയാപരാധ.../പ്രാണേശൻ പിഴ കാട്ടവേ...

വേമഭൂപാലൻ:27 രവിചന്ദ്രൻ:26 രുദ്രമദേവകുമാരൻ:30 അർജ്ജുനവർമ്മദേവൻ:29

നായകനോടുള്ള ദേഷ്യം എങ്ങനെ കാണിക്കണമെന്നറിയാത്ത പാവം നായികയുടെ സ്ഥിതി:

**മൂലം:**

പ്രാണേശപ്രണയാപരാധസമയേ സഖ്യോപദേശം വിനാ
നോ ജാനാതി സവിഭ്രമാംഗവലനാ വക്രോക്തിസംസൂചനം
സ്വച്ഛൈരച്ഛകപോലമൂലഗളിതൈഃ പര്യസ്തനേത്രോത്പലാ
ബാലാ കേവലമേവ രോദിതി ലുഠല്ലോലാളകൈരശ്രുഭിഃ ‖ 27 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പ്രാണ–ഈശ–പ്രണയ–അപരാധ–സമയേ സഖ്യാ ഉപദേശം വിനാ നോ ജാനാതി സ–വിഭ്രമ–അംഗ–വലനാ–വക്ര–ഉക്തി–സം–സൂചനം സ്വച്ഛൈഃ അച്ഛ–കപോല–മൂല–ഗളിതൈഃ പര്യസ്ത–നേത്ര–ഉത്പലാ ബാലാ കേവലം ഏവ രോദതി ലുഠത്–ലോല–അളകൈഃ അശ്രുഭിഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രാണ-ഈശ-പ്രണയ-അപരാധ-സമയേ | : | പ്രിയതമൻ പ്രണയത്തിലെ കുരുത്തക്കേടു കാണിച്ചപ്പോൾ |
| സഖ്യാ ഉപദേശം വിനാ ബാലാ | : | സഖിയുടെ ഉപദേശം ഒന്നും ഇല്ലാതെ ആ പെൺകുട്ടിയ്ക്ക് |
| സ-വിഭ്രമ-അംഗ-വലനാ-വക്ര-ഉക്തി-സം-സൂചനം | : | തിരിഞ്ഞു നിന്ന് മുന വെച്ച വാക്കുകളിലൂടെ സൂചിപ്പിക്കാൻ |
| നോ ജാനാതി | : | (ഒന്നും) അറിയാതെ |
| സ്വച്ഛൈഃ | : | തെളിഞ്ഞതും |
| അച്ഛ-കപോല-മൂല-ഗളിതൈഃ | : | തിളങ്ങുന്ന കവിളിലൂടെ ഒലിച്ചിറങ്ങിയതും |
| ലുഠത്-ലോല-അളകൈഃ | : | ഇളകുന്ന കുറുനിരകളോടു ചേർന്നതും |
| അശ്രുഭിഃ | : | (ആയ) കണ്ണുനീർത്തുള്ളികൾ |
| പര്യസ്ത-നേത്ര-ഉത്പലാ | : | നിറഞ്ഞ താമരപ്പൂ പോലെയുള്ള കണ്ണുകൾ കൊണ്ട് |
| കേവലം രോദതി ഏവ | : | ചുമ്മാ കരയുക മാത്രം ചെയ്തു |

**പരിഭാഷ:**

പ്രാണേശൻ പിഴ കാട്ടവേ, സഖി പറഞ്ഞീടാഞ്ഞു, തന്വംഗിയാൾ
കാണിച്ചില്ല പുറം തിരിഞ്ഞൊരഹിതം, ചൊന്നില്ല വക്രോക്തികൾ
ചേണറ്റോരളകം നനച്ചു, കവിളത്തൂർന്നോരു കണ്ണീർ നിറ-
ഞ്ഞേണീലോചന നിസ്സഹായതയൊടും ചുമ്മാ കരഞ്ഞീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പ്രാണ–ഈശൻ പിഴ കാട്ടവേ, സഖി പറഞ്ഞീടാഞ്ഞു തന്വംഗിയാൾ കാണിച്ചില്ല പുറം തിരിഞ്ഞ് ഒരു അഹിതം, ചൊന്നില്ല വക്ര–ഉക്തികൾ, ചേണ്–ഉറ്റ ഒരു അളകം നനച്ചു, കവിളത്ത് ഊർന്ന ഒരു കണ്ണീർ നിറഞ്ഞ് ഏണീ–ലോചന നിസ്–സഹായത–യൊടും ചുമ്മാ കരഞ്ഞീടിനാൾ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാന്തൻ വിപ്രിയം...(പേജ് 171)

**മാനവിക്രമൻ:** പ്രേമം കൈവിട്ടു കുറ്റം...(പേജ് 197)

## 3.28 ഭവതു വിദിതം വ്യർത്ഥ.../അറിയുമഖിലം, ചുമ്മാതൊന്നും...

വേമഭൂപാലൻ:28 രവിചന്ദ്രൻ:27 രുദ്രമദേവകമാരൻ:32 അർജ്ജുനവർമ്മദേവൻ:30

കാമുകനെ ഉപേക്ഷിച്ചിട്ട് നൈരാശ്യത്തിലേക്കു കൂപ്പുകുത്തുന്ന നായിക നായകനോടു പറയുന്നതു്:

**മൂലം:**

ഭവതു വിദിതം വ്യർത്ഥാലാപൈരലം പ്രിയ ഗമ്യതാം
തനുരപി ന തേ ദോഷോഽസ്മാകം വിധിസ്തു പരാങ്മുഖഃ
തവ യദി തഥാ രൂഢം പ്രേമ പ്രപന്നമിമാം ദശാം
പ്രകൃതിതരളേ കാ നഃ പീഡാ ഗതേ ഹതജീവിതേ ‖ 28 ‖

ഹരിണി

**പദച്ഛേദം:** ഭവതു വിദിതം വ്യർത്ഥാലാപൈഃ അലം പ്രിയ ഗമ്യതാം തനുഃ അപി ന തേ ദോഷഃ അസ്മാകം വിധിഃ തു പരാങ്മുഖേ തവ യദി തഥാ രൂഢം പ്രേമ പ്രമന്നം ഇമാം ദശാം പ്രകൃതി-തരളേ കാ നഃ പീഡാ ഗതേ ഹത-ജീവിതേ

**അർത്ഥം:**

| | | |
|---|---|---|
| ഭവതു വിദിതം | : | പറഞ്ഞതൊക്കെ ഇരിക്കട്ടേ, എനിക്കെല്ലാം അറിയാം |
| പ്രിയ | : | അല്ലയോ പ്രിയപ്പെട്ടവനേ |
| വ്യർത്ഥാലാപൈഃ അലം ഗമ്യതാം | : | കണാകുണാ പറയാതെ സ്ഥലം കാലിയാക്കു് |
| തേ ദോഷഃ തനുഃ അപി ന | : | നിന്റെ കയ്യിൽ ഇത്തിരി പോലും കുറ്റമില്ല |
| അസ്മാകം വിധിഃ തു പരാങ്മുഖഃ | : | എന്നോടു് ദൈവം പോലും പുറം തിരിഞ്ഞു നിൽക്കുന്നു |
| തഥാ രൂഢം തവ പ്രേമ | : | അങ്ങനെ ഉറച്ചതായിരുന്ന നിന്റെ പ്രേമം |
| ഇമാം ദശാം പ്രപന്നം യദി | : | ഈ അവസ്ഥയിൽ ആയെങ്കിൽ |
| പ്രകൃതി-തരളേ ഹത-ജീവിതേ ഗതേ | : | പ്രകൃത്യാ ദുർബ്ബലമായ എന്റെ ജീവിതം അവസാനിച്ചാലും |
| നഃ പീഡാ കാ? | : | എനിക്കു് എന്തു സങ്കടം? |

**പരിഭാഷ:**

അറിയുമഖിലം, ചുമ്മാതൊന്നും പറഞ്ഞു വരേണ്ട നീ,
ചെറിയ കുറവും കാണാനില്ലാ നിനക്കു, കടന്നു പോ!
പരനുമെതിരായ്, ഗാഢപ്രേമം നിനക്കു മുഴുത്തതീ-
ഷരുവ, മിനിയും തീർന്നാലെന്തെൻ നശിച്ചൊരു ജീവിതം?

ഹരിണി

**പദച്ഛേദം:** അറിയും അഖിലം, ചുമ്മാതെ ഒന്നും പറഞ്ഞു വരേണ്ട നീ, ചെറിയ കുറവും കാണാൻ ഇല്ലാ നിനക്കു്, കടന്നു പോ! പരനും എതിരായ് ഗാഢപ്രേമം നിനക്കു മുഴുത്തതു് ഈ പരുവം, ഇനിയും തീർന്നാൽ എന്തു് എൻ നശിച്ച ഒരു ജീവിതം?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ആകട്ടേ വിവരം ഗ്രഹിച്ചു...(പേജ് 172)

**മാനവിക്രമൻ:** വ്യാർത്ഥാലാപങ്ങളാട്ടേ...(പേജ് 197)

## 3.29 ഉരസി നിഹിതസ്താരോ.../മുത്തിൻ മാലകൾ മാറിലും...

വേമഭൂപാലൻ:29 രവിചന്ദ്രൻ:28 രുദ്രമദേവകുമാരൻ:31 അർജ്ജുനവർമ്മദേവൻ:31

പ്രിയതമന്റെ അടുത്തേയ്ക്ക് സകലവേഷഭൂഷാദികളോടും കൂടി ശബ്ദമുണ്ടാക്കി പോവുകയും അതേ സമയം ആരെങ്കിലും കാണുമോ എന്നു പേടിച്ച് ചുറ്റും നോക്കുകയും ചെയ്യുന്ന നായികയെ സഖി പരിഹസിക്കുന്നു.

**മൂലം:**

ഉരസി നിഹിതസ്താരോ ഹാരഃ കൃതാ ജഘനേ ഘനേ
കളകളവതി കാഞ്ചീ പാദൌ രണന്മണിനൂപുരൌ
പ്രിയമഭിസരസ്യേവം മുഗ്ധേ ത്വമാഹതഡിണ്ഡിമാ
യദി കിമധികത്രാസോത്കമ്പാദിശസ്സമുദീക്ഷസേ ‖ 29 ‖

ഹരിണി

**പദച്ഛേദം:** ഉരസി നിഹിതഃ താരഃ ഹാരഃ കൃതാ ജഘനേ ഘനേ കള–കള–വതീ കാഞ്ചീ പാദൗ രണത്–മണി–നൂപുരൗ പ്രിയം അഭിസരസി ഏവം മുഗ്ധേ ത്വം ആഹത–ഡിണ്ഡിമാ യദി കിം അധിക–ത്രാസ–ഉത്കമ്പാ ദിശഃ സം–ഉദീക്ഷസേ

**അർത്ഥം:**

| | | |
|---|---|---|
| ഉരസി താരഃ ഹാരഃ നിഹിതഃ | : | മാറത്ത് മുത്തുമാല ധരിച്ച് |
| ഘനേ ജഘനേ കള-കള-വതീ കാഞ്ചീ കൃതാ | : | വലിയ കടിപ്രദേശത്ത് കിലുങ്ങുന്ന അരഞ്ഞാണം അണിഞ്ഞ് |
| പാദൗ രണത്-മണി-നൂപുരൗ | : | പാദങ്ങളിൽ കിലുങ്ങുന്ന രത്നങ്ങൾ കൊണ്ടുണ്ടാക്കിയ കാൽച്ചിലമ്പുകളുമായി |
| മുഗ്ധേ | : | എടീ പൊട്ടീ |
| ത്വം ഏവം ആഹത-ഡിണ്ഡിമാ | : | നീ ഇങ്ങനെ ഒരുമാതിരി പെരുമ്പറ കൊട്ടിക്കൊണ്ട് |
| പ്രിയം അഭിസരസി യദി | : | പ്രിയന്റെ അടുത്തേയ്ക്കു പോവുകയാണെങ്കിൽ |
| അധിക-ത്രാസ-ഉത്കമ്പാ | : | ആകെ പകച്ചു വിറച്ച് |
| ദിശഃ കിം സം-ഉദീക്ഷസേ | : | ചുറ്റും എന്തിനാണു നോക്കുന്നത്? |

**പരിഭാഷ:**

മുത്തിൻ മാലകൾ മാറിലും കളകളം ചാഞ്ചാടിടും കാഞ്ചി വ-
മ്പൊത്തീടും ജഘനത്തിലും, കിലുകിലെപ്പാദത്തിൽ മഞ്ജീരവും,
ഇത്ഥം ശബ്ദമുതിർത്തു തൻ കണവനെസ്സന്ധിക്കുവാൻ പോകവേ
ചുറ്റും നോക്കുവതെന്തിനൊത്തിരി വിറച്ചീ മട്ടു നീ കാതരേ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മുത്തിൻ മാലകൾ മാറിലും കള–കളം ചാഞ്ചാടിടും കാഞ്ചി വമ്പ് ഒത്തീടും ജഘനത്തിലും കിലുകിലെ പാദത്തിൽ മഞ്ജീരവും ഇത്ഥം ശബ്ദം ഉതിർത്തു തൻ കണവനെ സന്ധിക്കുവാൻ പോകവേ ചുറ്റും നോക്കുവത് എന്തിന് ഒത്തിരി വിറച്ച് ഈ മട്ടു നീ കാതരേ?

(വ്യാഖ്യാനം പേജ് 159–ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** താരം ഹാരമുരസ്സിലും...(പേജ് 172)

**മാനവിക്രമൻ:** ചാരുശ്രീതാരഹാരം...(പേജ് 197)

## 3.30 പ്രാതഃപ്രാതരുപാഗതേന.../എന്നും രാവിലെയെത്തി...

വേമഭൂപാലൻ:30 രവിചന്ദ്രൻ:29 രുദ്രമദേവകുമാരൻ:34 അർജ്ജുനവർമ്മദേവൻ:33

ഒരു രക്ഷയുമില്ലാത്ത ബന്ധത്തെ ഉപേക്ഷിക്കുന്ന നായിക നായകനോടു പറയുന്നതു്:

**മൂലം:**

പ്രാതഃപ്രാതരുപാഗതേന ജനിതാ നിന്നിർദ്രതാ ചക്ഷുഷോർ-
മന്ദായാ മമ ഗൌരവവ്യപനയാദുത്പാദിതം ലാഘവം
കിം മുഗ്ദ്ധേന കൃതം ത്വയാ മരണഭീർമുക്താ മയാ ഗമ്യതാം
ദുഃഖം തിഷ്ഠസി യച്ച പഥ്യമധുനാ കർത്താസ്മി തച്ഛ്രോഷ്യസി ‖ 30 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പ്രാതഃ പ്രാതഃ ഉപാഗതേന ജനിതാ നിർ–നിദ്രതാ ചക്ഷുഷോഃ മന്ദായാഃ മമ ഗൗരവ–വ്യപനയാത് ഉത്പാദിതം ലാഘവം കിം മുഗ്ദ്ധേന കൃതം ത്വയാ മരണ–ഭീഃ–മുക്താ മയാ ഗമ്യതാം ദുഃഖം തിഷ്ഠസി യത് ച പഥ്യം അധുനാ കർത്താ അസ്മി തത് ശ്രോഷ്യസി

**അർത്ഥം:**

| | | |
|---|---|---|
| പ്രാതഃ പ്രാതഃ ഉപാഗതേന | : | എന്നും കാലത്തു വന്നിട്ട് നീ |
| (മമ) ചക്ഷുഷോഃ നിർ-നിദ്രതാ ജനിതാ | : | (എന്റെ) കണ്ണുകളിൽ ഉറക്കമില്ലായ്മ ഉണ്ടാക്കി |
| ഗൗരവ-വ്യപനയാത് | : | എന്റെ ഗൗരവം ഒക്കെ കളഞ്ഞിട്ട് |
| മന്ദായാഃ മമ ലാഘവം ഉത്പാദിതം | : | മണ്ടിയായ എന്നെ ശാന്തയാക്കി |
| മുഗ്ദ്ധേന ത്വയാ കിം കൃതം? | : | "എട്ടും പൊട്ടും തിരിയാത്ത" നീ എന്താണു ചെയ്തതു്? |
| മയാ മരണ-ഭീഃ മുക്താ | : | എനിക്ക് മരണത്തോടു ഭയമൊക്കെ പോയി |
| ഗമ്യതാം | : | നീ പൊയ്ക്കോളൂ |
| ദുഃഖം തിഷ്ഠസി | : | നിനക്കു ദുഃഖമേ ഉണ്ടാവൂ |
| അധുനാ യത് പഥ്യം തത് കർത്താ അസ്മി | : | ഇപ്പോൾ ഞാൻ എനിക്കിഷ്ടപ്പെട്ടതു ചെയ്യും |
| ശ്രോഷ്യസി | : | നീ അതു കേൾക്കും |

**പരിഭാഷ:**

എന്നും രാവിലെയെത്തി, നിദ്ര കളയാനെൻ കണ്ണിൽ നിന്നങ്ങു നീ;
ഒന്നിന്നും കഴിവറ്റൊരെന്നെയടവിൽ പറ്റിച്ചു, ഞാൻ ശാന്തയായ്;
മന്ദൻ നീയിതു ചെയ്തതെന്തു? മരണം പുല്ലാണു മേ, പോക നീ!
നിന്നൊപ്പം വ്യഥ തന്നെ, തോന്നിയതു ഞാൻ ചെയ്യട്ടെ, നീ കേട്ടിടും!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** എന്നും രാവിലെ എത്തി, നിദ്ര കളയാൻ എൻ കണ്ണിൽ നിന്ന് അങ്ങു നീ; ഒന്നിന്നും കഴിവ് അറ്റ ഒരു എന്നെ അടവിൽ പറ്റിച്ചു, ഞാൻ ശാന്തയായ്; മന്ദൻ നീ ഇതു ചെയ്തത് എന്തു? മരണം പുല്ല് ആണു മേ, പോക നീ! നിൻ ഒപ്പം വ്യഥ തന്നെ, തോന്നിയതു ഞാൻ ചെയ്യട്ടെ, നീ കേട്ടിടും!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** എത്തിക്കാലത്തുകാലത്ത്...(പേജ് 172)

**മാനവിക്രമൻ:** നിത്യം കാലത്തു വന്നിങ്ങിനെ...(പേജ് 197)

## 3.31 പ്രസ്ഥാനം വലയൈഃ കൃതം.../പോയീ കൈകളിൽ നിന്നും...

വേമഭൂപാലൻ:31 രവിചന്ദ്രൻ:31 രുദ്രമദേവകുമാരൻ:36 അർജ്ജുനവർമ്മദേവൻ:35

പ്രിയതമൻ പുറപ്പെട്ടു പോകുന്ന സമയത്ത് ദുഃഖിതയായ നായിക തന്റെ ജീവിതത്തോടു ചോദിക്കുന്നു:

**മൂലം:**

പ്രസ്ഥാനം വലയൈഃ കൃതം പ്രിയസഖൈരസ്രൈരജസ്രം ഗതം
ധൃത്യാ ന ക്ഷണമാസ്ഥിതം വ്യവസിതം ചിത്തേന ഗന്തും പുരഃ
യാതും നിശ്ചിതചേതസി പ്രിയതമേ സർവ്വൈസ്സമം പ്രസ്ഥിതം
ഗന്തവ്യേ സതി ജീവിത പ്രിയസുഹൃത്സാർത്ഥഃ കിമുത്സൃജ്യതേ ‖ 31 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പ്രസ്ഥാനം വലയൈഃ കൃതം പ്രിയ–സഖൈഃ അസ്രൈഃ അജസ്രം ഗതം ധൃത്യാ ന ക്ഷണം ആസ്ഥിതം വ്യവസിതം ചിത്തേന ഗന്തും പുരഃ യാതും നിശ്ചിത–ചേതസി പ്രിയ–തമേ സർവ്വൈഃ സമം പ്രസ്ഥിതം ഗന്തവ്യേ സതി ജീവിത പ്രിയ–സുഹൃത്–സ–അർത്ഥഃ കിം ഉത്സൃജ്യതേ

**അർത്ഥം:**

| | | |
|---|---|---|
| പ്രിയതമേ യാതും നിശ്ചിത-ചേതസി | : | പ്രിയതമൻ പോകാൻ നിശ്ചയിച്ചപ്പോൾ |
| വലയൈഃ പ്രസ്ഥാനം കൃതം | : | (എന്റെ) വളകൾ ഊരിപ്പോയി |
| പ്രിയ-സഖൈഃ അസ്രൈഃ അജസ്രം ഗതം | : | പ്രിയപ്പെട്ട കൂട്ടുകാരായ കണ്ണുനീർത്തുള്ളികൾ ഇടതടവില്ലാതെ പോയി |
| ധൃത്യാ ക്ഷണം ന ആസ്ഥിതം | : | ധൈര്യം അല്പനേരം പോലും നിൽക്കുന്നില്ല |
| ചിത്തേന പുരഃ ഗന്തും വ്യവസിതം | : | മനസ്സ് ഓടിപ്പോകുന്നു |
| സർവ്വൈഃ സമം പ്രസ്ഥിതം | : | (അങ്ങനെ) എല്ലാം ഒന്നിച്ചു പോകുന്നു |
| (ഹേ) ജീവിത | : | എന്റെ പ്രാണനേ |
| ഗന്തവ്യേ പ്രിയ-സുഹൃത്-സ-അർത്ഥഃ | : | നിനക്കു കൂട്ടുകാരുടെ കൂടെ പോകണമെങ്കിൽ |
| കിം ഉത്സൃജ്യതേ | : | എന്തിനു മടിക്കുന്നു? |

**പരിഭാഷ:**

പോയീ കങ്കണമൊക്കെയൂരി, യിടതൂർന്നീടാതെ കണ്ണീരുമേ,
ധൈര്യം പോയി മനസ്സിൽ നിന്നു, മനവും പോകുന്നു വല്ലേടവും;
പ്രേയാൻ പോവതിനായ് തുനിഞ്ഞ സമയത്തെല്ലാരുമൊന്നിച്ചു പോയ്;
നീയെൻ ജീവിതമേ, സഖാക്കളിവരൊത്തെന്താണു പോകാത്തതും?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പോയീ കങ്കണം ഒക്കെ ഊരി, ഇട തൂർന്നീടാതെ കണ്ണീരുമേ, ധൈര്യം പോയി മനസ്സിൽ നിന്നു, മനവും പോകുന്നു വല്ലേടവും, പ്രേയാൻ പോവതിനായ് തുനിഞ്ഞ സമയത്ത് എല്ലാരും ഒന്നിച്ചു പോയ്, നീ എൻ ജീവിതമേ, സഖാക്കൾ ഒരുമിച്ച് എന്താണു പോകാത്തതും?

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** സ്ഥൈര്യം വിട്ടുന്നുർപോയീ...(പേജ് 172)

**മാനവിക്രമൻ:** സ്വന്തം നൽകങ്കണൗഘം...(പേജ് 198)

## 3.32 സുപ്ത്വോ/യം സഖി സുപ്യതാം.../ദേ, നിൻ കാന്തനുറങ്ങി...

വേമഭൂപാലൻ:32 രവിചന്ദ്രൻ:33 രുദ്രമദേവകമാരൻ:38 അർജ്ജുനവർമ്മദേവൻ:37

ഉറക്കം നടിച്ചു കിടന്ന നായകനെ ചുംബിച്ച നായികയുടെ ജാള്യം അവൾ തോഴിയോടു പിന്നീടു പറയുന്നതു്.

**മൂലം:**

"സുപ്ത്വോ/യം സഖി, സുപ്യതാ," മിതി ഗതാസ്സഖ്യസ്തതോ/നന്തരം
പ്രേമാവേശിതയാ മയാ തരളയാ ന്യസ്തം മുഖം തന്മുഖേ
ജ്ഞാതേ/ളീകനിമീലനേ നയനയോർദ്ധൂർത്തസ്യ രോമാഞ്ചതോ
ലജ്ജാസീൻ മമ തേന സാപ്യപഹൃതാ തത്കാലയോഗ്യൈഃ ക്രമൈഃ ‖32‖ ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സുപ്തഃ അയം സഖി സുപ്യതാം ഇതി ഗതാഃ സഖ്യഃ തതഃ അനന്തരം പ്രേമ–ആവേശിതയാ മയാ തരളയാ ന്യസ്തം മുഖം തത്–മുഖേ ജ്ഞാതേ അളീക–നിമീലനേ നയനയോഃ ധൂർത്തസ്യ രോമ–അഞ്ചതഃ ലജ്ജാ ആസീൻ മമ തേന സാ അപി അപഹൃതാ തത്–കാല–യോഗ്യൈഃ ക്രമൈഃ

**അർത്ഥം:**

| | | |
|---|---|---|
| "സഖി | : | "അല്ലയോ സഖീ |
| അയം സുപ്തഃ, സുപ്യതാം" | : | അദ്ദേഹം ഉറങ്ങി, നീയും ഉറങ്ങൂ" |
| ഇതി സഖ്യഃ ഗതാഃ | : | എന്നു പറഞ്ഞു സഖിമാർ പോയപ്പോൾ |
| തതഃ അനന്തരം | : | അതിനു ശേഷം |
| പ്രേമ-ആവേശിതയാ തരളിതയാ മയാ | : | പ്രേമം മൂത്തു് ഒരു പരുവമായ ഞാൻ |
| തത്-മുഖേ മുഖം ന്യസ്തം | : | അവന്റെ മുഖത്തു മുഖം ചേർത്തു |
| | : | (അപ്പോൾ) |
| രോമാഞ്ചതഃ ധൂർത്തസ്യ | : | രോമാഞ്ചം കൊണ്ടു ആ കള്ളൻ |
| അളീകനിമീലനേ നയനയോഃ ജ്ഞാതേ | : | കണ്ണിറുക്കിക്കാണിച്ചതു കണ്ടപ്പോൾ |
| മമ ലജ്ജാ ആസീൻ | : | എനിക്കു നാണം വന്നു |
| സാ അപി | : | ആ നാണമാകട്ടേ |
| തത്കാല-യോഗ്യൈഃ ക്രമൈഃ | : | സമയോചിതമായ പ്രവൃത്തികൾ കൊണ്ടു് |
| തേന അപഹൃതാ | : | അവൻ കളയുകയും ചെയ്തു |

**പരിഭാഷ:**

"ദേ, നിൻ കാന്തനുറങ്ങി, നീയും..." ഇതു ചൊന്നാളീജനം പോകവേ
പ്രേമം മൂത്തു വലഞ്ഞു ചേർത്തു വദനം കാന്താനനത്തിങ്കൽ ഞാൻ;
രോമാഞ്ചത്തൊടു കണ്ണിറുക്കിയവനും, നാണത്തിനാൽ ചൂളി ഞാൻ,
നാണം പോക്കുവതിന്നു ചെയ്തു പലതും തക്കത്തിലാ മുഷ്കരൻ. ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "ദേ, നിൻ കാന്തൻ ഉറങ്ങി, നീയും" ഇതു ചൊന്നു് ആളീ–ജനം പോകവേ പ്രേമം മൂത്തു വലഞ്ഞു ചേർത്തു വദനം കാന്ത–ആനനത്തിങ്കൽ ഞാൻ; രോമാഞ്ചത്തൊടു കണ്ണു് ഇറുക്കി അവനും, നാണത്തിനാൽ ചൂളി ഞാൻ, നാണം പോക്കുവതിന്നു ചെയ്തു പലതും തക്കത്തിൽ ആ മുഷ്കരൻ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ശ്രീമാൻ ഭർത്താവുറങ്ങീ സഖി...(പേജ് 173)

**മാനവിക്രമൻ:** നന്നായായാളുറങ്ങീ സഖി...(പേജ് 198)

## 3.33 കോപോ യത്ര ഭ്രുകുടിരചനാ.../കോപം വന്നാൽ...

വേമഭൂപാലൻ:33 രവിചന്ദ്രൻ:34 രുദ്രമദേവകുമാരൻ:39 അർജ്ജുനവർമ്മദേവൻ:38

അപരാധം ചെയ്ത നായകനോടു ദേഷ്യപ്പെട്ട നായിക തനിക്കു വന്ന മാറ്റത്തെപ്പറ്റിയോർത്തു സങ്കടപ്പെടുന്നു.

**മൂലം:**

കോപോ യത്ര ഭ്രുകുടിരചനാ വിഗ്രഹോ യത്ര മൌനം
യത്രാന്യോന്യസ്മിതമനുനയോ ദൃഷ്ടിപാതഃ പ്രസാദഃ
തസ്യ പ്രേമ്ണസ്തദിദമധുനാ വൈശസം പശ്യ ജാതം
ത്വം പാദാന്തേ ലുഠസി ന ച മേ മന്യുമോക്ഷഃ ഖലായാഃ ॥ 33 ॥

മന്ദാക്രാന്ത

**പദച്ഛേദം:** കോപഃ യത്ര ഭ്രു-കുടി-രചനാ വിഗ്രഹഃ യത്ര മൗനം യത്ര അന്യോന്യ-സ്മിതം അനുനയഃ ദൃഷ്ടി-പാതഃ പ്രസാദഃ തസ്യ പ്രേമ്ണഃ തത് ഇദം അധുനാ വൈശസം പശ്യ ജാതം ത്വം പാദ-അന്തേ ലുഠസി ന ച മേ മന്യു-മോക്ഷഃ ഖലായാഃ

**അർത്ഥം:**

| | | |
|---|---|---|
| യത്ര കോപഃ ഭ്രു-കുടി-രചനാ | : | കോപത്തിന് ഒരു പുരികം പൊക്കലും |
| യത്ര വിഗ്രഹം മൗനം | : | പിണക്കത്തിനു മിണ്ടാതിരിക്കലും |
| യത്ര അനുനയഃ അന്യോന്യ-സ്മിതം | : | വഴക്കു തീരുന്നതിന് അങ്ങോട്ടുമിങ്ങോട്ടും ഒരു ചിരിയും |
| (യത്ര) പ്രസാദഃ ദൃഷ്ടിപാതഃ | : | കണ്ണിടഞ്ഞാൽ സന്തോഷവും |
| തസ്യ പ്രേമ്ണഃ | : | ഒക്കെ മാത്രമായിരുന്ന നമ്മുടെ പ്രേമത്തിന് |
| അധുനാ വൈശസം ജാതം തത് ഇദം പശ്യ | : | ഇപ്പോൾ വന്ന നാശം നോക്കൂ |
| ത്വം പാദ-അന്തേ ലുഠസി | : | നീ എന്റെ കാൽക്കൽ വീണു കിടക്കുന്നു |
| ഖലായാഃ മേ മന്യു-മോക്ഷഃ ന ച (ഭവതി) | : | ദുഷ്ടയായ എന്റെ ദേഷ്യം കുറയുന്നുമില്ല |

**പരിഭാഷ:**

കോപം വന്നാൽ പുരികമുയരും; മിണ്ടൽ നിർത്തും വഴക്കിൽ;
താപം തീർക്കാനൊരു ചിരി; നറും നോട്ടമേകും പ്രസാദം;
പ്രേമം പണ്ടീ വിധ, മതു നശിച്ചിന്നു വല്ലാതെ, നോക്കൂ:
നീ പാദം കുമ്പിട്ട, മൊരലിവില്ലാത്തവൾ ദുഷ്ട ഞാനും!

മന്ദാക്രാന്ത

**പദച്ഛേദം:** കോപം വന്നാൽ പുരികം ഉയരും; മിണ്ടൽ നിർത്തും വഴക്കിൽ; താപം തീർക്കാൻ ഒരു ചിരി; നറും നോട്ടം ഏകും പ്രസാദം; പ്രേമം പണ്ട് ഈ വിധം, അതു നശിച്ചു ഇന്നു വല്ലാതെ, നോക്കൂ: നീ പാദം കുമ്പിടും, ഒരു അലിവ് ഇല്ലാത്തവൾ ദുഷ്ട ഞാനും!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഉൾപ്പൂവിൽ കോപമപ്പോൾ...(പേജ് 173)

**മാനവിക്രമൻ:** ചില്ലിത്തല്ലാണു കോപം...(പേജ് 198)

## 3.34 സുതനു ജഹിഹി മൗനം.../അടിമലർ പണിയുന്നോരെന്നെ...

വേമഭൂപാലൻ:34 രവിചന്ദ്രൻ:35 രുദ്രമദേവകുമാരൻ:40 അർജ്ജുനവർമ്മദേവൻ:39

കുപിതയായ നായികയെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്ന നായകൻ.

**മൂലം:**

"സുതനു ജഹിഹി മൗനം പശ്യ പാദാനതം മാം
ന ഖലു തവ കദാചിത് കോപ ഏവം വിധോഽഭൂത്"
ഇതി നിഗദതി നാഥേ തിര്യഗാമീലിതാക്ഷ്യാ
നയനജലമനല്പം മുക്തമുക്തം ന കിഞ്ചിത് ‖ 34 ‖

മാലിനി

**പദച്ഛേദം:** സുതനു ജഹിഹി മൗനം പശ്യ പാദ–ആനതം മാം ന ഖലു തവ കദാ–ചിത് കോപഃ ഏവം–വിധഃ അഭൂത് ഇതി നിഗതതി നാഥേ തിര്യക്–ആമിലിത–അക്ഷ്യാ നയന–ജലം അനല്പം മുക്തം ഉക്തം ന കിം–ചിത്

**അർത്ഥം:**

| | | |
|---|---|---|
| സുതനു, മൗനം ജഹിഹി | : | സുന്ദരീ, നീ മൗനം വെടിയുക |
| പാദ-ആനതം മാം പശ്യ | : | കാലിൽ വീണ എന്നെ കാണൂ |
| കദാ-ചിത് തവ ഏവം-വിധഃ കോപഃ ന ഖലു | : | ഒരിക്കലും നിനക്ക് ഇതു വിധത്തിലുള്ള കോപം പാടില്ല |
| ഇതി നിഗതതി നാഥേ | : | ഇങ്ങനെ ഭർത്താവു പറയുമ്പോൾ |
| തിര്യക്-ആമിലിത-അക്ഷ്യാ | : | അടഞ്ഞ കണ്ണുകൾ തിരിച്ച് ആ സുന്ദരി |
| അനല്പം നയന-ജലം മുക്തം | : | ഒരുപാടു കണ്ണുനീരൊഴുക്കി |
| കിം-ചിത് ന ഉക്തം | : | ഒന്നും മിണ്ടിയില്ല |

**പരിഭാഷ:**

"അടിമലർ പണിയുന്നോരെന്നെ നോക്കേണ, മീ മ-
ട്ടിടയരുതൊരു നാളും, ചൊല്ലണം വല്ലതും നീ"
കണവനിതു വിധം ചൊന്നീടവേ കൺ തിരിച്ചാ
ചടുലമിഴി കരഞ്ഞാളേറെ, മിണ്ടാതെയൊന്നും.

മാലിനി

**പദച്ഛേദം:** "അടി–മലർ പണിയുന്ന ഒരു എന്നെ നോക്കേണം, ഈ മട്ട് ഇടയരുത് ഒരു നാളും, ചൊല്ലണം വല്ലതും നീ" കണവൻ ഇതു വിധം ചൊന്നീടവേ കൺ തിരിച്ച് ആ ചടുല–മൊഴി കരഞ്ഞാൾ ഏറെ, മിണ്ടാതെ ഒന്നും.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** മതി മതിമുഖി, മൗനം...(പേജ് 173)

**മാനവിക്രമൻ:** കണ്ടാലും കോമളാംഗീ...(പേജ് 198)

## 3.35 ഗാഢാലിംഗനവാമനീകൃത.../ഉന്നതസ്തനമമർന്നു പോം...

വേമഭൂപാലൻ:35 രവിചന്ദ്രൻ:36 രുദ്രമദേവകുമാരൻ:41 അർജ്ജുനവർമ്മദേവൻ:40

രതിക്രീഡയിലെ നായികയുടെ സ്ഥിതിയെപ്പറ്റി നായകൻ പറയുന്നു.

**മൂലം:**

ശാർദ്ദൂലവിക്രീഡിതം

ഗാഢാലിംഗനവാമനീകൃതകുചപ്രോദ്ഭിന്നരോമോദ്ഗമാ
സാന്ദ്രസ്നേഹരസാതിരേകവിഗളത്കാഞ്ചിപ്രദേശാംബരാ
"മാ മാ മാനദ മാതി മാമല"മിതി ക്ഷാമാക്ഷരോല്ലാപിനീ
സുപ്താ കിം നു മൃതാ നു കിം മനസി മേ ലീനാ വിലീനാ നു കിം || 35 ||

**പദച്ഛേദം:** ഗാഢ–ആലിംഗന–വാമിനീ–കൃത–കുച–പ്രോദ്ഭിന്ന–രോമ–ഉദ്ഗമാ സാന്ദ്ര–സ്നേഹ–രസ–അതിരേക–വിഗളത്–കാഞ്ചീ–പ്രദേശ–അംബരാ മാ മാ മാനദ മാ അതി മാം അലം ഇതി ക്ഷാമ–അക്ഷര–ഉത്–ലാപിനീ സുപ്താ കിം നു മൃതാ നു കിം മനസി മേ ലീനാ വിലീനാ നു കിം

**അർത്ഥം:**

| | | |
|---|---|---|
| ഗാഢ-ആലിംഗന-വാമിനീ-കൃത- | : | ഗാഢമായ ആലിംഗനം കൊണ്ടു ചെറുതായ |
| -കുച-പ്രോദ്ഭിന്ന-രോമ-ഉദ്ഗമാ | : | മുലകൾ മൂലം രോമാഞ്ചം ഉണ്ടായവളായും |
| സാന്ദ്ര-സ്നേഹ-രസ-അതിരേക- | : | നിബിഡമായ സ്നേഹത്തിന്റെ രസം വർദ്ധിച്ച് |
| -വിഗളത്-കാഞ്ചീ-പ്രദേശ-അംബരാ | : | അരയിൽ നിന്നും വസ്ത്രം ഊർന്നു പോയവളായും |
| "മാ മാ മാനദ | : | "അരുതേ അരുതേ, പിണക്കം മാറ്റുന്നവനേ, |
| മാ അതി മാം അലം" ഇതി | : | അരുതേ അധികം വേണ്ട, എന്നെ ഇങ്ങനെ... മതി" എന്നൊക്കെ |
| ക്ഷാമ-അക്ഷര-ഉത്-ലാപിനീ | : | തളർന്ന അക്ഷരങ്ങൾ പിറുപിറുത്തവളായും (കിടക്കുന്ന ഇവൾ) |
| സുപ്താ കിം നു മൃതാ നു കിം | : | ഉറങ്ങിപ്പോയോ അതോ ചത്തു പോയോ |
| മേ മനസി | : | (അതോ) എന്റെ മനസ്സിൽ |
| ലീനാ കിം നു വിലീനാ (നു) | : | അലിഞ്ഞു് ഉരുകിപ്പോയോ? |

**പരിഭാഷ:**

കുസുമമഞ്ജരി

ഉന്നതസ്തനമമർന്നു പോം പടി പുണർന്നു കോൾമയിരണി, ഞവൾ
തന്നരയ്ക്കു തുണിയൂർന്നു പോയ വിധമന്നു കാമരസമാർന്നുമേ
"ഇന്നു വേണ്ടിനി, നിറുത്തു"വെന്നിഹ തളർന്നു ചൊന്നൊരുവളെങ്ങു താൻ?

വന്നുവോ മൃതി? യുറങ്ങിയോ? ഹൃദിയലിഞ്ഞുവോ? ഉരുകി മാഞ്ഞുവോ?

**പദച്ഛേദം:** ഉന്നത–സ്തനം അമർന്നു പോം പടി പുണർന്നു കോൾ–മയിർ അണിഞ്ഞ്, അവൾ തൻ അരയ്ക്കു തുണി ഊർന്നു പോയ വിധം അന്നു കാമ–രസം ആർന്നുമേ "ഇന്നു വേണ്ട ഇനി, നിറുത്തു" എന്ന് ഇഹ തളർന്നു ചൊന്ന ഒരുവൾ എങ്ങു താൻ? വന്നുവോ മൃതി? ഉറങ്ങിയോ? ഹൃദി അലിഞ്ഞുവോ? ഉരുകി മാഞ്ഞുവോ?

(വ്യാഖ്യാനം പേജ് 159–ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** മുദ്രാഹീനാദരം പുൾകിയ...(പേജ് 173)

**മാനവിക്രമൻ:** ചേർത്തേറെപ്പുൽകമൂലം...(പേജ് 199)

## 3.36 പടാലഗ്നേ പത്യൗ.../പിടിക്കുമ്പോൾ കാന്തൻ...

വേമഭൂപാലൻ:36 രവിചന്ദ്രൻ:37 രുദ്രമദേവകമാരൻ:42 അർജ്ജുനവർമ്മദേവൻ:41

നവവധുവിന്റെ നാണത്തെപ്പറ്റി കവിവാക്യം.

**മൂലം:**

പടാലഗ്നേ പത്യൗ നമയതി മുഖം ജാതവിനയാ
ഹഠാശ്ലേഷം വാഞ്ഛത്യപഹരതി ഗാത്രാണി നിഭൃതം
അശക്താ ചാഖ്യാതും സ്മിതമുഖസഖീദത്തനയനാ
ഹ്രിയാ താമ്യത്യന്തഃ പ്രഥമപരിഹാസേ നവവധൂഃ. ‖ 36 ‖

ശിഖരിണി

**പദച്ഛേദം:** പട–ആലഗ്നേ പത്യൗ നമയതി മുഖം ജാത–വിനയാ ഹഠ–ആശ്ലേഷം വാഞ്ഛതി അപഹരതി ഗാത്രാണി നിഭൃതം അശക്ത്യാ ച ആഖ്യാതും സ്മിത–മുഖ–സഖീ–ദത്ത–നയനാ ഹ്രിയാ താമ്യതി അന്തഃ പ്രഥമ–പരിഹാസേ നവ–വധൂഃ

**അർത്ഥം:**

| | | |
|---|---|---|
| പട-ആലഗ്നേ പത്യൗ | : | ഭർത്താവു വസ്ത്രത്തിൽ പിടിക്കുമ്പോൾ |
| ജാത-വിനയാ മുഖം നമയതി | : | വിനയം വന്നിട്ടു മുഖം കുനിക്കുന്നു |
| ഹഠ-ആശ്ലേഷം വാഞ്ഛതി (പത്യൗ) | : | (ഭർത്താവ്) ആഞ്ഞു കെട്ടിപ്പിടിക്കാൻ ആഗ്രഹിക്കുമ്പോൾ |
| നിഭൃതം ഗാത്രാണി അപഹരതി | : | പതുക്കെ അവയവങ്ങളെ ഒഴിഞ്ഞു മാറ്റുന്നു |
| പ്രഥമ-പരിഹാസേ നവ-വധൂഃ ഹ്രിയാ | : | ആദ്യത്തെ കളിയുടെ ഇടയ്ക്ക് നാണം കൊണ്ട് |
| ആഖ്യാതും അശക്ത്യാ | : | മിണ്ടാൻ കഴിയാതെ |
| സ്മിത-മുഖ-സഖീ-ദത്ത-നയനാ | : | ചിരിക്കുന്ന മുഖങ്ങളോടു കൂടിയ സഖികളുടെ നേരെ കണ്ണു കാണിച്ച് |
| അന്തഃ താമ്യതി | : | ഉള്ളിൽ കുഴങ്ങി നിൽക്കുന്നു |

**പരിഭാഷ:**

പിടിക്കുമ്പോൾ കാന്തൻ തുണിയിൽ, വിനയം കൊണ്ടു വദനം
കുനിക്കുന്നൂ; കെട്ടിപ്പിടിയിലമരാതോരമൊഴിവൂ;
തനിക്കോതാൻ പറ്റാത്രപയൊടു പുതുപ്പെണ്ണു സഖിമാർ
ചിരിക്കും ദിക്കിങ്കൽ പ്രഥമദിവസം കൺകളെറിവൂ.

ശിഖരിണി

**പദച്ഛേദം:** പിടിക്കുമ്പോൾ കാന്തൻ തുണിയിൽ, വിനയം കൊണ്ടു വദനം കുനിക്കുന്നൂ; കെട്ടി–പ്പിടിയിൽ അമരാതെ ഓരം ഒഴിവൂ; തനിക്ക് ഓതാൻ പറ്റാ ത്രപ–യൊടു പുതു–പ്പെണ്ണു സ്സഖിമാർ ചിരിക്കും ദിക്കിങ്കൽ പ്രഥമദിവസം കൺകളെറിവൂ.

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാന്തൻ പൂന്തുകിലേന്തവേ...(പേജ് 174)

**മാനവിക്രമൻ:** ചേലാന്തം കണവൻ വലിക്കുമളവിൽ...(പേജ് 199)

## 3.37 നാപേതോന്ദനനയേന യഃ.../ബന്ധുക്കൾ പറയും...

വേമഭൂപാലൻ:37 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:43 അർജ്ജുനവർമ്മദേവൻ:42

പലരും ശ്രമിച്ചിട്ടും മാറാത്ത നായികാനായകന്മാരുടെ പ്രണയകോപം തന്നേ പോയ വിധം:

**മൂലം:**

നാപേതോഽന്ദനനയേന യഃ പ്രിയസുഹൃദ്വാക്യൈർന്ന യസ്സംഹൃതോ
യോ ദീർഘം ദിവസം വിഷഹ്യ ഹൃദയേ യത്നാത് കഥഞ്ചിദ്ധൃതഃ
അന്യോന്യസ്യ ഹൃതേ മുഖേ വിഹിതയോസ്തിര്യക് കഥഞ്ചിദ് ദൃശോ-
സ്സംഭേദേ സപദി സ്മിതവ്യതികരേ മാനോ വിഹസ്യോജ്ഝിതഃ ॥ 37 ॥

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ന ആപേതഃ അന്ദനനയേന യഃ പ്രിയ–സുഹൃത്–വാക്യൈഃ ന യഃ സംഹൃതഃ യഃ ദീർഘേ ദിവസം വിഷഹ്യ ഹൃദയേ യത്നാത് കഥം–ചിത് ധൃതഃ അന്യോന്യസ്യ ഹൃതേ മുഖേ വിഹിതയോഃ തിയക് കഥം –ചിത് ദൃശോഃ സംഭേദേ സപദി സ്മിത–വ്യതികരേ മാനഃ വിഹസ്യ ഉജ്ഞിതഃ

**അർത്ഥം:**

| | | |
|---|---|---|
| യഃ മാനഃ അന്ദനനയേന ന ആപേതഃ | : | (ബന്ധുക്കളുടെ) അന്ദനയങ്ങൾ കൊണ്ടു കുറയാത്തതും |
| യഃ പ്രിയ-സുഹൃത്-വാക്യൈഃ ന സംഹൃതഃ | : | പ്രിയസുഹൃത്തുക്കൾ പറഞ്ഞിട്ടും പോകാത്തതും |
| യഃ ദീർഘം ദിവസം വിഷഹ്യ | : | ഒരു നീണ്ട പകൽ മുഴുവൻ സഹിച്ചിട്ടും |
| യത്നാത് ഹൃദയേ കഥം-ചിത് ധൃതഃ | : | എങ്ങനെയോ മനസ്സിൽ പണിപ്പെട്ടു പിടിച്ചു വെച്ചതും ആയ |
| (സഃ) മാനഃ | : | പ്രണയകലഹം |
| അന്യോന്യസ്യ മുഖേ ഹൃതേ | : | പരസ്പരം മുഖങ്ങൾ നേരേ വന്നപ്പോൾ |
| കഥം-ചിത് തിര്യക് വിഹിതയോഃ ദൃശോഃ | : | എങ്ങനെയോ തമ്മിൽ ഇടഞ്ഞ കണ്ണുകൾ |
| സംഭേദേ സ്മിത-വ്യതികരേ | : | ചെറുചിരിയോടെ സമ്മേളിച്ച് |
| സപദി വിഹസ്യ | : | പെട്ടെന്ന് ചിരിച്ചപ്പോൾ |
| ഉജ്ജിതഃ | : | പൊയ്പ്പോയി |

**പരിഭാഷ:**

ബന്ധുക്കൾ പറയും നയത്തിലലിയാ, തൊന്നൻപരെക്കേട്ടിടാ-
തെന്തോ കുഞ്ഞു വഴക്കു നീണ്ട പകലിൽ തീർക്കാതെയക്കാമികൾ
അന്യോന്യം മുഖദർശനാൽ ചെറുചിരിച്ചേലാർന്ന നോട്ടങ്ങൾ ചേർ-
ത്തൊന്നിച്ചു, ചിരി പൊട്ടി, യക്കലഹമോ പെട്ടെന്നു നിശ്ശേഷമായ്.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ബന്ധുക്കൾ പറയും നയത്തിൽ അലിയാതെ, ഒന്ന് അൻപരെ കേട്ടിടാതെ, എന്തോ കുഞ്ഞു വഴക്കു നീണ്ട പകലിൽ തീർക്കാതെ ആ കാമികൾ അന്യോന്യം മുഖ–ദർശനാൽ ചെറു–ചിരി–ചേലാർന്ന നോട്ടങ്ങൾ ചേർത്ത് ഒന്നിച്ചു, ചിരി പൊട്ടി, ആ കലഹമോ പെട്ടെന്നു നിശ്ശേഷം ആയ്

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** സാന്ത്വത്താൽ ശാന്തം...(പേജ് 174)

**മാനവിക്രമൻ:** അന്യൂനം താണുചൊല്ലും...(പേജ് 199)

## 3.38 ഗതേ പ്രേമാവേശേ.../കഴിഞ്ഞൂ പ്രേമത്തിൻ...

വേമഭൂപാലൻ:38 രവിചന്ദ്രൻ:38 രുദ്രമദേവകുമാരൻ:44 അർജ്ജുനവർമ്മദേവൻ:43

കാമുകൻ ഉപേക്ഷിച്ച നായിക പിന്നെ അവനെ കാണുമ്പോഴുള്ള സങ്കടം സഖിയോടു പറയുന്നു.

**മൂലം:**

ഗതേ പ്രേമാവേശേ പ്രണയബഹുമാനേ വിഗളിതേ
നിവൃത്തേ സദ്ഭാവേ ജന ഇവ ജനേ ഗച്ഛതി പുരഃ
തദുത്പ്രേക്ഷ്യോത്പ്രേക്ഷ്യ പ്രിയസഖി ഗതാംസ്താംശ്ച ദിവസാൻ
ന ജാനേ കോ ഹേതുർദ്ദലതി ശതധായന്ന ഹൃദയം ‖ 38 ‖

ശിഖരിണി

**പദച്ഛേദം:** ഗതേ പ്രേമ–ആവേശേ പ്രണയ–ബഹുമാനേ വി–ഗളിതേ നിവൃത്തേ സത്–ഭാവേ ജനഃ ഇവ ജനേ ഗച്ഛതി പുരഃ തത് ഉത്പ്രേക്ഷ്യ ഉത്പ്രേക്ഷ്യ പ്രിയ–സഖി ഗതാൻ താൻ ച ദിവസാൻ ന ജാനേ കഃ ഹേതുഃ ദലതി ശതധാ യത് ന ഹൃദയം

**അർത്ഥം:**

| | |
|---|---|
| പ്രിയ-സഖി | : പ്രിയപ്പെട്ട സഖീ |
| പ്രേമ-ആവേശേ ഗതേ | : പ്രേമത്തിലുള്ള ആവേശം പോയി, |
| പ്രണയ-ബഹുമാനേ വി-ഗളിതേ | : പ്രണയത്തിൽ ഉള്ള ബഹുമാനം നഷ്ടമായി, |
| സത്-ഭാവേ നിവൃത്തേ | : സൗഹൃദം നശിച്ച്, |
| ജനേ ജനഃ ഇവ | : സാധാരണ ജനം പോലെ |
| പുരഃ ഗച്ഛതി | : (അവൻ) എന്റെ മുന്നിൽ കൂടി പോകുന്നു |
| താൻ ഉത്പ്രേക്ഷ്യ ഉത്പ്രേക്ഷ്യ | : അതു് ആലോചിച്ച് ആലോചിച്ച് |
| ദിവസാൻ ഗതാൻ | : ദിവസങ്ങൾ പോയി |
| യത് (മമ) ഹൃദയം ശതധാ ന ദലതി | : (എന്റെ) ഹൃദയം നൂറായി പൊട്ടിപ്പോകാതിരിക്കാനുള്ള |
| (തത്) കഃ ഹേതുഃ ന ജാനേ | : കാരണം എന്താണെന്നു മനസ്സിലാകുന്നില്ല |

**പരിഭാഷ:**

കഴിഞ്ഞൂ പ്രേമത്തിൻ കൊതിയുമവ, നിഷ്ഠാദരവുമേ,
കൊഴിഞ്ഞൂ ചങ്ങാത്തം, പരിചയമെഴാ മട്ടു വരവായ്,
ചുഴിഞ്ഞോർത്തോർത്തേറെദ്ദിവസ, മറിയില്ലെങ്ങനെ തകർ-
ന്നുടഞ്ഞില്ലെൻ തോഴീ, പല കഷണമായെന്റെ ഹൃദയം?

ശിഖരിണി

**പദച്ഛേദം:** കഴിഞ്ഞൂ പ്രേമത്തിൻ കൊതിയും അവന്റ് ഇഷ്ട–ആദരവുമേ കൊഴിഞ്ഞൂ ചങ്ങാത്തം, പരിചയം എഴാ മട്ടു വരവായ്, ചുഴിഞ്ഞു് ഓർത്ത് ഓർത്ത് ഏറെ–ദിവസം അറിയില്ല എങ്ങനെ തകർന്നു് ഉടഞ്ഞില്ല എൻ തോഴീ പല കഷണമായെന്റെ ഹൃദയം

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** പ്രേമാവും ബഹുമാനവും...(പേജ് 174)

**മാനവിക്രമൻ:** തീരേ മര്യാദരാഹാദരമിതുകൾ...(പേജ് 199)

## 3.39 ചിരവിരഹിണോരുത്കണ്ഠ…/ഇതുവരെയകന്ന്…

വേമഭൂപാലൻ:39 രവിചന്ദ്രൻ:39 രുദ്രമദേവകുമാരൻ:45 അർജ്ജുനവർമ്മദേവൻ:44

ഒരുപാടു കാലത്തിനു ശേഷം ഒന്നിച്ചു ചേർന്ന നായികയും നായകനും ചെയ്തതു്.

**മൂലം:**

ചിരവിരഹിണോരുത്കണ്ഠാർത്ത്യാ ശ്ലഥീകൃതഗാത്രയോർ-
നവമിവ ജഗജ്ജാതം ഭൂയശ്ചിരാദഭിനന്ദതോഃ
കഥമപി ദിനേ ദീർഘേ യാതേ നിശാമധിരൂഢയോഃ
പ്രസരതി കഥാ ബഹ്വീ യൂനോര്യഥാ ന തഥാ രതിഃ ‖ 39 ‖

ഹരിണി

**പദച്ഛേദം:** ചിര–വിരഹിണോഃ ഉത്കണ്ഠാ–ആർത്ത്യാ ശ്ലഥീ–കൃത–ഗാത്രയോഃ നവം ഇവ ജഗത്–ജാതം ഭൂയഃ ചിരാത് അഭിനന്ദതോഃ കഥം അപി ദിനേ ദീർഘേ യാതേ നിശാം അധി–രൂഢയോഃ പ്രസരതി കഥാ ബഹ്വീ യൂനോഃ യഥാ ന തഥാ രതിഃ

**അർത്ഥം:**

| | | |
|---|---|---|
| ചിര-വിരഹിണോഃ | : | വളരക്കാലമായി അകന്നു കഴിഞ്ഞവരും |
| ഉത്കണ്ഠാ-ആർത്ത്യാ | : | ഉത്കണ്ഠ മൂലമുള്ള വിഷമം കൊണ്ടു് |
| ശ്ലഥീ-കൃത-ഗാത്രയോഃ | : | തളർന്നു പോയ ശരീരത്തോടു കൂടിയവരും |
| ഭൂയഃ അഭിനന്ദിതോഃ | : | വീണ്ടും പരസ്പരം സന്തോഷം പകർന്നു കൊടുത്തവരുമായ |
| യൂനോഃ | : | ആ യുവദമ്പതികൾക്കു് |
| ചിരാത് ജഗത് നവം ഇവ ജാതം | : | ഏറെക്കാലത്തിനു ശേഷം ലോകം പുതുതായി ഉണ്ടായതു പോലെ തോന്നി |
| ദീർഘേ ദിനേ കഥം-അപി യാതേ | : | നീണ്ട പകൽ എങ്ങനെയൊക്കെയോ പോയി |
| നിശാം അധി-രൂഢയോഃ | : | അവസാനം രാത്രി വന്നപ്പോൾ |
| ബഹ്വീ കഥാ യഥാ പ്രസരതി | : | ഒരുപാടു പറയാനുള്ളതു പറയാൻ കാണിച്ച ഉത്സാഹത്തിന്റെ |
| രതിഃ ന തഥാ | : | അത്രയും രതിയ്ക്കു് ഉണ്ടായില്ല |

**പരിഭാഷ:**

ഇതുവരെയകന്നേറെക്കാലം കഴിഞ്ഞൊരുമിച്ചവർ,
പുതിയൊരുലകം കാണും മട്ടിൽ, തളർന്ന വപുസ്സുമായ്,
കൊതിയൊടു ദിനം തള്ളീ, രാവായ്, ഒടുക്കമടുക്കവേ
രതിയിലുമവർക്കിഷ്ടം കൊഞ്ചിക്കുഴഞ്ഞു രസിപ്പതാം!

ഹരിണി

**പദച്ഛേദം:** ഇതു വരെ അകന്നു് ഏറെ–കാലം കഴിഞ്ഞു് ഒരുമിച്ചവർ പുതിയ ഒരു ഉലകം കാണും മട്ടിൽ തളർന്ന വപുസ്സുമായ് കൊതിയൊടു പകൽ തള്ളീ രാവായ് ഒടുക്കം അടുക്കവേ രതിയിലും അവർക്കു് ഇഷ്ടം കൊഞ്ചി–കുഴഞ്ഞു നില്പതാം

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഏറക്കാലം പിരിഞ്ഞിട്ട്...(പേജ് 174)

**മാനവിക്രമൻ:** ഏറേ നാൾ വിട്ടുപാർത്തിട്ട്...(പേജ് 200)

## 3.40 ദീർഘാ വന്ദനമാലികാ.../തൂക്കി നീണ്ടൊരു തോരണം...

വേമഭൂപാലൻ:40 രവിചന്ദ്രൻ:40 രുദ്രമദേവകുമാരൻ:46 അർജ്ജുനവർമ്മദേവൻ:45

പ്രവാസിയായ നായകൻ തിരിച്ചു വന്നപ്പോൾ നായിക സ്വീകരിച്ച രീതിയെപ്പറ്റി കവി:

**മൂലം:**

ദീർഘാ വന്ദനമാലികാ വിരചിതാ ദൃഷ്ട്യൈവ നേന്ദീവരൈഃ
പുഷ്പാണാം പ്രകരസ്സ്മിതേന രചിതോ നോ കുന്ദജാത്യാദിഭിഃ
ദത്തം സ്വേദമുചാ പയോധരഭരേണാർഘ്യം ന കുംഭാംഭസാ
സ്വൈരേവാവയവൈഃ പ്രിയസ്യ വിശതസ്തന്വ്യാ കൃതം മംഗളം ‖ 40 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദീർഘാ വന്ദന–മാലികാ വിരചിതാ ദൃഷ്ട്യാ ഏവ ന ഇന്ദീവരൈഃ പുഷ്പാണാം പ്രകര–സ്മിതേന രചിതഃ നോ കുന്ദ–ജാതി–ആദിഭിഃ ദത്തം സ്വേദ–മുചാ പയോധര–ഭരേണ അർഘ്യം ന കുംഭാംഭസഃ സ്വൈഃ ഏവ അവയവൈഃ പ്രിയസ്യ വിശതഃ തന്വ്യാ കൃതം മംഗളം

**അർത്ഥം:**

| | | |
|---|---|---|
| ദൃഷ്ട്യാ ഏവ, ന ഇന്ദീവരൈഃ, | : | നോട്ടം കൊണ്ട്, നീലത്താമരകൾ കൊണ്ടല്ല, |
| ദീർഘാ വന്ദനമാലികാ വിരചിതാ | : | (അവൾ) നീളത്തിൽ വാതിൽക്കൽ തോരണങ്ങൾ തൂക്കി |
| സ്മിതേന, നോ കുന്ദജാത്യാദിഭിഃ, | : | ചിരി കൊണ്ട്, മുല്ല, ജാതി തുടങ്ങിയ പൂവുകൾ കൊണ്ടല്ല, |
| പുഷ്പാണാം പ്രകരഃ രചിതഃ | : | പുഷ്പവൃഷ്ടി ഉണ്ടാക്കി |
| സ്വേദമുചാ പയോധരഭരേണ, | : | വിയർപ്പിറ്റിറ്റു വീഴുന്ന മുലകൾ കൊണ്ട്, |
| ന കുംഭാംഭസാ, | : | കുടത്തിലെ വെള്ളം കൊണ്ടല്ല, |
| അർഘ്യം ദത്തം | : | അർഘ്യം നൽകി (പൂജിച്ചു) |
| സ്വൈഃ അവയവൈഃ ഏവ | : | സ്വന്തം അവയവങ്ങൾ കൊണ്ടു തന്നെ |
| തന്വ്യാ വിശതഃ പ്രിയസ്യ മംഗളം കൃതം | : | യുവതി ദൂരദേശത്തു നിന്ന പ്രിയനെ സ്വാഗതം ചെയ്തു |

**പരിഭാഷ:**

തൂക്കീ നീണ്ടൊരു തോരണം കുവലയം കൊണ്ടല്ല നോട്ടത്തിനാൽ;
പൂക്കൾ ചേർത്തതു മുല്ല, പിച്ചിയിവയാലല്ലാ, സ്മിതം കൊണ്ടു താൻ;
വേർക്കും കൊങ്കകളർഘ്യമേകി, കലശം തൂവും ജലം കൊണ്ടുമ;-
ല്ലാക്കാന്താംഗി തിരിച്ചു വന്ന വരനെക്കൂട്ടീ നിജാംഗത്തിനാൽ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തൂക്കീ നീണ്ട ഒരു തോരണം കുവലയം കൊണ്ട് അല്ല നോട്ടത്തിനാൽ; പൂക്കൾ ചേർത്തതു മുല്ല, പിച്ചി ഇവയാൽ അല്ലാ, സ്മിതം കൊണ്ടു താൻ; വേർക്കും കൊങ്കകൾ അർഘ്യം ഏകി, കലശം തൂവും ജലം കൊണ്ടുമല്ല; ആ കാന്താംഗി തിരിച്ചു വന്ന വരനെ കൂട്ടീ നിജ–അംഗത്തിനാൽ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ദ്വാരത്തിൽ ചേർത്തു മാല്യം...(പേജ് 175)

**മാനവിക്രമൻ:** മെല്ലേ തോരണമാല തൂക്കി...(പേജ് 200)

## 3.41 കാന്തേ സാഗസി യാപിതേ.../ലോലൻ, ദൂരെയകറ്റിയോൻ,...

വേമഭൂപാലൻ:41 രവിചന്ദ്രൻ:41 രുദ്രമദേവകുമാരൻ:47 അർജ്ജുനവർമ്മദേവൻ:46

ധൂർത്തനായ നായകൻ ചെയ്ത വഞ്ചനയെ നായിക സഖിയോടു പറയുന്നു.

**മൂലം:**

കാന്തേ സാഗസി യാപിതേ പ്രിയസഖീവേഷം വിധായാഗതേ
ഭ്രാന്ത്യാലിംഗ്യ മയാ രഹസ്യമുദിതം തത്സംഗമാകാംക്ഷയാ
"മുഗ്ധേ ദുഷ്കരമേത"ദിത്യതിതരാമുക്ത്വാ സഹാസം ബലാ-
ദാലിംഗ്യ ച്ഛലിതാസ്മി തേന കിതവേനദ്യ പ്രദോഷാഗമേ. ‖ 41 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കാന്തേ സാഗസി യാപിതേ പ്രിയ–സഖീ–വേഷം വിധായ ആഗതേ ഭ്രാന്ത്യാ ആലിംഗ്യ മയാ രഹസ്യം ഉദിതം തത്–സംഗമ–ആകാംക്ഷയാ മുഗ്ധേ ദുഷ്കരം ഏതത് ഇതി അതി–തരാം ഉക്ത്വാ സ–ഹാസം ബലാത് ആലിംഗ്യ ഛലിതാ അസ്മി തേന കിതവേന അദ്യ പ്രദോഷ–ആഗമേ

**അർത്ഥം:**

| | | |
|---|---|---|
| അദ്യ പ്രദോഷ-ആഗമേ | : | ഇന്നു സന്ധ്യയ്ക്ക് |
| സാഗസി യാപിതേ കാന്തേ | : | കന്നംതിരിവു കാണിച്ചിട്ട് ഓടിച്ചു വിട്ട പ്രിയതമൻ |
| പ്രിയ-സഖീ-വേഷം വിധായ ആഗതേ | : | പ്രിയപ്പെട്ട തോഴിയുടെ വേഷം ധരിച്ചു വന്നപ്പോൾ |
| മയാ ഭ്രാന്ത്യാ ആലിംഗ്യ | : | ഞാൻ ആളറിയാതെ കെട്ടിപ്പിടിച്ചിട്ട് |
| തത്-സംഗമ-ആകാംക്ഷയാ രഹസ്യം ഉദിതം | : | അവനോടു സംഗമിക്കാൻ കൊതിയാവുന്നു എന്ന രഹസ്യം പറഞ്ഞു |
| "മുഗ്ധേ ഏതത് അതി-തരാം ദുഷ്കരം" ഇതി | : | "പൊട്ടിപ്പെണ്ണേ, ഇതു ബുദ്ധിമുട്ടാണ്" എന്ന് |
| സ-ഹാസം ഉക്ത്വാ ബലാത് ആലിംഗ്യ | : | ചിരിച്ചു കൊണ്ടു പറഞ്ഞു ബലമായി കെട്ടിപ്പിടിച്ച് |
| തേന കിതവേന ഛലിതാ അസ്മി | : | ആ കള്ളൻ എന്നെ പറ്റിച്ചു |

**പരിഭാഷ:**

ലോലൻ, ദൂരെയകറ്റിയോൻ, പ്രിയസഖീവേഷം ധരിച്ചെത്തവേ,
ആളോരാതെ പുണർന്നു "മത്പ്രിയനൊടായ് ചേരേണ"മെന്നോതി ഞാൻ;
"ബാലേ, യിന്നതു ബുദ്ധിമു," ട്ടിതു പറഞ്ഞേറെച്ചിരിച്ചെന്നെയാ-
ച്ചേലിൽ കെട്ടി വരിഞ്ഞു നിർത്തി ബലമായിന്നന്തി നേരത്തവൻ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ലോലൻ ദൂരെ അകറ്റിയോൻ പ്രിയ–സഖീ–വേഷം ധരിച്ച് എത്തവേ ആൾ ഓരാതെ പുണർന്നു മത്–പ്രിയനൊട് ആയ് ചേരേണം എന്ന് ഓതി ഞാൻ ബാലേ ഇന്ന് അതു ബുദ്ധിമുട്ട് ഇതു പറഞ്ഞ് ഏറെ ചിരിച്ച് എന്നെ ആ ചേലിൽ കെട്ടി വരിഞ്ഞു നിർത്തി ബലമായ് ഇന്ന് അന്തി നേരത്ത് അവൻ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** രോഷത്താൽ സാപരാധൻ...(പേജ് 175)
**മാനവിക്രമൻ:** തെറ്റേറ്റം ചെയ്തയാലെൻ...(പേജ് 200)

## 3.42 ആശങ്ക്യ പ്രണതിം പടാന്ത.../കാലിൽ ചെന്നു പിടിച്ചിടാതെ...

വേമഭൂപാലൻ:42 രവിചന്ദ്രൻ:42 രുദ്രമദേവകുമാരൻ:48 അർജ്ജുനവർമ്മദേവൻ:47

നായികയുടെ കോപത്തിൽ ഭംഗി കാണുന്ന നായകന്റെ വാക്യം.

**മൂലം:**

ആശങ്ക്യ പ്രണതിം പടാന്തപിഹിതൌ പാദൌ കരോത്യാദരാ-
ദ്വ്യാജേനാഗതമാവൃണോതി ഹസിതം ന സ്പഷ്ടമുദ്വീക്ഷതേ
മയ്യാലാപവതി പ്രതീപവചനാ സഖ്യാ സമം ഭാഷതേ
തന്വ്യാസ്തിഷ്ഠതു നിർഭരപ്രണയിതാ മാനോऽപി രമ്യോദയഃ ‖ 42 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആശങ്ക്യ പ്രണതിം പട–അന്ത–പിഹിതൌ പാദൌ കരോതി ആദരാത് വ്യാജേന ആഗതം ആവൃണോതി ഹസിതം ന സ്പഷ്ടം ഉത്–വീക്ഷതേ മയി ആലാപ–വതി പ്രതീപ–വചനാ സഖ്യാ സമം ഭാഷതേ തന്വ്യാഃ തിഷ്ഠതു നിർഭര–പ്രണയിതാ മാനഃ അപി രമ്യ–ഉദയഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രണതിം ആശങ്ക്യ | : | കാലിൽ വീഴുമെന്നു ശങ്കിച്ചിട്ട് |
| ആദരാത് പാദൗ പടാന്തപിഹിതൗ | : | മര്യാദയോടെ പാദങ്ങൾ വസ്ത്രത്തിന്റെ അറ്റം കൊണ്ടു മറച്ചു |
| ആഗതം ഹസിതം വ്യാജേന ആവൃണോതി | : | വന്ന ചിരി കള്ളത്തരത്തിൽ മറച്ചു |
| സ്പഷ്ടം ന ഉത്-വീക്ഷതേ | : | നേരേ നോക്കുന്നില്ല |
| മയി ആലാപവതി പ്രതീപ-വചനാ | : | ഞാൻ സംസാരിക്കുമ്പോൾ എന്നോടു മിണ്ടാതെ |
| സഖ്യാ സമം ഭാഷതേ | : | തോഴിയോടു സംസാരിക്കുന്നു |
| തന്വ്യാഃ നിർഭര-പ്രണയിതാ തിഷ്ഠതു | : | യുവതിയുടെ തീവ്രമായ പ്രണയം അവിടെ നിൽക്കട്ടേ |
| മാനഃ അപി രമ്യ-ഉദയഃ | : | (അവളുടെ) സൗന്ദര്യപ്പിണക്കം പൊങ്ങിവരുന്നതു് എന്തു ഭംഗിയാണു്! |

**പരിഭാഷ:**

കാലിൽ ചെന്നു പിടിച്ചിടാതവളതിൽ ചേലാഞ്ചലം മൂടിനാൾ;
ചാലേ പുഞ്ചിരി കാട്ടിയില്ല, മിഴിയെൻ നേരേ തിരിച്ചില്ലവൾ;
കേളിച്ചൊൽകളുമായി ഞാൻ, സഖിയൊടായ് വർത്താനമപ്പോഴവൾ;
ചേലാണാപ്രണയം, പരം കലഹമാണേറ്റം മനോമോഹനം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കാലിൽ ചെന്നു പിടിച്ചാതെ അവൾ അതിൽ ചേല–അഞ്ചലം മൂടിനാൾ; ചാലേ പുഞ്ചിരി കാട്ടിയില്ല, മിഴി എൻ നേരേ തിരിച്ചില്ല അവൾ; കേളി–ചൊൽകളും ആയി ഞാൻ, സഖിയൊടായ് വർത്താനം അപ്പോൾ അവൾ; ചേല് ആണ് ആ പ്രണയം, പരം കലഹം ആണ് ഏറ്റം മനോ–മോഹനം!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാൽക്കൽ വീണീടുമെന്ന്...(പേജ് 175)

**മാനവിക്രമൻ:** ചേലാന്തം കൊണ്ടുമൂടി...(പേജ് 200)

## 3.43 സാ യാവന്തി പദാന്യളീക.../കന്നത്തം കലരും പ്രിയന്നൊട്ട...

വേമഭൂപാലൻ:43 രവിചന്ദ്രൻ:43 രുദ്രമദേവകുമാരൻ:49 അർജ്ജുനവർമ്മദേവൻ:48

കുറ്റം ചെയ്ത നായകനോട് തോഴിമാർ പറഞ്ഞതു പോലെ പറഞ്ഞിട്ട് നായികയ്ക്കു സംഭവിച്ചതു്.

**മൂലം:**

സാ യാവന്തി പദാന്യളീകവചനൈരാളീജനൈഃ പാഠിതാ
താവന്ത്യേവ കൃതാഗസോ ദ്രുതതരം വ്യാഹൃത്യ പത്യുഃ പുരഃ
പ്രാരബ്ധാ പരതോ യഥാ മനസിജസ്യേച്ഛാ തഥാ വർത്തിതും
പ്രേമ്ണോ മൌഗ്ദ്ധ്യവിഭൂഷണസ്യ സഹജഃ കോഽപ്യേഷ കാന്തഃ ക്രമഃ ‖43‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സാ യാവന്തി പദാനി അളീക–വചനൈഃ ആളീ–ജനൈഃ പാഠിതാ താവന്തി ഏവാ കൃത–ആഗസഃ ദ്രുത–തരം വ്യാഹൃത്യ പത്യുഃ പുരഃ പ്രാരബ്ധാ പരതഃ യഥാ മനസിജസ്യ ഇച്ഛാ തഥാ വർത്തിതും പ്രേമ്ണഃ മൌഗ്ദ്ധ്യ–വിഭൂഷണസ്യ സഹജഃ കഃ അപി ഏഷ കാന്തഃ ക്രമഃ

**അർത്ഥം:**

| | | |
|---|---|---|
| സാ അളീക-വചനൈഃ ആളീ-ജനൈഃ | : | അവൾ കുശുമ്പുകാരികളായ തോഴിമാർ |
| കൃതാഗസഃ പത്യുഃ പുരഃ | : | അപരാധം കാണിച്ച ഭർത്താവിന്റെ മുന്നിൽ |
| യാവന്തി പദാനി പാഠിതാ താവന്തി ഏവ | : | പറയാൻ പഠിപ്പിച്ച വാക്കുകൾ |
| ദ്രുത-തരം വ്യാഹൃത്യ പരതഃ | : | വേഗം പറഞ്ഞിട്ട് പിന്നെ |
| മനസിജസ്യ ഇച്ഛാ യഥാ തഥാ വർത്തിതും പ്രാരബ്ധാ | : | കാമദേവന്റെ ഇച്ഛ ചെയ്യാൻ ഒരുങ്ങി |
| മൌഗ്ദ്ധ്യ-വിഭൂഷണസ്യ പ്രേമ്ണഃ സഹജഃ | : | നിഷ്കളങ്കമായ പ്രേമത്തിനു സഹജമായി ഉള്ള |
| കാന്തഃ കഃ അപി | : | ഒരു തരം മനോഹാരിത ആണ് ഇതു്! |

**പരിഭാഷ:**

കന്നത്തം കലരും പ്രിയന്നൊട്ട കുശുമ്പേറുന്ന തൻ തോഴിമാർ
ചൊന്നേൽപ്പിച്ച വചസ്സു ചെന്നൊരുവിധം വേഗം പറഞ്ഞീടിനാൾ;
എന്നിട്ടോ? മദനാർത്തി കൊണ്ടുടനെയാത്തന്വംഗി സന്നദ്ധയായ്;
എന്നും മുഗ്ദ്ധത ചേർന്നിടും പ്രണയമീ വണ്ണം ശുഭം സുന്ദരം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കന്നത്തം കലരും പ്രിയന്നൊട്ട, കുശുമ്പ് ഏറുന്ന തൻ തോഴി–മാർ ചൊന്ന് ഏൽപ്പിച്ച വചസ്സു ചെന്ന് ഒരു വിധം വേഗം പറഞ്ഞീടിനാൾ; എന്നിട്ടോ? മദന–ആർത്തി കൊണ്ട് ഉടനെ ആ തന്വംഗി സന്നദ്ധയായ്; എന്നും മുഗ്ദ്ധത ചേർന്നിടും പ്രണയം ഈ വണ്ണം ശുഭം സുന്ദരം!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കറ്റക്കാർവേണിയാളേ പ്രിയ...(പേജ് 175)

**മാനവിക്രമൻ:** ആളീവർഗ്ഗമളീകമായ വചനം...(പേജ് 201)

## 3.44 ദൂരാദുത്സുകമാഹതേ.../ദൂരത്തുത്ക്കണ്ടു...

വേമഭൂപാലൻ:44 രവിചന്ദ്രൻ:44 രുദ്രമദേവകുമാരൻ:50 അർജ്ജുനവർമ്മദേവൻ:49

കുറ്റം ചെയ്ത നായകന്റെ അടുത്ത് വിവിധവികാരങ്ങളോടെ നിൽക്കുന്ന നായികയുടെ കണ്ണുകളെ കവി വർണ്ണിക്കുന്നു.

**മൂലം:**

ദൂരാദുത്സുകമാഗതേ വിവലിതം സംഭാഷിണി സ്ഫാരിതം
സംശ്ലിഷ്യത്യരുണം ഗൃഹീതവസനേ സംകോചിതഭ്രൂലതം
മാനിന്യാശ്ചരണാനതിവ്യതികരേ ബാഷ്പാംബുപൂർണ്ണം ക്ഷണാ-
ച്ചക്ഷുർജ്ജാതമഹോ പ്രപഞ്ചചതുരം ജാതാഗസി പ്രേയസി ॥ 44 ॥

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദൂരാത് ഉത്സുകം ആഗതേ വിവലിതം സംഭാഷിണി സ്ഫാരിതം സംശ്ലിഷ്യതി അരുണം ഗൃഹീത–വസനേ സങ്കോചിത–ഭ്രൂ–ലതം മാനിന്യാഃ ചരണ–ആനതി–വ്യതികരേ ബാഷ്പ–അംബു–പൂർണ്ണം ക്ഷണാത് ചക്ഷുഃ ജാതം അഹോ പ്രപഞ്ച–ചതുരം ജാത–ആഗസി പ്രേയസി

**അർത്ഥം:**

| | | |
|---|---|---|
| ജാത-ആഗസി പ്രേയസി | : | പ്രിയതമൻ അപരാധം ചെയ്യുമ്പോൾ |
| ദൂരാത് ഉത്സുകം | : | (അവൻ) ദൂരത്താകുമ്പോൾ ഔത്സുക്യത്തോടു കൂടി നോക്കുന്നതും |
| ആഗതേ വിവലിതം | : | വരുമ്പോൾ തിരിക്കുന്നതും |
| സംഭാഷിണി സ്ഫാരിതം | : | സംസാരിക്കുമ്പോൾ വലുതാകുന്നതും |
| സംശ്ലിഷ്യതി അരുണം | : | കെട്ടിപ്പിടിക്കുമ്പോൾ ചുവക്കുന്നതും |
| ഗൃഹീത-വസനേ സങ്കോചിത-ഭ്രൂ-ലതം | : | വസ്ത്രത്തിൽ പിടിക്കുമ്പോൾ പുരികം ചുളിക്കുന്നതും |
| ചരണ-ആനതി-വ്യതികരേ ബാഷ്പ-അംബു-പൂർണ്ണം | : | കാലിൽ വീഴാൻ പോകുമ്പോൾ കണ്ണുനീർ നിറയുന്നതും |
| മാനിന്യാഃ ചക്ഷുഃ | : | (ആയ) ദേഷ്യക്കാരിയുടെ കണ്ണ് |
| ക്ഷണാത് പ്രപഞ്ച-ചതുരം | : | നിമിഷനേരം കൊണ്ട് പല തരത്തിൽ വൈചിത്ര്യം കൈവരിക്കുന്നു |

**പരിഭാഷ:**

ദൂരത്തുത്ക്കണ്ടു, ചാരേ തിരിയൽ, പുണരവേ രക്തവർണ്ണം, കഥിക്കും
നേരം വൈപുല്യ, മേറ്റം പുരികമിളകലൊന്നാട തൊട്ടാൽ, പദത്തിൽ
നേരേ വീണാൽ കരച്ചിൽ, പലവിധമിതു പോൽ സ്വൈരസഞ്ചാരിയാകും
മാരന്നോടീർഷ്യ വായ്ക്കും തരുണിയുടെ മിഴിക്കെത്ര വൈചിത്ര്യമോർത്താൽ!

സ്രഗ്ധര

**പദച്ഛേദം:** ദൂരത്ത് ഉത്ക്കണ്ടു, ചാരേ തിരിയൽ, പുണരവേ രക്ത–വർണ്ണം, കഥിക്കും നേരം വൈപുല്യം, മേറ്റം പുരികം ഇളകൽ ഒന്ന് ആട തൊട്ടാൽ, പദത്തിൽ നേരേ വീണാൽ കരച്ചിൽ, പല വിധം ഇതു പോൽ സ്വൈര–സഞ്ചാരി ആകും മാരന്നോട് ഈർഷ്യ വായ്ക്കും തരുണിയുടെ മിഴിക്ക് എത്ര വൈചിത്ര്യം ഓർത്താൽ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** പ്രേയാനാഗസ്സു ചെയ്തോൻ...(പേജ് 176)

**മാനവിക്രമൻ:** നേരേ പ്രേമാപരാധൻ...(പേജ് 201)

## 3.45 അംഗാനാമതിതാനവം.../എന്തേ നിന്റെ ശരീരം...

വേമഭൂപാലൻ:45 രവിചന്ദ്രൻ:45 രുദ്രമദേവകുമാരൻ:51 അർജ്ജുനവർമ്മദേവൻ:50

ദൂരദേശത്തു നിന്നു നായകൻ തിരിച്ചു വന്നപ്പോൾ വിരഹം കൊണ്ടു ക്ഷീണിതയായ നായികയുടെ അവസ്ഥ:

**മൂലം:**

അംഗാനാമതിതാനവം കുത ഇദം കമ്പശ്ച കസ്മാത് കുതോ
മുഗ്ദ്ധേ പാണ്ഡുകപോലമാനനമിതി പ്രാണേശ്വരേ പൃച്ഛതി
തന്വ്യാ സർവ്വമിദം സ്വഭാവത ഇതി വ്യാഹൃത്യ പക്ഷ്മാന്തര-
വ്യാപീ ബാഷ്പഭരസ്തയാ വലിതയാ നിശ്വസ്യ മുക്തോഽന്യതഃ ‖ 45 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അംഗാനാം അതി–താനവം കുതഃ ഇദം കമ്പഃ ച കസ്മാത് കുതഃ മുഗ്ദ്ധേ പാണ്ഡു–കപോലം ആനനം ഇതി പ്രാണേശ്വരേ പൃച്ഛതി തന്വ്യാ സർവ്വം ഇദം സ്വഭാവതഃ ഇതി വ്യാഹൃത്യ പക്ഷ്മ–അന്തര–വ്യാപീ ബാഷ്പ–ഭരഃ തയാ വലിതയാ നിശസ്യ മുക്തഃ അന്യതഃ

**അർത്ഥം:**

| | | |
|---|---|---|
| "മുഗ്ദ്ധേ | : | "പാവം പെണ്ണേ |
| അംഗാനാം ഇദം അതി-താനവം കുതഃ | : | (നിന്റെ) അവയവങ്ങൾ എന്തേ ഇങ്ങനെ ചടച്ചു? |
| കമ്പഃ ച കസ്മാത് | : | എന്താണു (നീ ഇങ്ങനെ) വിറയ്ക്കുന്നതു? |
| ആനനം പാണ്ഡു-കപോലം കുതഃ" | : | മുഖത്തു കവിളുകൾ വിളറിയതു് എന്തു കൊണ്ടാണു്?" |
| ഇതി പ്രാണേശ്വരേ പൃച്ഛതി | : | ഇങ്ങനെ പ്രാണേശ്വരൻ ചോദിക്കുമ്പോൾ |
| "ഇദം സർവ്വം സ്വഭാവതഃ" | : | "ഇതെല്ലാം തന്നെത്താനെ വന്നതാണു്" |
| ഇതി വ്യാഹൃത്യ | : | എന്നു പറഞ്ഞു് |
| തന്വ്യാ വലിതയാ തയാ നിശ്വസ്യ | : | തിരിഞ്ഞു നിന്നു നെടുവീർപ്പിട്ട ആ യുവതി |
| പക്ഷ്മ-അന്തര-വ്യാപീ ബാഷ്പ-ഭരഃ | : | കൺപീലികൾ കവിഞ്ഞൊഴുകുന്ന കണ്ണുനീർ |
| അന്യതഃ മുക്തഃ | : | മറ്റെവിടെയോ കളഞ്ഞു |

**പരിഭാഷ:**

"എന്തേ നിന്റെ ശരീരമിങ്ങനെ ചട? ച്ചെന്തേ വിറയ്ക്കുന്നു നീ?
എന്തേ നിൻ കവിളാകവേ വിളറി?" യെന്നൻപാൽ പ്രിയൻ ചൊല്ലവേ
"തന്നെത്താനെ വരുന്നതാ"ണിതു പറഞ്ഞേറുന്ന വീർപ്പോടവൾ
കൺപീലിയ്ക്കു കവിഞ്ഞ ബാഷ്പമവിടുന്നെങ്ങോ കളഞ്ഞീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** എന്തേ നിന്റെ ശരീരം ഇങ്ങനെ ചടച്ചു? എന്തേ വിറയ്ക്കുന്നു നീ? എന്തേ നിൻ കവിൾ ആകവേ വിളറി? എന്നു് അൻപാൽ പ്രിയൻ ചൊല്ലവേ "തന്നെത്താനെ വരുന്നതാണു്" ഇതു പറഞ്ഞു് ഏറുന്ന വീർപ്പോടെ അവൾ കൺ–പീലിയ്ക്കു കവിഞ്ഞ ബാഷ്പം അവിടുന്നു് എങ്ങോ കളഞ്ഞീടിനാൾ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** എന്താണീയതികാർശ്യം...(പേജ് 176)

**മാനവിക്രമൻ:** എന്താണിന്നംഗമൊക്കെ...(പേജ് 201)

## 3.46 രാത്രൗ വാരിഭരാലസാംബുദ.../ഏറെക്കാറു നിറഞ്ഞ...

വേമഭൂപാലൻ:46 രവിചന്ദ്രൻ:97 രുദ്രമദേവകമാരൻ:55 അർജ്ജുനവർമ്മദേവൻ:54

പ്രവാസവിപ്രലംഭത്തെ കവി വർണ്ണിക്കുന്നു.

**മൂലം:**

രാത്രൗ വാരിഭരാലസാംബുദരവോദ്വിഗ്നേന ജാതാശ്രുണാ
പാന്ഥേനാത്മവിയോഗദുഃഖപിശുനം ഗീതം തഥോത്കണ്ഠയാ
ആസ്താം ജീവിതഹാരിണഃ പ്രവസനാലാപസ്യ സങ്കീർത്തനം
മാനസ്യാപി ജലാഞ്ജലിസ്സരഭസം ലോകേന ദത്തോ യഥാ. ‖ 46 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** രാത്രൗ വാരി–ഭര–അലസ–അംബുദ–രവ–ഉദ്വിഗ്നേന ജാത–അശ്രുണാ പാന്ഥേന ആത്മ–വിയോഗ–ദുഃഖ–പിശുനം ഗീതം തഥാ ഉത്കണ്ഠയാ ആസ്താം ജീവിത–ഹാരിണഃ പ്രവസന–ആലാപസ്യ സങ്കീർത്തനം മാനസ്യ അപി ജല–അഞ്ജലിഃ സരഭസം ലോകേന ദത്തഃ യഥാ

**അർത്ഥം:**

| | | |
|---|---|---|
| രാത്രൗ | : | രാത്രിയിൽ |
| വാരി-ഭര-അലസ-അംബുദ- | : | ജലത്തിന്റെ ഭാരം കൊണ്ട് അലസമായ മേഘത്തിന്റെ |
| -രവ-ഉദ്വിഗ്നേന | : | ശബ്ദം കൊണ്ട് ഭയപ്പെട്ട്/ദുഃഖിച്ച് |
| ജാത-അശ്രുണാ പാന്ഥേന | : | കണ്ണീരു വന്ന പാന്ഥൻ |
| ആത്മ-വിയോഗ-ദുഃഖ-പിശുനം | : | തന്റെ വിരഹദുഃഖത്തിന്റെ കഥ |
| ഉത്കണ്ഠയാ തഥാ ഗീതം യഥാ | : | ഉത്ക്കണ്ഠയോടെ പാടി. അതു മൂലം |
| ജീവിത-ഹാരിണഃ പ്രവസന-ആലാപസ്യ | : | ജീവിതം അപഹരിക്കുന്ന പ്രവാസത്തിന്റെ കഥ |
| സങ്കീർത്തനം ആസ്താം | : | പറയുന്നതു പോലും നിർത്തി |
| ലോകേന സരഭസം | : | ആളുകൾ പെട്ടെന്ന് തങ്ങളുടെ |
| മാനസ്യ അപി ജല-അഞ്ജലിഃ ദത്തഃ | : | പിണക്കങ്ങളെയും അവസാനിപ്പിച്ചു |

**പരിഭാഷ:**

ഏറെക്കാറു നിറഞ്ഞ മേഘമലറും നേരം വല, ഞ്ഞശ്രു വീ-
ണൂറി, പ്പാന്ഥനൊരാൾ വിഷാദവിരഹപ്പാട്ടൊന്നു പാടീടവേ,
ആ രാവിൽ ചെറുജീവിതത്തിനെ മുടിച്ചീടും പ്രവാസത്തെയൊ-
ന്നോരാ, തുള്ള പിണക്കമൊക്കെ വെടിയാൻ സന്നദ്ധരായാളുകൾ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഏറെ കാറു നിറഞ്ഞ മേഘം മലറും നേരം വലഞ്ഞ്, അശ്രു വീണ് ഊറി, പാന്ഥൻ ഒരാൾ വിഷാദ–വിരഹ–പാട്ട് ഒന്നു പാടീടവേ, ആ രാവിൽ ചെറു–ജീവിതത്തിനെ മുടിച്ചീടും പ്രവാസത്തെ ഒന്ന് ഓരാതെ, ഉള്ള പിണക്കം ഒക്കെ വെടിയാൻ സന്നദ്ധർ ആയി ആളുകൾ!

(വ്യാഖ്യാനം പേജ് 160–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ക്ഷീണം പൂണ്ടംബുമാഡംബര...(പേജ് 176)

**മാനവിക്രമൻ:** പാരാതേ വാരിവാഹാരവ...(പേജ് 201)

## 3.47 സ്വം ദൃഷ്ട്വാ കരജക്ഷതം.../എന്മേൽ സ്വന്തനഖക്ഷതം...

വേമഭൂപാലൻ:47 രവിചന്ദ്രൻ:85 രുദ്രമദേവകമാരൻ:56 അർജ്ജുനവർമ്മദേവൻ:55

തെറ്റിദ്ധരിച്ചു പിണങ്ങിപ്പോകുന്ന നായികയെപ്പറ്റി നായകൻ.

**മൂലം:**

**സ്വം ദൃഷ്ട്വാ കരജക്ഷതം മധുമദക്ഷീബാവിചാര്യേർഷ്യയാ**
**ഗച്ഛന്തീ "ക്വ നു ഗച്ഛസീ"തി വിധൃതാ ബാലാ പടാന്തേ മയാ**
**പ്രത്യാവൃത്തമുഖീ സബാഷ്പനയനാ സാ "മുഞ്ച മുഞ്ചേ"തി മാം**
**കോപപ്രസ്ഫുരിതാധരം യദവദത്തത് കേന വിസ്മാര്യതേ** || 47 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സ്വം ദൃഷ്ട്വാ കര–ജ–ക്ഷതം മധു–മദ–ക്ഷീബാ അവിചാര്യ ഈർഷ്യയാ ഗച്ഛന്തീ ക്വ നു ഗച്ഛസി ഇതി വിധൃതാ ബാലേ പട–അന്തേ മയാ പ്രതി–ആവൃത്ത–മുഖീ സ–ബാഷ്പ–നയനാ സാ മുഞ്ച മുഞ്ച ഇതി മാം കോപ–പ്രസ്ഫുരിത–അധരം യത് അവദത് തത് കേന വിസ്മാര്യതേ

**അർത്ഥം:**

| | | |
|---|---|---|
| മധു-മദ-ക്ഷീബാ ബാലാ | : | മദ്യലഹരിയാൽ വെളിവു കെട്ട പെണ്ണ് |
| സ്വം കര-ജ-ക്ഷതം ദൃഷ്ട്വാ | : | സ്വന്തം നഖം കൊണ്ടു മുറിഞ്ഞ പാടു കണ്ടിട്ട് |
| അ-വിചാര്യ ഈർഷ്യയാ ഗച്ഛന്തീ | : | തെറ്റിദ്ധരിച്ച് ദ്വേഷ്യത്തോടെ പുറപ്പെട്ടു പോയപ്പോൾ |
| "ക്വ നു ഗച്ഛസി?" ഇതി | : | "എവിടെപ്പോകുന്നു?" എന്നു പറഞ്ഞ് |
| മയാ പടാന്തേ വിധൃതാ | : | ഞാൻ വസ്ത്രത്തിന്റെ തുമ്പു പിടിച്ചപ്പോൾ |
| സാ പ്രതി-ആവൃത്ത-മുഖീ സ-ബാഷ്പ-നയനാ | : | അവൾ തിരിഞ്ഞു നോക്കി കണ്ണുകളിൽ കണ്ണുനീരോടു കൂടി |
| "മാം മുഞ്ച മുഞ്ച" ഇതി | : | "എന്നെ വിടൂ, എന്നെ വിടൂ" എന്ന് |
| കോപ-പ്രസ്ഫുരിത-അധരം | : | കോപം കൊണ്ടു വിറയ്ക്കുന്ന ചുണ്ടുകളോടു കൂടി |
| യത് അവദത് തത് കേന വിസ്മാര്യതേ? | : | പറഞ്ഞതു് എങ്ങനെ മറക്കും? |

**പരിഭാഷ:**

**എന്മേൽ സ്വന്തനഖക്ഷതം ലഹരിയിൽ കാൺകേ പിണങ്ങീടുമ-**
**പ്പെണ്ണിൻ ചേല പിടിച്ചു നിർത്തി "യെവിടെപ്പോ"ണെന്നു ചോദിക്കവേ**
**കണ്ണീരോടെ മുഖം തിരിച്ചു, വിറ കൊണ്ടീടുന്ന ചുണ്ടാലെ, യ-**
**"ന്നെന്നേ നീ വിട്ടു"വെന്നു കോപവചനം ചൊന്നാൽ; മറക്കാവതോ?**

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** എൻ മേൽ സ്വന്ത–നഖ–ക്ഷതം ലഹരിയിൽ കാൺകേ പിണങ്ങീടും ആ പെണ്ണിൻ ചേല പിടിച്ചു നിർത്തി "എവിടെ പോണു" എന്നു ചോദിക്കവേ കണ്ണീരോടെ മുഖം തിരിച്ചു വിറ കൊണ്ടീടുന്ന ചുണ്ടാലെ അന്ന് "എന്നേ നീ വിട്ടു" എന്നു കോപ–വചനം ചൊന്നാൽ; മറക്കാവതോ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഹാലാപാനേന മത്താ...(പേജ് 176)

**മാനവിക്രമൻ:** മദ്യം സേവിച്ചു മത്തം...(പേജ് 202)

## 3.48 ചപലഹൃദയേ കിം.../ചേതസ്സിൽ പ്രണയം...

വേമഭൂപാലൻ:48 രവിചന്ദ്രൻ:96 രുദ്രമദേവകുമാരൻ:57 അർജ്ജുനവർമ്മദേവൻ:56

കാമുകനെ തിരസ്കരിച്ച നായികയെ സഖി വഴക്കു പറയുന്നു.

**മൂലം:**

ചപലഹൃദയേ കിം സ്വാതന്ത്ര്യാത്തഥാ ഗൃഹമാഗത-
ശ്ചരണപതിതഃ പ്രേമാർദ്രാർദ്രഃ പ്രിയസ്സമുപേക്ഷിതഃ
തദിദമധുനാ യാവജ്ജീവം നിരസ്തസുഖോദയാ
രുദിതശരണാ ദുർജാതാനാം സഹസ്വ രുഷാം ഫലം ‖ 48 ‖

ഹരിണി

**പദച്ഛേദം:** ചപല–ഹൃദയേ കിം സ്വാതന്ത്ര്യാത് തഥാ ഗൃഹം ആഗതഃ ചരണ–പതിതഃ പ്രേമാ–ആർദ്രാ–ആർദ്രഃ പ്രിയഃ സം–ഉപേക്ഷിതഃ തത് ഇദം അധുനാ യാവത് ജീവം നിരസ്ത–സുഖ–ഉദയാ രുദിത–ശരണാ ദുർ–ജാതാനാം സഹസ്വ രുഷാം ഫലം

**അർത്ഥം:**

| | | |
|---|---|---|
| ചപല-ഹൃദയേ | : | അല്ലയോ മനസ്സുറയ്ക്കാത്തവളേ |
| തഥാ പ്രേമ-ആർദ്രാ-ആർദ്രഃ പ്രിയഃ | : | പ്രേമാർദ്രകളോടു് ഇത്രയും കരുണയുള്ള പ്രിയൻ ഇങ്ങനെ |
| ഗൃഹം ആഗതഃ ചരണ-പതിതഃ | : | വീട്ടിൽ വന്നു് നിന്റെ കാൽക്കൽ വീണപ്പോൾ |
| സ്വാതന്ത്ര്യാത് കിം സം-ഉപേക്ഷിതഃ | : | (നീ) തോന്ന്യാസം കൊണ്ടു് എന്തിനാണു് (അവനെ) ഉപേക്ഷിച്ചതു്? |
| തത് അധുനാ യാവത് ജീവം | : | അതിനാൽ ഇപ്പോൾ ആയുഷ്കാലം മുഴുവനും |
| നിരസ്ത-സുഖ-ഉദയാ | : | ഒരു സുഖവുമില്ലാതെ |
| രുദിത-ശരണാ | : | കരയുകയല്ലാതെ നിവൃത്തിയില്ലാതെ |
| ദുർ-ജാതാനാം രുഷാം ഇദം ഫലം | : | ദുഷ്ടന്മാരുടെ കോപം സഹിക്കൽ തന്നെ ഫലം |

**പരിഭാഷ:**

ചേതസ്സിൽ പ്രണയം നിറഞ്ഞിടുമൊരാൾ ചാരത്തു വന്നിട്ടു നിൻ
പാദം തൊട്ടു, നിഷേധി നീയവനെയന്നോടിച്ചു വിട്ടീലയോ?
ഏതും ചിന്തയെഴാത്ത നീയനുഭവിച്ചീടും, മരിക്കും വരെ-
ക്കാതിൽ ദുർവചനങ്ങൾ കേട്ടു കരയാൻ മാത്രം ഭവജ്ജീവിതം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ചേതസ്സിൽ പ്രണയം നിറഞ്ഞിടും ഒരാൾ ചാരത്തു വന്നിട്ടു നിൻ പാദം തൊട്ടു, നിഷേധി നീ അവനെ അന്നു് ഓടിച്ചു വിട്ടീലയോ? ഏതും ചിന്ത എഴാത്ത നീ അനുഭവിച്ചീടും, മരിക്കും വരെ കാതിൽ ദുർവചനങ്ങൾ കേട്ടു കരയാൻ മാത്രം ഭവത്-ജീവിതം

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഞാനേറെപ്പണി ചെയ്കയാലിഹ...(പേജ് 177)

**മാനവിക്രമൻ:** താൻ തന്നേ വന്നു രാഗാൽ...(പേജ് 202)

## 3.49 നഭസി ജലദലക്ഷ്മീം.../മുകിലുകളുയരുമ്പോൾ...

വേമഭൂപാലൻ:49 രവിചന്ദ്രൻ:50 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

നായകൻ യാത്ര പുറപ്പെടാൻ തുടങ്ങുമ്പോൾ ദുഃഖിതയായ നായിക.

**മൂലം:**

നഭസി ജലദലക്ഷ്മീം സാസ്രയാ വീക്ഷ്യ ദൃഷ്ട്യാ
പ്രവസസി യദി കാന്തേത്യർദ്ധമുക്ത്വാ കഥഞ്ചിത് മാലിനി
മമ പടമവലംബ്യ പ്രോല്ലിഖന്തീ ധരിത്രീം
യദനു കൃതവതീ സാ തത്ര വാചോ നിവൃത്താഃ ‖ 49 ‖

**പദച്ഛേദം:** നഭസി ജലദ–ലക്ഷ്മീം സ–അസ്രയാ വീക്ഷ്യ ദൃഷ്ട്യാ പ്രവസസി യദി കാന്ത ഇതി അർദ്ധം ഉക്ത്വാ കഥം–ചിത് മമ പടം അവലംബ്യ പ്രോല്ലിഖന്തീ ധരിത്രീം യത്–അനു കൃത–വതീ സാ തത്ര വാപഃ നിവൃത്താം

**അർത്ഥം:**

| | | |
|---|---|---|
| | : | (പ്രിയതമ) |
| നഭസി ജലദ-ലക്ഷ്മീം | : | ആകാശത്ത് മേഘങ്ങളുടെ ഉത്സവത്തെ |
| സ-അസ്രയാ ദൃഷ്ട്യാ വീക്ഷ്യ | : | കണ്ണുനീർ ഉതിരുന്ന കണ്ണുകൾ കൊണ്ടു നോക്കി |
| "കാന്ത, പ്രവസസി യദി?" | : | "പ്രിയനേ, നീ പോകുകയാണോ?" |
| ഇതി അർദ്ധം കഥം-ചിത് ഉക്ത്വാ | : | എന്ന് എങ്ങനെയോ പകുതി പറഞ്ഞൊപ്പിച്ചിട്ട് |
| മമ പടം അവലംബ്യ | : | എന്റെ വസ്ത്രത്തിന്റെ അറ്റത്തു തൂങ്ങിപ്പിടിച്ച് |
| ധരിത്രീം പ്രോല്ലിഖന്തീ | : | തറയിൽ വരച്ചു കൊണ്ടു നിന്നു. |
| അനു സാ യത് കൃതവതീ | : | അവൾ പിന്നെ ചെയ്തത് |
| തത്ര വാചഃ നിവൃത്താഃ | : | പറയാൻ എനിക്കു വയ്യാ. |

**പരിഭാഷ:**

മുകിലുകളുയരുമ്പോൾ കണ്ണുനീരോടെ നോക്കി-
"പ്രിയനുടനടി പോമോ?"യെന്നു പാതിക്കു നിർത്തി മാലിനി
തറയിൽ നഖമുരച്ചെന്നംശുകത്തിൽ പിടിച്ചാ
സതിയുടെ കൃതിയൊക്കെച്ചൊല്ലുവാനാവതല്ലേ

**പദച്ഛേദം:** മുകിലുകൾ ഉയരുമ്പോൾ കണ്ണുനീർ–ഓടെ നോക്കി "പ്രിയൻ ഉടൻ–അടി പോമോ?" എന്നു പാതിയ്ക്കു നിർത്തി തറയിൽ നഖം ഉരച്ച് എൻ അംശുകത്തിൽ പിടിച്ച ആ സതി–യുടെ കൃതി ഒക്കെ ചൊല്ലുവാൻ ആവത് അല്ലേ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ക്രാന്താകാശാന്തരാളം...(പേജ് 177)

**മാനവിക്രമൻ:** ആകാശത്തംബുദശ്രീയതു...(പേജ് 202)

## 3.50 ബാലേ നാഥ വിമുഞ്ച.../പൊന്നേ, നാഥ, പിണങ്ങൊലാ...

വേമഭൂപാലൻ:50 രവിചന്ദ്രൻ:53 രുദ്രമദേവകമാരൻ:63 അർജ്ജുനവർമ്മദേവൻ:57

പിണങ്ങിയ നായികയെ നായകൻ അനുനയിക്കുന്നു.

**മൂലം:**

"ബാലേ," "നാഥ;" "വിമുഞ്ച മാനിനി രുഷം," "രോഷാന്മയാ കിം കൃതം?"
"ഖേദോഽസ്മാസു," "ന മേഽപരാധ്യതി ഭവാൻ സർവേഽപരാധാ മയി;"
"തത് കിം രോദിഷി ഗദ്ഗദേന വചസാ?" "കസ്യാഗ്രതോ രുദ്യതേ?"
"നന്വേതന്മമ,","കാ തവാസ്മി?" "ദയിതാ," "നാസ്മീത്യതോ രുദ്യതേ" || 50 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ബാലേ നാഥ വിമുഞ്ച മാനിനി രുഷം രോഷാത് മയാ കിം കൃതം ഖേദഃ അസ്മാസു ന മേ അപരാധ്യതി ഭവാൻ സർവേ അപരാധാഃ മയി തത് കിം രോദിഷി ഗദ്ഗദേന വചസാ കസ്യ അഗ്രതഃ രുദ്യതേ നനു ഏതത് മമ കാ തവ അസ്മി ദയിതാ ന അസ്മി ഇതി അതഃ രുദ്യതേ

**അർത്ഥം:**

| | |
|---|---|
| " ബാലേ " | : " പെണ്ണേ " |
| " നാഥ " | : " നാഥാ " |
| " മാനിനി രുഷം വിമുഞ്ച " | : " ദേഷ്യപ്പെടാതെ " |
| " മയാ രോഷാത് കിം കൃതം " | : " എന്റെ ദേഷ്യം കൊണ്ട് എന്തു കാര്യം? " |
| " അസ്മാസു ഖേദഃ " | : " എനിക്കു സങ്കടം വരും " |
| " ഭവാൻ മേ ന അപരാധ്യതി | : " അങ്ങ് എന്നോട് ഒരു അപരാധവും ചെയ്തില്ല " |
| മയി സർവേ അപരാധാഃ " | : ഞാനാണു കുറ്റക്കാരി " |
| " തത് കിം ഗദ്ഗദേന വചസാ രോദിഷി? | : അതിനു നീ എന്തിനാ ഇങ്ങനെ തൊണ്ടയിടറി കരയുന്നതു്? " |
| " കസ്യ അഗ്രതഃ രുദ്യതേ " | : " (വേറേ) ആരുടെ മുമ്പിൽ ഞാൻ കരയും? " |
| " നനു ഏതത് മമ " | : " എന്റെ മുന്നിൽ തന്നെ " |
| " തവ കാ അസ്മി " | : " നിനക്കു ഞാൻ ആരാ? " |
| " ദയിതാ " | : " പ്രിയപ്പെട്ടവൾ " |
| " ന അസ്മി ഇതി, അതഃ രുദ്യതേ " | : " അല്ലെന്നു്, അതാണു ഞാൻ കരയുന്നതു് " |

**പരിഭാഷ:**

ശാർദ്ദൂലവിക്രീഡിതം

"പൊന്നേ," "നാഥ;" "പിണങ്ങൊലാ," "ഇവൾ പിണങ്ങീട്ടെന്തു കാര്യം?" "വരും
നന്നായ് ദണ്ഡമെനിക്കു," "നിന്റെ കുറവ, ല്ലെൻ കുറ്റമാം സർവ്വതും"
"എന്തിന്നായ് കരയുന്നു തൊണ്ടയിടറി?" "പിന്നാരൊടായ് കേണിടും?"
"എന്നോ," "ടാരു നിനക്കു ഞാൻ?" "പ്രിയ," "യതല്ലെന്നോർത്തു കേഴുന്നു ഞാൻ!"

**പദച്ഛേദം:** "പൊന്നേ" "നാഥ" "പിണങ്ങൊലാ" "ഇവൾ പിണങ്ങീട്ട് എന്തു കാര്യം?" "വരും നന്നായ് ദണ്ഡം എനിക്കു" "നിന്റെ കുറവ് അല്ല, എൻ കുറ്റം ആം സർവ്വതും" "എന്തിന്നായ് കരയുന്നു തൊണ്ട ഇടറി?" "പിന്നെ ആരൊട് ആയ് കേണിടും?" "എന്നോട്", "ആരു നിനക്കു ഞാൻ?" "പ്രിയ" "അത് അല്ല എന്ന് ഓർത്തു കേഴുന്നു ഞാൻ!"

(വ്യാഖ്യാനം പേജ് 160–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാന്തേ, നാഥാ, കയർത്തീടരുതു...(പേജ് 177)

**മാനവിക്രമൻ:** ബാലേ; നാഥാ; വെടിഞ്ഞീടുക...(പേജ് 202)

## 3.51 ശ്ലിഷ്ടഃ കണ്ഠേ കിമിതി.../എന്തേ മൗഢ്യം പെരുകും...

വേമഭൂപാലൻ:51 രവിചന്ദ്രൻ:56 രുദ്രമദേവകമാരൻ:69 അർജ്ജുനവർമ്മദേവൻ:58

പ്രാണനാഥനോട്ട് ആവശ്യത്തിനു പ്രേമപ്രകടനം ചെയ്യില്ല എന്നു പശ്ചാത്തപിക്കുന്ന നായിക.

**മൂലം:**

"ശ്ലിഷ്ടഃ കണ്ഠേ കിമിതി ന മയാ മൂഢയാ പ്രാണനാഥ-
ശ്ചുംബത്യസ്മിൻ വദനവിനതിഃ കിം കൃതാ കിം ന ദൃഷ്ടഃ
നോക്തഃ കസ്മാ" - ദിതി നവവധൂചേഷ്ടിതം ചിന്തയന്തീ
പശ്ചാത്താപം വഹതി തരുണീ പ്രേമ്ണി ജാതേ രസജ്ഞാ ‖ 51 ‖

മന്ദാക്രാന്ത

**പദച്ഛേദം:** ശ്ലിഷ്ടഃ കണ്ഠേ കിം ഇതി ന മയാ മൂഢയാ പ്രാണ–നാഥഃ ചുംബതി അസ്മിൻ വദന–വിനതിഃ കിം കൃതാ കിം ന ദൃഷ്ടഃ ന ഉക്തഃ കസ്മാത് ഇതി നവ–വധൂ–ചേഷ്ടിതം ചിന്തയന്തീ പശ്ചാത്–താപം വഹതി തരുണീ പ്രേമ്ണി ജാതേ രസ–ജ്ഞാ

**അർത്ഥം:**

| | | |
|---|---|---|
| "മൂഢയാ മയാ പ്രാണ-നാഥഃ | : | "മണ്ടിയായ ഞാൻ പ്രാണനാഥനെ |
| കിം ഇതി കണ്ഠേ ന ആശ്ലിഷ്ടഃ | : | എന്തുകൊണ്ട് കഴുത്തിൽ കെട്ടിപ്പിടിച്ചില്ല? |
| കിം ച അസ്മിൻ ചുംബതി | : | എന്തുകൊണ്ട് അവൻ ചുംബിച്ചപ്പോൾ |
| വദന-വിനതിഃ | : | മുഖം കുനിച്ചുകളഞ്ഞു? |
| കിം ന ദൃഷ്ടഃ | : | എന്തുകൊണ്ട് അവനെ ഒന്നു നോക്കി പോലുമില്ല? |
| കസ്മാത് ന ഉക്തഃ" | : | എന്തുകൊണ്ട് ഒന്നും മിണ്ടിയില്ല?" |
| ഇതി നവ-വധൂ-ചേഷ്ടിതം ചിന്തയന്തീ | : | ഇങ്ങനെ (തന്റെ) പുതുപ്പെണ്ണിനു യോജിച്ച പെരുമാറ്റത്തെപ്പറ്റി ഓർത്ത് |
| പ്രേമ്ണി ജാതേ രസ-ജ്ഞാ തരുണീ | : | പ്രേമം മൂത്ത് (ഇപ്പോൾ) രസികയായ യുവതി |
| പശ്ചാത്-താപം വഹതി | : | പശ്ചാത്തപിക്കുന്നു. |

**പരിഭാഷ:**

"എന്തേ മൗഢ്യം പെരുകമിവളാക്കാന്തനെപ്പുൽകിയി, ല്ല-
ന്നെന്നെച്ചുംബിച്ചളവിൽ മുഖവും താഴ്ത്തി, നോക്കാൻ മടിച്ചു?
ഒന്നും മിണ്ടി" - ലിതു പടി പുതുപ്പെണ്ണിനുണ്ടാം സ്വഭാവം
ചിന്തിച്ചൻപാൽ രസികതയെഴും തന്വി പശ്ചാത്തപിച്ചാൾ.

മന്ദാക്രാന്ത

**പദച്ഛേദം:** "എന്തേ മൗഢ്യം പെരുകും ഇവൾ ആ കാന്തനെ പുൽകിയില്ല? അന്ന് എന്നെ ചുംബിച്ച അളവിൽ മുഖവും താഴ്ത്തി, നോക്കാൻ മടിച്ചു? ഒന്നും മിണ്ടീല" ഇതു പടി പുതു–പെണ്ണിന് ഉണ്ടാം സ്വഭാവം ചിന്തിച്ച് അൻപാൽ രസികത എഴും തന്വി പശ്ചാത്തപിച്ചാൾ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പ്രാണേശന്റെ കഴുത്തിലെന്തു...(പേജ് 177)

**മാനവിക്രമൻ:** ചെമ്മേ പ്രാണേശ്വരൻതൻ...(പേജ് 203)

## 3.52 വാണൈർല്ലോചനവാരിഭിഃ.../ശുകം നേത്രജം...

വേമഭൂപാലൻ:52 രവിചന്ദ്രൻ:61 രുദ്രമദേവകമാരൻ:74 അർജ്ജുനവർമ്മദേവൻ:61

യാത്ര പുറപ്പെടാൻ തയ്യാറായ നായകനോടു നായിക:

**മൂലം:**

വാണൈർല്ലോചനവാരിഭിസ്സശപഥൈഃ പാദപ്രണാമൈഃ പ്രിയൈ-
രന്യൈസ്താ വിനിവാരയന്തി കൃപണാഃ പ്രാണേശ്വരം പ്രസ്ഥിതം
ധന്യാഹം വ്രജ മംഗളം സുദിവസം പ്രാതഃ പ്രയാതസ്യ തേ
യത് സ്നേഹോചിതമീഹിതം പ്രിയതമ ത്വം നിർഗ്ഗതശ്ശ്രോഷ്യസി ‖ 52 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വാണൈഃ ലോചന–വാരിഭിഃ സ–ശപഥൈഃ പാദ–പ്രണാമൈഃ പ്രിയൈഃ അന്യൈഃ താഃ വിനിവാരയന്തി കൃപണാഃ പ്രാണേശ്വരം പ്രസ്ഥിതം ധന്യാ അഹം വ്രജ മംഗളം സു–ദിവസം പ്രാതഃ പ്രയാതസ്യ തേ യത് സ്നേഹ–ഉചിതം ഈഹിതം പ്രിയതമ ത്വം നിർഗ്ഗതഃ ശ്രോഷ്യസി

**അർത്ഥം:**

| | |
|---|---|
| വാണൈഃ ലോചന-വാരിഭിഃ സ-ശപഥൈഃ | : കണ്ണുനീർ ഒഴുക്കിയും ആണയിട്ടും |
| പാദപ്രണാമൈഃ അന്യൈഃ പ്രിയൈഃ | : കാലിൽ വീണും അതു പോലെ പല പ്രിയങ്ങൾ ചെയ്തും |
| താഃ കൃപണാഃ പ്രസ്ഥിതം പ്രാണേശ്വരം വിനിവാരയന്തി | : പാവം സ്ത്രീകൾ പോകാൻ തുടങ്ങുന്ന പ്രാണേശ്വരനെ തടയും |
| അഹം ധന്യാ | : ഞാൻ ഭാഗ്യം ചെയ്തവളാണ് |
| പ്രയാതസ്യ തേ പ്രാതഃ സു-ദിവസം മംഗളം | : യാത്ര പോകുന്ന നിനക്ക് ഇന്ന പ്രഭാതം മംഗളമാകട്ടേ! |
| വ്രജ പ്രിയതമ | : പോകൂ പ്രിയതമാ |
| ത്വം നിർഗ്ഗതഃ | : നീ പോയിക്കഴിഞ്ഞ് |
| സ്നേഹ-ഉചിതം യത് ഈഹിതം തത് | : എന്റെ സ്നേഹത്തിന് ഉചിതമായി ആഗ്രഹിച്ചത് |
| ശ്രോഷ്യസി | : നീ കേൾക്കും |

**പരിഭാഷ:**

ശുകം നേത്രജ, മാണയിട്ടു പറയൽ, കാൽ കൂപ്പ, ലിത്യാദിയായ്
ഏകം മുഗ്ദ്ധകൾ യാത്ര പോം കണവനായേറെത്തടസ്സങ്ങളെ;
പോകൂ നീ പ്രിയകാന്ത, ഭാഗ്യവതി ഞാൻ, നന്നാവുമിന്നേദ്ദിനം!
സ്നേഹത്താലിവളെന്തു ചെയ്യുമതു നീ പോയിട്ടു കേൾക്കും ദൃഢം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ശുകം നേത്ര–ജം, ആണ ഇട്ടു പറയൽ, കാൽ കൂപ്പൽ, ഇതി–ആദിയായ് ഏകം മുഗ്ദ്ധകൾ യാത്ര പോം കണവനായ് ഏറെ തടസ്സങ്ങളെ; പോകൂ നീ പ്രിയ–കാന്ത, ഭാഗ്യവതി ഞാൻ, നന്നാവും ഇന്നേ–ദിനം! സ്നേഹത്താൽ ഇവൾ എന്തു ചെയ്യും അതു നീ പോയിട്ടു കേൾക്കും ദൃഢം!

(വ്യാഖ്യാനം പേജ് 160–ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കണ്ണീർ വാത്താർണായിട്ടും...(പേജ് 178)

**മാനവിക്രമൻ:** സത്യം ചെയ്തും കരഞ്ഞും...(പേജ് 203)

## 3.53 ലഗ്നാ നാംശുകപല്ലവേ.../പൂണില്ലാ കരവല്ലി കൊണ്ടു...

വേമഭൂപാലൻ:53 രവിചന്ദ്രൻ:62 രുദ്രമദേവകമാരൻ:75 അർജ്ജുനവർമ്മദേവൻ:62

യാത്രയ്ക്കൊരുങ്ങിയ നായകനെ നായിക തടുത്ത വിധം:

**മൂലം:**

ലഗ്നാ നാംശുകപല്ലവേ ഭുജലതാ നോ ദ്വാരദേശേ സ്ഥിതം
നോ വാ പാദയുഗേ മുഹുർന്നിപതിതം തിഷ്ഠേതി നോക്തം വചഃ
കാലേ കേവലമംബുദാളിമലിനേ ഗന്തും പ്രവൃത്തശ്ശഠ-
സ്തന്വ്യാ ബാഷ്പജലൗഘകല്പിതനദീപൂരേണ രുദ്ധഃ പ്രിയഃ ‖ 53 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ലഗ്നാ ന അംശുക–പല്ലവേ ഭുജ–ലതാ നോ ദ്വാര–ദേശേ സ്ഥിതം നോ വാ പാദ–യുഗേ മുഹുഃ നിപതിതം തിഷ്ഠ ഇതി ന ഉക്തം വചഃ കാലേ കേവലം അംബുദ–ആളി–മലിനേ ഗന്തും പ്രവൃത്തഃ ശഠഃ തന്വ്യാ ബാഷ്പ–ജല–ഓഘ–കല്പിത–നദീ–പൂരേണ രുദ്ധഃ പ്രിയഃ

**അർത്ഥം:**

| | | |
|---|---|---|
| ഭുജ-ലതാ അംശുക-പല്ലവേ ന ലഗ്നാ | : | വള്ളി പോലെയുള്ള കൈ കൊണ്ട് വസ്ത്രത്തിന്റെ അറ്റത്തു പിടിച്ചില്ല |
| ദ്വാര-ദേശേ നോ സ്ഥിതം | : | വാതിൽക്കൽ നിന്നില്ല |
| പാദ-യുഗേ വാ മുഹുഃ നോ നിപതിതം | : | കാലുകളിൽ പിന്നെയും വീണുമില്ല |
| "തിഷ്ഠ" ഇതി വചഃ ന ഉക്തം | : | "പോകല്ലേ" എന്ന വാക്കു പറഞ്ഞില്ല |
| അംബുദ-ആളി-മലിനേ കാലേ ഗന്തും പ്രവൃത്തഃ | : | മേഘങ്ങൾ കറുക്കുന്ന കാലത്തു യാത്രയാകാൻ പോകുന്ന |
| ശഠഃ പ്രിയഃ തന്വ്യാ കേവലം | : | വാശിക്കാരനായ പ്രിയതമനെ ആ യുവതി |
| ബാഷ്പ-ജല-ഓഘ-കല്പിത-നദീ-പൂരേണ രുദ്ധഃ | : | കണ്ണുനീരിന്റെ നദി കൊണ്ട് തടഞ്ഞു നിർത്തി |

**പരിഭാഷ:**

പൂണില്ലാ കരവല്ലി കൊണ്ടു വസനം, വാതിൽക്കൽ നിന്നില്ലവൾ,
വീണില്ലാ കണവന്റെ കാലി, ലഥ പോകല്ലെന്നു ചൊല്ലീലവൾ,
മാനത്തൊട്ടു കറുത്ത കാർ നിറയവേ പോകാൻ തുടങ്ങുന്നൊരാ
പ്രാണാധീശനെ ബാഷ്പജാലനദിയാൽ നിർത്തുന്നു മൈക്കണ്ണിയാൾ

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പൂണില്ലാ കര–വല്ലി കൊണ്ടു വസനം, വാതിൽ–ക്കൽ നിന്നില്ല അവൾ, വീണില്ലാ കണവന്റെ കാലിൽ, അഥ പോകില്ല എന്നു ചൊല്ലീല അവൾ, മാനത്ത് ഒട്ടു കറുത്ത കാർ നിറയവേ പോകാൻ തുടങ്ങുന്ന ഒരു ആ പ്രാണ–അധീശനെ ബാഷ്പ–ജാല–നദി–യാൽ നിർത്തുന്നു മൈ–ക്കണ്ണിയാൾ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** നീലാംഭോജാക്ഷി നിന്നില്ലവൾ...(പേജ് 178)

**മാനവിക്രമൻ:** ചാലേ ചേലാഞ്ചലം ചെന്നവൾ...(പേജ് 203)

## 3.54 വിരഹവിഷമഃ കാമഃ കാമം.../മാരൻ കൂട്ടു പിരിഞ്ഞവർക്ക്...

വേമഭൂപാലൻ:54 രവിചന്ദ്രൻ:64 രുദ്രമദേവകുമാരൻ:80 അർജ്ജുനവർമ്മദേവൻ:67

നായകനോടു നായിക അവന്റെ സ്നേഹക്കുറവിനെപ്പറ്റിയും അവളുടെ സ്ഥിതിയെപ്പറ്റിയും പരാതി പറയുന്നു:

**മൂലം:**

വിരഹവിഷമഃ കാമഃ കാമം തനും തനുതേ തനും
ദിവസഗണനാദക്ഷസ്സ്വൈരം വ്യപേതഘൃണോ യമഃ
ത്വമപി വശഗോ മാനവ്യാധേർവിചിന്തയ നാഥ ഹേ
കിസലയമൃദുർജ്ജീവേദേവം കഥം പ്രമദാജനഃ ॥ 54 ॥

ഹരിണി

**പദച്ഛേദം:** വിരഹ–വിഷമഃ കാമഃ കാമം തനും തനുതേ തനും ദിവസ–ഗണനാ–ദക്ഷഃ സ്വൈരം വ്യപേത–ഘൃണഃ യമഃ ത്വം അപി വശഗഃ മാനവ്യാഃ ആധേഃ വിചിന്തയ നാഥ ഹേ കിസലയ–മൃദുഃ ജീവേത് ഏവം കഥം പ്രമദാ–ജനഃ

**അർത്ഥം:**

| | | |
|---|---|---|
| വിരഹ-വിഷമഃ കാമഃ | : | വിരഹത്തെ വിഷമമാക്കുന്ന കാമദേവൻ |
| തനും കാമം തനും തനുതേ | : | ശരീരത്തെ തോന്നുന്നതു പോലെ ക്ഷീണിപ്പിക്കുന്നു |
| വ്യപേത-ഘൃണഃ യമഃ | : | ദയയില്ലാത്ത കാലൻ |
| സ്വൈരം ദിവസ-ഗണനാ-ദക്ഷഃ | : | യഥേഷ്ടം ദിവസം എണ്ണിക്കൊണ്ടിരിക്കുന്നു |
| നാഥ | : | നാഥാ |
| ത്വം അപി മാന-വ്യാധേഃ വശഗഃ | : | നിനക്ക് ദേഷ്യത്തിന്റെ അസുഖവും വല്ലതായി ഉണ്ട് |
| ഏവം കിസലയ-മൃദുഃ പ്രമദാ-ജനഃ | : | ഇങ്ങനെ തളിരു പോലെ ലോലയായ പ്രിയതമമാർ |
| കഥം ജീവേത് | : | എങ്ങനെ ജീവിക്കും |
| വിചിന്തയ | : | (എന്ന്) ആലോചിക്കു |

**പരിഭാഷ:**

മാരൻ കൂട്ടു പിരിഞ്ഞവർക്കശനിയായ് ദേഹം തളർത്തും; വരും
ക്രൂരം ബാക്കി ദിനങ്ങളെണ്ണിയരികിൽ കാലൻ; സുഖക്കേടു പോൽ
നീ രോഷാകുലനെപ്പൊഴും; പ്രിയതമാ, ചിന്തിയ്ക്കു, ഞാനെങ്ങനീ
നേരം ചെന്തളിർ പോലെ വാടിയിവിടെജ്ജീവിച്ചു പോമീവിധം?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മാരൻ കൂട്ടു പിരിഞ്ഞവർക്ക് അശനി ആയ് ദേഹം തളർത്തും; വരും ക്രൂരം ബാക്കി ദിനങ്ങളെണ്ണി അരികിൽ കാലൻ; സുഖക്കേടു പോൽ നീ രോഷ–ആകുലൻ എപ്പൊഴും; പ്രിയതമാ, ചിന്തിയ്ക്കു, ഞാൻ എങ്ങനെ ഈ നേരം ചെം–തളിർ പോലെ വാടി ഇവിടെ ജീവിച്ചു പോം ഈ വിധം?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പാരം കാമൻ വിരഹ...(പേജ് 178)

**മാനവിക്രമൻ:** കാലൻ നിർദ്ദയനാം...(പേജ് 203)

## 3.55 പരിമ്ലാനേ മാനേ.../തിങ്കൾക്കൊത്ത മുഖം...

വേമഭൂപാലൻ:55 രവിചന്ദ്രൻ:21 രുദ്രമദേവകമാരൻ:26 അർജ്ജുനവർമ്മദേവൻ:25

നായികയുടെ കോപം അല്പം കുറഞ്ഞതിൽ സന്തോഷിക്കുന്ന നായകന്റെ വാക്യം.

**മൂലം:**

പരിമ്ലാനേ മാനേ മുഖശശിനി തസ്യാഃ കരധൃതേ
മയി ക്ഷീണോപായേ പ്രണിപതനമാത്രൈകശരണേ
തദാ പക്ഷ്മപ്രാന്തവ്രജപുടനിരുദ്ധേന സഹസാ
പ്രസാദോ ബാഷ്പേണ സ്തനതടവിശീർണ്ണേന കഥിതഃ ‖ 55 ‖

ശിഖരിണി

**പദച്ഛേദം:** പരി-മ്ലാനേ മാനേ മുഖ-ശശിനി തസ്യാഃ കര-ധൃതേ മയി ക്ഷീണ-ഉപായേ പ്ര-ണിപതന-മാത്ര-ഏക-ശരണേ തദാ പക്ഷ്മ-പ്രാന്ത-വ്രജ-പുട-നിരുദ്ധേന സഹസാ പ്രസാദഃ ബാഷ്പേണ സ്തന-തട-വിശീർണ്ണേന കഥിതഃ

**അർത്ഥം:**

| | | |
|---|---|---|
| ക്ഷീണ-ഉപായേ | : | ഉപായമൊന്നും ബാക്കിയില്ലാതെ |
| പ്ര-ണിപതന-മാത്ര-ഏക-ശരണേ | : | കാൽക്കൽ വീഴുക മാത്രം ഒരു മാർഗ്ഗമായി |
| മയി | : | ഞാൻ നിൽക്കുമ്പോൾ |
| മാനേ തസ്യാഃ | : | കോപത്തിൽ അവളുടെ |
| പരി-മ്ലാനേ മുഖ-ശശിനി | : | ആകെ വാടിയ, ചന്ദ്രനെപ്പോലെയുള്ള, മുഖം |
| കരധൃതേ | : | കൈയിൽ താങ്ങിക്കൊണ്ട് |
| തദാ പക്ഷ്മ-പ്രാന്ത-വ്രജ-പുട-നിരുദ്ധേന | : | അതു വരെ കൺപീലികളുടെ കൂട്ടം തടഞ്ഞു വെച്ചിരുന്നതും |
| സഹസാ സ്തന-തട-വിശീർണ്ണേന | : | പെട്ടെന്ന് മുലത്തടത്തിൽ ചെന്നു പതിച്ചതുമായ |
| ബാഷ്പേണ പ്രസാദഃ കഥിതഃ | : | കണ്ണുനീർ പ്രസാദത്തെ സൂചിപ്പിച്ചു |

**പരിഭാഷ:**

തിങ്കൾക്കൊത്ത മുഖം കരത്തിൽ വിഷമം പേറി ക്രുധാ താങ്ങിടും
മങ്കത്തയ്യൊടു കാൽക്കൽ വീഴലൊഴികെക്കാണാതെ ഞാനൊന്നുമേ
കൺകൾക്കുള്ളിലൊതുക്കി വെച്ചൊടുവിലാപ്പീലിയ്ക്കിടയ്ക്കുടയാ-
ക്കൊങ്കക്കുന്നിനു മേലെ വീണ മിഴിനീർ കാട്ടീ പ്രസാദത്തെയും!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തിങ്കൾക്ക് ഒത്ത മുഖം കരത്തിൽ വിഷമം പേറി ക്രുധാ താങ്ങിടും മങ്ക-ത്തയ്യൊടു കാൽക്കൽ വീഴൽ ഒഴികെ കാണാതെ ഞാൻ ഒന്നുമേ കൺകൾക്ക് ഉള്ളിൽ ഒതുക്കി വെച്ച് ഒടുവിലാ പീലിയ്ക്ക് ഇടയ്ക്കുടെ ആ കൊങ്ക-ക്കുന്നിനു മേലെ വീണ മിഴിനീർ കാട്ടി പ്രസാദത്തെയും

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** മാനം മ്ലാനതയാർന്നു മാനിനി...(പേജ് 178)

**മാനവിക്രമൻ:** ചേണാർന്നോരവളീർഷ്യവിട്ടു...(പേജ് 204)

## 3.56 കൃതോ ദൂരാദേവ.../ചിരിച്ചു ദൂരത്തായ്...

വേമഭൂപാലൻ:56 രവിചന്ദ്രൻ:82 രുദ്രമദേവകമാരൻ:14 അർജ്ജുനവർമ്മദേവൻ:14

ഉള്ളിൽ കോപമുണ്ടെങ്കിലും വെളിയിൽ അതു കാണിക്കാതെ നിൽക്കുന്ന നായികയോടു നായകൻ:

**മൂലം:**

കൃതോ ദൂരാദേവ സ്മിതമധുരമഭ്യുദ്ഗമവിധിഃ
ശിരസ്യാജ്ഞാ ന്യസ്താ പ്രതിവചനമപ്യാലപസി ച
ന ദൃഷ്ടിശ്ശൈഥില്യം ഭജത ഇതി ചേതോ ദഹതി മേ
നിഗൂഢാന്തഃകോപേ കഠിനഹൃദയേ സംവൃതിരിയം. ‖ 56 ‖

ശിഖരിണി

**പദച്ഛേദം:** കൃതഃ ദൂരാത് ഏവ സ്മിത–മധുരം അഭി–ഉദ്ഗമ–വിധിഃ ശിരസി ആജ്ഞാ ന്യസ്താ പ്രതി–വചനം അപി ആലപസി ച ന ദൃഷ്ടിഃ ശൈഥില്യം ഭജതേ ഇതി ചേതഃ ദഹതി മേ നിഗൂഢ–അന്തഃകോപേ കഠിന–ഹൃദയേ സംവൃതിഃ ഇയം

**അർത്ഥം:**

| | | |
|---|---|---|
| ദൂരാത് ഏവ സ്മിത-മധുരം അഭി-ഉദ്ഗമ-വിധിഃ | : | ദൂരത്തു നിന്നു തന്നെ മധുരമായി ചിരിച്ച് എഴുന്നേൽക്കുന്നു |
| ആജ്ഞാ ശിരസി ന്യസ്താ | : | ആജ്ഞകളൊക്കെ ശിരസാ വഹിക്കുന്നു |
| പ്രതി-വചനം അപി ആലപസി | : | മറുപടിയൊക്കെ പറയുന്നു |
| ദൃഷ്ടിഃ ശൈഥില്യം ന ഭജതേ | : | നോട്ടം പതറിപ്പോകുന്നില്ല |
| മേ ചേതഃ ദഹതി | : | എന്റെ മനസ്സ് ദഹിക്കുകയാണ് |
| നിഗൂഢ-അന്തഃ കോപേ | : | ഉള്ളിൽ നിഗൂഢമായി കോപം ഒളിപ്പിച്ചു വെച്ചവളേ |
| കഠിന-ഹൃദയേ | : | കഠിനഹൃദയേ |
| ഇയം സംവൃതിഃ | : | ഇതെല്ലാം കാപട്യമാണ്, അല്ലേ? |

**പരിഭാഷ:**

ചിരിച്ചു ദൂരത്തായ് വരുമളവെഴുന്നേറ്റു; പറയും
വചസ്സെല്ലാം കൈക്കൊണ്ടതിനു മറുവാക്കോതി മധുരം;
മുഖത്തും നോക്കുന്നൂ മിഴി പതറിടാ; തെങ്കിലു, മക-
ത്തൊളിപ്പിക്കും കോപം മമ മനമെരിക്കുന്നു കഠിനേ!

ശിഖരിണി

**പദച്ഛേദം:** ചിരിച്ചു ദൂരത്തായ് വരും അളവ് എഴുന്നേറ്റു പറയും വചസ്സ് എല്ലാം കൈ–ക്കൊണ്ട് അതിനു മറു–വാക്ക് ഓതി മധുരം മുഖത്തും നോക്കുന്നൂ മിഴി പതറിടാതെ എങ്കിലും അകത്ത് ഒളിപ്പിക്കും കോപം മമ മനം എരിക്കുന്നു കഠിനേ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ദൂരാൽ താനുപചാരമോട്ടടൻ...(പേജ് 179)

**മാനവിക്രമൻ:** ദൂരാൽ താനഴകിൽ ചിരിച്ച്...(പേജ് 204)

## 3.57 ആസ്താം വിശ്വസനം.../മാനിക്കാ സഖിമാരെ...

വേമഭൂപാലൻ:57 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:76 അർജ്ജുനവർമ്മദേവൻ:63

തന്റെ പ്രേമത്തെപ്പറ്റി ആരോടും പറയാൻ ധൈര്യമില്ലാത്ത നായിക ധാത്രിയോട്.

**മൂലം:**

ആസ്താം വിശ്വസനം സഖീഷു വിദിതാഭിപ്രായസാരേ ജനേ
തത്രാപ്യർപ്പയിതും ദൃശം സലളിതാം ശക്നോമി ന വ്രീഡയാ
ലോകോ ഹ്യേഷ പരോപഹാസചതുരസ്സൂക്ഷ്മേംഗിതജ്ഞോഽപ്യലം
മാതഃ കം ശരണം വ്രജാമി ഹൃദയേ ജീർണ്ണോഽനുരാഗാനലഃ || 57 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആസ്താം വിശ്വസനം സഖീഷു വിദിത–അഭിപ്രായ–സാരേ ജനേ തത്ര–അപി അർപ്പയിതും ദൃശം സ–ലളിതാം ശക്നോമി ന വ്രീഡയാ ലോകഃ ഹി ഏഷ പര–ഉപ–ഹാസ–ചതുരഃ സൂക്ഷ്മ–ഇംഗിത–ജ്ഞഃ അപി അലം മാതഃ കം ശരണം വ്രജാമി ഹൃദയേ ജീർണ്ണഃ അനുരാഗ–അനലഃ

**അർത്ഥം:**

| | | |
|---|---|---|
| സഖീഷു വിശ്വസനം ആസ്താം | : | സഖിമാരിലുള്ള വിശ്വാസം ഒരു കണക്കാണ് |
| വിദിത-അഭിപ്രായ-സാരേ ജനേ | : | എന്റെ മനസ്സു കണ്ടറിഞ്ഞ ആ ആളിൽ |
| സ-ലളിതാം ദൃശം അർപ്പയിതും | : | ആർദ്രതയോടെ ഒന്നു കണ്ണെറിയാൻ പോലും |
| വ്രീഡയാ ന ശക്നോമി | : | നാണം കൊണ്ടു എനിക്കു പറ്റുന്നില്ല |
| ഹി ഏഷ ലോകഃ പര-ഉപ-ഹാസ-ചതുരഃ | : | ജനത്തിനു മറ്റുള്ളവരെ പരിഹസിക്കാനാണു താത്പര്യം |
| അലം സൂക്ഷ്മ-ഇംഗിത-ജ്ഞഃ അപി | : | മാത്രമല്ല, ചെറിയ ആഗ്രഹങ്ങളെപ്പോലും അവർ മനസ്സിലാക്കിക്കളയും |
| മാതഃ | : | അമ്മേ |
| കം ശരണം വ്രജാമി | : | ഞാൻ ആരുടെ അടുത്താണു പോകേണ്ടത്? |
| അനുരാഗ-അനലഃ ഹൃദയേ ജീർണ്ണഃ | : | (അല്ലെങ്കിൽ) എന്റെ പ്രണയാഗ്നി ഹൃദയത്തിൽ വെച്ചു തന്നെ കെട്ടു പോകും |

**പരിഭാഷ:**

മാനിക്കാ സഖിമാരെ ഞാൻ, പ്രിയമെഴും ഏത്തോടെ നോക്കീടുവാൻ
നാണം കൊണ്ടു കഴിഞ്ഞിടാ മമ മനം തൊട്ടീടുവോരാളിനെ;
നാനാലോകർ മനസ്സു കാണ്മവർ ചിരിച്ചാർക്കും, സഹായത്തിനായ്
ഞാനിന്നാരുടടുത്തു പോം? ജനനി, യെൻ പ്രേമാഗ്നി കെട്ടീടുമേ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മാനിക്കാ സഖി–മാരെ ഞാൻ പ്രിയം എഴും ഏത്തോടെ നോക്കീടുവാൻ നാണം കൊണ്ടു കഴിഞ്ഞിടാ മമ മനം തൊട്ടീടും ഒരു ആളിനെ നാനാ–ലോകർ മനസ്സു കാണ്മവർ ചിരിച്ച് ആർക്കും സഹായത്തിനായ് ഞാൻ ഇന്ന് ആരുടെ അടുത്തു പോം ജനനി എൻ പ്രേമ–അഗ്നി കെട്ടീടുമേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** തെല്ലും വിശ്വാസമില്ലെൻ...(പേജ് 179)

**മാനവിക്രമൻ:** ഒട്ടും വിശ്വാസമാളീജന...(പേജ് 204)

## 3.58 ശ്രുത്വാ നാമാപി.../രോമാഞ്ചം വന്നു മൂട്ടം...

വേമഭൂപാലൻ:58 രവിചന്ദ്രൻ:57 രുദ്രമദേവകുമാരൻ:70 അർജ്ജുനവർമ്മദേവൻ:59

നായകനോടു കോപിച്ചു നിൽക്കാൻ ഉപദേശിച്ച തോഴിമാരോടു നായിക പറയുന്നു.

**മൂലം:**

ശ്രുത്വാ നാമ പ്രിയസ്യ സ്ഫുടഘനപുളകം ജായതേ യത്സമന്താ-
ദ്ദൃഷ്ട്വാ യസ്യാനനേന്ദും ഭവതി വപുരിദം ചന്ദ്രകാന്താനുകാരി
തസ്മിന്നാഗത്യ കണ്ഠഗ്രഹനികടപദസ്ഥായിനി പ്രാണനാഥേ
ഭഗ്നാ മാനസ്യ ചിന്താ ഭവതി മമ പുനർവജ്രമയ്യാഃ കഥഞ്ചിത് ‖ 58 ‖

സ്രഗ്ദ്ധര

**പദച്ഛേദം:** ശ്രുത്വാ നാമ പ്രിയസ്യ സ്ഫുട–ഘന–പുളകം ജായതേ യത് സമന്താത് ദൃഷ്ട്വാ യസ്യ ആനന–ഇന്ദും ഭവതി വപുഃ ഇദം ചന്ദ്ര–കാന്ത–അനുസാരി തസ്മിൻ ആഗത്യ കണ്ഠ–ഗ്രഹ–നികട–പദ–സ്ഥായിനി പ്രാണ–നാഥേ ഭഗ്നാ മാനസ്യ ചിന്താ ഭവതി മമ പുനഃ വജ്ര–മയ്യാ കഥം–ചിത്

**അർത്ഥം:**

| | | |
|---|---|---|
| യത് പ്രിയസ്യ നാമ അപി ശ്രുത്വാ ഇദം വപുഃ സമന്താത് | : | ഏതു പ്രിയതമന്റെ പേരു കേൾക്കുമ്പോഴേ ഈ ശരീരത്തിനു മുഴുവനും |
| സ്ഫുട-ഘന-പുളകം ജായതേ | : | വ്യക്തവും ഘനമുള്ളതുമായ രോമാഞ്ചം ഉണ്ടാകുന്നുവോ |
| യസ്യ ആനന-ഇന്ദും ദൃഷ്ട്വാ | : | ആരുടെ മുഖമാകുന്ന ചന്ദ്രനെ കാണുമ്പോഴേ |
| (ഇദം വപുഃ) ചന്ദ്ര-കാന്ത-അനു-കാരി ഭവതി | : | (ഈ ശരീരം) ചന്ദ്രകാന്തം പോലെ ആകുന്നുവോ |
| തസ്മിൻ പ്രാണ-നാഥേ ആഗത്യ | : | ആ പ്രാണനാഥൻ വന്ന് |
| കണ്ഠ-ഗ്രഹ-നികട-പദ-സ്ഥായിനി | : | കെട്ടിപ്പിടിച്ച് അടുത്തു നിൽക്കുമ്പോൾ |
| കഥം-ചിത് വജ്ര-മയ്യാ മമ മാനസ്യ | : | എങ്ങനെയോ വജ്രം പോലെയുള്ള എന്റെ ദേഷ്യപ്പെടാനുള്ള |
| ചിന്താ പുനഃ ഭഗ്നാ ഭവതി | : | ചിന്ത പോലും വീണ്ടും പൊട്ടിച്ചിതറിപ്പോകുന്നു |

**പരിഭാഷ:**

രോമാഞ്ചം വന്നു മൂട്ടം തനുവിൽ മുഴുവനും
  പേരു കേട്ടീടി, ലാർ തൻ
സോമന്നൊക്കും മുഖം കണ്ടലിയുമതഖിലം
  ചന്ദ്രകാന്തത്തിനൊപ്പം;
ഈ മട്ടുള്ളോൻ പുണർന്നിട്ടരികിൽ മരുവിടും
  നേരമെൻ വജ്രമൊക്കും
വാമത്വത്തിന്നൊരുക്കം മുഴുവനുമിടിയും,
  പിന്നെയും ഛിന്നമാകും.

സ്രഗ്ദ്ധര

**പദച്ഛേദം:** രോമ–അഞ്ചം വന്നു മൂട്ടം തനു–ഇൽ മുഴുവനും, പേരു കേട്ടിടിൽ, ആർ തൻ സോമന്ന് ഒക്കും മുഖം കണ്ട് അലിയും അത് അഖിലം ചന്ദ്ര–കാന്ത–ത്തിന് ഒപ്പം. ഈ മട്ട് ഉള്ളോൻ പുണർന്നിട്ട് അരികിൽ മരുഇടും നേരം എൻ വജ്രം ഒക്കും വാമത്വ–ത്തിന്ന് ഒരുക്കം മുഴുവനും ഇടിയും, പിന്നെയും ഛിന്നം ആകും.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഉണ്ടാകുന്നൊണ്ടു മേ...(പേജ് 179)

**മാനവിക്രമൻ:** തന്നാമം കേൾക്കുമപ്പോൾ...(പേജ് 204)

## 3.59 സന്ത്യേവാത്ര ഗൃഹേ.../പെണ്ണുങ്ങൾ പലരുണ്ടു നാട്ടിൽ...

വേമഭൂപാലൻ:59 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:105 അർജ്ജുനവർമ്മദേവൻ:91

പിണങ്ങിയ നായികയെ നായകന്റെ പക്ഷം പിടിച്ചു തോഴി വഴക്കു പറയുന്നു.

**മൂലം:**

സന്ത്യേവാത്ര ഗൃഹേ ഗൃഹേ യുവതയസ്താഃ പൃച്ഛ ഗത്വാധുനാ
പ്രേയാംസഃ പ്രണമന്തി കിം തവ പുനർദ്ദാസോ യഥാ വർത്തതേ
ആത്മദ്രോഹിണി ദുർജ്ജനപ്രലപിതം കർണ്ണേ ഭൃശം മാ കൃഥാ-
ശ്ഛിന്നസ്നേഹരസാ ഭവന്തി പുരുഷാ ദുഃഖാനുവൃത്ത്യാ യതഃ ‖ 59 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സന്തി ഏവ അത്ര ഗൃഹേ ഗൃഹേ യുവതയഃ താഃ പൃച്ഛ ഗത്വാ അധുനാ പ്രേയാംസഃ പ്രണമന്തി കിം തവ പുനഃ ദാസഃ യഥാ വർത്തതേ ആത്മ–ദ്രോഹിണി ദുർജ്ജന–പ്രലപിതം കർണ്ണേ ഭൃശം മാ കൃഥാഃ ഛിന്ന–സ്നേഹ–രസാ ഭവന്തി പുരുഷാഃ ദുഃഖ–അനു–വൃത്യാ യതഃ

**അർത്ഥം:**

| | | |
|---|---|---|
| അത്ര ഗൃഹേ ഗൃഹേ യുവതയഃ സന്തി | : | ഇവിടെ ഓരോ വീട്ടിലും യുവതിമാർ ഉണ്ട് |
| അധുനാ ഗത്വാ താഃ പൃച്ഛ | : | ഇപ്പോൾ പോയി നീ അവരോടു ചോദിക്ക് |
| പ്രേയാംസഃ പ്രണമന്തി കിം? | : | പ്രിയതമന്മാർ കാൽക്കൽ വീണു നമസ്കരിക്കാറുണ്ടോ? |
| തവ ഏവ പുനഃ യഥാ ദാസഃ വർത്തതേ | : | നിന്റെ ആൾ പിന്നെയും ദാസനെപ്പോലെയാണല്ലോ കഴിയുന്നതു്? |
| ആത്മ-ദ്രോഹിണി | : | എടീ സ്വയം ദ്രോഹിക്കുന്നവളേ |
| ദുർജ്ജന-പ്രലപിതം ഭൃശം കർണ്ണേ മാ കൃഥാഃ | : | ഏഷണിക്കാർ പറയുന്നതു് ഉറപ്പായും ചെവിയിലേയ്ക്കു് എടുക്കരുതു് |
| യതഃ | : | എന്തെന്നാൽ |
| പുരുഷാഃ ദുഃഖ-അനു-വൃത്യാ | : | പുരുഷന്മാർ ദുഃഖം വന്നാൽ |
| ഛിന്ന-സ്നേഹ-രസാ ഭവന്തി | : | സ്നേഹം കുറഞ്ഞവരായി ഭവിക്കും |

**പരിഭാഷ:**

പെണ്ണുങ്ങൾ പലരുണ്ടു നാട്ടി, ലവരോടിന്നൊന്നു ചോദിക്കണം,
സ്വന്തം കാന്തയെ ദാസനെന്ന പടി കാൽ കുപ്പുന്നവർ കാണുമോ?
നിന്നോടിന്നു കുശുമ്പരോതുവതു നീ കേൾക്കാതെ, നിൻ ശത്രു നീ
തന്നേ, ദുഃഖിതരാകിലാൺകളുടെയാ സ്നേഹം കുറഞ്ഞീടുമേ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പെണ്ണുങ്ങൾ പലർ ഉണ്ടു നാട്ടിൽ, അവരോട് ഇന്ന് ഒന്നു ചോദിക്കണം, സ്വന്തം കാന്തയെ ദാസൻ എന്ന പടി കാൽ കുപ്പുന്നവർ കാണുമോ? നിന്നോട് ഇന്നു കുശുമ്പർ ഓതുവതു നീ കേൾക്കാതെ, നിൻ ശത്രു നീ തന്നേ, ദുഃഖിതർ ആകിൽ ആൺകളുടെ ആ സ്നേഹം കുറഞ്ഞീടുമേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ശിഷ്ടപ്പെണ്ണുങ്ങളൊണ്ടിങ്ങ്...(പേജ് 179)

**മാനവിക്രമൻ:** കെല്പേറും നാരിമാരുണ്ട്...(പേജ് 205)

## 3.60 സ്മരരസനദീപൂരേണോഢാഃ.../കൂലം കുത്തിയൊലിച്ച...

വേമഭൂപാലൻ:60 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

മറ്റുള്ളവരുടെ സാന്നിദ്ധ്യം മൂലം പ്രണയപ്രകടനം സാധിക്കാത്ത നായികാനായകന്മാരുടെ വിഷമത്തെപ്പറ്റി കവി:

**മൂലം:**

സ്മരരസനദീപൂരേണോഢാഃ പുനർഗ്ഗുരുസേതുഭി-
ര്യദപി വിധൃതാസ്തിഷ്ഠന്ത്യാരാദപൂർണ്ണമനോരഥാ
തദപി ലിഖിതപ്രഖ്യൈരംഗൈഃ പരസ്പരമുന്മുഖാ
നയനനളിനീനാളാനീതം പിബന്തി രസം പ്രിയാഃ ‖ 60 ‖

ഹരിണി

**പദച്ഛേദം:** സ്മര–രസ–നദീ–പൂരേണ ഊഢാഃ പുനഃ ഗുരു–സേതുഭിഃ യത്–അപി വിധൃതാഃ തിഷ്ഠന്തി ആരാത് അപൂർണ്ണ–മനോ–രഥാഃ തത്–അപി ലിഖിത–പ്രഖ്യൈഃ അംഗൈഃ പരസ്പരം ഉന്മുഖാ നയന–നളിനീ–നാള–ആനീതം പിബന്തി രസം പ്രിയാഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രിയാഃ | : | ആ പ്രേമഭാജനങ്ങൾ |
| യത് അപി സ്മര-രസ-നദീ-പൂരേണ ഊഢാഃ | : | കാമരസത്തിന്റെ നദിയുടെ ഒഴുക്കിൽ അകപ്പെട്ടെങ്കിലും |
| ഗുരു-സേതുഭിഃ വിധൃതാഃ | : | മുതിർന്നവർ എന്ന അണക്കെട്ടിനാൽ തടയപ്പെട്ട് |
| അപൂർണ്ണ-മനോ-രഥാഃ | : | ആഗ്രഹിച്ചതു മുഴുവൻ സാധിക്കാതെ |
| ആരാത് തിഷ്ഠന്തി തത് അപി | : | അടുത്തു നിൽക്കുന്നു |
| പരസ്പരം ലിഖിത-പ്രഖ്യൈഃ അംഗൈഃ ഉന്മുഖാ | : | പരസ്പരം അവയവങ്ങളെ ചിത്രം കാണുന്നതു പോലെ നോക്കുന്നു |
| നയന-നളിനീ-നാള-ആനീതം | : | കണ്ണുകളാകുന്ന താമരയുടെ നാളത്തിൽ നിന്നു വരുന്ന |
| രസം പിബന്തി | : | തേൻ മാത്രം കുടിക്കുന്നു |

**പരിഭാഷ:**

കൂലം കുത്തിയൊലിച്ച കാമനദിയിൽ പെട്ടെങ്കിലും സേതുവെ-
പ്പോലാ മൂത്ത ജനം തടഞ്ഞു വലയും തന്വംഗിയും കാന്തനും
മേലാതൊന്നിനുമന്നു മേനി പടമായ് കാണുന്നു, തേനുണ്ടിടാൻ
ചേലിൽ താമരനാളിപോൽ മിഴികളാൽ നോട്ടങ്ങളും മാത്രമായ്!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കൂലം കുത്തി ഒലിച്ച കാമ–നദി–യിൽ പെട്ട് എങ്കിലും സേതു–വെ പോലെ ആ മൂത്ത ജനം തടഞ്ഞു വലയും തന്വംഗി–യും കാന്തനും മേലാതെ ഒന്നിനും അന്നു മേനി പടം ആയ് കാണുന്നു, തേൻ ഉണ്ടിടാൻ ചേലിൽ താമര–നാളി പോൽ മിഴി–കൾ–ആൽ നോട്ടങ്ങൾ–ഉം മാത്രം ആയ്

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** അദ്ധാ കാമുകർ കാമകൌതുക...(പേജ് 180)

**മാനവിക്രമൻ:** കാമരസപ്പുഴതന്റെയൊഴുക്കു...(പേജ് 205)

## 3.61 നിശ്ശേഷച്യുതചന്ദനം.../തെല്ലും ചന്ദനമില്ല നിൻ...

വേമഭൂപാലൻ:61 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

നായകനെ കൂട്ടിക്കൊണ്ടുവരാൻ പോയിട്ട് അയാളോടു രതിയിലേർപ്പെട്ടിട്ടു തിരിച്ചു വന്ന ദൂതിയോടു നായിക പറയുന്നു.

**മൂലം:**

നിശ്ശേഷച്യുതചന്ദനം സ്തനതടം നിർമ്മൃഷ്ട രാഗോധരോ
നേത്രേ ദൂരമനഞ്ജനേ പുളകിതാ തന്വീ തവേയം തനുഃ
മിഥ്യാവാദിനി ദൂതി! ബാന്ധവജനസ്യാജ്ഞാതപീഡാഗമേ
വാപീം സ്നാതുമിതോ ഗതാസി ന പുനസ്തസ്യാധമസ്യാന്തികം. || 61 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നിസ്-ശേഷ-ച്യുത-ചന്ദനം സ്തന-തടം നിർ-മൃഷ്ട-രാഗ-അധരഃ നേത്രേ ദൂരം അനഞ്ജനേ പുളകിതാ തന്വീ തവ ഇയം തനുഃ മിഥ്യാ-വാദിനി ദൂതി ബാന്ധവ-ജനസ്യ അജ്ഞാത-പീഡാ-ആഗമേ വാപീം സ്നാതും ഇതഃ ഗതാ അസി ന പുനഃ തസ്യ അധമസ്യ അന്തികം

**അർത്ഥം:**

| | | |
|---|---|---|
| സ്തന-തടം നിശ്ശേഷ-ച്യുത-ചന്ദനം | : | നിന്റെ മുലത്തടത്തിൽ ചന്ദനം മൊത്തം പോയി |
| നിർ-മൃഷ്ട-രാഗ-അധരഃ | : | ചുണ്ടിലെ ചുവപ്പു പോയി |
| ദൂരം അനഞ്ജനേ നേത്രേ | : | രണ്ടു കണ്ണുകളും മഷിയില്ലാതായി |
| തവ ഇയം തനുഃ തന്വീ പുളകിതാ | : | നിന്റെ ഈ ശരീരമാകട്ടെ ക്ഷീണിച്ചും വിറച്ചും ആയി |
| മിഥ്യാ-വാദിനി ദൂതി | : | കള്ളം പറയുന്ന ദൂതീ |
| ബാന്ധവ-ജനസ്യ | : | അടുപ്പമുള്ളവർക്ക് |
| അ-ജ്ഞാത-പീഡ-ആഗമേ | : | ദുഃഖം വരുന്നത് അറിയാതെ |
| ഇതഃ വാപീം സ്നാതും ഗതാ അസി | : | ഇവിടെ നിന്ന് കുളത്തിൽ നീ കുളിക്കാൻ പോയി |
| പുനഃ ന തസ്യ അധമസ്യ അന്തികം | : | അല്ലാതെ ആ അധമന്റെ അടുത്തേയ്ക്കല്ല |

**പരിഭാഷ:**

തെല്ലും ചന്ദനമില്ല നിൻ മുലകളിൽ, ചോപ്പില്ല ചുണ്ടിങ്ക, ലൊ-
ട്ടില്ലാ കണ്മഷി കൺകളിൽ, പുളകിതം ക്ഷീണിച്ച നിൻ മേനിയും,
കള്ളം ചൊല്ലുവതെന്തു? ദൂതിനധമൻ കാന്തന്റടുത്തല്ല, പോയ്
വെള്ളത്തിൽ കുളിയായ് മദിച്ച സഖിയാമെൻ ദുഃഖമോർക്കാതെ നീ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** തെല്ലും ചന്ദനം ഇല്ല നിൻ മുല-കൾ-ഇൽ, ചോപ്പ് ഇല്ല ചുണ്ട്-ഇങ്കൽ, ഒട്ട് ഇല്ലാ കൺ-മഷി കൺ-കൾ-ഇൽ, പുളകിതം ക്ഷീണിച്ച നിൻ മേനി-യും, കള്ളം ചൊല്ലുവത് എന്ത്? ദൂതിന് അവിടെ ആ കോന്തന്റെ അടുത്ത് അല്ല, പോയ് വെള്ള-ത്തിൽ കുളിയായ് മദിച്ചു സഖിയാം എൻ ദുഃഖം ഓർക്കാതെ നീ!

(വ്യാഖ്യാനം പേജ് 161-ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** നഷ്ടം നിശ്ശേഷമായ് പോർ...(പേജ് 180)

**മാനവിക്രമൻ:** മാലേയം മാഞ്ഞു തീരേ...(പേജ് 205)

## 3.62 മ്ലാനം പാണ്ഡു കൃശം.../മങ്ങീട്ടും വിളറി...

വേമഭൂപാലൻ:62 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:102 അർജ്ജുനവർമ്മദേവൻ:88

പ്രവാസം കഴിഞ്ഞു നായകൻ തിരിച്ചെത്തിയപ്പോൾ നായികയ്ക്കുണ്ടായ വ്യത്യാസം നായകൻ കൂട്ടുകാരനോടു പറയുന്നു.

**മൂലം:**

മ്ലാനം പാണ്ഡു കൃശം വിലാസവിധുരം ലംബാളകം ചാലസം
ഭൂയസ്തത്ക്ഷണജാതകാന്തിമധുരം പ്രാപ്തേ മയി പ്രോഷിതേ
സാടോപം രതികേളിദത്തരഭസം രമ്യം കിമപ്യാദരാത്
പീതം യത് സുതനോർമ്മയാ മുഖമിദം തത് കേന വിസ്മാര്യതേ ‖ 62 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മ്ലാനം പാണ്ഡു കൃശം വിലാസ-വിധുരം ലംബ-അളകം ച അലസം ഭൂയഃ തത്-ക്ഷണ-ജാത-കാന്തി-മധുരം പ്രാപ്തേ മയി പ്രോഷിതേ സ-ആടോപം രതി-കേളി-ദത്ത-രഭസം രമ്യം കിം അപി ആദരാത് പീതം യത് സുതനോഃ മയാ മുഖം ഇദം തത് കേന വിസ്മാര്യതേ

**അർത്ഥം:**

| | | |
|---|---|---|
| മ്ലാനം പാണ്ഡു കൃശം വിലാസ-വിധുരം | : | മങ്ങി വിളറി ചടച്ച് സന്തോഷമില്ലാതെ |
| ലംബാളകം ച അലസം | : | തലമുടിയൊതുക്കാതെ ജീവനില്ലാതെ (ഇരുന്നതും) |
| പ്രോഷിതേ മയി പ്രാപ്തേ ഭൂയഃ | : | ദൂരദേശത്തു പോയ ഞാൻ മടങ്ങി വന്നപ്പോൾ |
| തത്-ക്ഷണ-ജാത-കാന്തി-മധുരം | : | വീണ്ടും പെട്ടെന്ന് ഉണ്ടായ ചന്തം നിറഞ്ഞതും |
| സ-ആടോപ രതി-കേളി-ദത്ത-രഭസം | : | അഭിമാനത്തോടെ രതികേളികൾക്കു തയ്യാറായും |
| കിം-അപി രമ്യം സുതനോഃ മുഖം | : | എന്തൊക്കെയോ രീതിയിൽ സുന്ദരവും ആയ പെണ്ണിന്റെ മുഖം |
| യത് മയാ ആദരാത് പീതം | : | താത്പര്യത്തോടെ ഞാൻ ആസ്വദിച്ചത് |
| തത് ഇദം കേന വിസ്മാര്യതേ | : | എങ്ങനെ മറക്കാൻ? |

**പരിഭാഷ:**

മങ്ങീട്ടും, വിളറിച്ചടച്ചു, മൊരു ചേലില്ലാതെയും, കുന്തളം
പൊങ്ങീട്ടും, ചിരി വിട്ടുമുള്ള മുഖമീ ഞാൻ ദൂരെ നിന്നെത്തവേ
തിങ്ങിക്കാന്തി കലർന്നു, മാ രതി കൊതി, ച്ചാഹ്ലാദമേറീടവേ
പൊങ്ങും കൗതുകമോടെ മുത്തിയതു ഞാനൊട്ടും മറക്കില്ലെടോ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മങ്ങീട്ട്-ഉം, വിളറി ചടച്ച്-ഉം, ഒരു ചേൽ ഇല്ലാതെ-യും കുന്തളം പൊങ്ങീട്ട്-ഉം, ചിരി വിട്ടും ഉള്ള മുഖം ഈ ഞാൻ ദൂരെ നിന്ന് എത്തവേ, തിങ്ങി കാന്തി കലർന്നും ആ രതി കൊതിച്ച്, ആഹ്ലാദം ഏറീടവേ പൊങ്ങും കൗതുകം ഓടെ മുത്തി-യതു ഞാൻ ഒട്ടും മറക്കില്ല എടോ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഒട്ടേറത്തട്ടി വാട്ടം...(പേജ് 180)

**മാനവിക്രമൻ:** പാടേ വാടി വിളർപ്പുചേർന്നു...(പേജ് 205)

## 3.63 ആയസ്താ കലഹം.../പണ്ടേപ്പോലെ വഴക്കിനില്ല...

വേമഭൂപാലൻ:63 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

കുപിതയായ നായികയെ ഉദ്ദേശിച്ച നായകൻ പറയുന്നു.

**മൂലം:**

ആയസ്താ കലഹം പുരേവ കുരുതേ ന സ്രംസനേ വാസസോ
ഭുഗ്നഭ്രൂരതിഖണ്ഡ്യമാനമധരം ധത്തേ ന കേശഗ്രഹേ
അംഗാന്യർപ്പയതി സ്വയം ഭവതി നോ വാമാ ഹഠാലിംഗനേ
തന്വ്യാ ശിക്ഷിത ഏഷ സംപ്രതി പുനഃ കോപപ്രകാരോऽപരഃ || 63 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആയസ്താ കലഹം പുരാ ഏവ കുരുതേ ന സ്രംസനേ വാസസഃ ഭുഗ്ന–ഭ്രൂഃ അതി–ഖണ്ഡ്യ–മാനം അധരം ധത്തേ ന കേശ–ഗ്രഹേ അംഗാനി അർപ്പയതി സ്വയം ഭവതി നോ വാമാ ഹഠ–ആലിംഗനേ തന്വ്യാ ശിക്ഷിതഃ ഏഷ സമ്പ്രതി പുനഃ കോപ–പ്രകാരഃ അപരഃ

**അർത്ഥം:**

| | | |
|---|---|---|
| ആയസ്താ പുരാ ഇവ | : | ബുദ്ധിമുട്ടി പഴയതു പോലെ |
| വാസസഃ സ്രംസനേ കലഹം ന കുരുതേ | : | വസ്ത്രമഴിക്കുമ്പോൾ വഴക്കുണ്ടാക്കുന്നില്ല |
| കേശ-ഗ്രഹേ ഭുഗ്ന-ഭ്രൂഃ | : | തലമുടിയിൽ പിടിക്കുമ്പോൾ പുരികം വളയ്ക്കുകയോ |
| അതി-ഖണ്ഡ്യ-മാനം അധരം ന ധത്തേ | : | ചുണ്ട് നന്നായി കടിക്കുകയോ ചെയ്യുന്നില്ല |
| ഹഠ-ആലിംഗനേ വാമാ നോ ഭവതി | : | ആഞ്ഞു കെട്ടിപ്പിടിച്ചാൽ ദേഷ്യപ്പെടുന്നില്ല |
| അംഗാനി സ്വയം അർപ്പയതി | : | തന്നത്താനെ അവയവങ്ങളെ സമർപ്പിക്കുന്നു |
| സമ്പ്രതി പുനഃ തന്വ്യാ ഏഷഃ | : | ഇപ്പോൾ യുവതി ഇങ്ങനെയൊക്കെ |
| കോപപ്രകാരഃ ശിക്ഷിതഃ | : | ദേഷ്യം കാണിക്കാൻ പഠിച്ചു |

**പരിഭാഷ:**

പണ്ടേപ്പോലെ വഴക്കിനില്ല തുണിയൂരുമ്പോൾ; കടിക്കില്ല തൻ
ചുണ്ട, ത്തപ്പുരികത്തിനില്ലൊരൊടിവും കേശം പിടിച്ചീടവേ;
ദണ്ഡം വിട്ടുടലേകിടുന്നു ദൃഢമായ് കെട്ടിപ്പിടിച്ചീടിലും;
ശണ്ഠയ്ക്കിന്നിതു പോൽ പഠിച്ച പുതുതാം വേലത്തരം തയ്യലാൾ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പണ്ടേ–പോലെ വഴക്കിന് ഇല്ല തുണി ഊരുമ്പോൾ; കടിക്കില്ല തൻ ചുണ്ടത്ത്; ആ പുരികത്തിന് ഇല്ല ഒരു ഇടിവും കേശം പിടിച്ചീടവേ; ദണ്ഡം വിട്ട് ഉടൽ ഏകിടുന്നു ദൃഢം ആയ് കെട്ടി–പിടിച്ചീടിലും; ശണ്ഠയ്ക്ക് ഇന്ന് ഇതു പോൽ പഠിച്ച പുതുതാം വേല–തരം തയ്യലാൾ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** മുന്നേപ്പോൽ മുണ്ടഴിക്കും...(പേജ് 180)

**മാനവിക്രമൻ:** പണ്ടേപ്പോൽ മുണ്ടഴിക്കുന്നളവു...(പേജ് 206)

## 3.64 ചിന്താമോഹനിബദ്ധ്യമാന…/വീണു കാൽക്കലവൻ…

വേമഭൂപാലൻ:64 രവിചന്ദ്രൻ:90 രുദ്രമദേവകുമാരൻ:101 അർജ്ജുനവർമ്മദേവൻ:87

പറഞ്ഞുവിട്ട ചതിയനായ നായകൻ പോകാൻ ഭാവിച്ചപ്പോൾ നായിക ചെയ്തതു്:

**മൂലം:**

ചിന്താമോഹനിബദ്ധ്യമാനമനസാ മൗനേന പാദാനതഃ
പ്രത്യാഖ്യാതപരാങ്മുഖഃ പ്രിയതമോ ഗന്തും പ്രവൃത്തശ്ശഠഃ
സവ്രീളൈരലസൈർന്നിരന്തരലുഠദ്ബാഷ്പാകുലൈരീക്ഷണൈ-
സ്തന്വ്യംഗ്യാ സ പുനസ്തയാ തരളയാ തത്രാന്തരേ വാരിതഃ ‖ 64 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ചിന്താ–മോഹ–നിബദ്ധ്യ–മാന–മനസാ മൗനേന പാദ–ആനതഃ പ്രതി–ആഖ്യാത–പരാങ്–മുഖഃ പ്രിയ–തമഃ ഗന്തും പ്രവൃത്തഃ ശഠഃ സ–വ്രീളൈഃ അലസൈഃ നിരന്തര–ലുഠത്–ബാഷ്പ–ആകുലൈഃ ഈക്ഷണൈഃ തന്വ്യംഗ്യാ സ പുനഃ തയാ തരളയാ തത്ര അന്തരേ വാരിതഃ

**അർത്ഥം:**

| | |
|---|---|
| ശഠഃ പ്രിയതമഃ പാദ-ആനതഃ | : കാൽക്കൽ വീണ ചതിയനായ പ്രിയതമനോടു് |
| ചിന്താ-മോഹ-നിബദ്ധ്യ-മാന-മനസാ | : ചിന്തയാലുള്ള മോഹം കൊണ്ടു ബന്ധിക്കപ്പെട്ട മനസ്സോടെ |
| മൗനേന പ്രതി-ആഖ്യാത-പരാങ്-മുഖഃ | : മിണ്ടാതിരുന്നതു മൂലം അവൻ ഒന്നും പറയാതെ മുഖം തിരിച്ചു് |
| ഗന്തും പ്രവൃത്തഃ തത്ര അന്തരേ | : പോകാനൊരുങ്ങിയ ആ അവസരത്തിൽ |
| തരളയാ സ-വ്രീളൈഃ അലസൈഃ | : അധീരവും നാണം നിറഞ്ഞതും അലസവും |
| നിരന്തര-ലുഠത്-ബാഷ്പ-ആകുലൈഃ ഈക്ഷണൈഃ | : കണ്ണുനീർ നിർത്താതെ ഒഴുകുന്നതുമായ കണ്ണുകളാൽ |
| തയാ തന്വംഗ്യാ പുനഃ സഃ വാരിതഃ | : ആ യുവതി അവനെ പിന്നെയും തിരിച്ചു കൊണ്ടു വന്നു |

**പരിഭാഷ:**

വീണു കാൽക്കലവൻ, മനസ്സിലുഴറും മോഹത്തിനാൽ തന്വി തൻ
മൗനത്താലെ മുഖം തിരിച്ചു ചതിയൻ പോകാനൊരുങ്ങീടവേ
നാണം പൂണ്ടുമധീരമായലസമായ് നിർത്താതെ നീർ വാർന്നിടും
ചേണോലും നയനങ്ങളാലവൾ വിളിച്ചീടുന്നു ജീവേശനെ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വീണു കാൽക്കൽ അവൻ, മനസ്സിൽ ഉഴറും മോഹത്തിനാൽ തന്വി തൻ മൗനത്താലെ മുഖം തിരിച്ചു ചതിയൻ പോകാൻ ഒരുങ്ങീടവേ നാണം പൂണ്ടും അധീരം ആയ് അലസം ആയ് നിർത്താതെ നീർ വാർന്നിടും ചേണ് ഓലും നയനങ്ങളാൽ അവൾ വിളിച്ചീടുന്നു ജീവ–ഈശനെ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പ്രാണപ്രേഷ്ഠൻ പ്രണാമത്തെയും…(പേജ് 181)

**മാനവിക്രമൻ:** കാന്തൻ കാൽക്കൽ നമിക്കവേ…(പേജ് 206)

## 3.65 ക്വചിത്താംബൂലാക്തഃ.../മുറുക്കും ചുണ്ടിൻ പാട്...

വേമഭൂപാലൻ:65 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

രതിക്രീഡയ്ക്കു ശേഷമുള്ള കിടക്കയുടെ വർണ്ണന.

**മൂലം:**

ക്വചിത്താംബൂലാക്തഃ ക്വചിദഗുരുപങ്കാങ്കമലിനഃ
ക്വചിച്ചൂർണ്ണോദ്ഗാരീ ക്വചിദപി ച സാലക്തകപദഃ
വലീഭംഗാഭോഗൈരളകപതിതൈശ്ശീർണ്ണകുസുമൈഃ
സ്ത്രീയാ നാനാവസ്ഥം പ്രഥയതി രതം പ്രച്ഛദപടഃ ‖ 65 ‖

ശിഖരിണി

**പദച്ഛേദം:** ക്വചിത് താംബൂല–അക്തഃ ക്വചിത് അഗുരു–പങ്ക–അങ്ക–മലിനഃ ക്വചിത് ചൂർണ്ണ–ഉദ്ഗാരി ക്വചിത് അപി സാലക്തക–പദഃ വലീ–ഭംഗ–ആഭോഗൈഃ അളക–പതിതൈഃ ശീർണ്ണ–കുസുമൈഃ സ്ത്രീയാ നാനാ–അവസ്ഥം പ്രഥയതി രതം പ്രച്ഛദ–പടഃ

**അർത്ഥം:**

| | | |
|---|---|---|
| ക്വചിത് താംബൂല-അക്തഃ | : | ചിലേടത്തു മുറുക്കാന്റെ പാടു പുരണ്ടും |
| ക്വചിത് അഗുരു-പങ്ക-അങ്ക-മലിനഃ | : | ചിലേടം ചന്ദനക്കുഴമ്പിന്റെ പാടു കൊണ്ടു മലിനവും |
| ക്വചിത് ചൂർണ്ണ-ഉദ്ഗാരി | : | ചിലേടത്തു പൊടികൾ പുരണ്ടും |
| ക്വചിത് അപി സാലക്തക-പദഃ | : | ചിലേടത്തു ചെമ്പഞ്ഞിച്ചാറു പുരണ്ട കാലടിപ്പാടുകൾ പതിഞ്ഞും |
| വലീ-ഭംഗ-ആഭോഗൈഃ | : | ആകെ ചുളുങ്ങിയും മടങ്ങിയും |
| അളക-പതിതൈഃ ശീർണ്ണ-കുസുമൈഃ | : | മുടിയിൽ നിന്നു ചിതറിയ പൂവുകൾ നിറഞ്ഞതുമായ |
| പ്രച്ഛദ-പടഃ | : | കിടക്കവിരിപ്പ് |
| സ്ത്രീയാഃ നാനാ-അവസ്ഥം രതം പ്രഥയതി | : | പെണ്ണിന്റെ പല തരത്തിലുള്ള രതിയെ വെളിവാക്കുന്നു |

**പരിഭാഷ:**

മുറുക്കും ചുണ്ടിൻ പാടൊരിട, മൊരിടം ചന്ദനമിഴി-
ഞ്ഞഴക്കായ് ചൂർണ്ണം കൊണ്ടൊരിടവു, മടിച്ചായമൊരിടം,
മടക്കും മൊത്തത്തിൽ ചുളിവു, മളകം വിട്ട സുമവും
വെളിയ്ക്കാക്കീ പെണ്ണിൻ സുരതവിവിധാവസ്ഥ വിരിയിൽ.

ശിഖരിണി

**പദച്ഛേദം:** മുറുക്കും ചുണ്ടിൻ പാട് ഒരിടം, ഒരിടം ചന്ദനം ഇഴിഞ്ഞു അഴക്കായ് ചൂർണ്ണം കൊണ്ട് ഒരിടവും, അടി–ച്ചായം ഒരിടം, മടക്കും മൊത്തത്തിൽ ചുളിവും, അളകം വിട്ട സുമവും വെളിയ്ക്കാക്കീ പെണ്ണിൻ സുരത–വിവിധ–അവസ്ഥ വിരിയിൽ

(വ്യാഖ്യാനം പേജ് 161–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** വീടിച്ചെഞ്ചാറുചേർന്നിട്ട്...(പേജ് 181)

**മാനവിക്രമൻ:** എണ്ണം പോൽ വെറ്റിലച്ചാർ...(പേജ് 206)

## 3.66 അഹം തേനാഹ്ദതാ കിമപി.../നിന്നോടൊന്നു പറഞ്ഞിടേണം...

വേമഭൂപാലൻ:66 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:112 അർജ്ജുനവർമ്മദേവൻ:98

മുഗ്ദ്ധയായ നായികയെ നായകൻ പറഞ്ഞു പറ്റിച്ചതു നായിക തോഴിയോടു പറയുന്നു.

**മൂലം:**

> അഹം തേനാഹ്ദതാ "കിമപി കഥയാമീ"തി വിജനേ
> സമീപേ ചാസീനാ സരളഹൃദയത്വാദവഹിതം
> തതഃ കർണ്ണോപാന്തേ കിമപി വദതാഘ്രായ വദനം
> ഗൃഹീത്വാ ധമ്മില്ലം മമ സഖി നിപീതോഽധരരസഃ ‖ 66 ‖

ശിഖരിണി

**പദച്ഛേദം:** അഹം തേന ആഹ്ദതാ കിം–അപി കഥയാമി ഇതി വിജനേ സമീപേ ച ആസിനാ സരളഹൃദയ ത്വാത് അവഹിതം തതഃ കർണ്ണ–ഉപാന്തേ കിം–അപി വദത് ആഘ്രായ വദനം ഗൃഹീത്വാ ധമ്മില്ലം മമ സഖി നിപീതഃ അധര–രസഃ

**അർത്ഥം:**

| | | |
|---|---|---|
| "കിം-അപി കഥയാമി" ഇതി | : | "ഒരുട്ടം പറയാനുണ്ട്" എന്നു പറഞ്ഞു് |
| വിജനേ തേന ആഹ്ദതാ | : | അവൻ (എന്നെ) ആളില്ലാത്ത സ്ഥലത്തേയ്ക്കു വിളിച്ചു |
| അഹം സരളഹൃദയത്വാത് | : | ഞാൻ ശുദ്ധഹൃദയത്തോടു കൂടി |
| സമീപേ അവഹിതം ആസീനാ | : | അവന്റെ അടുത്തു് ശ്രദ്ധയോടെ ഇരുന്നു. |
| തതഃ കർണ്ണ-ഉപാന്തേ കിം-അപി വദത് | : | പിന്നീടു് ചെവിയുടെ അടുത്തു് എന്തോ പറഞ്ഞു് |
| വദനം ആഘ്രായ | : | മുഖം മണപ്പിച്ച് |
| മമ ധമ്മില്ലം ഗൃഹീത്വാ | : | എന്റെ മുടിക്കെട്ടിൽ പിടിച്ച് |
| സഖി | : | തോഴീ |
| അധര-രസഃ നിപീതഃ | : | എന്റെ ചുണ്ടിലെ രസം അവൻ കുടിച്ചു |

**പരിഭാഷ:**

> "നിന്നോടൊന്നു പറഞ്ഞിടേണ"മിതു ചൊന്നാൾ വിട്ടിടത്തായ് വിളി-
> ച്ചെന്നെ, പൊട്ടിയെ; ഞാനവന്റെയരികിൽ ശ്രദ്ധിച്ചിരുന്നൂ സഖീ;
> എന്തോ കാതിലുരച്ചിട്ടും പടി മണപ്പിച്ചു മുഖം, കുന്തളം
> പിന്നെച്ചേർത്തു പിടിച്ചു വായ്മലരിലെത്തേനും നുകർന്നീടിനാൻ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നിന്നോട് ഒന്നു പറഞ്ഞിടേണം" ഇതു ചൊന്ന് ആൾ വിട്ട ഇടത്ത് ആയ് വിളിച്ചു എന്നെ, പൊട്ടിയെ; ഞാൻ അവന്റെ അരികിൽ ശ്രദ്ധിച്ച് ഇരുന്നു സഖീ; എന്തോ കാതിൽ ഉരച്ചിട്ടും പടി മണപ്പിച്ചു മുഖം, കുന്തളം പിന്നെ ചേർത്തു പിടിച്ചു വായ്-മലരിലെ തേനും നുകർന്നീടിനാൻ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ചൊല്ലാനുണ്ടൊരു കാര്യമിങ്ങു...(പേജ് 181)

**മാനവിക്രമൻ:** ഒന്നുണ്ടിങ്ങുരചെയ്യുവാൻ വരിക...(പേജ് 206)

## 3.67 പുഷ്പോൽഭേദമവാപ്യ.../പൂന്തേൻ വാണി തൊടായ്മ...

വേമഭൂപാലൻ:67 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

അടുത്തു വരാൻ പറ്റാത്ത നായികയോടു നായകന്റെ ചേഷ്ടകൾ.

**മൂലം:**

പുഷ്പോദ്ഭേദമവാപ്യ കേളിശയനാദ്ദൂരസ്ഥയാ ചുംബനേ
കാന്തേന സ്ഫുരിതാധരേണ നിഭൃതം ഭ്രൂസംജ്ഞയാ യാചിതേ
ആച്ഛാദ്യ സ്മിതപൂർണ്ണഗണ്ഡഫലകം ചേലാഞ്ചലേനാനനം
മന്ദാന്ദോളിതകുണ്ഡലസ്തബകയാ തന്വ്യാ വിധൂതം ശിരഃ || 67 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പുഷ്പ–ഉദ്ഭേദം അവാപ്യ കേളി–ശയനാത് ദൂരസ്ഥയാ ചുംബനേ കാന്തേന സ്ഫുരിത–അധരേണ നിഭൃതം ഭ്രൂ–സംജ്ഞയാ യാചിതേ ആച്ഛാദ്യ സ്മിത–പൂർണ്ണ–ഗണ്ഡ–ഫലകം ചേലാ–അഞ്ചലേന ആനനം മന്ദ–ആന്ദോളിത–കുണ്ഡല–സ്തബകയാ തന്വ്യാ വിധൂതം ശിരഃ

**അർത്ഥം:**

| | |
|---|---|
| പുഷ്പ-ഉദ്ഭേദം അവാപ്യ | : പുഷ്പിണിയായപ്പോൾ |
| കേളി-ശയനാത് ദൂരസ്ഥയാ (നായികയാ) | : കിടപ്പറയിൽ നിന്നു ദൂരെപ്പോയ നായികയോട് |
| സ്ഫുരിത-അധരേണ കാന്തേന | : തുടിക്കുന്ന ചുണ്ടുകളുള്ള നായകൻ |
| നിഭൃതം ഭ്രൂ-സംജ്ഞയാ യാചിതേ | : പതുക്കെ പുരികം ഇളക്കി ചോദിക്കുമ്പോൾ |
| സ്മിത-പൂർണ്ണ-ഗണ്ഡ-ഫലകം ആനനം | : ചിരി നിറഞ്ഞ കവിൾത്തടങ്ങളുള്ള മുഖം |
| ചേലാ-അഞ്ചലേന ആച്ഛാദ്യ | : വസ്ത്രത്തുമ്പു കൊണ്ടു മറച്ചിട്ട് |
| മന്ദ-ആന്ദോളിത-കുണ്ഡല-സ്തബകയാ തന്വ്യാ | : പതുക്കെ ആടുന്ന കർണ്ണാഭരണങ്ങളുമായി യുവതി |
| വിധൂതം | : നിഷേധാർത്ഥത്തിൽ ആട്ടുന്നു |

**പരിഭാഷ:**

പൂന്തേൻ വാണി തൊടായ്മയായരികിൽ വന്നീടാത്ത നേരത്തു താൻ
കാന്തൻ തന്നുടെ ചുണ്ടിലുമ്മ തരുവാനായ് കണ്ണു കാണിക്കവേ,
താൻ തന്നേ ചിരി തൂകി, യംശുകമെടുത്താസ്യം മറ, "ച്ചില്ലെടാ
കോന്താ" യെന്നു കുലുക്കിനാൾ തലയവൾ, തൻ കമ്മലാട്ടും വിധം.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പൂം–തേൻ വാണി തൊടായ്മ ആയ് അരികിൽ വന്നീടാത്ത നേരത്തു താൻ കാന്തൻ തന്നുടെ ചുണ്ടിൽ ഉമ്മ തരുവാൻ ആയ് കണ്ണു കാണിക്കവേ, താൻ തന്നേ ചിരി തൂകി, അംശുകം എടുത്ത് ആസ്യം മറച്ച്"ഇല്ല എടാ കോന്താ" എന്നു കുലുക്കിനാൾ തല അവൾ, തൻ കമ്മൽ ആട്ടും വിധം

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വണ്ടാർ പൂവണിവേണി കേളി...(പേജ് 181)

**മാനവിക്രമൻ:** തീണ്ടാർന്നോരവൾ ശയ്യ...(പേജ് 207)

## 3.68 ക്വ പ്രസ്ഥിതാസി കരഭോരു.../ഈ രാവിലീയിരുളിലെങ്ങു...

വേമഭൂപാലൻ:68 രവിചന്ദ്രൻ:69 രുദ്രമദേവകുമാരൻ:85 അർജ്ജുനവർമ്മദേവൻ:71

രാത്രി നായകനെ കാണാൻ പോകുന്ന നായികയും തോഴിയുമായുള്ള സംഭാഷണം.

**മൂലം:**

"ക്വ പ്രസ്ഥിതാസി കരഭോരു ഘനേ നിശിഥേ?"
"പ്രാണേശ്വരോ വസതി യത്ര മനഃപ്രിയോ മേ"
"ഏകാകിനീ വദ കഥം ന ബിഭേഷി ബാലേ?"
"നന്വസ്തി പുങ്ഖിതശരോ മദനസ്സഹായഃ" ‖ 68 ‖

വസന്തതിലകം

**പദച്ഛേദം:** ക്വ പ്രസ്ഥിതാ അസി കരഭ–ഊരു ഘനേ നിശിഥേ പ്രാണേശ്വരഃ വസതി യത്ര മനഃ–പ്രിയഃ മേ ഏകാകിനീ വദ കഥം ന ബിഭേഷി ബാലേ നനു അസ്തി പുങ്ഖിത–ശരഃ മദനഃ സഹായഃ

**അർത്ഥം:**

| | | |
|---|---|---|
| "കരഭോരു | : | "സുന്ദരീ |
| ഘനേ നിശിഥേ ക്വ പ്രസ്ഥിതാ അസി?" | : | ഇരുൾ മൂടിയ രാത്രിയിൽ (നീ) എവിടെ പോകുന്നു?" |
| "യത്ര മേ മനഃ-പ്രിയഃ പ്രാണേശ്വരഃ | : | "എന്റെ മനസ്സിനിണങ്ങിയ പ്രാണേശ്വരൻ |
| വസതി (തത്ര)" | : | താമസിക്കുന്ന സ്ഥലത്തേക്ക്" |
| "ബാലേ കഥം ഏകാകിനീ | : | "പെണ്ണേ, നീ എന്താണ് ഒറ്റയ്ക്കു പോകുന്നത്? |
| ന ബിഭേഷി?" | : | നിനക്കു പേടിയില്ലേ?" |
| "പുങ്ഖിത-ശരഃ മദനഃ | : | "ഞുവൽ പിടിപ്പിച്ച അമ്പുമായി കാമദേവൻ |
| നനു സഹായ അസ്തി" | : | സഹായത്തിനുണ്ടല്ലോ" |

**പരിഭാഷ:**

"ഈ രാവിലീയിരുളിലെങ്ങു ഗമിപ്പു പെണ്ണേ?"
"ആ രാഗലോലനുടെ വീടതിൽ;" "നിന്റെ കൂടെ
ആരോരുമില്ല, തവ പേടിയിരിപ്പതില്ലേ?"
"മാരൻ കുലച്ച ധനുവേന്തി നടപ്പു കൂടെ."

വസന്തതിലകം

**പദച്ഛേദം:** "ഈ രാവിൽ ഈ ഇരുളിൽ എങ്ങു ഗമിപ്പു പെണ്ണേ?" "ആ രാഗ–ലോലൻ–ഉടെ വീട് അതിൽ;" "നിന്റെ കൂടെ ആരോരും ഇല്ല, തവ പേടി ഇരിപ്പത് ഇല്ലേ?" "മാരൻ കുലച്ച ധനു ഏന്തി നടപ്പു കൂടെ"

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കനത്ത നട്ടരാവിലെങ്ങു...(പേജ് 182)

**മാനവിക്രമൻ:** അല്ലേ പോകുന്നതെങ്ങാണയി...(പേജ് 207)

## 3.69 ലോലഭ്രൂലതയാ വിപക്ഷദി.../വേറേ പെണ്ണിനു കാട്ടവേ...

വേമഭൂപാലൻ:69 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:97 അർജ്ജുനവർമ്മദേവൻ:83

മുതിർന്നവർക്കു മുന്നിൽ വച്ചു നായികാനായകന്മാർ തമ്മിൽ ആംഗ്യഭാഷയിൽ സംസാരിച്ചതു്:

**മൂലം:**

ലോലഭ്രൂലതയാ വിപക്ഷദിഗുപന്യാസേ വിധൂതം ശിര-
സ്തദ്വൃത്താന്തവിദീക്ഷണേ കൃതനമസ്കാരോ വിലക്ഷഃ സ്ഥിതഃ
ഈഷത്താമ്രകപോലകാന്തിനി മുഖേ ദൃഷ്ട്യാ നതഃ പാദയോ-
രുത്സൃഷ്ടോ ഗുരുസന്നിധാവപി വിധിർദ്വാഭ്യാം ന കാലോചിതഃ || 69 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ലോല-ഭ്രൂ-ലതയാ വിപക്ഷ-ദിക്-ഉപന്യാസേ വിധൂതം ശിരഃ തത്-വൃത്താന്ത-വിത് ഈക്ഷണേ കൃത-നമസ്കാരഃ വിലക്ഷഃ സ്ഥിതഃ ഈഷത്-താമ്ര-കപോല-കാന്തിനി മുഖേ ദൃഷ്ട്യാ നതഃ പാദയോഃ ഉത്-സൃഷ്ടഃ ഗുരു-സന്നിധൗ അപി വിധിഃ ദ്വാഭ്യാം ന കാല-ഉചിതഃ

**അർത്ഥം:**

| | | |
|---|---|---|
| ലോല-ഭ്രൂ-ലതയാ വിപക്ഷ-ദിക്-ഉപന്യാസേ | : | പുരികം കൊണ്ട് വേറേ പെണ്ണിന്റെ ദിക്കിലേക്കു സൂചന കാട്ടിയപ്പോൾ |
| ശിരഃ വിധൂതം | : | (നിഷേധാർത്ഥത്തിൽ) തലയാട്ടി |
| തത്-വൃത്താന്ത-വിത് ഈക്ഷണേ | : | ആ കാര്യം അറിയാവുന്നവർ നോക്കിയപ്പോൾ |
| കൃത-നമസ്കാരഃ വിലക്ഷഃ സ്ഥിതഃ | : | നമസ്കരിക്കുന്ന മട്ടിൽ പൊട്ടൻ കളിച്ചു നിന്നു |
| ഈഷത്-താമ്ര-കപോല-കാന്തിനി മുഖേ | : | മുഖത്തു് (ദേഷ്യം കൊണ്ട്) കവിളുകൾ അല്പം ചുവന്നപ്പോൾ |
| ദൃഷ്ട്യാ പാദയോഃ നതഃ | : | കണ്ണുകൾ (അവളുടെ) പാദങ്ങളിലേയ്ക്കു താഴ്ത്തി |
| ദ്വാഭ്യാം ഗുരു-സന്നിധൗ | : | രണ്ടു പേരും പ്രായമായവരുടെ മുന്നിലും |
| കാല-ഉചിതഃ വിധിഃ ന ഉത്-സൃഷ്ടഃ | : | സമയോചിതമായ പ്രവൃത്തിയെ കൈവിട്ടില്ല |

**പരിഭാഷ:**

വേറേ പെണ്ണിനു കാട്ടവേ പുരിക, മല്ലെന്നായ് ശിരസ്സാട്ടിനാൻ;
ഓരുന്നോരുടെ നോട്ടമേറ്റു വലയും നേരം മുഖം താഴ്ത്തിനാൻ;
താരേശാഭമുഖം ചുവന്ന പൊഴുതിൽ പാദങ്ങളിൽ നോക്കിനാൻ;
ഓരോ ചേഷ്ട മുതിർന്നവർക്കിടയിലായക്കാന്തരൊപ്പിക്കയായ്!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വേറേ പെണ്ണിനു കാട്ടവേ പുരികം, അല്ല എന്ന് ആയ് ശിരസ്സ് ആട്ടിനാൻ; ഓരുന്നോർ മനം എന്നു കൺ-കൾ പറയും നേരം മുഖം താഴ്ത്തിനാൾ; താര-ഈശ-ആഭ-മുഖം ചുവന്ന പൊഴുതിൽ പാദങ്ങളിൽ നോക്കിനാൻ; ഓരോ ചേഷ്ട മുതിർന്നവർക്ക് ഇടയിൽ ആയ് ആ കാന്തർ ഒപ്പിക്കയായ്!

(വ്യാഖ്യാനം പേജ് 162-ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** അന്യസ്ത്രീദിക്കിലേക്കായ്...(പേജ് 182)

**മാനവിക്രമൻ:** മറ്റേപ്പെൺ വീട്ടിലേക്കായ്...(പേജ് 207)

## 3.70 ദൃഷ്ടഃ കാതരനേത്രയാ.../കത്തും ഏത്തൊട്ടു നോക്കി...

വേമഭൂപാലൻ:70 രവിചന്ദ്രൻ:79 രുദ്രമദേവകുമാരൻ:99 അർജ്ജുനവർമ്മദേവൻ:85

പ്രണയകലഹത്തിൽ പോകാൻ ഭാവിച്ച നായകനോടു നായികയുടെ പ്രവൃത്തി:

**മൂലം:**

ദൃഷ്ടഃ കാതരനേത്രയാ ചിരതരം ബദ്ധ്വാഞ്ജലിം യാചിതഃ
പശ്ചാദംശുകപല്ലവേ ച വിധൃതോ നിർവ്യാജമാലിംഗിതഃ
ഇത്യാക്ഷിപ്യ സമസ്തമേവമഘൃണോ ഗന്തും പ്രവൃത്തശ്ശഠഃ
പൂർവം പ്രാണപരിഗ്രഹോ ദയിതയാ മുക്തസ്തതോ വല്ലഭഃ || 70 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദൃഷ്ടഃ കാതര–നേത്രയാ ചിര–തരം ബദ്ധ്വാ അഞ്ജലിം യാചിതഃ പശ്ചാത് അംശുക–പല്ലവേ ച വിധൃതഃ നിർവ്യാജം ആലിംഗിതഃ ഇതി ആക്ഷിപ്യ സമസ്തം ഏവം അഘൃണഃ ഗന്തും പ്രവൃത്തഃ ശഠഃ പൂർവം പ്രാണ–പരിഗഹഃ ദയിതയാ മുക്തഃ തതഃ വല്ലഭഃ

**അർത്ഥം:**

| | | |
|---|---|---|
| കാതര-നേത്രയാ ചിര-തരം ദൃഷ്ടഃ | : | അവൾ അവനെ ഒരുപാടു നേരം ദയനീയമായി നോക്കി |
| അഞ്ജലിം ബദ്ധ്വാ യാചിതഃ | : | കൈ കൂപ്പി യാചിച്ചു |
| പശ്ചാത് അംശുക-പല്ലവേ വിധൃതഃ | : | പിന്നീട് വസ്ത്രത്തിന്റെ അറ്റത്തു പിടിച്ചു തൂങ്ങി |
| നിർ-വ്യാജം ആലിംഗിതഃ | : | ഒരു കാപട്യവുമില്ലാതെ കെട്ടിപ്പിടിച്ചു |
| ഇതി സമസ്തം ആക്ഷിപ്യ ഏവം | : | ഇതെല്ലാം നിരസിച്ചിട്ട് ഇങ്ങനെയുള്ള |
| ശഠഃ അഘൃണഃ ഗന്തും പ്രവൃത്തഃ | : | ആ ചതിയനും നിർദ്ദയനുമായ പ്രിയൻ പോകാൻ തുനിഞ്ഞപ്പോൾ |
| തയാ പൂർവ്വം പ്രാണ-പരിഗ്രഹഃ മുക്തഃ | : | അവൾക്ക് ആദ്യം ജീവിതത്തിലുള്ള ആഗ്രഹം ഇല്ലാതെയായി |
| തതഃ വല്ലഭഃ (മുക്തഃ) | : | പിന്നീട് ഭർത്താവിലും. |

**പരിഭാഷ:**

കത്തും ഏത്തൊട്ടു നോക്കിയേറെ സമയം, കൈ കൂപ്പി യാചിയ്ക്കയായ്,
വസ്ത്രാഗ്രം പിടി വിട്ടിടാതെയവൾ നിർവ്യാജം പുണർന്നീടിനാൾ,
നിർദ്ദാക്ഷിണ്യമിതൊക്കെ വിട്ടു ചതിയൻ പോകാൻ തുനിഞ്ഞീടവേ
മുക്തം പ്രാണനിലാദ്യമാഗ്രഹമവൾ, ക്കക്കാന്തനിൽ പിന്നെയും.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കത്തും ഏത്ത്–ഒട്ടു നോക്കി ഏറെ സമയം, കൈ കൂപ്പി യാചിക്ക ആയ്, വസ്ത്ര–അഗ്രം പിടി വിട്ടിടാതെ അവൾ നിർ–വ്യാജം പുണർന്നീടിനാൾ, നിർ–ദാക്ഷിണ്യം ഇത് ഒക്കെ വിട്ടു ചതിയൻ പോകാൻ തുനിഞ്ഞീടവേ മുക്തം പ്രാണനിൽ ആദ്യം ആഗ്രഹം അവൾക്ക് ആ കാന്തനിൽ പിന്നെയും

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഏണാക്ഷീ നോക്കി ദീനാ...(പേജ് 182)

**മാനവിക്രമൻ:** നന്നേപ്പേടികലർന്നു നോക്കി...(പേജ് 207)

## 3.71 ലാക്ഷാലക്ഷ്മ ലലാട.../മൈയാകെപ്പടരും മുഖം...

വേമഭൂപാലൻ:71 രവിചന്ദ്രൻ:88 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:60

മറ്റൊരു പെണ്ണിന്റെ കൂടെ രാത്രി കഴിച്ചു കൂട്ടിയതിനു ശേഷം രാവിലെ എത്തിയ നായകനെ കണ്ട നായികയുടെ പ്രതികരണം.

**മൂലം:**

ലാക്ഷാലക്ഷ്മ ലലാടപട്ടമഭിതഃ കേയൂരമുദ്രാ ഗളേ
വക്ത്രേ കജ്ജള-കാളിമാ നയനയോസ്താംബൂലരാഗോപരഃ
ദൃഷ്ട്വാ കോപവിധായി മണ്ഡനമിദം പ്രാതശ്ചിരം പ്രേയസോ
ലീലാതാമരസോദരേ മൃഗദൃശശ്ശ്വാസാസ്സമാപ്തിം ഗതാഃ ‖ 71 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ലാക്ഷാ–ലക്ഷ്മ ലലാട–പട്ടം അഭിതഃ കേയൂര–മുദ്രാ ഗളേ വക്ത്രേ കജ്ജള–കാളിമാ നയനയോഃ താംബൂല–രാഗഃ അപരഃ ദൃഷ്ട്വാ കോപവിധായി മണ്ഡനം ഇദം പ്രാതഃ ചിരം പ്രേയസഃ ലീലാ–താമരസ–ഉദരേ മൃഗദൃശഃ ശ്വാസാഃ സമാപ്തിം ഗതഃ

**അർത്ഥം:**

| | | |
|---|---|---|
| ലലാട-പട്ടം അഭിതഃ ലാക്ഷാ-ലക്ഷ്മ | : | നെറ്റിയിൽ ചെമ്പഞ്ഞിച്ചാറ് |
| ഗളേ കേയൂര-മുദ്രാ | : | കഴുത്തിൽ വളയുടെ പാട്ട് |
| വക്ത്രേ കജ്ജള-കാളിമാ | : | മുഖത്ത് കണ്മഷിയുടെ കറുപ്പുനിറം |
| അപരഃ നയനയോഃ താംബൂല-രാഗഃ | : | കൂടാതെ കണ്ണുകളിൽ താംബൂലത്തിന്റെ ചുവപ്പുനിറം |
| പ്രാതഃ പ്രേയസഃ ഇദം | : | രാവിലെ പ്രിയതമന്റെ ഇങ്ങനെയുള്ള |
| കോപവിധായി മണ്ഡനം ചിരം ദൃഷ്ട്വാ | : | കോപമുണ്ടാക്കുന്ന അലങ്കാരങ്ങൾ കണ്ടിട്ട് |
| മൃഗദൃശഃ ശ്വാസാഃ | : | സുന്ദരി തന്റെ നെടുവീർപ്പിനെ |
| ലീലാ-താമരസ-ഉദരേ | : | (കയ്യിലിരുന്ന) കളിത്താമരയുടെ ഉള്ളിലേയ്ക്ക് |
| സമാപ്തിം ഗതഃ | : | അവസാനിപ്പിച്ചു |

**പരിഭാഷ:**

മൈയാകെപ്പടരും മുഖം, വളയമർന്നീടും ഗളം, കാലിലെ-
ച്ചായം നെറ്റിയിലും, മുറുക്കിയ ചുവപ്പോലുന്ന കൺപോളയും,
പ്രേയാൻ രാവിലെയീവിധത്തിലരിശം തോന്നുന്ന പോലെത്തവേ
മായിച്ചു നെടുവീർപ്പു താമരമലർ ചുംബിച്ചു കൊണ്ടോമലാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മൈ ആകെ പടരും മുഖം, വള അമർന്നീടും ഗളം, കാലിലെ ചായം നെറ്റി–യിലും, മുറുക്കിയ ചുവപ്പ് ഓലുന്ന കൺ–പോളയും, പ്രേയാൻ രാവിലെ ഈ വിധത്തിൽ അരിശം തോന്നുന്ന പോൽ എത്തവേ മായിച്ചു നെടു–വീർപ്പു താമര–മലർ ചുംബിച്ചു കൊണ്ട് ഓമലാൾ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ആ ലാക്ഷാങ്കം ലലാട...(പേജ് 182)

**മാനവിക്രമൻ:** നെറ്റിമ്മേൽ നല്ല ലാക്ഷാ...(പേജ് 208)

## 3.72 അദ്യാരഭ്യ നഹി പ്രിയേ.../ഇന്നോടേ പ്രിയനോടു...

വേമഭൂപാലൻ:72 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:107 അർജ്ജുനവർമ്മദേവൻ:93

നായകനെ പിണക്കിയതിനു ശേഷമുള്ള തന്റെ സ്ഥിതിയെപ്പറ്റി നായിക ആശങ്കപ്പെടുന്നു.

**മൂലം:**

അദ്യാരഭ്യ ന ഹി പ്രിയേ പുനരഹം മാനസ്യ വാ ഭാജനം
ഗൃഹ്ണീയാം വിഷരൂപിണശ്ശഠമതേർന്നാമാപി സംക്ഷേപതഃ
കിം തേനൈവ വിനാ ശശാങ്കകിരണസ്പഷ്ടാട്ടഹാസാ നിശാ
നൈകോ വാ ദിവസഃപയോദമലിനോ യായാത്മമ പ്രാവൃഷി ‖ 72 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അദ്യ ആരഭ്യ ന ഹി പ്രിയേ പുനഃ അഹം മാനസ്യ വാ ഭാജനം ഗൃഹ്ണീയാം വിഷ–രൂപിണഃ ശഠ–മതേഃ നാമ അപി സംക്ഷേപതഃ കിം തേന ഏവ വിനാ ശശാങ്ക–കിരണ–സ്പഷ്ട–അട്ടഹാസാ നിശാ ന ഏകഃ വാ ദിവസഃ പയോ–ദ–മലിനഃ യായാത് മമ പ്രാവൃഷി

**അർത്ഥം:**

| | | |
|---|---|---|
| അദ്യ ആരഭ്യ | : | ഇന്നു തൊട്ട് |
| പ്രിയേ അഹം പുനഃ മാനസ്യ ഭാജനം ന ഹി | : | പ്രിയനോടു ഞാൻ കോപിക്കില്ല |
| വാ വിഷ-രൂപിണഃ ശഠ-മതേഃ | : | അതു പോലെ, ആ വിഷം നിറഞ്ഞ തെമ്മാടിയുടെ |
| നാമ സംക്ഷേപതഃ അപി (ന) ഗൃഹ്ണീയാം | : | പേരു പറയാൻ പോലും പോകുന്നില്ല |
| തേന വിനാ ഏവ | : | (എന്നാലും) അവനില്ലാതെ |
| മമ ശശാങ്ക-കിരണ-സ്പഷ്ട-അട്ടഹാസാ നിശാ ന യായാതി കിം | : | എനിക്കു ചന്ദ്രകിരണങ്ങൾ ചിരി തൂകുന്ന രാത്രി പോയിക്കിട്ടുമോ? |
| വാ പയോദ-മലിനോ പ്രാവൃഷി | : | അതു പോലെ മേഘങ്ങളെക്കൊണ്ടു കറുത്ത മഴക്കാലത്ത് |
| ഏകഃ ദിവസഃ ന യായാതി | : | ഒരു ദിവസം പോലും തള്ളി നീക്കാനാവില്ല |

**പരിഭാഷ:**

ഇന്നിൻ ശേഷമെനിക്കു കോപമവനോടില്ലാ; വിഷം ചീറ്റി, വൻ
കന്നത്തം നിറയുന്നവൻ; വെറുതെയാപ്പേർ പോലുമോതില്ല ഞാൻ;
എന്നാലും, ചിരി തൂകിയമ്പിളി വിളങ്ങീടുന്നൊരാ രാത്രികൾ
മുന്നോട്ടോടിടുമോ? പയോദമഴകിൽ പൊങ്ങും മഴക്കാലവും?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഇന്നിൻ ശേഷം എനിക്കു കോപം അവനോട് ഇല്ലാ, വിഷം ചീറ്റി, വൻ കന്നത്തം നിറയുന്നവൻ; വെറുതെ ആ പേർ പോലും ഓതില്ല ഞാൻ; എന്നാലും, ചിരി തൂകി അമ്പിളി വിളങ്ങീടുന്ന ഒരു ആ രാത്രികൾ മുന്നോട്ട് ഓടിടുമോ? പയോദം അഴകിൽ പൊങ്ങും മഴ–ക്കാലവും?

(വ്യാഖ്യാനം പേജ് 162–ൽ.)

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഇക്കാലത്തു മുതൽക്കു...(പേജ് 183)

**മാനവിക്രമൻ:** ഭർത്താവോടിതുനാൾ മുതൽക്ക്...(പേജ് 208)

## 3.73 ശഠാന്യസ്യാഃ കാഞ്ചീ.../നാണം കെട്ടവനേ...

വേമഭൂപാലൻ:73 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

വേറൊരുത്തിയുടെ അരഞ്ഞാണത്തിന്റെ ശബ്ദം കേട്ടപ്പോൾ കൈയയച്ച നായകനെ നായിക ചീത്ത വിളിക്കുന്നു.

**മൂലം:**

ശഠാന്യസ്യാഃ കാഞ്ചീമണിരണിതമാകർണ്യ സഹസാ
യദാശ്ലിഷ്യന്നേവ പ്രശിഥിലഭുജഗ്രന്ഥിരഭവഃ
തദേതത് ക്വാചക്ഷേ ഘൃതമധുമയത്വദ്ബഹുവചോ-
വിഷേണാഘൂർണ്ണന്തീ കിമപി ന സഖീ മേ ഗണയതി ‖ 73 ‖

ശിഖരിണി

**പദച്ഛേദം:** ശഠ അന്യസ്യാഃ കാഞ്ചീ-മണി-രണിതം ആകർണ്യ സഹസാ യത് ആശ്ലിഷ്യൻ ഏവ പ്ര-ശിഥില-ഭുജ-ഗ്രന്ഥിഃ അഭവഃ തത് ഏതത് ക്വ ആചക്ഷേ ഘൃത-മധു-മയ-ത്വത്-ബഹു-വചഃ-വിശേഷേണ ആഘൂർണ്ണന്തീ കിം-അപി ന സഖീ മേ ഗണയതി

**അർത്ഥം:**

| | | |
|---|---|---|
| ശഠ! | : | ദുഷ്ടാ |
| യത് ആശ്ലിഷ്യൻ ഏവ | : | കെട്ടിപ്പിടിച്ചിരുന്നുവെങ്കിലും |
| അന്യസ്യാഃ കാഞ്ചീ-മണി-രണിതം ആകർണ്യ | : | വേറൊരുത്തിയുടെ അരഞ്ഞാണത്തിലെ മണിയുടെ ശബ്ദം കേട്ടപ്പോൾ |
| തത് സഹസാ | : | അപ്പോൾ പെട്ടെന്ന് |
| പ്ര-ശിഥില-ഭുജ-ഗ്രന്ഥിഃ അഭവഃ | : | (നീ) കൈ അയച്ച |
| ഘൃത-മധു-മയ-ത്വത്-ബഹു-വചഃ-വിഷേണ | : | നെയ്യും തേനും നിറഞ്ഞ നിന്റെ വാക്കുകളിലെ വിഷം കൊണ്ട് |
| ആഘൂർണ്ണന്തീ | : | (ഞാൻ) വലഞ്ഞു |
| ഏതത് ക്വ ആചക്ഷേ | : | ഇതു ഞാൻ എവിടെ പറയും? |
| കിം-അപി സഖീ മേ ന ഗണയതി | : | ഒരു തോഴി പോലും ഞാൻ പറയുന്നതു കണക്കാക്കില്ല |

**പരിഭാഷ:**

നാണം കെട്ടവനേ! പുണർന്നമരവേ മറ്റോളു പോകുന്നര-
ഞ്ഞാണത്തിൻ ധ്വനി കേൾക്കെ വിട്ടിവളെ നീ നിൻ കൈയയച്ചില്ലയോ?
തേനും നെയ്യുമൊലിച്ചിട്ടും തവ വചസ്സേവം വിഷം ചേർന്നതാം;
ഞാനാരോടിതു ചൊല്ലുവാൻ? സഖിയൊരാൾ പോലും ഗണിക്കില്ലഹോ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നാണം കെട്ടവനേ! പുണർന്ന് അമരവേ മറ്റോളു പോകുന്ന അരഞ്ഞാണത്തിൻ ധ്വനി കേൾക്കെ വിട്ട് ഇവളെ നീ നിൻ കൈ അയച്ചില്ലയോ? തേനും നെയ്യും ഒലിച്ചിട്ടും തവ വചസ്സ് ഏവം വിഷം ചേർന്നത് ആം; ഞാൻ ആരോട് ഇതു ചൊല്ലുവാൻ? സഖി ഒരാൾ പോലും ഗണിക്കില്ല അഹോ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കയ്യാ, കൈതവശീല...(പേജ് 183)

**മാനവിക്രമൻ:** മറ്റവൾക്കുടയ കിങ്കിണീ...(പേജ് 208)

## 3.74 ശൂന്യം വാസഗൃഹം വിലോക്യ.../കാണില്ലാരുമിതെന്നുറച്ചു...

വേമഭൂപാലൻ:74 രവിചന്ദ്രൻ:77 രുദ്രമദേവകമാരൻ:96 അർജ്ജുനവർമ്മദേവൻ:82

കപടമായി ഉറങ്ങിക്കിടന്ന നായകനെ ചുംബിച്ച നായികയ്ക്കു സംഭവിച്ചത്.

**മൂലം:**

ശൂന്യം വാസഗൃഹം വിലോക്യ ശയനാദുത്ഥായ കിഞ്ചിച്ഛനൈർ-
ന്നിദ്രാവ്യാജമുപാഗതസ്യ സുചിരം നിർവർണ്ണ്യ പത്യുർമ്മുഖം
വിസ്രബ്ധം പരിചുംബ്യ ജാതപുളകാമാലോക്യ ഗണ്ഡസ്ഥലീം
ലജ്ജാനമ്രമുഖീ പ്രിയേണ ഹസതാ ബാലാഭവച്ചുംബിതാ ‖ 74 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ശൂന്യം വാസ–ഗൃഹം വിലോക്യ ശയനാത് ഉത്ഥായ കിഞ്ചിത് ശനൈഃ നിദ്രാ–വ്യാജം ഉപാഗതസ്യ സുചിരം നിർവർണ്യ പത്യുഃ മുഖം വിസ്രബ്ധം പരി–ചുംബ്യ ജാത–പുളകാം ആലോക്യ ഗണ്ഡ–സ്ഥലീം ലജ്ജാ–നമ്ര–മുഖീ പ്രിയേണ ഹസതാ ബാലാ അഭവത് ചുംബിതാ

**അർത്ഥം:**

| | | |
|---|---|---|
| ബാലാ | : | ആ പെൺകുട്ടി |
| ശൂന്യം വാസഗൃഹം വിലോക്യ | : | ആളൊഴിഞ്ഞ മുറി കണ്ടിട്ട് |
| കിഞ്ചിത് ശനൈഃ | : | പതുക്കെ |
| ശയനാത് ഉദ്ധായ | : | കിടക്കയിൽ നിന്ന് എഴുന്നേറ്റ് |
| നിദ്രാ-വ്യാജം ഉപാഗതസ്യ പത്യുഃ മുഖം | : | കള്ളയുറക്കം നടിച്ചു കിടക്കുന്ന ഭർത്താവിന്റെ മുഖം |
| സുചിരം നിർവർണ്യ | : | വളരെ നേരം നോക്കിയിട്ട് |
| വിസ്രബ്ധം പരിചുംബ്യ | : | മടിയില്ലാതെ ചുംബിച്ചപ്പോൾ |
| ജാതപുളകാം ഗണ്ഡസ്ഥലീം ആലോക്യ | : | പുളകം ഉണ്ടായ (അവന്റെ) കവിൾത്തടത്തെ കണ്ടിട്ട് |
| ലജ്ജാ-നമ്ര-മുഖീ | : | നാണം കൊണ്ടു മുഖം കുനിക്കുകയും |
| ഹസതാ പ്രിയേന | : | ചിരിക്കുന്ന പ്രിയനാൽ |
| ചുംബിതാ അഭവത് | : | ചുംബിക്കപ്പെടുകയും ചെയ്തു |

**പരിഭാഷ:**

കാണില്ലാരുമിതെന്നുറച്ചു, കപടം ഭാവിച്ചുറങ്ങീടിനോ-
രേണാങ്കാനനനെപ്പതുങ്ങി വളരെപ്പാർത്തിട്ടു ചുംബിക്കവേ,
ശോണാഭം കവിളത്തു വന്ന പുളകം കണ്ടിട്ടു നമ്രാസ്യയായ്
നാണിച്ചാൾ, ചിരി തൂകിയുമ്മയവനേകീടുമ്പൊഴോ ചൂളിനാൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കാണില്ല ആരും ഇത് എന്ന് ഉറച്ചു, കപടം ഭാവിച്ച് ഉറങ്ങീടിന ഒരു ഏണ–അങ്ക–ആനനനെ പതുങ്ങി വളരെ പാർത്തിട്ടു ചുംബിക്കവേ, ശോണ–ആഭം കവിളത്തു വന്ന പുളകം കണ്ടിട്ടു നമ്ര–ആസ്യ ആയ് നാണിച്ചാൾ, ചിരി തൂകി ഉമ്മ അവവൻ ഏകീടുമ്പൊൾ–ഓ ചൂളിനാൾ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** വീക്ഷിച്ചേകാന്തമായപ്പുരമുറി...(പേജ് 183)

**മാനവിക്രമൻ:** ശൂന്യം കേളീഗൃഹം കണ്ടവൾ...(പേജ് 208)

## 3.75 പാദാസക്തേസുചിരമിഹതേ.../എന്നും നിൻ കാൽ തടവി...

വേമഭൂപാലൻ:75 രവിചന്ദ്രൻ:65 രുദ്രമദേവകമാരൻ:81 അർജ്ജുനവർമ്മദേവൻ:68

കുപിതയായ നായികയും സമാധാനിപ്പിക്കുന്ന സഖികളും.

**മൂലം:**

"പാദാസക്തേ സുചിരമിഹ തേ വാമതാ നൈവ കാന്തേ
മന്ദാരംഭേ പ്രണയിനി ജനേ കോപനേ കോഽപരാധഃ"
ഇത്ഥം തസ്യാഃ പരിജനഗിരാ കോപവേഗേ പ്രശാന്തേ
ബാഷ്പോദ്ഭേദൈസ്തദനു സഹസാ ന സ്ഥിതം ന പ്രവൃത്തം. ‖ 75 ‖

മന്ദാക്രാന്ത

**പദച്ഛേദം:** പാദ–ആസക്തേ സു–ചിരം ഇഹ തേ വാമതാ ന ഏവ കാന്തേ മന്ദ–ആരംഭേ പ്രണയിനി ജനേ കോപനേ കഃ അപരാധഃ ഇത്ഥം തസ്യാഃ പരിജന–ഗിരാ കോപ–വേഗേ പ്രശാന്തേ ബാഷ്പ–ഉദ്ഭേദൈഃ തദനു സഹസാ ന സ്ഥിതം ന പ്രവൃത്തം

**അർത്ഥം:**

| | | |
|---|---|---|
| കോപനേ | : | കോപശീലമുള്ളവളേ |
| സു-ചിരം ഇഹ പാദ-ആസക്തേ കാന്തേ | : | എന്നും ഇവിടെ കാൽക്കൽ വീഴുന്ന ഭർത്താവുള്ളപ്പോൾ |
| തേ വാമതാ ന ഏവ | : | നിനക്ക് ഈ വഴക്ക് ഉണ്ടാവേണ്ടതല്ല |
| മന്ദ-ആരംഭേ പ്രണയിനി ജനേ | : | പ്രിയൻ ആദ്യമായി ഒരു തെറ്റു ചെയ്തതിന് |
| അപരാധഃ കഃ | : | എന്താണ കുഴപ്പം? |
| ഇത്ഥം പരി-ജന-ഗിരാ തസ്യാഃ | : | ഇങ്ങനെ തോഴിമാർ അവളുടെ |
| കോപ-വേഗേ പ്ര-ശാന്തേ | : | കോപത്തിന്റെ വേഗത്തെ അല്പം ശാന്തമാക്കിയപ്പോൾ |
| തത്-അനു സഹസാ ബാഷ്പ-ഉദ്ഭേദൈഃ | : | പിന്നീട്ട പെട്ടെന്ന് കണ്ണുനീർ വാർത്തത് |
| ന സ്ഥിതം ന പ്രവൃത്തം | : | നിന്നുമില്ല, കൂടുതൽ ഒഴുകിയുമില്ല |

**പരിഭാഷ:**

"എന്നും നിൻ കാൽ തടവി മരുവും കാന്തനോടീ വിധം നീ-
യൊന്നും ചെയ്തീടരുതു, ചെറുതാമാദ്യമാം തെറ്റിനൊക്കെ"
എന്നീ മട്ടിൽ സഖികളവൾ തൻ കോപമാറ്റാൻ ശ്രമിക്കേ
കണ്ണീർ തിങ്ങിച്ചിതറിയതു തോർന്നില്ല, വർദ്ധിച്ചുമില്ല.

മന്ദാക്രാന്ത

**പദച്ഛേദം:** എന്നും നിൻ കാൽ തടവി മരുവും കാന്തനോട് ഈ വിധം നീ ഒന്നും ചെയ്തീടരുത് ചെറുതാം ആദ്യ മാം തെറ്റിന് ഒക്കെ എന്ന് ഈ മട്ടിൽ സഖികൾ അവൾ തൻ കോപം ആറ്റാൻ ശ്രമിക്കേ കണ്ണീർ തിങ്ങി–ചിതറിയതു തോർന്നില്ല വർദ്ധിച്ചും ഇല്ല

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ഹേ രംഭോരു, വിരോധമെന്തു...(പേജ് 183)

**മാനവിക്രമൻ:** (പരിഭാഷപ്പെടുത്തിയിട്ടില്ല)

## 3.76 കഥമപി കൃതപ്രത്യാപത്തൗ.../തിരികെയണയും കാന്തൻ...

വേമഭൂപാലൻ:76 രവിചന്ദ്രൻ:73 രുദ്രമദേവകമാരൻ:89 അർജ്ജുനവർമ്മദേവൻ:75

പിണങ്ങിപ്പോയി തിരിച്ചു വന്ന നായകൻ എന്തോ തെറ്റിപ്പറഞ്ഞപ്പോൾ നായികയുടെ പ്രതികരണം:

**മൂലം:**

കഥമപി കൃതപ്രത്യാപത്തൗ പ്രിയേ സ്ഖലിതോത്തരേ
വിരഹകൃശയാ കൃത്വാ വ്യാജം പ്രകല്പിതമശ്രുതം
അസഹനസഖീശ്രോത്രപ്രാപ്തിം വിശംക്യ സസംഭ്രമം
വിവലിതദൃശാ ശൂന്യേ ഗേഹേ സമുച്ഛ്വസിതം പുനഃ ‖ 76 ‖

ഹരിണി

**പദച്ഛേദം:** കഥം-അപി കൃത-പ്രതി-ആപത്തൗ പ്രിയേ സ്ഖലിത-ഉത്തരേ വിരഹ-കൃശയാ കൃത്വാ വാചം പ്രകല്പിതം അ-ശ്രുതം അസഹന-സഖീ-ശ്രോത്ര-പ്രാപ്തിം വിശങ്ക്യ സ-സംഭ്രമം വിവലിത-ദൃശാ ശൂന്യേ ഗേഹേ സം-ഉച്ഛ്വസിതം പുനഃ

**അർത്ഥം:**

| | | |
|---|---|---|
| കഥം-അപി | : | എങ്ങനെയോ |
| കൃത-പ്രതി-ആപത്തൗ പ്രിയേ | : | പോയിട്ടു തിരിച്ചു വന്ന പ്രിയന് |
| സ്ഖലിത-ഉത്തരേ | : | ഒരു ഉത്തരം പിഴച്ചപ്പോൾ |
| വിരഹ-കൃശയാ വാചം കൃത്വാ | : | വിരഹം കൊണ്ടു ശോഷിച്ച അവൾ കള്ളത്തരത്തോടെ |
| അ-ശ്രുതം പ്രകല്പിതം | : | (അതു) കേട്ടില്ലെന്നു നടിച്ചു |
| പുനഃ | : | പിന്നീട് |
| അസഹന-സഖീ-ശ്രോത്ര-പ്രാപ്തിം | : | സഹിക്കാൻ പറ്റാത്ത സഖിമാർ അതു കേട്ടോ എന്ന് |
| വിശങ്ക്യ സ-സംഭ്രമം വിവലിത-ദൃശാ | : | പേടിച്ചു സംഭ്രമിച്ച് ചുറ്റും നോക്കി |
| ഗേഹേ ശൂന്യേ | : | വീടു ശൂന്യമാണെന്നു കണ്ട് |
| സം-ഉച്ഛ്വസിതം | : | (ആശ്വാസത്തോടെ) നിശ്വസിച്ചു |

**പരിഭാഷ:**

തിരികെയണയും കാന്തൻ ചൊല്ലും വചസ്സു പിഴയ്ക്കവേ,
വിരഹകൃശയാം പെണ്ണാൾ കേട്ടില്ലതെന്നു നടിയ്ക്കയായ്;
തിരുടർ സഖിമാർ കേട്ടെന്നോർത്തിട്ടൊരിറ്റു പകച്ചു നി-
ന്നൊരുവരെയുമേ കാണാഞ്ഞിട്ടാശ്വസിച്ചു നതാംഗിയാൾ.

ഹരിണി

**പദച്ഛേദം:** തിരികെ അണയും കാന്തൻ ചൊല്ലും വചസ്സു പിഴയ്ക്കവേ, വിരഹ-കൃശയാം പെണ്ണാൾ കേട്ടില്ല അത് എന്നു നടിയ്ക്കയായ്; തിരുടർ സഖി-മാർ കേട്ടു എന്ന് ഓർത്തിട്ട് ഒരു ഇറ്റു പകച്ചു നിന്ന് ഒരുവരെയും-ഏ കാണാഞ്ഞിട്ട് ആശ്വസിച്ചു നതാംഗിയാൾ.

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കഷ്ടപ്പെട്ടു വിയോഗിനീ...(പേജ് 184)

**മാനവിക്രമൻ:** മുറ്റും കഷ്ടത്തിലാഴ്കേ...(പേജ് 209)

## 3.77 പശ്യാശ്ലേഷവിശീർണ്ണ.../നോക്കു സുന്ദരി, ചന്ദനപ്പൊടി...

വേമഭൂപാലൻ:77 രവിചന്ദ്രൻ:72 രുദ്രമദേവകുമാരൻ:88 അർജ്ജുനവർമ്മദേവൻ:74

നായകൻ കാണിച്ച സാമർത്ഥ്യത്തെപ്പറ്റി നായിക തോഴിയോട്.

**മൂലം:**

പശ്യാശ്ലേഷവിശീർണ്ണചന്ദനരജഃ പുഞ്ജപ്രകർഷാദിയം
ശയ്യാ സമ്പ്രതി കോമളാംഗി പരുഷേത്യാരോപ്യ മാം വക്ഷസി
ഗാഢോഷ്ഠഗ്രഹപീഡനാകുലതയാ പാദാഗ്രസന്ദംശകേ-
നാകൃഷ്യാംബരമാത്മനോ യദുചിതം ധൂർത്തേന തൽ പ്രസ്തുതം ‖ 77 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പശ്യ ആശ്ലേഷ–വിശീർണ്ണ–ചന്ദന–രജഃ–പുഞ്ജ–പ്രകർഷാത് ഇയം ശയ്യാ സമ്പ്രതി കോമളാംഗി പരുഷാ ഇതി ആരോപ്യ മാം വക്ഷസി ഗാഢ–ഓഷ്ഠ–ഗ്രഹ–പീഡന–ആകുലതയാ പാദ–അഗ്ര–സന്ദംശകേന ആകൃഷ്യ–അംബരം ആത്മനഃ യത് ഉചിതം ധൂർത്തേന തത് പ്രസ്തുതം

**അർത്ഥം:**

| | | |
|---|---|---|
| കോമളാംഗി, പശ്യ | : | "സുന്ദരീ, നോക്കു |
| ആശ്ലേഷ-വിശീർണ്ണ-ചന്ദന-രജഃ-പുഞ്ജ-പ്രകർഷാത് | : | കെട്ടിപ്പിടിത്തം കൊണ്ടു ചന്ദനപ്പൊടി ആകെ വിതറിയതിനാൽ |
| സമ്പ്രതി ഇയം ശയ്യാ പരുഷാ | : | ഇപ്പോൾ ഈ കിടക്ക വളരെ കടുപ്പമുള്ളതാണ്" |
| ഇതി | : | എന്നു പറഞ്ഞു് |
| മാം വക്ഷസി ആരോപ്യ | : | എന്നെ (സ്വന്തം) നെഞ്ചത്തു് കയറ്റിക്കിടത്തി |
| ഗാഢ-ഓഷ്ഠ-ഗ്രഹ-പീഡന-ആകുലതയാ | : | ചുണ്ടു് അമർത്തി കടിച്ചു പിടിച്ചു കൊണ്ടു് |
| പാദ-അഗ്ര-സന്ദംശകേന | : | കാലിന്റെ അറ്റം കൊണ്ടു് |
| അംബരം ആകൃഷ്യ | : | (എന്റെ) വസ്ത്രം നീക്കി |
| ആത്മനഃ യത് ഉചിതം തത് | : | തനിയ്ക്കു തോന്നിയതൊക്കെ എന്താണോ അതു് |
| ധൂർത്തേന പ്രസ്തുതം | : | ആ ഒരുമ്പട്ടവൻ ചെയ്തു |

**പരിഭാഷ:**

"നോക്കു സുന്ദരി, ചന്ദനപ്പൊടി പരന്നാലിംഗനത്താൽ, കടു-
ത്തീക്കട്ടിൽ കഠിനം," പറഞ്ഞിവളെയാ മാറിൽ കരേറ്റി ദ്രുതം
ഊക്കിൽ ചുണ്ടു മുറിഞ്ഞിടും പടി കടിച്ചെൻ വസ്ത്രമാ ധൂർത്തനോ
നീക്കീ കാൽവിരലാൽ, പണിഞ്ഞു പലതും തോന്നുന്ന പോലൊക്കവേ

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നോക്കു സുന്ദരി, ചന്ദന–പൊടി പരന്ന ആലിംഗന–ത്താൽ, കടുത്തു ഈ കട്ടിൽ കഠിനം" പറഞ്ഞ് ഇവളെ ആ മാറിൽ കരേറ്റി ദ്രുതം ഊക്കിൽ ചുണ്ടു മുറിഞ്ഞിടും പടി കടിച്ച് എൻ വസ്ത്രം ആ ധൂർത്തൻ–ഓ നീക്കീ കാൽ–വിരലാൽ, പണിഞ്ഞു പലതും തോന്നുന്ന പോൽ ഒക്കവേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പാടീരപ്പൊടി വീണു...(പേജ് 184)

**മാനവിക്രമൻ:** മാലേയപ്പൊടി കോമളാംഗി...(പേജ് 209)

## 3.78 അച്ഛിന്നം നയനാംബു.../ത്ധകം തന്നുടെ കണ്ണുനീർ...

വേമഭൂപാലൻ:78 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

ഉദാസീനനായ നായകനോടു നായികയുടെ അവസ്ഥയെ സഖി പറയുന്നു.

**മൂലം:**

അച്ഛിന്നം നയനാംബു ബന്ധുഷു കൃതം ചിന്താ ഗുരുഷ്വർപ്പിതാ
ദത്തം ദൈന്യമശേഷതഃ പരിജനേ താപസ്സഖീഷ്വാഹിതഃ
അദ്യ ശ്വഃ പരനിർവൃതിം ഭജതി സാ ശ്വാസൈഃ പരം ഖിദ്യതേ
വിസ്രബ്ധോ ഭവ വിപ്രയോഗജനിതം ദുഃഖം വിഭക്തം തയാ. ‖ 78 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അച്ഛിന്നം നയന–അംബു ബന്ധുഷു കൃതം ചിന്താ ഗുരുഷു അർപ്പിതാ ദത്തം ദൈന്യം അശേഷതഃ പരി–ജനേ താപഃ സഖീഷു ആഹിതഃ അദ്യ ശ്വഃ പര–നിർവൃതിം ഭജതി സാ ശ്വാസൈഃ പരം ഖിദ്യതേ വിസ്രബ്ധഃ ഭവ വിപ്രയോഗ–ജനിതം ദുഃഖം വിഭക്തം തയാ

**അർത്ഥം:**

| | | |
|---|---|---|
| അച്ഛിന്നം നയന-അംബു ബന്ധുഷു | : | നിർത്താതെ ഒഴുകുന്ന കണ്ണുനീർ ബന്ധുക്കൾക്കും |
| ചിന്താ ഗുരുഷു അർപ്പിതാ | : | ചിന്ത മുതിർന്ന ആളുകൾക്കും അർപ്പിച്ച |
| ദൈന്യം അശേഷതഃ പരി-ജനേ ദത്തം | : | വേദന മുഴുവനും ദാസിമാർക്കു കൊടുത്തു |
| താപഃ സഖീഷു ആഹിതഃ | : | ദുഃഖം തോഴിമാരിൽ നിക്ഷേപിച്ച |
| തയാ വിപ്രയോഗ-ജനിതം ദുഃഖം വിഭക്തം | : | വിരഹം മൂലമുള്ള ദുഃഖമെല്ലാം അവൾ ഇങ്ങനെ വിഭജിച്ച |
| ശ്വാസൈഃ പരം ഖിദ്യതേ | : | നെടുവീർപ്പുകൾ അവളെ തളർത്തുന്നു |
| സാ അദ്യ ശ്വഃ | : | അവൾ ഇപ്പോൾ ഇന്നോ നാളെയോ |
| പര-നിർവൃതിം ഭജതി | : | പരമപദം പ്രാപിക്കണേ എന്നു പ്രാർത്ഥിക്കുന്നു |

**പരിഭാഷ:**

ത്ധകം തന്നുടെ കണ്ണുനീരുടയവർ, ക്കുറ്റോർക്കു ദുശ്ചിന്ത, യ-
ന്നേകീ വേദന ദാസിമാർക്കു, സഖിമാർക്കേറുന്ന ദുഃഖത്തെയും,
"പോകും ഞാൻ പരലോകയാത്രയതിനി, ന്നല്ലെങ്കിൽ നാളേ," യ്ക്കിദം
മാഴ്കിക്കാന്തവിയോഗദുഃഖമതിയായ് പേറുന്നു വീർപ്പോടവൾ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ത്ധകം തന്നുടെ കണ്ണു–നീർ ഉടയവർക്ക്, ഉറ്റോർക്കു ദുസ്–ചിന്ത, അന്ന് ഏകീ വേദന ദാസി–മാർക്കു, സഖി–മാർക്ക് ഏറുന്ന ദുഃഖത്തെയും, "പോകും ഞാൻ പര–ലോക–യാത്ര അതിന് ഇന്ന് അല്ലെങ്കിൽ നാളേയ്ക്ക്" ഇദം മാഴ്കി കാന്ത–വിയോഗ–ദുഃഖം അതിയായ് പേറുന്നു വീർപ്പോടെ അവൾ.

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ബന്ധുക്കൾക്കാക്കി...(പേജ് 184)

**മാനവിക്രമൻ:** ബന്ധുവർഗ്ഗമതിനാക്കിയശ്രു...(പേജ് 209)

## 3.79 സ്ഫുടതു ഹൃദയം കാമഃ കാമം.../പൂവമ്പൻ ചെറുതാക്കിടട്ടെ...

വേമഭൂപാലൻ:79 രവിചന്ദ്രൻ:71 രുദ്രമദേവകുമാരൻ:87 അർജ്ജുനവർമ്മദേവൻ:73

കോപിച്ചിരിക്കുമ്പോഴും ആശങ്കാകുലയായ നായിക.

**മൂലം:**

സ്ഫുടതു ഹൃദയം കാമഃ കാമം കരോതു കൃശാം തനും
ന സഖി ചടുലപ്രേമ്ണാ കാര്യം പുനർദ്ദയിതേന മേ
ഇതി സരഭസം മാനാടോപാദുദീര്യ വചസ്തയാ
രമണപദവീ സാരംഗാക്ഷ്യാ സശങ്കിതമീക്ഷിതാ ‖ 79 ‖

ഹരിണി

**പദച്ഛേദം:** സ്ഫുടതു ഹൃദയം കാമഃ കാമം കരോതു കൃശാം തനും ന സഖി ചടുല–പ്രേമ്ണാ കാര്യം പുനഃ ദയിതേന മേ ഇതി സരഭസം മാന–ആടോപാത് ഉദീര്യ വചഃ തയാ രമണ–പദവീ സാരംഗാക്ഷ്യാ സ–ശങ്കിതം ഈക്ഷിതാ

**അർത്ഥം:**

| | | |
|---|---|---|
| "സഖി | : | "സഖീ |
| ഹൃദയം സ്ഫുടതു | : | (എന്റെ) ഹൃദയം പൊട്ടിപ്പോകട്ടേ |
| കാമഃ കാമം കൃശാം തനും കരോതു | : | കാമദേവൻ തോന്നുന്നതു പോലെ എന്റെ ശരീരം ചടപ്പിക്കട്ടേ |
| പുനഃ ചടുല-പ്രേമ്ണാ | : | പിന്നെയും ഇളകുന്ന പ്രേമത്തോടു കൂടിയ |
| ദയിതേന മേ ന കാര്യം" | : | പ്രിയതമനോട് എനിക്ക് ഒരു ഇടപാടും ഇല്ല" |
| ഇതി സരഭസം മാന-ആടോപാത് | : | ഇങ്ങനെ പെട്ടെന്ന് ദേഷ്യം വന്ന് |
| വചഃ ഉദീര്യ | : | പറഞ്ഞിട്ട് |
| തയാ സാരംഗാക്ഷ്യാ സ-ശങ്കിതം | : | ആ സുന്ദരി ശങ്കയോടെ |
| രമണ-പദവീ ഈക്ഷിതാ | : | പ്രിയൻ വരുന്ന വഴിയേ നോക്കുന്നു |

**പരിഭാഷ:**

"പൂവമ്പൻ ചെറുതാക്കിടട്ടെ തനു, വെൻ ചങ്കം പിളർന്നോട്ടെ, യി-
ന്നീ വണ്ണം ചതി ചെയ്തിടുന്നവനെനിക്കെന്തിന്നു? വേണ്ടാ സഖീ"
ഏവം ചിന്ത വെടിഞ്ഞു കോപവചനം പെട്ടെന്നു ചൊല്ലീടിലും
പാവം തന്വിയവൻ വരുന്ന വഴിയേ ശങ്കിച്ചു നോക്കുന്നിതേ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "പൂവമ്പൻ ചെറുത് ആക്കിടട്ടെ തനു, എൻ ചങ്കം പിളർന്നോട്ടെ, ഇന്ന് ഈ വണ്ണം ചതി ചെയ്തിടുന്നവൻ എനിക്ക് എന്തിന്നു? വേണ്ടാ സഖീ" ഏവം ചിന്ത വെടിഞ്ഞു കോപ–വചനം പെട്ടെന്നു ചൊല്ലീടിലും പാവം തന്വി അവൻ വരുന്ന വഴിയേ ശങ്കിച്ചു നോക്കുന്നു ഇതേ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ദേഹത്തെക്കൃശമാക്കിടട്ട്...(പേജ് 184)

**മാനവിക്രമൻ:** താരമ്പൻ തനുവാക്കിടട്ടെ...(പേജ് 209)

## 3.80 ലീലാതാമരസാഹതോന്യ.../ഏതോ പെണ്ണു കടിച്ച...

വേമഭൂപാലൻ:80 രവിചന്ദ്രൻ:70 രുദ്രമദേവകമാരൻ:86 അർജ്ജുനവർമ്മദേവൻ:72

തെറ്റു ചെയ്തതിനു പിടിക്കപ്പെട്ട നായകൻ സാമർത്ഥ്യം കൊണ്ടു നായികയെ വശത്താക്കിയതു്.

**മൂലം:**

ലീലാതാമരസാഹതോऽന്യവനിതാ നിശ്ശങ്കദഷ്ടാധരഃ
പ്രേമാൻ കേസരദൂഷിതേക്ഷണ ഇവ വ്യാമീല്യ നേത്രേ സ്ഥിതഃ
കാന്താ കുഡ്മളിതാനനേന്ദു ദദതീ വായും സ്ഥിതാ തത്ര സാ
ഭ്രാന്ത്യാ ധൂർത്തതയാ തദാ നതിമൃതേ തേനാഭവച്ചുംബിതാ ‖ 80 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ലീലാ–താമരസ–ആഹതഃ അന്യ–വനിതാ–നിശ്ശങ്ക–ദഷ്ട–അധരഃ പ്രേമാൻ കേസര–ദൂഷിത–ഈക്ഷണഃ ഇവ വ്യാമീല്യ നേത്രേ സ്ഥിതഃ കാന്താ കുഡ്മളിത–ആനന–ഇന്ദു ദദതീ വായും സ്ഥിതാ തത്ര സാ ഭ്രാന്ത്യാ ധൂർത്തതയാ തദാ നതിമൃതേ തേന അഭവത് ചുംബിതാ

**അർത്ഥം:**

| | | |
|---|---|---|
| അന്യ-വനിതാ-നിശ്ശങ്ക-ദഷ്ട-അധരഃ | : | ഒരു സംശയമില്ലാത്ത വിധം വേറൊരു പെണ്ണിന്റെ കടിയേറ്റ പാടുള്ള |
| പ്രേമാൻ ലീലാ-താമരസ-ആഹതഃ | : | നായകനെ കളിത്താമര കൊണ്ടു് അടിച്ചപ്പോൾ |
| കേസര-ദൂഷിത-ഈക്ഷണഃ ഇവ | : | പൂമ്പൊടി കണ്ണിൽ പോയി എന്ന വ്യാജേന |
| നേത്രേ വ്യാമീല്യ സ്ഥിതഃ | : | (അവൻ) കണ്ണു ചിമ്മി നിന്നു |
| കാന്താ കുഡ്മളിത-ആനന-ഇന്ദു | : | പ്രിയതമ ചുണ്ടു കൂർപ്പിച്ചു് |
| വായും ദദതീ തദാ തത്ര സ്ഥിതാ | : | ഊതാൻ നിന്നപ്പോൾ |
| സാ | : | അവൾ |
| നതിമൃതേ തേന | : | തല പൊക്കിയ അവനാൽ |
| ഭ്രാന്ത്യാ ധൂർത്തതയാ | : | അർത്തിയും ആവേശവും മൂത്തു് |
| ചുംബിതാ അഭവത് | : | ചുംബിക്കപ്പെട്ടു |

**പരിഭാഷ:**

ഏതോ പെണ്ണു കടിച്ച ചുണ്ടൊടണയുന്നോനെക്കളിത്താമര-
പ്പൂ തല്ലാനവൾ വീശവേ, പൊടി പതിച്ചെന്നങ്ങു കൺ ചിമ്മിനാൻ;
ഊതാനായവൾ കൂർത്ത ചുണ്ടൊടരികത്തെത്തീടവേ, യേറ്റു, നിർ-
ബാധം ഭ്രാന്തു പിടിച്ച പോലെ ചതിയൻ ചുംബിച്ചു മൈക്കണ്ണിയെ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഏതോ പെണ്ണു കടിച്ച ചുണ്ട്–ഒട് അണയുന്നോനെ കളി–താമര–പ്പൂ തല്ലാൻ അവൾ വീശവേ, പൊടി പതിച്ചു എന്ന് അങ്ങു കൺ ചിമ്മിനാൻ; ഊതാൻ ആയ് അവൾ കൂർത്ത ചുണ്ട്–ഒട് അരികത്ത് എത്തീടവേ, ഏറ്റു, നിർ–ബാധം ഭ്രാന്തു പിടിച്ച പോലെ ചതിയൻ ചുംബിച്ചു മൈക്കണ്ണിയെ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** നന്നായ ന്യാരദാങ്കം...(പേജ് 185)

**മാനവിക്രമൻ:** മറ്റേ സ്ത്രീ തന്റെ ദന്തക്ഷതം...(പേജ് 210)

## 3.81 പുരാഭ്രദസ്മാകം.../ഒന്നായുള്ള ശരീരമായ്...

വേമഭൂപാലൻ:81 രവിചന്ദ്രൻ:66 രുദ്രമദേവകമാരൻ:82 അർജ്ജുനവർമ്മദേവൻ:69

കാലക്രമത്തിൽ കുറഞ്ഞു പോകുന്ന പ്രണയത്തെപ്പറ്റി നായിക നായകനോട്.

**മൂലം:**

പുരാഭ്രദസ്മാകം പ്രഥമമവിഭിന്നാ തനുരിയം
തതോനു ത്വം പ്രേയാൻ വയമപി ഹതാശാഃ പ്രിയതമാഃ
ഇദാനീം നാഥസ്ത്വം വയമപി കളത്രം കിമപരം
ഹതാനാം പ്രാണാനാം കലിശ കഠിനാനാം ഫലമിദം ‖ 81 ‖

ശിഖരിണി

**പദച്ഛേദം:** പുരാഭ്രത് അസ്മാകം പ്രഥമം അവിഭിന്നാ തനുഃ ഇയം തതഃ നു ത്വം പ്രേയാൻ വയം അപി ഹതാശാഃ പ്രിയതമാഃ ഇദാനീം നാഥഃ ത്വം വയം അപി കളത്രം കിം അപരം ഹതാനാം പ്രാണാനാം കലിശ–കഠിനാനാം ഫലം ഇദം

**അർത്ഥം:**

| | | |
|---|---|---|
| പുരാ പ്രഥമം | : | പണ്ട് ആദ്യം |
| അസ്മാകം ഇയം തനുഃ അവിഭിന്നാ ആഭ്രത് | : | നമുക്ക് രണ്ടല്ല ഒരു ശരീരം ആയിരുന്നു |
| തതഃ നു ത്വം പ്രേയാൻ | : | അതു കഴിഞ്ഞു നീ കാമുകനായി |
| വയം അപി ഹതാശാഃ പ്രിയതമാഃ | : | ഞാൻ ആശ നശിച്ച കാമുകിയും |
| ഇദാനീം നാഥഃ ത്വം | : | ഇപ്പോൾ നീ ഭർത്താവാണ് |
| വയം അപി കളത്രം | : | ഞാൻ ഭാര്യയും |
| കിം അപരം? | : | അതല്ലാതെ എന്തു? |
| ഇദം ഹതാനാം കലിശ-കഠിനാനാം | : | ഇതാണ് ഉലഞ്ഞു പോയ, വജ്രം പോലെ കഠിനമായ |
| പ്രാണാനാം ഫലം | : | ജീവിതത്തിന്റെ ഫലം. |

**പരിഭാഷ:**

ഒന്നായുള്ള ശരീരമായ് കഴിയുവോരാദ്യം ഭവാൻ ഞാനുമേ,
പിന്നെക്കാമുകനായി നീ, കമനി ഞാൻ, പ്രത്യാശ പൊയ്പ്പോയവൾ;
ഇന്നോ നീ പതി, പത്നി ഞാൻ, അതു കഴിഞ്ഞെന്തെങ്കിലും തമ്മിലി-
ല്ലൊന്നും നമ്മളി, ലീവിധം കഠിനമായ് വജ്രോപമം ജീവിതം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഒന്ന്–ആയ് ഉള്ള ശരീരം ആയ് കഴിയുവോർ ആദ്യം ഭവാൻ ഞാനും–ഏ, പിന്നെ കാമുകൻ ആയി നീ, കമനി ഞാൻ, പ്രതി–ആശ പൊയ്–പോയവൾ; ഇന്നോ നീ പതി, പത്നി ഞാൻ, അതു കഴിഞ്ഞ് എന്ത് എങ്കിലും തമ്മിൽ ഇല്ല ഒന്നും നമ്മളിൽ, ഈ വിധം കഠിനം ആയ് വജ്ര–ഉപമം ജീവിതം!

(വ്യാഖ്യാനം പേജ് 162–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** മുന്നത്തേ സ്ഥിതിയോർക്കിൽ...(പേജ് 185)

**മാനവിക്രമൻ:** മുന്നം ദേഹാൽ പ്രഥമമനിശം...(പേജ് 210)

## 3.82 മുഗ്ദ്ധേ മുഗ്ദ്ധതയൈവ.../നീയെന്തിങ്ങനെ പൊട്ടിയായ്...

വേമഭൂപാലൻ:82 രവിചന്ദ്രൻ:67 രുദ്രമദേവകുമാരൻ:84 അർജ്ജുനവർമ്മദേവൻ:70

നായകനോടു പിണങ്ങാൻ തോഴിമാർ ഉപദേശിക്കുമ്പോൾ പൊട്ടിപ്പെണ്ണായ നായികയുടെ പ്രതികരണം:

**മൂലം:**

"മുഗ്ദ്ധേ, മുഗ്ദ്ധതയൈവ നേതുമഖിലം കാലം കിമാരഭ്യതേ
മാനം ധത്സ്വ ധൃതിം ബധാന ഋജുതാം ദൂരേ കുരു പ്രേയസി"
സഖ്യൈവം പ്രതിബോധിതാ പ്രതിവചസ്താമാഹ ഭീതാനനാ
"നീചൈശ്ശംസ ഹൃദി സ്ഥിതോ ഹി നനു മേ പ്രാണേശ്വരശ്ശ്രോഷ്യതി" ॥82॥

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** മുഗ്ദ്ധേ മുഗ്ദ്ധതയാ ഏവ നേതും അഖിലം കാലം കിം ആരഭ്യതേ മാനം ധത്സ്വ ധൃതിം ബധാന ഋജുതാം ദൂരേ കുരു പ്രേയസി സഖ്യാ ഏവം പ്രതി-ബോധിതാ പ്രതി-വചഃ താം ആഹ ഭീത-ആനനാ നീചൈഃ ശംസ ഹൃദി സ്ഥിതഃ ഹി നനു മേ പ്രാണേശ്വരഃ ശ്രോഷ്യതി

**അർത്ഥം:**

| | | |
|---|---|---|
| "മുഗ്ദ്ധേ | : | "പാവം പിടിച്ച പെണ്ണേ |
| മുഗ്ദ്ധതയാ ഏവ അഖിലം കാലം | : | നീ ഈ പാവത്തവും വെച്ചു കൊണ്ടു് ഈ കാലം മുഴുവനും |
| നേതും കിം ആരഭ്യതേ? | : | തള്ളിനീക്കാൻ എന്തിനു നോക്കുന്നു? |
| പ്രേയസി | : | പ്രിയന്റെ അടുക്കൽ |
| മാനം ധത്സ്വ, | : | ദേഷ്യപ്പെടണം |
| ധൃതിം ബധാന | : | ധൈര്യം കാണിക്കണം |
| ഋജുതാം ദൂരേ കുരു" | : | നിഷ്കളങ്കതയൊക്കെ ദൂരെക്കളയണം" |
| ഏവം സഖ്യാ പ്രതി-ബോധിതാ | : | ഇങ്ങനെ സഖി ഉപദേശിച്ചപ്പോൾ |
| ഭീത-ആനനാ താം പ്രതി-വചഃ ആഹ | : | അവൾ പേടിച്ച് ഇങ്ങനെ തിരിച്ചു പറഞ്ഞു: |
| "നീചൈഃ ശംസ | : | "പതുക്കെപ്പറയൂ, |
| പ്രാണേശ്വരഃ മേ ഹൃദി സ്ഥിതഃ | : | പ്രാണനാഥൻ എന്റെ ഹൃദയത്തിൽ ഉണ്ടു് |
| നനു ഹി ശ്രോഷ്യതി" | : | (അവൻ) കേൾക്കുമല്ലോ" |

**പരിഭാഷ:**

"നീയെന്തിങ്ങനെ പൊട്ടിയായ്? മനമതിൽ ധൈര്യം വരുത്തീടുവാൻ
ആയീ കാല, മയഞ്ഞു പോവരുതു നീ, കാണിക്കണം ദേഷ്യവും"
പ്രേയാനോടു കലമ്പിടാൻ സഖി പറഞ്ഞോർപ്പിക്കവേ, തന്വിയാൾ
ഭീയാർന്നോതി, "പതുക്കെ, യെന്റെ ഹൃദി വാഴുന്നോനവൻ കേട്ടിടും!"

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "നീ എന്ത് ഇങ്ങനെ പൊട്ടി ആയ്? മനം അതിൽ ധൈര്യം വരുത്തീടുവാൻ ആയീ കാലം, അയഞ്ഞു പോകരുതു നീ, കാണിക്കണം ദേഷ്യവും" പ്രേയാൻ-ഓടു കലമ്പിടാൻ സഖി പറഞ്ഞ് ഓർപ്പിക്കവേ, തന്വിയാൾ ഭീ ആർന്ന് ഓതി, "പതുക്കെ, എന്റെ ഹൃദി വാഴുന്നോൻ അവൻ കേട്ടിടും!"

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പാവം നീ പാവമായ്...(പേജ് 185)

**മാനവിക്രമൻ:** എന്നും മുഗ്ദ്ധേയിവണ്ണം...(പേജ് 210)

## 3.83 ആലംബ്യാംഗണവാപികാ.../അങ്ങിപ്പോൾ തൊടിയിൽ...

വേമഭൂപാലൻ:83 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:92 അർജ്ജുനവർമ്മദേവൻ:78

ദൂരത്തായ നായകൻ വസന്തം വന്നപ്പോൾ നായികയുടെ അവസ്ഥയെ ഓർത്തു പറയുന്നു.

**മൂലം:**

ആലംബ്യാംഗണവാപികാപരിസരേ ചൂതദ്രുമേ മഞ്ജരീം
സർപ്പത്സാന്ദ്രപരാഗലമ്പടരണദ്ഭൃംഗാംഗനാശോഭിനീം
മന്യേ സ്വാം തനുമുത്തരീയശകലേനാച്ഛാദ്യ ബാലാ സ്ഫുരത്-
കണ്ഠധ്വാനനിരോധകമ്പിതകുചശ്വാസോദ്ഗമാ രോദിതി ‖ 83 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആലംബ്യ അംഗണ–വാപികാ–പരിസരേ ചൂത–ദ്രുമേ മഞ്ജരീം സർപ്പൻ സാന്ദ്ര–പരാഗ–ലമ്പട–രണത്–ഭൃംഗ–അംഗനാ–ശോഭിനീം മന്യേ സ്വാം തനും ഉത്തരീയ–ശകലേന ആച്ഛാദ്യ ബാലാ സ്ഫുരത്–കണ്ഠ–ധ്വാന–നിരോധ–കമ്പിത–കുച–ശ്വാസ–ഉദ്ഗമാ രോദിതി

**അർത്ഥം:**

| | | |
|---|---|---|
| അംഗണ-വാപികാ-പരിസരേ | : | മുറ്റത്തുള്ള കിണറിന്റെ അടുത്ത് |
| ചൂത-ദ്രുമേ സർപ്പൻ | : | തേന്മാവിൽ ചുറ്റിക്കിടക്കുന്ന |
| സാന്ദ്ര-പരാഗ-ലമ്പട- | : | പരാഗങ്ങളെക്കൊണ്ടു നിറഞ്ഞതായതു കൊണ്ട് |
| -രണത്-ഭൃംഗ-അംഗനാ-ശോഭിനീം | : | കടിപിടി കൂടുന്ന പെൺവണ്ടുകളെക്കൊണ്ടു ശോഭിക്കുന്ന |
| മഞ്ജരീം ആലംബ്യ | : | പൂങ്കുലയെ പിടിച്ചു കൊണ്ട് |
| സ്വാം തനും | : | സ്വന്തം ശരീരത്തെ |
| ഉത്തരീയ-ശകലേന ആച്ഛാദ്യ | : | വസ്ത്രത്തിന്റെ തുമ്പു കൊണ്ട് മറച്ച് |
| സ്ഫുരത്-കണ്ഠ-ധ്വാന-നിരോധ- | : | തൊണ്ടയിലെ പൊങ്ങിവരുന്ന ശബ്ദത്തെ അടക്കുകയാൽ |
| -കമ്പിത-കുച-ശ്വാസ-ഉദ്ഗമാ | : | വിറയ്ക്കുന്ന മുലകളെക്കൊണ്ട് ശ്വാസം ഉയരുന്ന |
| ബാലാ രോദിതി മന്യേ | : | പെങ്കൊച്ച് കരയുന്നു എന്നു ഞാൻ കരുതുന്നു |

**പരിഭാഷ:**

അങ്ങിപ്പോൾ തൊടിയിൽ, കിണറ്റിനരികിൽ, തേന്മാവിലായ് വണ്ടുകൾ
തിങ്ങും പൂമ്പൊടിയാർന്ന പൂങ്കുല പിടി, ച്ചേറുന്ന ദുഃഖത്തൊടേ,
വിങ്ങിപ്പൊട്ടിയിരിക്കയാവു, മുടൽ വസ്ത്രാഗ്രത്തിൽ മൂടി, സ്വരം
പൊങ്ങും നേരമടക്കി, മാറിളകി, നിശ്വാസത്തൊടെൻ തയ്യലാൾ!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** അങ്ങിപ്പോൾ തൊടിയിൽ, കിണറ്റിനരികിൽ, തേൻ–മാവിലായ് വണ്ടുകൾ തിങ്ങും പൂം–പൊടി ആർന്ന പൂം–കുല പിടിച്ച്, ഏറുന്ന ദുഃഖത്തൊടേ, വിങ്ങി–പൊട്ടി ഇരിക്ക ആവും, ഉടൽ വസ്ത്ര–അഗ്രത്തിൽ മൂടി, സ്വരം പൊങ്ങും നേരം അടക്കി, മാറ് ഇളകി, നിശ്വാസത്തൊട് എൻ തയ്യലാൾ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** പാവം നീ പാവമായ്...(പേജ് 185)

**മാനവിക്രമൻ:** ഭംഗികലന്ന തടാകതടേ...(പേജ് 210)

## 3.84 അനാലോച്യപ്രേമ്ണഃ.../നിൻ പ്രേമത്തെ, യതിന്റെ...

വേമഭൂപാലൻ:84 രവിചന്ദ്രൻ:76 രുദ്രമദേവകമാരൻ:94 അർജ്ജുനവർമ്മദേവൻ:80

കുപിതയായ നായികയോട്ട് നായകന്റെ പക്ഷം പിടിച്ച് സഖി പറയുന്നു.

**മൂലം:**

അനാലോച്യ പ്രേമ്ണഃ പരിണതിമനാദൃത്യ സുഹൃദ-
ത്ത്വയാകാണ്ഡേ മാനഃ കിമിതി തരളേ സംപ്രതി കൃതഃ
സമാകൃഷ്ടാ ഹ്യേതേ പ്രളയദഹനോദ്ഭാസുരശിഖാ
സ്വഹസ്തേനാംഗാരാസ്തദലമധുനാരണ്യരുദിതൈഃ ‖ 84 ‖

ശിഖരിണി

**പദച്ഛേദം:** അനാലോച്യ പ്രേമ്ണഃ പരിണതതിം അനാദൃത്യ സുഹൃദഃ ത്വയാ അകാണ്ഡേ മാനഃ കിം ഇതി തരളേ സമ്പ്രതി കൃതഃ സം-ആകൃഷ്ടാ ഹി ഏതേ പ്രളയ-ദഹന-ഉദ്ഭാസുര-ശിഖാഃ സ്വ-ഹസ്തേന അങ്ഗാരാഃ തത് അലം അധുനാ അരണ്യ-രുദിതൈഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രേമ്ണഃ പരിണതിം അനാലോച്യ | : | പ്രേമത്തിന്റെ പരിണാമം ആലോചിക്കാതെ |
| സുഹൃദഃ അനാദൃത്യ | : | സഖികളെ അനാദരിച്ചിട്ട് |
| തരളേ | : | ഇളക്കമുള്ളവളേ |
| ത്വയാ സമ്പ്രതി അകാണ്ഡേ | : | നിനക്കു് ഇപ്പോൾ ഒരു കാരണവുമില്ലാതെ |
| കിം ഇതി മാനഃ കൃതഃ | : | എന്തിനാണ ദേഷ്യം ഉണ്ടാകുന്നതു്? |
| ഹി പ്രളയ-ദഹന-ഉദ്ഭാസുര-ശിഖാഃ | : | ലോകാവസാനത്തിൽ ദഹിപ്പിക്കാൻ ഉണ്ടാകുന്ന തീ ഉയർത്തുന്ന |
| അങ്ഗാരാ ഏതേ സ്വ-ഹസ്തേന സമാകൃഷ്ടാ | : | കനൽ സ്വന്തം കൈ കൊണ്ടു വാരിയെടുക്കുന്നതു പോലെ |
| തത് അധുനാ അരണ്യ-രുദിതൈഃ | : | ഉള്ള പ്രവൃത്തി ഇപ്പോൾ കാട്ടിലെ നിലവിളി (പോലെ വെറുതേ) ആകും. |

**പരിഭാഷ:**

നിൻ പ്രേമത്തെ, യതിന്റെ ഭാവിയെ, സഖീവാക്യങ്ങളെ, ക്കുട്ടിടാ-
തൻപറ്റെന്തിനു ചിന്ത വിട്ടു ചപലേ, ദേഷ്യപ്പെടുന്നിന്നു നീ?
ബ്രഹ്മാണ്ഡം ചുടുമഗ്നി തൻ കനലിനെക്കൈക്കുമ്പിളിൽ കോരുവാൻ
കമ്പം കേറിയതെന്തു? കാട്ടിലൊരുവൻ മോങ്ങുന്ന മട്ടല്ലയോ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നിൻ പ്രേമത്തെ, അതിന്റെ ഭാവിയെ, സഖീ-വാക്യങ്ങളെ, കൂട്ടിടാതെ അൻപ് അറ്റ് എന്തിനു ചിന്ത വിട്ടു ചപലേ, ദേഷ്യ-പ്പെടുന്നു ഇന്നു നീ? ബ്രഹ്മ-അണ്ഡം ചുടും അഗ്നി തൻ കനൽ-ഇനെ കൈ-കുമ്പിൾ-ഇൽ കോരുവാൻ കമ്പം കേറിയത് എന്തു്? കാട്ടിൽ ഒരുവൻ മോങ്ങുന്ന മട്ട് അല്ലയോ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ചിന്തിക്കാതവനുള്ള...(പേജ് 186)

**മാനവിക്രമൻ:** ആലോചിക്കാതെയും തൽ പ്രണയം...(പേജ് 211)

## 3.85 കപോലേ പത്രാളീ.../കയ്യാൽ മാഞ്ഞു മുഴുക്കെ...

വേമഭൂപാലൻ:85 രവിചന്ദ്രൻ:87 രുദ്രമദേവകമാരൻ:95 അർജ്ജുനവർമ്മദേവൻ:81

കുപിതയായ നായികയോടു നായകൻ പറയുന്നു.

**മൂലം:**

കപോലേ പത്രാളീ കരതലനിരോധേന മൃദിതാ
നിപീതോ നിശ്വാസൈരയമമൃതഹൃദ്യോऽധരരസഃ
മുഹുഃ കണ്ഠേ ലഗ്നസ്തരളയതി ബാഷ്പഃ സ്തനതടം
പ്രിയോ മന്യുർജ്ജാതസ്തവ നിരനുരോധേ ന തു വയം ‖ 85 ‖

ശിഖരിണി

**പദച്ഛേദം:** കപാലേ പത്ര–ആളി കര–തല–നിരോധേന മൃദിതാ നിപീതഃ നിശ്വാസൈഃ അയം അമൃത–ഹൃദ്യഃ അധര–രസഃ മുഹുഃ കണ്ഠേ ലഗ്നഃ തരളയതി ബാഷ്പഃ സ്തനതടം പ്രിയഃ മന്യുഃ ജാതഃ തവ നിരനുരോധേ ന തു വയം

**അർത്ഥം:**

| | | |
|---|---|---|
| കര-തല-നിരോധേന | : | കൈ കൊണ്ടു തുടയ്ക്കയാൽ |
| കപോലേ പത്രാളീ മൃദിതാ | : | കവിളിലെ പത്തിക്കീറ്റ് മാഞ്ഞു പോയി |
| അയം അമൃത-ഹൃദ്യഃ അധര-രസഃ | : | അമൃതം പോലെ ഹൃദ്യമായ ഈ അധരരസം |
| നിശ്വാസൈഃ നിപീതഃ | : | നെടുവീർപ്പു കൊണ്ടു കുടിക്കപ്പെട്ടു |
| മുഹുഃ കണ്ഠേ ലഗ്നഃ ബാഷ്പഃ | : | പിന്നെയും പിന്നെയും തൊണ്ടയിൽ തടയുന്ന കണ്ണുനീർ മൂലം |
| സ്തനതടം തരളയതി | : | മുലകൾ ഇളകുന്നു |
| തവ നിരനുരോധേ | : | നീ കലഹിച്ചു നിൽക്കുമ്പോൾ |
| മന്യുഃ പ്രിയഃ ജാതഃ | : | ദേഷ്യമാണു നിന്റെ പ്രിയൻ |
| വയം ന തു | : | ഞാനല്ല |

**പരിഭാഷ:**

കയ്യാൽ മാഞ്ഞു മുഴുക്കെ നിൻ കവിളിലെച്ചായം; നെടും വീർപ്പു വ-
ന്നയ്യോ, നിന്നുടെ ചുണ്ടിലുള്ളമൃതമിന്നീമ്പിക്കുടിച്ചൊക്കെയും;
നിയ്യീ മട്ടു കരഞ്ഞു തൊണ്ടയിടറിച്ചാഞ്ചാട്ടമായ് മാർത്തടം;
മയ്യേൽക്കണ്ണി, നിനക്കു കാമുകനഹോ! ഞാനല്ല, നിൻ ദേഷ്യമാം!

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കയ്യാൽ മാഞ്ഞു മുഴുക്കെ നിൻ കവിളിലെ ചായം; നെടും വീർപ്പ് വന്ന് അയ്യോ നിന്നുടെ ചുണ്ടിൽ ഉള്ള അമൃതം ഇന്ന് ഈമ്പി-കുടിച്ചു ഒക്കെയും; നിയ്യ് ഈ മട്ടു കരഞ്ഞു തൊണ്ട ഇടറി ചാഞ്ചാട്ടം ആയ് മാർത്തടം; മൈ–ഏൽ–ക്കണ്ണി, നിനക്കു കാമുകൻ അഹോ! ഞാൻ അല്ല, നിൻ ദേഷ്യമാം!

(വ്യാഖ്യാനം പേജ് 163–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** പത്തിക്കീറ്റു കവിൾ...(പേജ് 186)

**മാനവിക്രമൻ:** കയ്യാൽ നിന്നുടെ ഗണ്ഡപാളി...(പേജ് 211)

## 3.86 ആയാതേ ദയിതേ മനോരഥ.../വന്നപ്പോൾ ദയിതൻ...

വേമഭൂപാലൻ:86 രവിചന്ദ്രൻ:75 രുദ്രമദേവകമാരൻ:91 അർജ്ജുനവർമ്മദേവൻ:77

ഏറെക്കാലത്തിനു ശേഷം നായകൻ എത്തിയപ്പോൾ ശല്യമായി വന്ന തോഴിമാരെ സമർത്ഥയായ നായിക ഒഴിവാക്കുന്നത്.

**മൂലം:**

ആയാതേ ദയിതേ മനോരഥശതൈർന്നീത്വാ കഥഞ്ചിദ്ദിനം
ഗത്വാ വാസഗൃഹം ജഡേ പരിജനേ ദീർഘാം കഥാം കുർവ്വതി
ദഷ്ടാസ്മീത്യഭിധായ സത്വരപദം വ്യാധൂയ ചീനാംശുകം
തന്വംഗ്യാ രതികാതരേണ മനസാ നീതഃ പ്രദീപശ്ശമം ‖ 86 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആയാതേ ദയിതേ മനോ–രഥ–ശതൈഃ നീത്വാ കഥം–ചിത് ദിനം ഗത്വാ വാസ–ഗൃഹം ജഡേ പരി–ജനേ ദീർഘാം കഥാം കുർവതി ദഷ്ടാ ആസ്മി ഇതി അഭിധായ സത്വര–പദം വ്യാധൂയ ചീന–അംശുകം തന്വംഗ്യാ രതി–കാതരേണ മനസാ നീതഃ പ്രദീപഃ ശമം

**അർത്ഥം:**

| | | |
|---|---|---|
| ആയാതേ ദയിതേ | : | (ദൂരദേശയാത്ര കഴിഞ്ഞ്) പ്രിയപ്പെട്ടവൻ വന്നപ്പോൾ |
| കഥം-ചിത് മനോ-രഥ-ശതൈഃ ദിനം നീത്വാ | : | എന്തൊക്കെയോ നൂറു കാര്യങ്ങൾ ചിന്തിച്ച് പകൽ തള്ളിനീക്കിയിട്ട് |
| വാസ-ഗൃഹം ഗത്വാ | : | (രാത്രിയിൽ) കിടപ്പറയിൽ പോയപ്പോൾ |
| ദീർഘാം കഥാം കുർവതി ജഡേ പരി-ജനേ | : | (അവിടെ) വലിയ കഥ പറഞ്ഞു കൊണ്ട് നശിച്ച തോഴിമാർ ഇരുന്നപ്പോൾ |
| "ദഷ്ടാ അസ്മി" ഇതി അഭിധായ | : | "എന്നെ എന്തോ കടിച്ചേ" എന്നു കൂവിക്കൊണ്ട് |
| തന്വംഗ്യാ രതി-കാതരേണ മനസാ | : | ആ സുന്ദരി രതിയാൽ ക്ഷമ കെട്ട മനസ്സോടെ |
| സത്വര-പദം ചീനാംശുകം വ്യാധൂയ | : | പെട്ടെന്ന് ഉത്തരീയമെടുത്ത് കുടഞ്ഞു വീശി |
| പ്രദീപഃ ശമം നീതഃ | : | വിളക്കു കെടുത്തി |

**പരിഭാഷ:**

വന്നപ്പോൾ ദയിതൻ, ദിനം കഴിയുവാൻ എന്തൊക്കെയോ ചിന്ത ചെ-
യ്തൊന്നിക്കേ, സഖിമാർ പലേ കഥകളും ചൊന്നങ്ങു നിന്നീടവേ,
"എന്തോ വന്നു കടിച്ചു" വെന്നലറിയാക്കാമാർത്ത ചീനാംശുകം
നന്നായൊന്നു കുടഞ്ഞു വീശിയുടനേ ദീപം കെടുത്തീടിനാൾ

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വന്നപ്പോൾ ദയിതൻ, ദിനം കഴിയുവാൻ എന്തൊക്കെയോ ചിന്ത ചെയ്ത് ഒന്നിക്കേ, സഖിമാർ പലേ കഥകളും ചൊന്ന് അങ്ങു നിന്നീടവേ, "എന്തോ വന്നു കടിച്ചു" എന്ന് അലറി ആ കാമ–ആർത്ത ചീന–അംശുകം നന്നായ് ഒന്നു കുടഞ്ഞു വീശി ഉടനേ ദീപം കെടുത്തീടിനാൾ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കാന്തൻ പോയ് വന്ന ശേഷം...(പേജ് 186)

**മാനവിക്രമൻ:** ഭർത്താവോ വന്നുചേർന്നു...(പേജ് 211)

## 3.87 രോഹന്തൌ പ്രഥമം മമോരസി.../എൻ മാറത്തു കുരുത്ത...

വേമഭൂപാലൻ:87 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

ചെറുപ്പത്തിൽ നല്ല പരിചയമുണ്ടായിരുന്ന നായകനെ ഒരുപാടു കാലത്തിനു ശേഷം കണ്ട നായികയുടെ കുത്തുവാക്ക്:

**മൂലം:**

രോഹന്തൌ പ്രഥമം മമോരസി തവ പ്രാപ്തൌ വിവൃദ്ധിം സ്തനൌ
സല്ലാപാസ്തവ വാക്യഭംഗിമിളനാന്മൌഗ്ധ്യം പരം ത്യാജിതാഃ
ധാത്രീകണ്ഠമപാസ്യ ബാഹുലതികേ കണ്ഠേ തവാസഞ്ജിതേ
നിർദ്ദാക്ഷിണ്യ, കരോമി കിം നു വിശിഖാപ്യേഷാ ന പന്ഥാസ്തവ || 87 ||

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** രോഹന്തൗ പ്രഥമം മമ–ഉരസി തവ പ്രാപ്തൗ വിവൃദ്ധിം സതനൗ സല്ലാപഃ തവ വാക്യ–ഭംഗി–മിളനാത് മൗഗ്ധ്യം പരം ത്യാജിതാഃ ധാത്രീ–കണ്ഠം അപാസ്യ ബാഹു–ലതികേ കണ്ഠേ തവ ആസഞ്ജിതേ നിർദ്ദാക്ഷിണ്യ കരോമി കിം നു വിശിഖാ അപി ഏഷാ ന പന്ഥാഃ തവ

**അർത്ഥം:**

| | | |
|---|---|---|
| പ്രഥമം മമോരസി രോഹന്തൌ സ്തനൌ | : | ആദ്യം എന്റെ മാറത്തു കുരുത്തു വന്ന മുലകൾ |
| തവ (ഉരസി) വിവൃദ്ധിം പ്രാപ്തൗ | : | നിന്റെ (മാറത്തു) വലിപ്പം വെച്ചു |
| തവ വാക്യ-ഭംഗി-മിളനാത് | : | നിന്റെ വാക്കുകളുടെ ഭംഗിയിൽ ഇഴുകിച്ചേർന്ന് |
| സല്ലാപാഃ മൗഗ്ധ്യം പരം ത്യാജിതാഃ | : | എന്റെ കളിവാക്കുകളിലെ നാണം പൊയ്പ്പോയി |
| ബാഹു-ലതികേ ധാത്രീ-കണ്ഠം അപാസ്യ | : | (എന്റെ) വള്ളി പോലെയുള്ള കൈകൾ അമ്മയുടെ കഴുത്തിനെ വെടിഞ്ഞു് |
| തവ കണ്ഠേ അസഞ്ജിതേ | : | നിന്റെ കഴുത്തിൽ ചുറ്റി |
| നിർദ്ദാക്ഷിണ്യ | : | ദയയില്ലാത്തവനേ, |
| ഏഷാ വിശിഖാ അപി തവ പന്ഥാഃ ന | : | ഈ വഴിയേ പോലും നീ വരുന്നില്ല |
| കിം നു കരോമി? | : | ഞാൻ എന്തു ചെയ്യും? |

**പരിഭാഷ:**

എൻ മാറത്തു കുരുത്ത കുഞ്ഞുമുല നിൻ നെഞ്ചത്തു വൻ കുംഭമായ്;
നിന്നോടായ് കളിവാക്കു ചൊന്ന വചനം നാണം വെടിഞ്ഞുള്ളതായ്;
സ്വന്തം മാതൃഗളത്തെ വിട്ട കരമാശ്ലേഷിച്ചിതോ നിൻ കഴ,-
ത്തിന്നീപ്പാതയിൽ ദുഷ്ട! നീ വരികയി, ല്ലെന്തോന്നു ഞാൻ ചെയ്തിടും?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** എൻ മാറത്തു കുരുത്ത കുഞ്ഞു–മുല നിൻ നെഞ്ചത്തു വൻ കുംഭം ആയ്; നിന്നോടായ് കളി–വാക്കു ചൊന്ന വചനം നാണം വെടിഞ്ഞ് ഉള്ളത് ആയ്; സ്വന്തം മാതൃ–ഗളത്തെ വിട്ട കരം ആശ്ലേഷിച്ചതോ നിൻ കഴുത്ത്; ഇന്ന് ഈ പാതയിൽ ദുഷ്ട! നീ വരികയില്ല, എന്തോന്നു ഞാൻ ചെയ്തിടും?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** എൻമാറിൽ പൂർവ്വം...(പേജ് 186)

**മാനവിക്രമൻ:** എന്നുടെ വക്ഷസി പണ്ടുളവായ...(പേജ് 211)

## 3.88 ചക്ഷുഃപ്രീത്യാ നിഷണ്ണേ.../കണ്ടിട്ടിഷ്ടം സ്ഫുരിച്ചും...

വേമഭൂപാലൻ:88 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:114 അർജ്ജുനവർമ്മദേവൻ:100

ഇതു വരെ ഒന്നിക്കാൻ കഴിഞ്ഞിട്ടില്ലാത്ത നായികയെപ്പറ്റി നായകൻ.

**മൂലം:**

ചക്ഷുഃപ്രീത്യാ നിഷണ്ണേ മനസി പരിചയാ-
ച്ചിന്ത്യമാനേऽഭ്യുപായേ
യാതേ രാഗേ വിവൃദ്ധിം പ്രവിസരതി ഗിരാം
വിസ്തരേ ദൂതികായാഃ
ആസ്താം ദൂരേ സ താവൽ സരഭസദയിതാ-
ലിംഗനാനന്ദലാഭ-
സ്തദ്ഗേഹോപാന്തരഥ്യാഭ്രമണമപി പരാം
നിർവൃതി സന്തനോതി ‖ 88 ‖

സ്രഗ്ദ്ധര

**പദച്ഛേദം:** ചക്ഷുഃ–പ്രീത്യാ നിഷണ്ണേ മനസി പരിചയാത് ചിന്ത്യമാനേ അഭി–ഉപായേ യാതേ രാഗേ വിവൃദ്ധിം പ്രവിസരതി ഗിരാം വിസ്തരേ ദൂതികായാഃ ആസ്താം ദൂരേ സ താവത് സരഭസ–ദയിതാ–ആലിംഗന–ആനന്ദ–ലാഭഃ തത്–ഗേഹ–ഉപാന്ത–രഥ്യാ–ഭ്രമണം അപി പരാം നിർവൃതിം സം–തനോതി

**അർത്ഥം:**

| | | |
|---|---|---|
| ചക്ഷുഃ-പ്രീത്യാ മനസി നിഷണ്ണേ | : | കണ്ണിന്റെ ഇഷ്ടം കൊണ്ടു് മനസ്സിൽ ആസക്തി തോന്നി |
| പരിചയാത് അഭി-ഉപായേ ചിന്ത്യമാനേ | : | എപ്പോഴും ഓർത്തു് എന്തെങ്കിലും ഉപായം ചിന്തിച്ച് |
| രാഗേ വിവൃദ്ധിം യാതേ | : | പ്രേമം വളർന്നു വന്നു് |
| ദൂതികായാഃ ഗിരാം വിസ്തരേ | : | ദൂതികൾ വഴി പറയാനുള്ളതു പറഞ്ഞു് |
| സരഭസ-ദയിതാ-ആലിംഗന-ആനന്ദ-ലാഭഃ | : | പ്രിയപ്പെട്ടവളുടെ ആലിംഗനം കിട്ടുന്നതു് ആഗ്രഹിച്ച് |
| സഃ താവത് ദൂരേ ആസ്താം | : | അവൻ ദൂരെ നിന്നോട്ടേ |
| തത്-ഗേഹ-ഉപാന്ത-രഥ്യാ-ഭ്രമണം അപി | : | അവളുടെ വീടിനടുത്തുള്ള വഴിയിലൂടെ ചുറ്റിനടക്കുന്നതു തന്നെ |
| പരാം നിർവൃതിം സം-തനോതി | : | അങ്ങേയറ്റത്തെ നിർവൃതി തരും. |

**പരിഭാഷ:**

കണ്ടിട്ടിഷ്ടം സ്ഫുരിച്ചും, ചിരമവളെ നിന-
ച്ചേറെ മാർഗ്ഗം ചമച്ചും,
ചങ്കിൽ പ്രേമം വളർന്നും, കരുതുവതഖിലം
ദൂതിമാരാലയച്ചും,
ഇങ്ങിദ്ദൂരത്തു പെട്ടെങ്കിലുമവളുടെയാ-
ലിംഗനം തന്നെയോർത്തി-
ട്ടങ്ങോട്ടിങ്ങോട്ടു വീടിന്നരികിലെ വഴിയിൽ
പോവതും ഭാഗ്യമത്രേ!

സ്രഗ്ദ്ധര

**പദച്ഛേദം:** കണ്ടിട്ട് ഇഷ്ടം സ്ഫുരിച്ചും, ചിരം അവളെ നിനച്ച് ഏറെ മാർഗ്ഗം ചമച്ചും, ചങ്കിൽ പ്രേമം വളർന്നും, കരുതുവത് അഖിലം ദൂതി-മാർ-ആൽ അയച്ചും, ഇങ്ങ് ഈ ദൂരത്തു പെട്ടു എങ്കിലും അവളുടെ ആലിംഗനം തന്നെ ഓർത്തിട്ട് അങ്ങോട്ട് ഇങ്ങോട്ടു വീടിൻ അരികിലെ വഴിയിൽ പോവതും ഭാഗ്യം അത്രേ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കണ്ണിന്നാഹ്ലാദമുണ്ടായ്...(പേജ് 187)

**മാനവിക്രമൻ:** സന്തോഷം കണ്ണിനുണ്ടായ്...(പേജ് 212)

## 3.89 കരകിസലയം ധൂത്വാ.../അഴിഞ്ഞു പോയരയ്ക്ക...

വേമഭൂപാലൻ:89 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:104 അർജ്ജുനവർമ്മദേവൻ:90

രതിക്രീഡയ്ക്കു ശേഷമുള്ള നായികയുടെ നാണം:

**മൂലം:**

കരകിസലയം ധൂത്വാ ധൂത്വാ വിളംബിതമേഖലാ
ക്ഷിപതി സുമനോമാലാശേഷം പ്രദീപശിഖാം പ്രതി
സ്ഥഗയതി മുഹുഃ പത്യുർന്നേത്രേ വിഹസ്യ സമാകുലാ
സുരതവിരതൌ രമ്യം തന്വീ പുനഃപുനരീക്ഷ്യതേ ‖ 89 ‖

ഹരിണി

**പദച്ഛേദം:** കര–കിസലയം ധൂത്വാ ധൂത്വാ വിളംബിത–മേഖലാ ക്ഷിപതി സുമനഃ–മാലാ–ശേഷം പ്രദീപ–ശിഖാം പ്രതി സ്ഥഗയതി മുഹുഃ പത്യുഃ നേത്രേ വിഹസ്യ സം–ആകുലാ സുരത–വിരതൌ രമ്യം തന്വീ പുനഃ–പുനഃ–ഈക്ഷ്യതേ

**അർത്ഥം:**

| | | |
|---|---|---|
| സുരത-വിരതൌ തന്വീ | : | സുരതം കഴിഞ്ഞ യുവതി |
| വിളംബിത-മേഖലാ | : | അരഞ്ഞാണം (അരപ്പട്ട) അഴിഞ്ഞ് |
| കരകിസലയം ധൂത്വാ ധൂത്വാ | : | കൈകൾ വീശിയും വീശിയും |
| സുമനോ-മാലാ-ശേഷം | : | പൂമാലയിൽ അവശേഷിക്കുന്നത് |
| പ്രദീപ-ശിഖാം പ്രതി ക്ഷിപതി | : | വിളക്കിന്റെ ജ്വാലയിലേയ്ക്ക് എറിഞ്ഞും |
| സമാകുലാ വിഹസ്യ | : | സംഭ്രമിച്ച ചിരിച്ചും |
| പത്യുഃ നേത്രേ മുഹുഃ സ്ഥഗയതി | : | ഭർത്താവിന്റെ കണ്ണുകളെ മറയ്ക്കാൻ നോക്കിയെങ്കിലും |
| (സാ) പുനഃ പുനഃ ഈക്ഷ്യതേ | : | അവൻ വീണ്ടും വീണ്ടും അവളെ നോക്കിക്കൊണ്ടിരുന്നു |

**പരിഭാഷ:**

അഴിഞ്ഞു പോയരയ്ക്കു നിന്ന കാഞ്ചി, യാ വിളക്കിലേ-
യ്ക്കെറിഞ്ഞു ബാക്കി മാല, വീശി കൈ, ഭ്രമാൽ ചിരിച്ചുമേ,
ച്ചുഴിഞ്ഞു നോക്കിടുന്ന കാന്തനേത്രമൊന്നു പൊത്തിടാൻ
തുനിഞ്ഞു പിന്നെയും, രതം കഴിഞ്ഞ നേരമോമലാൾ.

പഞ്ചചാമരം

**പദച്ഛേദം:** അഴിഞ്ഞു പോയ് അരയ്ക്കു നിന്ന കാഞ്ചി, ആ വിളക്കിലേയ്ക്ക് എറിഞ്ഞു ബാക്കി മാല, വീശി കൈ, ഭ്രമാൽ ചിരിച്ചുമേ, ച്ചുഴിഞ്ഞു നോക്കിടുന്ന കാന്ത–നേത്രം ഒന്നു പൊത്തിടാൻ തുനിഞ്ഞു പിന്നെയും, രതം കഴിഞ്ഞ നേരം ഓമലാൾ.

(വ്യാഖ്യാനം പേജ് 164–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാമക്രീഡാ കഴിഞ്ഞ...(പേജ് 187)

**മാനവിക്രമൻ:** ക്രീഡാന്തത്തിലഴിഞ്ഞ കാഞ്ചി...(പേജ് 212)

## 3.90 പരാചീ കോപേന…/കടുക്കും കോപത്താൽ…

വേമഭൂപാലൻ:90 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

പിണങ്ങിയ നായിക നായകന്റെ പ്രവൃത്തിയെ എതിർക്കുന്നത്:

**മൂലം:**

പരാചീ കോപേന സ്ഫുടകപടനിദ്രാമുകുളിതാ
പ്രവിശ്യാംഗേനാംഗം പ്രണയിനി പരീരംഭചതുരേ
ശനൈർന്നീവീബന്ധം സ്പൃശതി സഭയവ്യാകുലകരം
വിധത്തേ സങ്കോചഗ്ലപിതമവലഗ്നം വരതനുഃ. ‖ 90 ‖

ശിഖരിണി

**പദച്ഛേദം:** പരാചീ കോപേന സ്ഫുട–കപട–നിദ്രാ–മുകുളിതാ പ്രവിശ്യ അംഗേന അംഗം പ്രണയിനി പരീരംഭ–ചതുരേ ശനൈഃ നീവീ–ബന്ധം സ്പൃശസി സ–ഭയ–വ്യാകുല–കരം വിധത്തേ സങ്കോച–ഗ്ലപിതം അവലഗ്നം വരതനുഃ

**അർത്ഥം:**

| | | |
|---|---|---|
| കോപേന പരാചീ | : | ദേഷ്യപ്പെട്ട് മുഖം തിരിച്ച് |
| സ്ഫുട-കപട-നിദ്രാ-മുകളിതാ | : | കള്ളയുറക്കം നടിച്ച് കണ്ണടച്ച് കിടന്നപ്പോൾ |
| അംഗേന അംഗം പ്രവിശ്യ | : | ഓരോ ഓരോ അവയവമായി നഗ്നമാക്കി |
| പരീരംഭചതുരേ പ്രണയിനി | : | ആലിംഗനത്തിൽ മിടുക്കനായ പ്രിയൻ അടുക്കവേ |
| വര-തനുഃ | : | സുന്ദരി |
| ശനൈഃ സഭയ-വ്യാകുല-കരം | : | പതുക്കെ പേടിച്ചരണ്ട കൈ കൊണ്ട് |
| നീവീ-ബന്ധം അവലഗ്നം സ്പൃശതി | : | മടിക്കുത്തിന്റെ നടുക്കു പിടിച്ച് |
| സങ്കോച-ഗ്ലപിതം വിധത്തേ | : | തന്റെ സങ്കോചത്തെ കാണിക്കുന്നു |

**പരിഭാഷ:**

കടുക്കും കോപത്താൽ മുഖമതു തിരിച്ചും, മിഴിയട-
ച്ചുറക്കം ഭാവിച്ചും മരുവുമവൾ തന്നംഗമധികം
വെളിക്കാക്കീട്ടാലിംഗനകുതുകിയായ് മാരനണയേ
മടിക്കുത്തിൽ ലജ്ജാഭയമൊടു കരം ചേർത്തു സുമുഖി.

ശിഖരിണി

**പദച്ഛേദം:** കടുക്കും കോപത്താൽ മുഖം അതു തിരിച്ചും, മിഴി അടച്ച് ഉറക്കം ഭാവിച്ചും മരുവും അവൾ തൻ അംഗം അധികം വെളിക്ക് ആക്കീട്ട് ആലിംഗന–കുതുകി ആയ് മാരൻ അണയേ മടി–കുത്തിൽ ലജ്ജാ–ഭയം ഒടു കരം ചേർത്തു സുമുഖി.

(വ്യാഖ്യാനം പേജ് 164–ൽ.)

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കോപംകൊണ്ടു തിരിഞ്ഞു…(പേജ് 187)

**മാനവിക്രമൻ:** (പരിഭാഷപ്പെടുത്തിയിട്ടില്ല)

## 3.91 ആദൃഷ്ടിപ്രസരാത് പ്രിയസ്യ.../എന്നും യാത്രയിലായവന്റെ...

വേമഭൂപാലൻ:91 രവിചന്ദ്രൻ:74 രുദ്രമദേവകമാരൻ:90 അർജ്ജുനവർമ്മദേവൻ:76

യാത്ര പോയ നായകന്റെ വരവിനെ കാത്തുനിൽക്കുന്ന നായികയുടെ ഔത്സുക്യത്തെ കവി വർണ്ണിക്കുന്നു.

**മൂലം:**

ആദൃഷ്ടിപ്രസരാത് പ്രിയസ്യ പദവീമുദ്വീക്ഷ്യ നിർവിണ്ണയാ
വിശ്രാന്തേഷു പഥിഷ്വഹഃ പരിണതൌ ധ്വാന്തേ സമുത്സർപ്പതി
ദത്ത്വൈകം സശുചാ ഗൃഹം പ്രതി പദം പാന്ഥസ്ത്രിയാസ്മിൻ ക്ഷണേ
മാ ഭൂദാഗത ഇത്യമന്ദവലിത ഗ്രീവം പുനർവീക്ഷിതം ‖ 91 ‖ ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ആദൃഷ്ടി–പ്രസരാത് പ്രിയസ്യ പദവീം ഉത്–വീക്ഷ്യ നിർവിണ്ണയാ വിശ്രാന്തേഷു പഥിഷു അഹഃ പരിണതൗ ധ്വാന്തേ സം–ഉത്സർപ്പതി ദത്വാ ഏകം സ–ശുചാ ഗൃഹം പ്രതി പദം പാന്ഥസ്ത്രിയാ അസ്മിൻ ക്ഷണേ മാ ഭൂത് ആഗതഃ ഇതി അമന്ദ–വലിത–ഗ്രീവം പുനഃ വീക്ഷിതം

**അർത്ഥം:**

| | | |
|---|---|---|
| നിർവിണ്ണയാ പാന്ഥ-സ്ത്രിയാ | : | എപ്പോഴും യാത്ര ചെയ്യുന്നവന്റെ ദുഃഖിതയായ ഭാര്യ |
| പ്രിയസ്യ പദവീം | : | പ്രിയൻ വരുന്ന ദിക്കിലേക്ക് |
| ആദൃഷ്ടി-പ്രസരാത് ഉത്-വീക്ഷ്യ | : | പതറിയ കണ്ണുകൾ കൊണ്ട് നോക്കി |
| അഹഃ പരിണതൗ | : | പകൽ കഴിയുമ്പോൾ |
| ധ്വാന്തേ വിശ്രാന്തേഷു പഥിഷു | : | ഇരുട്ടിൽ വിജനമായ വഴിയിൽ |
| ഉത്സർപ്പതി | : | ദൂരേയ്ക്കു നോക്കുന്നു. |
| സ-ശുചാ ഗൃഹം പ്രതി ഏകം പദം ദത്വാ | : | (എന്നിട്ട് ) ദുഃഖിച്ച് വീട്ടിലേയ്ക്ക് ഒരടി വെച്ചിട്ട് |
| അസ്മിൻ ക്ഷണേ | : | ഉടൻ തന്നെ |
| "മാ ഭൂത് ആഗതഃ" ഇതി | : | "വന്നില്ലല്ലോ" എന്നു പറഞ്ഞു |
| അമന്ദ-വലിത-ഗ്രീവം | : | പെട്ടെന്നു കഴുത്തു തിരിച്ച് |
| പുനഃ വീക്ഷിതം | : | പിന്നെയും നോക്കുന്നു |

**പരിഭാഷ:**

എന്നും യാത്രയിലായവന്റെ വധു തൻ കാന്തൻ വരും പാതയിൽ
കണ്ണും നട്ടു പകൽ മുഴക്കെ മരുവി, പ്പിന്നീടിരുട്ടാകവേ
പിന്നേയും വഴി നോക്കി, വീടണയുവാൻ കാൽ വെയ്ക്കവേ, "യിപ്പൊഴും
വന്നി" ല്ലെന്നു പറഞ്ഞുടൻ തല തിരിച്ചൊന്നൂടെ നോക്കുന്നിതേ ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** എന്നും യാത്രയിൽ ആയവന്റെ വധു, തൻ കാന്തൻ വരും പാതയിൽ കണ്ണും നട്ടു പകൽ മുഴക്കെ മരുവി, പിന്നീട് ഇരുട്ട് ആകവേ, പിന്നേയും വഴി നോക്കി, വീട് അണയുവാൻ കാൽ വെയ്ക്കവേ, "ഇപ്പൊഴും വന്നില്ല" എന്നു പറഞ്ഞ് ഉടൻ തല തിരിച്ച് ഒന്നൂടെ നോക്കുന്നു ഇതേ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** നോക്കിക്കണ്ണെത്തുവോളം...(പേജ് 187)

**മാനവിക്രമൻ:** സ്വന്തം കണ്ണെത്തുവോളം...(പേജ് 212)

## 3.92 ദേശൈരന്തരിതാ ശതൈശ്ച.../ഉണ്ടാം നൂറു വനങ്ങളും...

വേമഭൂപാലൻ:92 രവിചന്ദ്രൻ:93 രുദ്രമദേവകമാരൻ:113 അർജ്ജുനവർമ്മദേവൻ:99

വിരഹിയായ നായകന്റെ ഔത്സുക്യത്തെ കവി വർണ്ണിക്കുന്നു.

**മൂലം:**

ദേശൈരന്തരിതാ ശതൈശ്ച സരിതാമുർവീഭൃതാം കാനനൈ-
ര്യത്നേനാപി ന യാതി ലോചനപഥം കാന്തേതി ജാനന്നപി
ഉദ്ഗ്രീവശ്ചരണാഗ്രരുദ്ധവസുധഃ പ്രോന്മൃജ്യ സാസ്രേ ദൃശൗ
താമാശാം പഥികസ്തഥൈവ കിമപി ധ്യായൻ മുഹുർവീക്ഷതേ ‖ 92 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ദേശൈഃ അന്തരിതാ ശതൈഃ ച സരിതാം ഉർവീ–ഭൃതാം കാനനൈഃ യത്നേന അപി ന യാതി ലോചന–പഥം കാന്താ ഇതി ജാനൻ അപി ഉത്-ഗ്രീവഃ ചരണ–അഗ്ര–രുദ്ധ–വസുധഃ പ്രോന്മൃജ്യ സ–അസ്രേ ദൃശൗ താം ആശാം പഥികഃ തഥാ–ഏവ കിം–അപി ധ്യായൻ മുഹുഃ വീക്ഷതേ

**അർത്ഥം:**

| | | |
|---|---|---|
| ദേശൈഃ | : | പല ദേശങ്ങളുടെയും |
| സരിതാം ഉർവീഭൃതാം ശതൈഃ | : | നൂറുകണക്കിനു നദികളും പർവ്വതങ്ങളുടെയും |
| കാനനൈഃ | : | വനങ്ങളുടെയും |
| അന്തരിതാ കാന്താ | : | അപ്പുറത്താണു പ്രിയതമ, |
| യത്നേന അപി ലോചന-പഥം ന യാതി | : | ബുദ്ധിമുട്ടിയാൽ പോലും കാണാൻ പറ്റില്ല |
| ജാനൻ അപി | : | (എന്ന്) അറിയാമെങ്കിലും |
| പഥികഃ ഉത്-ഗ്രീവഃ ചരണ-ഉഗ്ര-രുദ്ധ-വസുധഃ | : | ആ പഥികൻ കഴുത്തു് ഉയർത്തി, ഭൂമിയിൽ എത്തിക്കുത്തി നിന്നു് |
| സ-അസ്രേ ദൃശൗ പ്രോന്മൃജ്യ | : | കണ്ണുനീർ നിറഞ്ഞ കണ്ണു തുടച്ചു് |
| തഥാ-ഏവ കിം-അപി ധ്യായൻ | : | അല്പമെങ്കിലും പറ്റും എന്നു വിചാരിച്ചു് |
| താം ആശാം മുഹുഃ വീക്ഷതേ | : | ആ ദിക്കിലേക്കു പിന്നെയും നോക്കുന്നു |

**പരിഭാഷ:**

ഉണ്ടാം നൂറചലങ്ങളും നദികളും ദേശങ്ങളും കാടുമാ-
പ്പെണ്ണിൻ നേർ, ക്കറിവുണ്ടു ദർശനമിനിദ്ദുസ്സാദ്ധ്യമെന്നെങ്കിലും,
കണ്ടീടാനെറിയുന്ന കണ്ണു, നിറയും കണ്ണീർ തുടച്ചിട്ടു, കാൽ
കൊണ്ടെത്തീട്ടു കഴുത്തു നീട്ടിയവിടേയ്ക്കിപ്പോഴുമാ യാത്രികൻ.

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഉണ്ടാം നൂറ് അചലങ്ങളും നദികളും ദേശങ്ങളും കാടും ആ പെണ്ണിൻ നേർക്ക്, അറിവ് ഉണ്ടു ദർശനം ഇനി ദുസ്–സാദ്ധ്യം എന്ന് എങ്കിലും, കണ്ടീടാൻ എറിയുന്ന കണ്ണു, നിറയും കണ്ണീർ തുടച്ചിട്ടു, കാൽ കൊൻട് എത്തീട്ടു കഴുത്തു നീട്ടി അവിടേയ്ക്ക് ഇപ്പോഴും ആ യാത്രികൻ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** നാട്ടും മേട്ടും കൊടുങ്കാട്ടുകൾ...(പേജ് 188)

**മാനവിക്രമൻ:** ദേശാന്തം, കാട്ടുതോടഗ്ഗിരികൾ...(പേജ് 213)

## 3.93 സ്വിന്നം കേന മുഖം.../ഇന്നാരേകി വിയർപ്പു...

വേമഭൂപാലൻ:93 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

നായകനെ കൂട്ടിച്ചുകൊണ്ടുവരുന്നതിനു പോയി സംഭോഗവും കഴിഞ്ഞു തിരിച്ചു വന്ന സഖിയും നായികയും തമ്മിലുള്ള സംഭാഷണം.

**മൂലം:**

"സ്വിന്നം കേന മുഖം?" "ദിവാകരകരൈഃ;" "സ്തേ രാഗിണീ ലോചനേ?"
"രോഷാത്തദ്വചനോദിതാദ്;" "വിലുളിതാ നീലാളകാ," "വായുനാ;"
"ഭ്രഷ്ടം കുങ്കുമ," "മുത്തരീയകഷണാത്;" "ക്ലാന്താസി," "ഗത്യാഗതൈർ;"
"യുക്തം തത് സകലം കിമത്ര വദ ഹേ ദൂതി ക്ഷതസ്യാധരേ?" ‖ 93 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** സ്വിന്നം കേന മുഖം ദിവാകരകരൈഃ തേ രാഗിണീ ലോചനേ രോഷ–ആത്തത്–വചന–ഉദിതാത് വി–ലുളിതാ നീല–അളകാ വായുനാ ഭ്രഷ്ടം കുങ്കുമം ഉത്തരീയ–കഷണാത് ക്ലാന്താ അസി ഗതി–ആഗതൈഃ യുക്തം തത് സകലം കിം അത്ര വദ ഹേ ദൂതീ ക്ഷതസ്യ അധരേ

**അർത്ഥം:**

| | | |
|---|---|---|
| "കേന മുഖം സ്വിന്നം?" | : | "ആരാണു നിന്റെ മുഖം വിയർപ്പിച്ചത്?" |
| "ദിവാകരൈഃ" | : | "സൂര്യൻ" |
| "തേ ലോചനേ രാഗിണീ" | : | "നിന്റെ കണ്ണുകൾ എങ്ങനെയാണു ചുവന്നത്?" |
| "രോഷ-ആത്തത്-വചന-ഉദിതാത്" | : | "ദേഷ്യം നിറഞ്ഞ വാക്കുകൾ കേട്ടിട്ട്" |
| "നീല-അളകാ വി-ലുളിതാ" | : | "ഇരുണ്ട കുറുനിരകൾ ഉലഞ്ഞതോ?" |
| "വായുനാ" | : | "കാറ്റു കൊണ്ട്" |
| "കുങ്കുമം ഭ്രഷ്ടം" | : | "കുങ്കുമം ആകെ പടർന്നതോ?" |
| "ഉത്തരീയ-കഷണാത്" | : | "വസ്ത്രത്തിന്റെ അറ്റം കൊണ്ടിട്ട്" |
| "ക്ലാന്താ അസി" | : | "നീ ക്ഷീണിച്ചിരിക്കുന്നല്ലോ" |
| "ഗതി-ആഗതൈഃ" | : | "അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്ര മൂലം" |
| "യുക്തം തത് സകലം" | : | "ഇതെല്ലാം കൊള്ളാം" |
| "ഹേ ദൂതീ" | : | "എടീ ദൂതീ" |
| "അത്ര അധരേ ക്ഷതസ്യ കിം (കാരണം)?" | : | "നിന്റെ ചുണ്ടു മുറിഞ്ഞതെങ്ങനെ?" |
| "വദ" | : | "പറ" |

## പരിഭാഷ:

"ഇന്നാരേകി വിയർപ്പു നിന്നുടെ മുഖ?"
"ത്തർക്കൻ;" "ചുവപ്പെവ്വിധം
കണ്ണിൽ?" "ക്രുദ്ധവചസ്സു കേട്ടു;" "മുടിയീ
മട്ടെന്തു?" "വൻ കാറ്റിനാൽ;"
"എന്തേ പൊട്ടു പടർന്നു?" "തുത്തു മുഖമാ
വസ്ത്രാഞ്ചലം;" "ക്ഷീണമോ?"
"വന്നും പോയു;" "മതാട്ടെ, യെങ്ങനെ മുറി-
ഞ്ഞെൻ ദൂതി, നിൻ ചുണ്ടുകൾ?"

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** "ഇന്ന് ആര് ഏകി വിയർപ്പു നിന്നുടെ മുഖത്ത്?" "അർക്കൻ" "ചുവപ്പ് എ-വിധം കണ്ണിൽ?" "ക്രുദ്ധ-വചസ്സു കേട്ടു" "മുടി ഈ മട്ട് എന്ത്?" "വൻ കാറ്റിനാൽ" "എന്തേ പൊട്ടു പടർന്നു?" "തുത്തു മുഖം ആ വസ്ത്ര-അഞ്ചലം" "ക്ഷീണമോ?" "വന്നും പോയും" "അത് ആട്ടെ, യെങ്ങനെ മുറിഞ്ഞു എൻ തോഴി, നിൻ ചുണ്ടുകൾ?"

## മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വക്ത്രമെന്തിതു വിയർത്തു...(പേജ് 188)

**മാനവിക്രമൻ:** വേർത്തീടാനെന്തു വക്ത്രം...(പേജ് 213)

## 3.94 കഠിനഹൃദയേ മുഞ്ച ഭ്രാന്തിം.../കള്ളം തിങ്ങും കഥകൾ...

വേമഭൂപാലൻ:94 രവിചന്ദ്രൻ:47 രുദ്രമദേവകുമാരൻ:54 അർജ്ജുനവർമ്മദേവൻ:53

കുപിതയായ നായികയോടു നായകൻ അനുനയം പറയുന്നു.

**മൂലം:**

കഠിനഹൃദയേ മുഞ്ച ഭ്രാന്തിം വ്യളീകകഥാശ്രയാം
പിശുനവചനൈർദുഃഖം നേതും ന യുക്തമിമം ജനം
കിമിദമഥവാ സത്യം മുഗ്ധേ ത്വയാദ്യ വിനിശ്ചിതം
യദഭിരുചിതം തന്മേ കൃത്വാ പ്രിയേ സുഖമാസ്യതാം. ‖ 94 ‖

ഹരിണി

**പദച്ഛേദം:** കഠിന–ഹൃദയേ മുഞ്ച ഭ്രാന്തിം വ്യളീക–കഥാ–ആശ്രയാം പിശുന–വചനൈഃ ദുഃഖം നേതും ന യുക്തം ഇമം ജനം കിം ഇദം അഥവാ സത്യം മുഗ്ധേ ത്വയാ അദ്യ വി–നിശ്ചിതം യത് അഭി–രുചിതം തത് മേ കൃത്വാ പ്രിയേ സുഖം ആസ്യതാം

**അർത്ഥം:**

| | | |
|---|---|---|
| കഠിന-ഹൃദയേ | : | കടുത്ത മനസ്സുള്ളവളേ |
| വ്യളീക-കഥാ-ആശ്രയാം ഭ്രാന്തിം മുഞ്ച | : | കള്ളക്കഥകളൊക്കെ കേട്ടിട്ടുള്ള വിഭ്രാന്തിയെ കളയൂ |
| പിശുന-വചനൈഃ ഇമം ജനം | : | ദുഷ്ടജനത്തിന്റെ വാക്കു കൊണ്ട് ഈയുള്ളവനെ |
| ദുഃഖം നേതും ന യുക്തം | : | (ഇങ്ങനെ) ദുഃഖിപ്പിക്കുന്നതു ശരിയല്ല |
| മുഗ്ധേ | : | എടീ പൊട്ടിപ്പെണ്ണേ, |
| ത്വയാ അദ്യ സത്യം വി-നിശ്ചിതം കിം | : | ഇതു സത്യമാണെന്നാണോ വിചാരിച്ചിരിക്കുന്നതു? |
| പ്രിയേ | : | എന്റെ പ്രിയപ്പെട്ടവളേ, |
| യത് അഭി-രുചിതം തത് മേ കൃത്വാ | : | എങ്കിൽ നിനക്ക് എന്താണോ തോന്നുന്നതു് അതു് എന്നോടു ചെയ്തു് |
| സുഖം ആസ്യതാം | : | സന്തോഷമായി ഇരുന്നോളൂ |

**പരിഭാഷ:**

കള്ളം തിങ്ങും കഥകൾ കഠിനേ, കേൾക്കൊലാ നീ, കുശുമ്പർ
ചൊല്ലും വാക്കാലതിവിഷമമീയുള്ളവന്നേകിടല്ലേ
എല്ലാം നേരെന്നിതു കരുതിയോ പൊട്ടി നീ? യെന്നൊടായി-
ട്ടല്ലെങ്കിൽ നിൻ മനമനുവദിക്കുന്ന പോൽ ചെയ്ക മുത്തേ!

മന്ദാക്രാന്ത

**പദച്ഛേദം:** കള്ളം തിങ്ങും കഥകൾ കഠിനേ കേൾക്കൊലാ നീ, കുശുമ്പർ ചൊല്ലും വാക്കാൽ അതി–വിഷമം ഈയുള്ളവന്നു് ഏകിടല്ലേ; എല്ലാം നേര് എന്നു് ഇതു കരുതിയോ പൊട്ടി നീ? എന്നൊടു് ആയിട്ടു് അല്ലെങ്കിൽ നിൻ മനം അനുവദിക്കുന്ന പോൽ ചെയ്ക മുത്തേ!

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** വിട്ടാലും കഠിനേ, വ്യളീക...(പേജ് 188)

**മാനവിക്രമൻ:** വിട്ടാലും ഹേ, കഠിനഹൃദയേ...(പേജ് 213)

## 3.95 ഭ്രൂഭേദോ ഗണിതശ്ചിരം.../സാധിച്ചു പുരികം...

വേമഭൂപാലൻ:95 രവിചന്ദ്രൻ:92 രുദ്രമദേവകുമാരൻ:111 അർജ്ജുനവർമ്മദേവൻ:97

തോഴി പറഞ്ഞു കൊടുത്തതനുസരിച്ച് നായകനോട്ട് പിണങ്ങാൻ പലതും അഭ്യസിച്ച നായിക ആത്മവിശ്വാസക്കുറവു പ്രകടിപ്പിക്കുന്നു.

**മൂലം:**

ഭ്രൂഭേദോ ഗുണിതശ്ചിരം നയനയോരഭ്യസ്തമാമീലനം
രോദ്ധും ശിക്ഷിതമാദരേണ ഹസിതം മൗനേഽഭിയോഗഃ കൃതഃ
ധൈര്യം കർത്തുമപി സ്ഥിരീകൃതമിദം ചേതഃ കഥഞ്ചിന്മയാ
ബദ്ധോ മാനപരിഗ്രഹേ പരികരസ്സിദ്ധിസ്തു ദൈവേ സ്ഥിതാ ‖ 95 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** ഭ്രൂ–ഭേദഃ ഗുണിതഃ ചിരം നയനയോഃ അഭ്യസ്തം ആമീലനം രോദ്ധും ശിക്ഷിതം ആദരേണ ഹസിതം മൗനേ അഭി–യോഗഃ കൃതഃ ധൈര്യം കർത്തും അപി സ്ഥിരീ–കൃതം ഇദം ചേതഃ കഥം–ചിത് മയാ ബദ്ധഃ മാന–പരിഗ്രഹേ പരികരഃ സിദ്ധിഃ തു ദൈവേ സ്ഥിതാ

**അർത്ഥം:**

| | |
|---|---|
| ഭ്രൂ-ഭേദഃ ഗുണിതഃ ചിരം | : പുരികം കുറേ വളച്ചു നോക്കി |
| നയനയോഃ ആമീലനം അഭ്യസ്തം | : കണ്ണടയ്ക്കുന്നത് അഭ്യസിച്ചു |
| ആദരേണ ഹസിതം രോദ്ധും ശിക്ഷിതം | : അനുഭാവത്തോടെയുള്ള ചിരി ഒതുക്കാൻ പഠിച്ചു |
| മൗനേ അഭി-യോഗഃ | : മിണ്ടാതിരുന്നു പരിശീലിച്ചു |
| ഇദം ചേതഃ അപി ധൈര്യം കർത്തും സ്ഥിരീ-കൃതം | : ഇങ്ങനെ ഈ മനസ്സിനെ ധൈര്യത്തോടു കൂടി ഉറപ്പിച്ചു നിർത്തി |
| മയാ മാന-പരിഗ്രഹേ പരികരഃ കഥം-ചിത് | : കോപം കാണിക്കാൻ പല പണിയും നോക്കി |
| സിദ്ധിഃ തു ദൈവേ സ്ഥിതാ | : നടക്കുമോ എന്നു ദൈവത്തിനറിയാം! |

**പരിഭാഷ:**

സാധിച്ചു പുരികം വളയ്ക്കുവതു, കൺ ചിമ്മാൻ പഠിച്ചു, സ്മിതം
രോധിക്കാൻ വഴിയഭ്യസിച്ചു, പരിശീലിച്ചു ബലാൽ മൗനവും;
ബോധത്തോടെ മനസ്സുറച്ചു മരുവാനേറെപ്പണിപ്പെട്ടു, ഞാൻ
ക്രോധം കാട്ടുവതിന്നു ചെയ്തതു ഗുണപ്പെട്ടീടുമോ ദൈവമേ!

ശാർദ്ദൂലവിക്രീഡിതം

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** ചില്ലീഭംഗം കഴിച്ചേന്നരു...(പേജ് 188)

**മാനവിക്രമൻ:** പാരാതെപ്പൂരികം ചുളിച്ചു...(പേജ് 213)

## 3.96 ചരണപതനം സാസ്രാലാപാ.../വീഴും കാൽക്കലവൻ...

വേമഭൂപാലൻ:96 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:109 അർജ്ജുനവർമ്മദേവൻ:95

പ്രണയകലഹം ഭാവിച്ചാൽ പലതും ഗുണമുണ്ടെന്നു ഉപദേശിച്ച സഖിയോടു നായിക പറയുന്നു.

**മൂലം:**

ചരണപതനം സാസ്രാലാപാ മനോഹരചാടവഃ
കൃശതരതനോർഗ്ഗാഢാശ്ലേഷോ ഹഠത് പരിചുംബനം
ഇതി ബഹുഫലോ മാനാരംഭസ്തഥാപി ച നോത്സഹേ
ഹൃദയദയിതഃ കാന്തഃ കാമം കിമത്ര കരോമ്യഹം ‖ 96 ‖

ഹരിണി

**അർത്ഥം:**

| | | |
|---|---|---|
| ചരണപതനം | : | കാൽക്കൽ വീഴൽ, |
| സ-അസ്ര-ആലാപാഃ | : | കണ്ണുനീരൊലിപ്പിച്ചുള്ള വർത്തമാനം, |
| മനോഹര-ചാടവഃ | : | മനം കവരുന്ന കളിപറച്ചിലുകൾ, |
| കൃശ-തര-തനോഃ ഗാഢ-ആശ്ലേഷഃ | : | പിന്നെയും ചെറുതാകുന്ന ശരീരത്തെ ആഞ്ഞു കെട്ടിപ്പിടിക്കൽ, |
| ഹഠത് പരി-ചുംബനം | : | അമർത്തിച്ചുംബിക്കൽ - |
| ഇതി ബഹുഫലഃ മാന-ആരംഭഃ | : | ഇങ്ങനെ ദേഷ്യപ്പെട്ടു നിന്നാൽ പല ഫലങ്ങളും ഉണ്ട്. |
| തഥാ അപി | : | അങ്ങനെയാണെങ്കിലും |
| കാന്തഃ കാമം ഹൃദയ-ദയിതഃ | : | കാന്തൻ എനിക്കു അത്യധികം പ്രിയപ്പെട്ടവനായിപ്പോയതിനാൽ |
| ഉത്സഹേ ന | : | (അങ്ങനെ ചെയ്യാൻ എനിക്ക്) ഒരു ഉത്സാഹമില്ല |
| അത്ര അഹം കിം കരോമി | : | ഇവിടെ ഞാൻ എന്തു ചെയ്യും? |

**പരിഭാഷ:**

വീഴും കാൽക്കലവൻ, കളിച്ചു ഹൃദയം നേടും, പറഞ്ഞീടവേ
കേഴും, മെയ് ചെറുതാകെയാഞ്ഞു പുണരും, ചൂടുമ്മ വെച്ചീടുമേ,
താഴാതിന്നവനോടു ഞാൻ കുപിതയായ് നിന്നാലിതെല്ലാം ഫലം;
തോഴൻ ഹൃത്പ്രിയനെത്രയും, കഴികയി, ല്ലെന്തോന്നു ചെയ്യേണ്ടു ഞാൻ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** വീഴും കാൽക്കൽ അവൻ, കളിച്ചു ഹൃദയം നേടും, പറഞ്ഞീടവേ കേഴും, മെയ് ചെറുത് ആകെ ആഞ്ഞു പുണരും, ചൂട്-ഉമ്മ വെച്ചീടുമേ, താഴാതെ ഇന്ന് അവനോടു ഞാൻ കുപിതയായ് നിന്നാൽ ഇതെല്ലാം ഫലം; തോഴൻ ഹൃത്-പ്രിയൻ എത്രയും, കഴികയില്ല, എന്തോന്നു ചെയ്യേണ്ടു ഞാൻ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** കാന്തൻ കേണു കഴൽക്കു...(പേജ് 189)

**മാനവിക്രമൻ:** കാക്കൽ കുമ്പിട്ടുമശ്രു വാർത്തു...(പേജ് 214)

## 3.97 കാന്തേ തല്പമുപാഗതേ.../മാരൻ വന്നു കിടക്കവേ...

വേമഭൂപാലൻ:97 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:101

രതിക്രീഡയെപ്പറ്റി നായിക സഖിയോട്.

**മൂലം:**

കാന്തേ തല്പമുപാഗതേ വിഗളിതാ നീവീ സ്വയം തത്ക്ഷണാത്
തദ്വാസഃ ശ്ലഥമേഖലാഗുണധൃതം കിഞ്ചിന്നിതംബേ സ്ഥിതം
ഏതാവത് സഖി വേദ്മി കേവലമഹം തസ്യാംഗസംഗേ പുനഃ
കോ൯സൌ കാസ്മി രതം ച കിം കഥമിതി സ്വല്പാപി മേ ന സ്മൃതിഃ ‖ 97 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** കാന്തേ തല്പം ഉപാഗതേ വിഗളിതാ നീവീ സ്വയം തത്-ക്ഷണാത് തത്-വാസഃ ശ്ലഥ-മേഖലാ-ഗുണ-ധൃതം കിഞ്ചിത് നിതംബേ സ്ഥിതം ഏതാവത് സഖി വേദ്മി കേവലം അഹം തസ്യ അംഗ-സംഗേ പുനഃ കഃ അസൗ കാ അസ്മി രതം ച കിം കഥം ഇതി സ്വല്പാ അപി മേ ന സ്മൃതിഃ

**അർത്ഥം:**

| | |
|---|---|
| തല്പം ഉപാഗതേ കാന്തേ | : ഭർത്താവു കിടക്കയിലേക്കു വന്നപ്പോൾ |
| തത്-ക്ഷണാത് നീവീ സ്വയം വിഗളിതാ | : എന്റെ വസ്ത്രത്തിന്റെ കുത്ത് തന്നേ അഴിഞ്ഞു പോയി |
| തത്-വാസഃ ശ്ലഥ-മേഖലാ-ഗുണ-ധൃതം | : അതു കഴിഞ്ഞു് അരഞ്ഞാണവും അഴിഞ്ഞു് ഊർന്നു പോയി |
| കിഞ്ചിത് നിതംബേ സ്ഥിതം | : നിതംബത്തിൽ ചെന്നു തടഞ്ഞു നിന്നു |
| സഖി | : സഖീ |
| കേവലം ഏതാവത് അഹം വേദ്മി | : ഇത്ര മാത്രമേ എനിക്കറിയൂ |
| പുനഃ തസ്യ-അംഗ-സംഗേ | : പിന്നെ അവന്റെ ശരീരം എന്റെ ശരീരത്തോടു ചേർന്നപ്പോൾ |
| കഃ അസൗ | : അവൻ ആരു് |
| കാ അസ്മി | : ഞാൻ ആരു് |
| കിം രതം ച കഥം | : എന്തു തരം രതം എങ്ങനെ ചെയ്തു |
| ഇതി സ്മൃതിഃ സ്വല്പാ അപി മേ ന സ്മൃതിഃ | : ഇതൊന്നും എനിക്കു് അല്പം പോലും ഓർമ്മയില്ല |

**പരിഭാഷ:**

മാരൻ വന്നു കിടക്കവേ സ്വയമഴിഞ്ഞൂർന്നു മടിക്കുത്തെനി,-
യ്യൂരിപ്പോയരഞ്ഞാണതിന്നു പുറകേ, തങ്ങീ നിതംബത്തിലായ്;
ഓരുന്നില്ലതിലപ്പുറം സഖി, യവൻ കെട്ടിപ്പിടിച്ചീടവേ
ആരാം ഞാ? നിവനാ? രിതെങ്ങനെ രതം ചെയ്തെന്നുമോർപ്പീല ഞാൻ!

ശാർദ്ദൂലവിക്രീഡിതം

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** തല്പത്തിൽ പ്രിയനെത്തി...(പേജ് 189)

**മാനവിക്രമൻ:** കട്ടിന്മേൽ കാന്തനെത്തി...(പേജ് 214)

## 3.98 നിശ്വാസാ വദനം ദഹന്തി.../പൊള്ളുന്നൂ നെടുവീർപ്പിനാൽ...

വേമഭൂപാലൻ:98 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:106 അർജ്ജുനവർമ്മദേവൻ:92

നായകനോടു പിണങ്ങിയ നായിക അതു കൊൻട്ട് എന്തു പ്രയോജനം എന്നു തോഴിമാരോടു ചോദിക്കുന്നു.

**മൂലം:**

നിശ്വാസാ വദനം ദഹന്തി ഹൃദയം നിർമ്മൂലമുന്മൂല്യതേ
നിദ്രാ നൈതി ന ദൃശ്യതേ പ്രിയമുഖം നക്തം ദിവം രുദ്യതേ
അംഗം ശോഷമുപൈതി പാദപതിതഃ പ്രേയാംസ്തഥോപേക്ഷിത-
സ്സഖ്യഃ കം ഗുണമാകലയ്യ ദയിതേ മാനം വയം കാരിതാഃ ‖ 98 ‖

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** നിശ്വാസാഃ വദനം ദഹന്തി ഹൃദയം നിർ–മൂലം ഉന്മൂല്യതേ നിദ്രാ ന ഇതി ന ദൃശ്യതേ പ്രിയ–മുഖം നക്തം ദിവം രുദ്യതേ അംഗം ശോഷം ഉപൈതി പാദ–പതിതഃ പ്രേയാൻ തഥാ ഉപേക്ഷിതഃ സഖ്യഃ കം ഗുണം ആകലയ്യ ദയിതേ മാനം വയം കാരിതാഃ

**അർത്ഥം:**

| | | |
|---|---|---|
| സഖ്യഃ | : | തോഴിമാരേ |
| നിശ്വാസാഃ വദനം ദഹന്തി | : | നെടുവീർപ്പുകൾ മുഖത്തെ ദഹിപ്പിക്കുന്നു |
| ഹൃദയം നിർ-മൂലം ഉന്മൂല്യതേ | : | ഹൃദയം മുച്ചൂടും നശിക്കുന്നു |
| നിദ്രാ ന ഇതി | : | ഉറക്കമില്ല |
| പ്രിയ-മുഖം ന ദൃശ്യതേ | : | പ്രിയന്റെ മുഖം കാണുന്നില്ല |
| നക്തം ദിവം രുദ്യതേ | : | രാത്രിയും പകലും കരച്ചിലാണ് |
| അംഗം ശോഷം ഉപൈതി | : | അവയവങ്ങൾ ശോഷിക്കുന്നു |
| പാദ-പതിതഃ പ്രേയാൻ തഥാ ഉപേക്ഷിതഃ | : | കാലിൽ വീണിട്ടു പോലും ഇങ്ങനെ ഉപേക്ഷിച്ച |
| ദയിതേ വയം മാനം കാരിതാഃ | : | പ്രിയതമനോട് ഇങ്ങനെ ദേഷ്യപ്പെട്ടിട്ട് |
| കം ഗുണം ആകലയ്യ | : | എന്തു ഗുണമാണു കിട്ടുന്നത്? |

**പരിഭാഷ:**

പൊള്ളുന്നൂ നെടുവീർപ്പിനാൽ മുഖ, മടർന്നീടുന്നു വേരോടെയെ-
ന്നുള്ളം, നിദ്രയുമില്ല, കാന്തവദനം കാണ്മീല, കേഴുന്നു ഞാൻ
എല്ലായ്പ്പോഴു, മുടൽ ചടച്ചു - ചരണം കുമ്പിട്ടമെൻ നാഥനെ-
ത്തള്ളീ, ട്ടോതുക, യെന്നൊടെൻ സഖികളേ! യെന്തേ ഗുണം കിട്ടുവാൻ?

ശാർദ്ദൂലവിക്രീഡിതം

**പദച്ഛേദം:** പൊള്ളുന്നൂ നെടു–വീർപ്പിനാൽ മുഖം, അടർന്ന്–ഈടുന്നു വേര്–ഓടെ യെൻ ഉള്ളം, നിദ്രയും ഇല്ല, കാന്ത–വദനം കാണ്മീല, കേഴുന്നു ഞാൻ എല്ലായ്പ്പോഴും, ഉടൽ ചടച്ചു, ചരണം കുമ്പിട്ടും എൻ നാഥനെ തള്ളീട്ട് ഓതുക എന്നൊട് എൻ സഖികളേ! എന്തേ ഗുണം കിട്ടുവാൻ?

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** ഗ്ലാനം നിശ്ശ്വാസദാഹാത്...(പേജ് 189)

**മാനവിക്രമൻ:** നിശ്വാസത്താൽ ദഹിച്ചു മുഖം...(പേജ് 214)

## 3.99 നാന്തഃ പ്രവേശമരുണ.../വീട്ടിൽ കടപ്പതു...

വേമഭൂപാലൻ:99 രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

അപരാധിയായ നായകൻ വന്നപ്പോൾ നായിക കുപിതയാണെങ്കിലും അതൊന്നും കാണിക്കാതെ നിർവികാരയായി നിന്നതിനെപ്പറ്റി:

**മൂലം:**

നാന്തഃപ്രവേശമരുണദ്വിമുഖീ ന ചാസീ-
ദാചഷ്ട രോഷപരുഷാണി ന ചാക്ഷരാണി
സാ കേവലം സരളപക്ഷ്മഭിരക്ഷിപാതൈഃ
കാന്തം വിലോകിതവതീ ജനനിർവിശേഷം ॥ 99 ॥

വസന്തതിലകം

**പദച്ഛേദം:** ന അന്തഃ-പ്രവേശം അരുണത് വി-മുഖീ ന ച ആസീദ് ആചഷ്ട രോഷ-പരുഷാണി ന ച അക്ഷരാണി സാ കേവലം സരള-പക്ഷ്മഭിഃ അക്ഷി-പാതൈഃ കാന്തം വിലോകിതവതീ ജന-നിർവിശേഷം

**അർത്ഥം:**

| | | |
|---|---|---|
| (സാ കാന്തസ്യ) | : | (അവൾ ഭർത്താവ്) |
| അന്തഃ-പ്രവേശം ന അരുണത് | : | വീടിനുള്ളിലേയ്ക്കു കടക്കുന്നതു തടഞ്ഞില്ല |
| വി-മുഖീ ന ച ആസീത് | : | മുഖം തിരിച്ചില്ല |
| രോഷ-പരുഷാണി അക്ഷരാണി ന ആചഷ്ട | : | കോപത്തോടെ കടുത്ത വാക്കുകൾ ഒന്നും പറഞ്ഞില്ല |
| സരള-പക്ഷ്മഭിഃ അക്ഷി-പാതൈഃ | : | ഇടറാത്ത കൺപീലികൾ ഉള്ള കണ്ണുകൾ കൊണ്ട് |
| കാന്തം ജന-നിർവിശേഷം വിലോകിതവതീ | : | ഭർത്താവിനെ സാധാരണജനത്തിനെയെന്നതു പോലെ നോക്കി. |

**പരിഭാഷ:**

വീട്ടിൽ കടപ്പതു വിലക്കിയതില്ല, കോപം
കാട്ടും വചസ്സരുളിയില്ല, മുഖം തിരിച്ചു
മാറ്റീല, കൺകളിടറാതെ നതാംഗി നേരേ
നോട്ടം പതിയ്ക്കു പരനെന്നതു പോൽ കൊടുത്താൾ.

വസന്തതിലകം

**പദച്ഛേദം:** വീട്ടിൽ കടപ്പതു വിലക്കിയത് ഇല്ല, കോപം കാട്ടും വചസ്സ് അരുളി-യില്ല, മുഖം തിരിച്ചു മാറ്റീല, കൺ-കൾ ഇടറാതെ നത-അംഗി നേരേ നോട്ടം പതിയ്ക്കു പരന് എന്നതു പോൽ കൊടുത്താൾ

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** തട്ടത്തില്ലാവാസാഗതി...(പേജ് 189)

**മാനവിക്രമൻ:** വീട്ടിന്നുള്ളിൽ പ്രവേശം...(പേജ് 214)

## 3.100 പ്രിയകൃതപടസ്തേയ.../രതി കഴിയവേ വസ്ത്രം...

വേമഭൂപാലൻ:100 രവിചന്ദ്രൻ:- രുദ്രമദേവകമാരൻ:- അർജ്ജുനവർമ്മദേവൻ:-

ഒരു രതിക്രീഡയ്ക്കു ശേഷം വീണ്ടും അതിനു തുടങ്ങുന്ന നായികാനായകന്മാരെപ്പറ്റി കവി:

**മൂലം:**

പ്രിയകൃതപടസ്തേയക്രീഡാവിളംബനവിഹ്വലാം
കിമപി കരുണാലാപാം തന്വീമുദീക്ഷ്യ സസംഭ്രമം
അപി വിഗളിതേ സ്കന്ധാവാരേ ഗതേ സുരതാഹവേ
ത്രിഭുവനമഹാധന്വീ സ്ഥാനേ ന്യവർത്തത മന്മഥഃ || 100 ||

ഹരിണി

**പദച്ഛേദം:** പ്രിയ–കൃത–പട–സ്തേയ–ക്രീഡാ–വിളംബന–വിഹ്വലാം കിം–അപി കരുണാ–ആലാപാം തന്വീം ഉദീക്ഷ്യ സ–സംഭ്രമം അപി വിഗളിതേ സ്കന്ധ–ആവാരേ ഗതേ സുരത–ആഹവേ ത്രി–ഭുവന–മഹാ–ധന്വീ സ്ഥാനേ ന്യവർത്തത മന്മഥഃ

**അർത്ഥം:**

| | | |
|---|---|---|
| പ്രിയ-കൃത-പട-സ്തേയ-ക്രീഡാ- | : | പ്രിയൻ വസ്ത്രം മോഷ്ടിക്കുന്ന കളി കളിച്ച |
| -വിളംബന-വിഹ്വലാം | : | വൈകിച്ചപ്പോൾ വിഷമിച്ച് |
| കിം-അപി കരുണാ-ആലാപാം | : | എന്തൊക്കെയോ അലറി വിളിച്ച നിന്ന |
| തന്വീം ഉദീക്ഷ്യ | : | യുവതിയെ കണ്ടിട്ട് |
| ത്രി-ഭുവന-മഹാ-ധന്വീ മന്മഥഃ | : | മൂന്നു ലോകത്തിലെയും വലിയ വില്ലാളിയായ കാമദേവൻ |
| ഗതേ സുരത-ആഹവേ | : | കഴിഞ്ഞു പോയ സംഭോഗയുദ്ധത്തിൽ |
| വിഗളിതേ സ്കന്ധ-ആവാരേ | : | സാമഗ്രികളൊക്കെ പൊളിഞ്ഞു പോയെങ്കിലും |
| അപി സ-സംഭ്രമം ന്യവർത്തത | : | തിടുക്കത്തിൽ മടങ്ങിച്ചെന്നു |

**പരിഭാഷ:**

രതി കഴിയവേ വസ്ത്രം മോഷ്ടിച്ചിടുന്ന കളിയ്ക്കു വ-
ന്നവനൊടലറിച്ചാടിത്തുള്ളിക്കൃശാംഗി കലമ്പവേ
സുരതകലഹം സന്നാഹങ്ങൾ പൊളിച്ചതു കാൺകിലും
ഝടിതിയിൽ മഹാവില്ലൻ കാമൻ തിരിച്ചു വരുന്നിതാ!

ഹരിണി

**പദച്ഛേദം:** രതി കഴിയവേ വസ്ത്രം മോഷ്ടിച്ചിടുന്ന കളിയ്ക്കു വന്നവനൊട് അലറി ചാടി–ത്തുള്ളി കൃശാംഗി കലമ്പവേ, സുരത–കലഹം സന്നാഹങ്ങൾ പൊളിച്ചതു കാൺകിലും ഝടിതിയിൽ മഹാ–വില്ലൻ കാമൻ തിരിച്ചു വരുന്നു ഇതാ!

**മറ്റു പരിഭാഷകൾ:**

**കേരളവർമ്മ:** കാന്തൻ വസ്ത്രമൊളിച്ചു...(പേജ് 190)

**മാനവിക്രമൻ:** നേരമ്പോക്കിൽ പ്രിയൻ...(പേജ് 215)

## 3.101 സാലക്തകേന നവപല്ലവ.../ചെമ്പഞ്ഞി തന്റെ രസമിട്ട...

വേമഭൂപാലൻ:101 രവിചന്ദ്രൻ:52 രുദ്രമദേവകമാരൻ:62 അർജ്ജനവർമ്മദേവൻ:-

കവിവചനം:

**മൂലം:**

സാലക്തകേന നവപല്ലവകോമളേന
പാദേന നൂപുരവതാ മദലാലസേന
യസ്താഡ്യതേ ദയിതയാ പ്രണയാപരാധാത്
സോംഽഗീകൃതോ ഭഗവതാ മകരദ്ധ്വജേന ‖ 101 ‖

വസന്തതിലകം

**പദച്ഛേദം:** സാലക്തകേന നവ–പല്ലവ–കോമളേന പാദേന നൂപുര–വതാ മദ–ലാലസേന യഃ താഡ്യതേ ദയിതയാ പ്രണയ–അപരാധാത് സഃ അംഗീകൃതഃ ഭഗവതാ മകരദ്ധ്വജേന

**അർത്ഥം:**

| | | |
|---|---|---|
| സാലക്തകേന | : | ചെമ്പഞ്ഞിച്ചാറു തേച്ചതും |
| നവ-പല്ലവ-കോമളേന | : | ഇളം തളിരു പോലെ മനോഹരമായതും |
| നൂപുര-വതാ | : | പാദസരം ധരിച്ചതും |
| മദ-ലാലസേന | : | മദത്തിൽ ലയിച്ചതും |
| പാദേന | : | (ആയ) പാദം കൊണ്ട് |
| യഃ പ്രണയ-അപരാധാത് താഡ്യതേ ദയിതയാ | : | ആരാണോ പ്രണയാപരാധം ചെയ്തതിനു ഭാര്യയാൽ ചവിട്ടു കൊള്ളുന്നതു് |
| സഃ ഭഗവതാ മകരദ്ധ്വജേന അംഗീകൃതഃ | : | അവൻ ഭഗവാൻ കാമദേവൻ അംഗീകരിച്ചവനത്രേ |

**പരിഭാഷ:**

ചെമ്പഞ്ഞി തന്റെ രസമിട്ട, മദം നിറഞ്ഞ,
അൻപാർന്നു നൂപുരമണിഞ്ഞൊരു കാലു കൊണ്ട്
തൻ പതിയാൽ തരവഴിയ്ക്കു ചവിട്ടു കിട്ടി-
യെന്നാലുമാ രതിപതിയ്ക്കവനിഷ്ടനല്ലോ.

വസന്തതിലകം

**പദച്ഛേദം:** ചെം–പഞ്ഞി തന്റെ രസം ഇട്ട, മദം നിറഞ്ഞ, അൻപാർന്നു നൂപുരം അണിഞ്ഞ ഒരു കാലു കൊണ്ട് തൻ പതിയാൽ തരവഴിയ്ക്കു ചവിട്ടു കിട്ടി എന്നാലും ആ രതി–പതിയ്ക്ക് ഇവൻ ഇഷ്ടൻ അല്ലോ

### മറ്റു പരിഭാഷകൾ:

**കേരളവർമ്മ:** സുകിസലയുമൊത്താലസ്യം...(പേജ് 190)

**മാനവിക്രമൻ:** പുതിയ കിസലയത്തോടൊത്തു...(പേജ് 215)

# 4 മറ്റു പാഠങ്ങളിലെ ശ്ലോകങ്ങൾ

വേമഭൂപാലൻ തന്റെ പാഠത്തിൽ ഉൾക്കൊള്ളിക്കാത്തതും മറ്റു പാഠങ്ങളിൽ കാണുന്നതുമായ ശ്ലോകങ്ങളാണ് ഈ അദ്ധ്യായത്തിൽ.

ശ്ലോകങ്ങൾ മാത്രമേ ചേർക്കുന്നുള്ളൂ. ഇവയുടെ വ്യാഖ്യാനവും പരിഭാഷയും ഉൾക്കൊള്ളിച്ചിട്ടില്ല.

അമരുകശതകത്തിന്റെ വിവിധപാഠങ്ങളെപ്പറ്റി വിവിധപാഠങ്ങൾ (അദ്ധ്യായം 7, പേജ് 216) എന്ന അദ്ധ്യായത്തിൽ വായിക്കുക.

**വേമഭൂപാലന്റെ പാഠത്തിൽ (S) ഇല്ലാത്തവയും അർജ്ജുനവർമ്മദേവന്റെ പാഠത്തിൽ (W) ഉള്ളവയുമായ ശ്ലോകങ്ങൾ:**

## 4.1 ധീരം വാരിധരസ്യ...

വേമഭൂപാലൻ:- രവിചന്ദ്രൻ:11 രുദ്രമദേവകുമാരൻ:13 അർജ്ജുനവർമ്മദേവൻ:13

**മൂലം:**

ധീരം വാരിധരസ്യ വാരി കിരതഃ ശ്രുത്വാ നിശീഥേ ധ്വനിം
ദീർഘോച്ഛ്വാസമുദശ്രുണാ വിരഹിണീം ബാലാം ചിരം ധ്യായതാ
അധ്വന്യേന വിമുക്തകണ്ഠമഖിലാം രാത്രിം തഥാ ക്രന്ദിതം
ഗ്രാമീണൈഃ പുനരധ്വഗസ്യ വസതിർഗ്രാമേ നിഷിദ്ധാ യഥാ ‖ 102 ‖

ശാർദ്ദൂലവിക്രീഡിതം

## 4.2 മലയമരുതാം വ്രാതാ...

വേമഭൂപാലൻ:- രവിചന്ദ്രൻ:84 രുദ്രമദേവകുമാരൻ:33 അർജ്ജുനവർമ്മദേവൻ:32

**മൂലം:**

മലയമരുതാം വ്രാതാ വാതാ വികാസിതമല്ലികാ--
പരിമളഭരോ ഭഗ്നോ ഗ്രീഷ്മസ്ത്വമുത്സഹസേ യദി
ഘന ഘടയിതും തം നിസ്സ്നേഹം യ ഏവ നിവർത്തനേ
പ്രഭവതി ഗവാം കിം നശ്ഛിന്നം സ ഏവ ധനഞ്ജയഃ ‖ 103 ‖

ഹരിണി

## 4.3 സാ ബാലാ വയം...

വേമഭൂപാലൻ:- രവിചന്ദ്രൻ:30 രുദ്രമദേവകുമാരൻ:35 അർജ്ജുനവർമ്മദേവൻ:34

**മൂലം:**

സാ ബാലാ വയമപ്രഗല്ഭമനസഃ സാ സ്ത്രീ വയം കാതരാഃ
സാ പീനോന്നതിമത്പയോധരയുഗം ധത്തേ സഖേദാ വയം
സാകാന്താ ജഘനസ്ഥലേന ഗുരുണാ ഗന്തും ന ശക്താ വയം
ദോഷൈരന്യജനാശ്രയൈരപടവോ ജാതാഃ സ്മ ഇത്യദ്ഭുതം ‖ 104 ‖

ശാർദ്ദൂലവിക്രീഡിതം

## 4.4 പുരസ്തന്വ്യാ ഗോത്ര...

വേമഭൂപാലൻ:- രവിചന്ദ്രൻ:46 രുദ്രമദേവകുമാരൻ:52 അർജ്ജുനവർമ്മദേവൻ:51

**മൂലം:**

പുരസ്തന്വ്യാ ഗോത്രസ്ഖലനചകിതോഹം നതമുഖഃ
പ്രവൃത്തോ വൈലക്ഷ്യാത്കമപി ലിഖിതും ദൈവഹതകഃ
സ്ഫുടോ രേഖാന്യാസഃ കഥമപി സ താദൃക്പരിണതോ
ഗതാ യേന വ്യക്തിം പുനരവയവൈഃ സൈവ തരുണീ || 105 || ശിഖരിണി

## 4.5 തതശ്ചാഭിജ്ഞായ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:53 അർജ്ജുനവർമ്മദേവൻ:52

**മൂലം:**

തതശ്ചാഭിജ്ഞായ സ്ഫുരദരുണഗണ്ഡസ്ഥലരുചാ
മനസ്വിന്യാ രൂഢപ്രണയസഹസോദ്ഗദ്ഗദഗിരാ
അഹോ ചിത്രം ചിത്രം സ്ഫുടമിതി നിഗദ്യാശ്രുകലുഷം
രുഷാ ബ്രഹ്മാസ്ത്രം മേ ശിരസി നിഹിതോ വാമചരണഃ || 106 || ശിഖരിണി

## 4.6 ന ജാനേ സമ്മുഖായാതേ...

വേമഭൂപാലൻ:- രവിചന്ദ്രൻ:63 രുദ്രമദേവകുമാരൻ:77 അർജ്ജുനവർമ്മദേവൻ:64

**മൂലം:**

ന ജാനേ സമ്മുഖായാതേ പ്രിയാണി വദതി പ്രിയേ
സർവ്വാണ്യംഗാനി കിം യാന്തി നേത്രതാം കിമു കർണ്ണതാം || 107 || അനുഷ്ടുപ്പ്

## 4.7 അനല്പചിന്താഭര...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:78 അർജ്ജുനവർമ്മദേവൻ:65

**മൂലം:**

അനല്പചിന്താഭരമോഹനിശ്ചലാ
വിലോക്യമാനൈവ കരോതി സാദ്ധ്വസം
സ്വഭാവശോഭാനതിമാത്രഭൂഷണാ
തനുസ്തവേയം ബത കിം ന സുന്ദരി || 108 || വംശസ്ഥം

## 4.8 ഇതി പ്രിയേ പൃച്ഛതി...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:79 അർജ്ജുനവർമ്മദേവൻ:66

**മൂലം:**

ഇതി പ്രിയേ പൃച്ഛതി മാനവിഹ്വലാ
കഥഞ്ചിദന്തർധൃതബാഷ്പഗദ്ഗദം
ന കിഞ്ചിദിത്യേവ ജഗാദ യദ്വധൂഃ
കിയന്ന തേനൈവ തയാസ്യ വർണ്ണിതം || 109 ||

വംശസ്ഥം

## 4.9 യാസ്യാമീതി സമുദ്യതസ്യ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:93 അർജ്ജുനവർമ്മദേവൻ:79

**മൂലം:**

യാസ്യാമീതി സമുദ്യതസ്യ ഗദിതം വിസ്രബ്ധമാകീർണ്ണിതം
ഗച്ഛൻ ദൂരമുപേക്ഷിതോ മുഹുരസൗ വ്യാവൃത്യ തിഷ്ഠന്നപി
തച്ഛൂന്യേ പുനരാസ്ഥിതാസ്മി ഭവനേ പ്രാണാസ്ത ഏതേ ദൃഢാഃ
സഖ്യസ്തിഷ്ഠത ജീവിതവ്യസനിനീ ദംഭാദഹം രോദിമി || 110 ||

ശാർദ്ദൂലവിക്രീഡിതം

## 4.10 ജാതാ നോത്കലികാ...

വേമഭൂപാലൻ:- രവിചന്ദ്രൻ:78 രുദ്രമദേവകുമാരൻ:98 അർജ്ജുനവർമ്മദേവൻ:84

**മൂലം:**

ജാതാ നോത്കലികാ സ്തനൗ ന ലുളിതൗ ഗാത്രം ന രോമാഞ്ചിതം
വക്ത്രം സ്വേദകണാഞ്ചിതം ന സഹസാ യാവച്ഛഠേനാമുനാ
ദൃഷ്ടേനൈവ മനോ ഹൃതം ധൃതിമുഷാ പ്രാണേശ്വരേണാദ്യ മേ
തത്കേനാത്ര നിരൂപ്യമാണനിപുണോ മാനഃ സമാർദ്ധീയതാം || 111 ||

ശാർദ്ദൂലവിക്രീഡിതം

## 4.11 തപ്തേ മഹാവിരഹ...

വേമഭൂപാലൻ:- രവിചന്ദ്രൻ:89 രുദ്രമദേവകുമാരൻ:100 അർജ്ജുനവർമ്മദേവൻ:86

**മൂലം:**

തപ്തേ മഹാവിരഹവഹ്നിശിഖാവലീഭി--
രാപാണ്ഡുരസ്തനതടേ ഹൃദയേ പ്രിയായാഃ
മന്മാർഗ്ഗവീക്ഷണനിവേശിതദീനദൃഷ്ടേർ--
നൂനം ഛമച്ഛമിതി ബാഷ്പകണാഃ പതന്തി || 112 ||

വസന്തതിലകം

## 4.12 സൈവാഹം പ്രമദാ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:103 അർജ്ജുനവർമ്മദേവൻ:89

**മൂലം:**

സൈവാഹം പ്രമദാ നൃണാമധിഗതാവേതൗ ച തൗ നൂപുരാ-
വേഷാസ്സൈകമവൃത്തിരേവ സഹജവ്രീഡാധനഃ സ്ത്രീജനഃ
ഇത്ഥം ലജ്ജിതയാ സ്മൃതേരുപഗമേ മത്വാ തനും സംഭ്രമാത്--
പുംഭാവഃ പ്രഥമം രതിവ്യതികരേ മുക്തസ്തതോ വല്ലഭഃ || 113 ||

ശാർദ്ദൂലവിക്രീഡിതം

## 4.13 ഇദം കൃഷ്ണം കൃഷ്ണം...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:108 അർജ്ജുനവർമ്മദേവൻ:94

**മൂലം:**

ഇദം കൃഷ്ണം കൃഷ്ണം പ്രിയമത നന്ദ ശ്വേതമഥ കിം
ഗമിഷ്യാമോ യാമോ ഭവതു ഗമനേനാഥ ഭവതു
പുരാ യേനൈവം മേ ചിരമനുസൃതാ ചിത്തപദവീ
സ ഏവാന്യോ ജാതഃ സഖി പരിചിതാഃ കസ്യ പുരുഷാഃ || 114 ||

ശിഖരിണി

## 4.14 തന്വംഗ്യാ ഗുരുസന്നിധൗ...

വേമഭൂപാലൻ:- രവിചന്ദ്രൻ:91 രുദ്രമദേവകുമാരൻ:110 അർജ്ജുനവർമ്മദേവൻ:96

**മൂലം:**

തന്വംഗ്യാ ഗുരുസന്നിധൗ നയനയോര്യദ്വാരി സംസ്തംഭിതം
തേനാന്തർഗലിതേന മന്മഥശിഖീ സിക്തോ വിയോഗോദ്ഭവഃ
മന്യേ തസ്യ നിരസ്യമാനകിരണസ്യൈഷാ മുഖേനോദ്ഗതാ
ശ്വാസായാസസമാകുലാളിസരണിവ്യാജേന ധൂമാവലീ || 115 ||

ശാർദ്ദൂലവിക്രീഡിതം

## 4.15 പ്രാസാദേ സാ ദിശി...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:102

**മൂലം:**

പ്രാസാദേ സാ ദിശി ദിശി ച സാ പൃഷ്ഠതഃ സാ പുരഃ സാ
പര്യങ്കേ സാ പഥി പഥി ച സാ തദ്വിതീയോഗാതുരസ്യ
ഹംഹോ ചേതഃ പ്രകൃതിരപരാ നാസ്തി മേ കാപി സാ സാ
സാ സാ സാ സാ ജഗതി സകലേ കോഽയമദ്വൈതവാദഃ || 116 ||

മന്ദാക്രാന്ത

**വേമഭൂപാലൻ (S), അർജ്ജുനവർമ്മദേവൻ (W) എന്നിവരുടെ പാഠങ്ങളിൽ ഇല്ലാത്തവയും രുദ്രമദേവകുമാരന്റെ (R) പാഠത്തിൽ ഉള്ളവയുമായ ശ്ലോകങ്ങൾ:**

## 4.16 പ്രയച്ഛാകാരം മേ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:17 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

പ്രയച്ഛാകാരം മേ യദി തവ രഹോവൃത്തമഖിലം
മയാ വാച്യം വോച്ചൈരിതി ഗുരുശുകേ ജല്പതി ശനൈഃ
വധൂർവക്ത്രം വ്രീഡാഭരനമിതമന്തർവിഹസിതം
ഹരത്യർദ്ധോന്മീലന്നളിനമനിലാവർജ്ജിതമിവ || 117 ||

ശിഖരിണി

## 4.17 കിഞ്ചിന്മുദ്രിതപാംസവഃ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:59 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

കിഞ്ചിന്മുദ്രിതപാംസവഃ ശിഖിഗണൈരുത്പക്ഷമാലോകിതാ
ജീർണ്ണാവാസരുദദ്ദരിദ്രഗൃഹിണീശ്വാസാനിലൈർജർജരാഃ
ഏതേ തേ നിപതന്തി നൂതനഘനാത്പ്രാവൃഡ്ഭരാനന്ദിനോ
വിച്ഛായീകൃതവിപ്രയുക്തവനിതാവക്ത്രേന്ദവോ ബിന്ദവഃ || 118 ||

ശാർദ്ദൂലവിക്രീഡിതം

## 4.18 നീത്വോച്ചൈരിക്ഷിപന്തഃ...

വേമഭൂപാലൻ:- രവിചന്ദ്രൻ:54 രുദ്രമദേവകുമാരൻ:64 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

നീത്വോച്ചൈർവിക്ഷിപന്തഃ കൃതതുഹിനകണാ--
 സാരസംഗാൻ പരാഗാ–
നാമോദാനന്ദിതാലീനതിതരസുരഭീൻ
 ഭൂരിശോ ദിങ്മുഖേഷു
ഏതേ തേ കുങ്കുമാങ്കസ്തനകലശഭരാത്--
 ഫാലനാദ്ദച്ഛലന്തഃ
പീത്വാ സീത്കാരിവക്ത്രം ഹരിണശിശുദൃശാം
 ഹൈമനാ വാന്തി വാതാഃ || 119 ||

സ്രഗ്ധര

## 4.19 പീതസ്തുഷാരകിരണോ...

വേമഭൂപാലൻ:- രവിചന്ദ്രൻ:49 രുദ്രമദേവകുമാരൻ:65 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

പീതസ്തുഷാരകിരണോ മധുനൈവ സാർദ്ധ-
മന്തഃ പ്രവിശ്യ ചഷകപ്രതിബിംബവർത്തീ
നാനാകരം മനസി മാനവതീജനസ്യ
നൂനം വിഭേദ യദസൗ പ്രസസാദ സദ്യഃ || 120 ||

വസന്തതിലകം

## 4.20 ലലനാലോലധമ്മില്ല...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:66 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ലലനാലോലധമ്മില്ലമല്ലികാമോദവാസിതാഃ
വാന്തി രാത്രൗ രതക്ലാന്തകാമിനീസുഹൃദോ ऽ നിലാഃ || 121 ||

അനുഷ്ടുപ്പ്

## 4.21 വാന്തി കല്ഹാരസുഭഗാഃ...

വേമഭൂപാലൻ:- രവിചന്ദ്രൻ:- രുദ്രമദേവകുമാരൻ:67 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

വാന്തി കല്ഹാരസുഭഗാഃ സപ്തച്ഛന്ദസുഗന്ധയഃ
വാതാ നവരതിമ്ലാനവധൂസംഗമമന്ഥരാഃ || 122 ||

അനുഷ്ടുപ്പ്

## 4.22 രാമാണാം രമണീയ...

വേമഭൂപാലൻ:- രവിചന്ദ്രൻ:58 രുദ്രമദേവകുമാരൻ:71 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

രാമാണാം രമണീയവക്ത്രശശിനഃ സ്വേദോദബിന്ദുപ്ലുതോ
വ്യാലോലാമളകാവലീം പ്രചലയംശ്ചുംബന്നിതംബാംശുകം
പ്രാതർവാതി മധൗ വികൃഷ്ടവികസദ്രാജീവരാജീരജോ--
ജാലാമോദമനോഹരോ രതിരസഗ്ലാനിം ഹരന്മാരുതഃ || 123 ||

ശാർദ്ദൂലവിക്രീഡിതം

## 4.23 അംഗം ചന്ദനപാണ്ഡു...

വേമഭൂപാലൻ:- രവിചന്ദ്രൻ:59 രുദ്രമദേവകുമാരൻ:72 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

അംഗം ചന്ദനപാണ്ഡു പല്ലവമൃദുസ്താംബൂലതാമ്രോ/ധരോ
ധാരായന്ത്രജലാഭിഷേകകലുഷേ ധൗതാഞ്ജനേ ലോചനേ
അന്തഃപുഷ്പസുഗന്ധിരാജികബരീ സർവ്വാംഗലഗ്നാംബരം
കാന്താനാം കമനീയതാം വിദധതേ ഗ്രീഷ്മേ/പരാഹ്ണാഗമേ ‖ 124 ‖

ശാർദ്ദൂലവിക്രീഡിതം

## 4.24 വരമസൗ ദിവസോ ന...

വേമഭൂപാലൻ:- രവിചന്ദ്രൻ:60 രുദ്രമദേവകുമാരൻ:73 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

വരമസൗ ദിവസാ ന പുനർനിശാ
നനു നിശൈവ വരം ന പുനർദിനം
ഉഭയഭേദമപി വ്രജതു ക്ഷയം
പ്രിയതമേന ന യത്ര സമാഗമഃ ‖ 125 ‖

ദ്രുതവിളംബിതം

## 4.25 മന്ദം മുദ്രിതപാംസവഃ...

വേമഭൂപാലൻ:- രവിചന്ദ്രൻ:48 രുദ്രമദേവകുമാരൻ:58 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

മന്ദം മുദ്രിതപാംസവഃ പരിപതജ്ഝാതാന്ധകാരാ മരു--
ദ്വേഗധ്വസ്തകുടീരകാഗ്രനിപതച്ഛിദ്രേഷു ലബ്ധാന്തരാഃ
കർമ്മവ്യഗ്രകുടുംബിനീകുചഭരസ്വേദച്ഛിദഃ പ്രാവൃഷഃ
പ്രാരംഭേ മദയന്തി കന്ദളദലോല്ലാസാഃ പയോബിന്ദവഃ ‖ 126 ‖

ശാർദ്ദൂലവിക്രീഡിതം

## 4.26 ഇയമസൗ തരളായത...

വേമഭൂപാലൻ:- രവിചന്ദ്രൻ:51 രുദ്രമദേവകുമാരൻ:60 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ഇയമസൗ തരളായതലോചനാ
ഗുരുസമുന്നതപീനപയോധരാ
പൃഥുനിതംബഭരാലസഗാമിനീ
പ്രിയമതാ മമ ജീവിതഹാരിണീ ‖ 127 ‖

ദ്രുതവിളംബിതം

## 4.27 സാലക്തകം ശതദളാ...

വേമഭൂപാലൻ:- രവിചന്ദ്രൻ:86 രുദ്രമദേവകുമാരൻ:61 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

സാലക്തകം ശതദളാധികകാന്തിരമ്യം
രാത്രൗ സ്വധാമനികരാരുണനൂപുരാങ്കം
ക്ഷിപ്തം ഭൃശം കുപിതയാ തരളായതാക്ഷ്യാ
സൗഭാഗ്യചിഹ്നമിവ മൂർദ്ധ്നി പദം വിരേചേ || 128 ||

വസന്തതിലകം

## 4.28 ശ്രുത്വാകസ്മാന്നിശീഥേ...

വേമഭൂപാലൻ:- രവിചന്ദ്രൻ:55 രുദ്രമദേവകുമാരൻ:68 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ശ്രുത്വാകസ്മാന്നിശീഥേ നവഘനരസിതം വിശ്ലഥാംഗം പതന്ത്യാ
ശയ്യായാ ഭൂമിപൃഷ്ഠേ കരതലധൃതയാ ദുഃഖിതാലോജനേന
സോത്കണ്ഠം മുക്തകണ്ഠം കഠിനകുചതടോപാന്തദീർണ്ണാശ്രുബിന്ദു
സ്മൃത്വാ സ്മൃത്വാ പ്രിയസ്യ സ്ഖലിതമൃദുവചോ രുദ്യതേ പാന്ഥവധ്വാ || 129 ||

സ്രഗ്ധര

## 4.29 പീതോ യതഃ പ്രഭൃതി...

വേമഭൂപാലൻ:- രവിചന്ദ്രൻ:68 രുദ്രമദേവകുമാരൻ:83 അർജ്ജുനവർമ്മദേവൻ:-

**മൂലം:**

പീതോ യതഃ പ്രഭൃതി കാമപിപാസിതേന
തസ്യാ മയാധരരസഃ പ്രചുരഃ പ്രിയായാഃ
തൃഷ്ണാ തതഃ പ്രഭൃതി മേ ദ്വിഗുണത്വമേതി
ലാവണ്യമസ്തി ബഹു തത്ര കിമത്ര ചിത്രം || 130 ||

വസന്തതിലകം

**വേമഭൂപാലൻ (S), അർജ്ജുനവർമ്മദേവൻ (W), രുദ്രമദേവകുമാരൻ (R) എന്നിവരുടെ പാഠങ്ങളിൽ ഇല്ലാത്തവയും രവിചന്ദ്രന്റെ (E) പാഠത്തിൽ ഉള്ളവയുമായ ശ്ലോകങ്ങൾ:**

## 4.30 കോപസ്ത്വയാ ഹൃദി...

വേമഭൂപാലൻ:- രവിചന്ദ്രൻ:94 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

കോപസ്ത്വയാ ഹൃദി കൃതോ യദി പങ്കജാനി
സോഽസ്തു പ്രിയസ്തവ കിമത്ര വിധേയമന്യത്
ആശ്ലേഷമർപ്പയ മദർപ്പിതപൂർവ്വമുച്ചൈർ-
മഹ്യം സമർപ്പയ മദർപ്പിതചുംബനം ച || 131 ||

വസന്തതിലകം

## 4.31 ഊരുദ്വയം മൃഗദൃശഃ...

വേമഭൂപാലൻ:- രവിചന്ദ്രൻ:95 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ഊരുദ്വയം മൃഗദൃശഃ കദളസ്യ കാണ്ഡൗ
മദ്ധ്യം ച വേദിരതുലം സ്തനയുഗ്മമസ്യാഃ
ലാവണ്യവാരിപരിപൂരിതശാതകുംഭ--
കുംഭൗ മനോജനൃപതേരഭിഷേചനായ || 132 ||

വസന്തതിലകം

## 4.32 ഹാരോ ജലാർദ്രവസനം...

വേമഭൂപാലൻ:- രവിചന്ദ്രൻ:98 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ഹാരോ ജലാർദ്രവസനം നളിനീദളാനി
പ്രാലേയശീകരമുചസ്തുഹിനാംശുഭാസഃ
യസ്യേന്ധനാനി സരസാനി ച ചന്ദനാനി
നിർവാണമേഷ്യതി കഥം സ മനോഭവാഗ്നിഃ || 133 ||

വസന്തതിലകം

## 4.33 തന്വീ ശരത്ത്രിപഥഗാ...

വേമഭൂപാലൻ:- രവിചന്ദ്രൻ:99 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

തന്വീ ശരത്ത്രിപഥഗാ പുളിനേ കപോലേ
ലോലേ ദൃശൗ രുചിരചഞ്ചലഖഞ്ജരീടൗ
തദ്ബന്ധനായ സുചിരാർപ്പിതസുഭ്രൂചാപ--
ചാണ്ഡാലപാശയുഗളാവിവ ശൂന്യകർണ്ണൗ || 134 ||

വസന്തതിലകം

## 4.34 ഹാരോ/യം ഹരിണാക്ഷീണാം...

വേമഭൂപാലൻ:- രവിചന്ദ്രൻ:100 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

ഹാരോ/യം ഹരിണാക്ഷീണാം ലുഠതി സ്തനമണ്ഡലേ
മുക്താനാമപ്യവസ്ഥേയം കേ വയം സ്മരകിങ്കരാഃ || 135 ||

അനുഷ്ടുപ്പ്

## 4.35 കാന്തേ കത്യപി...

വേമഭൂപാലൻ:- രവിചന്ദ്രൻ:25 രുദ്രമദേവകുമാരൻ:- അർജ്ജുനവർമ്മദേവൻ:-

**മൂലം:**

കാന്തേ കത്യപി വാസരാണി ഗമയ ത്വം മീലയിത്വാ ദൃശൗ
സ്വസ്തി സ്വസ്തി നിമീലയാമി നയനേ യാവന്ന ശൂന്യാ ദിശഃ
ആയാതാ വയമാഗമിഷ്യസി സുഹൃദ്വർഗസ്യ ഭാഗ്യോദയൈഃ
സന്ദേശോ വദ കസ്തവാഭിലഷിതസ്തീർത്ഥേഷു തോയാഞ്ജലിഃ || 136 ||

ശാർദ്ദൂലവിക്രീഡിതം

# 5 ചില ശ്ലോകങ്ങളുടെ വിശദമായ വ്യാഖ്യാനം

⇐ ജ്യാകൃഷ്ടിബദ്ധ/ഞാണേറ്റി നിന്നു... (ശ്ലോകം 1) ⇒

നടുവിരലിന്റെയും മോതിരവിരലിന്റെയും മധ്യത്തിൽ തള്ളവിരൽ വെച്ച് മറ്റുള്ള വിരലുകൾ എല്ലാം കൂടി മടക്കിയാൽ കിട്ടുന്ന മുദ്രയാണ് കടാകാമുഖം. വില്ലു ഞാണേറ്റുമ്പോൾ കൈ ഈ മുദ്രയെ പ്രാപിക്കുന്നു.

ഇളം തളിരിൽ വണ്ടുകൾ ആർത്തിയോടെ വന്നു ചേരും. ദേവിയുടെ കണ്ണുകൾ കാതുവരെ നീണ്ടതാണ്.

**അലങ്കാരം:** ഉപമ.

⇐ ക്ഷിപ്തോ ഹസ്താവലഗ്നഃ/കേറിക്കയ്യിൽ പിടിക്കേ... (ശ്ലോകം 2) ⇒

വീരം, രൗദ്രം ആദിയായവ പ്രദർശിപ്പിക്കുന്ന നായകന്മാരും കാമദേവന്റെ പ്രവൃത്തിമൂലം കാലിൽ വീഴുകയും മറ്റും ചെയ്യും എന്നു പറഞ്ഞതു വഴി കാവ്യത്തിന്റെ പ്രതിപാദ്യത്തിന്റെ സൂചന കവി തരുന്നു എന്നു വേമഭൂപാലൻ.

⇐ ആലോലാമളകാവലീം/ചഞ്ചലങ്ങളളകങ്ങൾ ചിന്നി... (ശ്ലോകം 3) ⇒

വേമഭൂപാലന്റെ വ്യാഖ്യാനം:

തന്ന്യാഃ തദ്വക്ത്രം ത്വാം പാതു = അവളുടെ മുഖം നിങ്ങളെ എന്നും രക്ഷിക്കട്ടേ. ഇവിടെ രക്ഷിക്കട്ടേ എന്നു വെച്ചാൽ സുഖം നൽകട്ടേ എന്നർത്ഥം. ഹരി, ഹരൻ, ബ്രഹ്മാവ് തുടങ്ങിയവരെക്കൊണ്ട് എന്തു പ്രയോജനം എന്നു താത്പര്യം. എങ്ങനെയുള്ള മുഖം? രതിപ്രത്യയത്തിൽ = പുരുഷായിതത്തിൽ, ആലോലാം = ഇളകി അലങ്കോലമായ അളകങ്ങൾ ഉള്ളത്. പിന്നെ എങ്ങനെ? ചലത്കുണ്ഡലം = ഇളകുന്ന കമ്മലോടു കൂടിയത്. തനുതരൈഃ = വളരെ ചെറിയ, സ്വേദാംഭസാം ജാലകൈഃ വിയർപ്പുകണങ്ങളെക്കൊണ്ട്, കിഞ്ചിത് മൃഷ്ട-വിശേഷകം = കുറച്ചു മാഞ്ഞ പൊട്ടോടു കൂടിയത്, പിന്നെ എങ്ങനെ? സുരത-അന്ത-താന്ത-നയനം = സംഭോഗത്തിന്റെ അവസാനത്തിൽ ക്ഷീണിച്ച കണ്ണുകളോടു കൂടിയത്. ഇവിടെ അലങ്കാരം സ്വഭാവോക്തി. (ഇവിടെ അതിന്റെ ലക്ഷണം പറയുന്നു.) ഈ മൂന്നു ശ്ലോകത്തിൽ ആശിസ്സ് എന്ന അലങ്കാരവും അടങ്ങിയിരിക്കുന്നു. (അതിന്റെ ലക്ഷണം). അങ്ങനെയുള്ള മുഖം നിങ്ങളെ രക്ഷിക്കട്ടേ എന്നർത്ഥം. ഹരി-ഹര-ബ്രഹ്മാദിഭിഃ ദേവതൈഃ = വിഷ്ണു, ശിവൻ, ബ്രഹ്മാവ് തുടങ്ങിയ ദേവന്മാരാൽ ഇതുപോലെയുള്ള സുഖം കിട്ടില്ല എന്ന്. നീതിവാക്യത്തിൽ ഇങ്ങനെ പറയുന്നു: "യോ□ർഥകാമാവപാകൃത്യ ധർമ്മമേവോപസേവതേ, പക്വം ക്ഷേത്രം പരിത്യജ്യ അരണ്യം കർഷതീവ സഃ" എന്ന്. ശ്രമം എന്ന ഭാവം വ്യഞ്ജിക്കുന്നു. (അതിന്റെ ലക്ഷണം).

പരിഭാഷയ്ക്ക് വള്ളത്തോളിന്റെ **വിലാസലതിക** യിലെ നാന്ദീശ്ലോകത്തിനോടു നല്ല സാദൃശ്യമുണ്ട്.

**കുന്തളാവലി വിയർത്ത പൂങ്കവിളിൽ മിന്നിയും, കുളുർമുലക്കുടം**
**ചന്തമോടു നടമാടിയും, പൃഥുനിതംബമണ്ഡലമുലഞ്ഞുമേ,**
**ചെന്തളിർത്തനു തളർന്നിടും പടി, സലീലമദ്രിജ നിജാന്തികേ**
**പന്തടിക്കെ, നിടിലാക്ഷനാർന്ന പുളകം നമുക്കരുൾക മംഗളം!**

⇐ യാതാഃ കിം ന മിലന്തി/പോവുന്നോർ വരുമെപ്പൊഴും... (ശ്ലോകം 11) ⇒

ഇതിനോടു സാദൃശ്യമുള്ള ഒരു ശ്ലോകം വള്ളത്തോളിന്റെ **വിലാസലതിക** യിൽ ഉണ്ട്.

**ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്, തൻ മന്ദിരത്താഴ്വര--**
**ത്തൂണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം വീർപ്പിട്ടുകൊണ്ടങ്ങനെ**
**``കാണാം താമസിയാതെ''യെന്നൊരുവിധം ബന്ധുക്കളോടോതിടും**
**പ്രാണാധീശനെ, യശ്രുപൂർണ്ണമിഴിയായ് നോക്കുന്നു മൈക്കണ്ണിയാൾ.**

⇐ പ്രഹരവിരതൗ മദ്ധ്യേ/ചൊല്ലൂ, നിൻ വരവെപ്പൊൾ... (ശ്ലോകം 13) ⇒

ഈ ശ്ലോകത്തിൽ അന്നത്തെ ദിവസത്തെപ്പറ്റിയാണു നായിക പറയുന്നത് എന്ന അർത്ഥത്തിൽ:

``ചൊല്ലൂ കാന്ത, പുറപ്പെടുന്ന സമയം, മദ്ധ്യാഹ്നമോ, പിന്നതിൽ
തെല്ലും കൂടിയിരിക്കുമോ? യിനിയതോ സന്ധ്യയ്ക്കു പോകുന്നുവോ?''
ഇല്ലം വിട്ടൊരു നൂറു നാൾകളകലെപ്പോകുന്ന ഭർത്താവിനെ-
ത്തല്ലീട്ടിങ്ങനെ കണ്ണുനീരൊടു മുടക്കീടുന്നു തന്വംഗിയാൾ.

ശാർദ്ദൂലവിക്രീഡിതം

⇐ ത്വം മുഗ്ദ്ധാക്ഷി വിനൈവ/നിന്നെക്കഞ്ചുകമൊന്നഴിച്ച്... (ശ്ലോകം 25) ⇒

പരിഭാഷയിൽ അഷ്ടപ്രാസവും ഉണ്ട്.

⇐ ഉരസി നിഹിതസ്താരോ/മുത്തിൻ മാലകൾ മാറിലും... (ശ്ലോകം 29) ⇒

ഈ ശ്ലോകത്തിന്റെ വൃത്താനുവൃത്തപരിഭാഷ:

മുലകളുടെ മേൽ ഹാരം, ശബ്ദിച്ചിടുന്നരഞ്ഞാണ താൻ
പെരിയ ജഘനം മൂടാൻ, കാലിൽ കിലുങ്ങിന കാൽത്തള,
പ്രിയനൊടണയാനീ മട്ടിൽ പോയിടുന്നൊരു പൊട്ടി നീ
സകലദിശയും നോക്കുന്നെന്തേ ഭയന്നു വിറച്ച പോൽ?

ഹരിണി

⇐ ഗാഢാലിംഗനവാമനീകൃത/ഉന്നതസ്തനമമർന്നു പോം... (ശ്ലോകം 35) ⇒

മരണം അമംഗളസൂചകമായതിനാൽ മൃതി എന്നതിനു മോഹാലസ്യം എന്ന് അർത്ഥം പറയണം എന്നു വേമഭൂപാലൻ പറയുന്നു. അർജ്ജുനവർമ്മദേവനാകട്ടേ ഒരു പടി കൂടെ കടന്ന് "എങ്കിലും കരുണവും ബീഭത്സവും ദ്യോതിപ്പിക്കുന്ന മൃതാ എന്ന പ്രയോഗം ഞാൻ അംഗീകരിക്കുന്നില്ല. അതിനാൽ നാലാമത്തെ വരി 'കിം ഗ്ലാനാ ശയിതാ നു കിം മനസി മേ ലീനാ വിലീനാ നു കിം' എന്നു മാറ്റണം" എന്നു വരെ പറയുന്നു.

ഈ ശ്ലോകത്തിന്റെ രണ്ടു വൃത്താനുവൃത്തപരിഭാഷകൾ:

1. മത്തോടാഞ്ഞു പുണർന്നു തൻ മുലയമർന്നേറുന്ന രോമാഞ്ചമാർ--
ന്നെത്തും പ്രേമരസത്തിനാലരയിൽ നിന്നൂർന്നോടു വസ്ത്രത്തൊടും
``നിർത്തൂ, വേണ്ടട, യെന്നെയിങ്ങനെ" ബലം പോയോരു വാക്കോതവേ
ചത്തോ, തന്വിയുറങ്ങിയോ ഉരുകിയെന്നുള്ളിൽ ലയിച്ചോയിനി? ശാർദ്ദൂലവിക്രീഡിതം

2. ആവേശത്തൊടു പൂ, ണമർന്നു മുല, രോമാഞ്ചം നിറഞ്ഞിട്ടവൾ
താവും പ്രേമരസത്തിനാലരയിൽ നിന്നൂർന്നോരു വസ്ത്രത്തൊടും
``ഹാവൂ, വേണ്ടിനി, യിന്നു വയ്യ, മതി"യെന്നോതീ കിത, ച്ചിന്നവൾ
ചാവാറായി, യുറങ്ങിയോ, യുരുകിയോ, യെന്നുള്ളിലായ് ചേർന്നുവോ? ശാർദ്ദൂലവിക്രീഡിതം

⇐ രാത്രൗ വാരിഭരാലസാംബുദ/ഏറെക്കാറു നിറഞ്ഞ... (ശ്ലോകം 46) ⇒

അമരുകന്റെ മറ്റു ശ്ലോകങ്ങൾക്കുള്ള ലാളിത്യം ഇതിനില്ല. മാത്രമല്ല, അർത്ഥം അല്പം ക്ലിഷ്ടവുമാണ്. പല വ്യാഖ്യാതാക്കൾ പല വിധത്തിലാണ് അർത്ഥം പറഞ്ഞിട്ടുള്ളതു്. മുകളിൽ എഴുതിയതു് ഏറ്റവും യുക്തമെന്നു തോന്നിയ അർത്ഥമാണ്.

വർഷകാലത്തു വിരഹികൾക്കു കൂടുതൽ ദുഃഖം ഉണ്ടാവുമെന്നു കവിസങ്കേതം. അങ്ങനെ വിരഹിയായ ഒരുവൻ പാടിയ പാട്ടു കേട്ട് ആളുകൾ പ്രവാസത്തെപ്പറ്റി ചിന്തിക്കുക പോലും ചെയ്യാതെ തങ്ങളുടെ പ്രേമഭാജനങ്ങളോടു പിണങ്ങാതെ ജീവിച്ചു എന്നർത്ഥം.

ഉദ്വിഗ്നശബ്ദത്തിനു ഭയന്ന എന്നും ദുഃഖിച്ച എന്നും അർത്ഥമുണ്ട്. വ്യാഖ്യാതാക്കൾ ഭയന്ന എന്ന അർത്ഥമാണു പറയുന്നതു്. ദുഃഖിച്ച എന്ന അർത്ഥമാണു കൂടുതൽ ശരിയായി തോന്നുന്നതു്. ഭയന്നവന്റെ നിലവിളിയെക്കാൾ ദുഃഖിച്ചവന്റെ പാട്ടാണു കൂടുതൽ യോജിക്കുന്നതു്.

⇐ ബാലേ നാഥ വിമുഞ്ച/പെണ്ണേ, നാഥ, പിണങ്ങൊലാ... (ശ്ലോകം 50) ⇒

ഈ ശ്ലോകത്തിനു് ന്യൂ ജെനറേഷൻ പിള്ളേരുടെ ഭാഷയിൽ ഒരു പരിഭാഷ:

``ഡീ...", ``ങേ?"; ``യെന്തു കലിപ്പെടീ ഇതു?", ``കലി--
ച്ചാലാർക്കു നഷ്ടം?"; ``തകർ--
ന്നീടും നെ", ``ഞ്ഞൊരു പുണ്യവാളനതു നീ,
ഞാനല്ലിയോ പോക്കു കേസ്?";
``നീയെന്തിങ്ങനെ തൊണ്ടു പൊട്ടിന വിധം
മോങ്ങുന്നു?", ``വേറെങ്ങു പോം?";
``ഞാനില്ലേ?" ``പറ, നിന്റെയാരിവിടെ ഞാൻ?";
``ചങ്കല്ലിയോ?", ``അച്ചോടാ..." ശാർദ്ദൂലവിക്രീഡിതം

⇐ വാണൈർല്ലോചനവാരിഭിഃ/ളുകും ബാഷ്പകണങ്ങളാൽ... (ശ്ലോകം 52) ⇒

നായിക എന്തു ചെയ്യും എന്നതൊരു ചോദ്യമാണ്. മരിക്കും എന്നാണു വേമഭൂപാലന്റെയും അർജ്ജുനവർമ്മദേവന്റെയും വ്യാഖ്യാനം. അതു കൂടാതെ “നീ പോയാൽ ഞാൻ സന്തോഷത്തോടു കൂടി ജീവിക്കും” എന്നു വേണമെങ്കിലും പറയാം. പരിഭാഷയ്ക്കും ആ അർത്ഥം പറയാം.

⇐ നിശ്ശേഷച്യുതചന്ദനം/തെല്ലും ചന്ദനമില്ല നിൻ... (ശ്ലോകം 61) ⇒

ദൂതിയെ കുളിക്കാൻ പോയി എന്ന് കുറ്റപ്പെടുത്തിയെങ്കിലും അവൾ നായകന്റെ അടുത്തു പോയി അയാളുമായി രതിയിലേർപ്പെട്ടിട്ടു വന്നത് നായിക മനസ്സിലാക്കി എന്നതു വ്യക്തം. നായകനെ അധമൻ എന്നു വിശേഷിപ്പിച്ചതു വെറുതെയല്ല!

⇐ ക്വചിത്താംബൂലാക്തഃ/മുറുക്കും ചുണ്ടിൻ പാട്... (ശ്ലോകം 65) ⇒

വിവിധതരത്തിലുള്ള രതിഭേദങ്ങളെ സൂചിപ്പിക്കുന്നവയാണ് ഈ പാടുകൾ. കൊക്കോകന്റെ രതിരഹസ്യം എന്ന പുസ്തകത്തെ ഉദ്ധരിച്ച് വേമഭൂപാലൻ മുറുക്കാന്റെ പാട് മാർജ്ജാരകരണത്തെയും ചന്ദനക്കുഴമ്പ് ഐഭബന്ധത്തെയും (കരിപദബന്ധം) ചൂർണ്ണം ധൈനുകബന്ധത്തെയും കാൽപ്പാടുകൾ പുരുഷായിതത്തെയും സൂചിപ്പിക്കുന്നു എന്നു പറയുന്നു.

രതിരഹസ്യത്തിൽ നിന്ന് ഇവയുടെ ലക്ഷണങ്ങൾ:

- മാർജ്ജാരകരണം:

  **പ്രസാരിതേ പാണിപാദേ ശയ്യാസ്പൃശി മുഖോരസി**
  **ഉന്നതായാം സ്ത്രിയഃ കട്യാം മാർജ്ജാരകരണം വിദുഃ**

- ഐഭബന്ധം (കരിപദബന്ധം)

  **ഭുഗതസ്തനഭരാസ്യമസ്തകാ--**
  **മുന്നതസ്ഫിജമധോമുഖീം സ്ത്രിയം**
  **ക്രാമതി സ്വകരഗൃഹ്യമേഹനേ**
  **വല്ലഭേ കരിവദം തദുച്യതേ**

- ധൈനുകബന്ധം

**ന്യസ്തഹസ്തയുഗളാ നിജേ പദേ**
**യോഷിദേതി കടിരൂഢവല്ലഭാ**
**അഗ്രതോ യദി ശനൈരധോമുഖീ**
**ധൈനുകം വൃഷവദുന്നതേ പ്രിയേ.**

- പുരുഷായിതം

⇐ ലോലഭ്രൂലതയാ വിപക്ഷദി/വേറേ പെണ്ണിനു കാട്ടവേ... (ശ്ലോകം 69) ⇒

നായകൻ മറ്റേ പെണ്ണിന്റെ അടുത്തു പോയിരുന്നു. നായിക അതു കണ്ണു കാണിച്ചപ്പോൾ അവൻ ഇല്ല എന്നു തലയാട്ടി. ആ വിവരം അറിയാവുന്ന സഖിമാർ നോക്കിയപ്പോൾ അവൻ മുഖം കുനിച്ചു. പ്രണയകലഹത്തോടെ അവൾ മുഖം ചുവപ്പിച്ചപ്പോൾ അവൻ കാലു പിടിക്കുന്നതായി കണ്ണു കാണിച്ചു.

"തദ്വൃത്താന്തവിദീക്ഷണേ" എന്നതിന് "അവന്റെ കള്ളത്തരം അറിയാവുന്ന നായികയുടെ തന്നെ കണ്ണു കൂട്ടിമുട്ടിയപ്പോൾ" എന്ന അർത്ഥം എടുത്താൽ "ഓരുന്നോൻ മനമെന്നു കൺകൾ പറയും നേരം" എന്നു പരിഭാഷ മാറ്റാം.

⇐ ലാക്ഷാലക്ഷ്മ ലലാട/മൈയാകെപ്പടരും മുഖം... (ശ്ലോകം 71) ⇒

ചെമ്പഞ്ഞിച്ചാറ് സ്ത്രീകൾ കാലിൽ പുരട്ടുന്ന സൗന്ദര്യവർദ്ധകദ്രവ്യമാണ്.

⇐ അദ്യാരഭ്യ നഹി പ്രിയേ/ഇന്നിൻ ശേഷമെനിക്കു... (ശ്ലോകം 72) ⇒

വ്യാഖ്യാതാക്കൾ പറഞ്ഞിട്ടില്ലെങ്കിലും, ഇവിടെ പയോദം എന്ന പദത്തിന് പയസ്സിനെ (വെള്ളത്തെ എന്നും പാലിനെ എന്നും) തരുന്നത് എന്ന അർത്ഥത്തിൽ മേഘം എന്ന അർത്ഥം കൂടാതെ സ്തനം എന്ന അർത്ഥവും ഉദ്ദേശിച്ചിട്ടുണ്ട് എന്നാണ് എനിക്കു തോന്നുന്നത്.

⇐ പുരാഭൂദസ്മാകം/ഒന്നായുള്ള ശരീരമായ്... (ശ്ലോകം 81) ⇒

മൂലശ്ലോകത്തിൽ ഞാൻ എന്നല്ല ഞങ്ങൾ എന്നു ബഹുവചനമാണ്. കുവലയാനന്ദത്തിൽ ഒന്നിൽ നിന്നു പലതിലേക്കു പോകുന്ന പര്യായാലങ്കാരത്തിനുദാഹരണമായി ഈ ശ്ലോകം ഉദ്ധരിച്ചിട്ടുണ്ട്. ലളിതമായ ഒരു വാച്യാർത്ഥത്തെ മാത്രമേ പരിഭാഷപ്പെടുത്തിയിട്ടുള്ളൂ.

രണ്ട് അർത്ഥഭേദങ്ങൾ:

1. ഒന്നായുള്ള ശരീരമായ് കഴിയുവോരാദ്യം ഭവാൻ ഞാനുമേ,
പിന്നെക്കാമുകനായി നീ, പ്രിയകളിൽ ഭഗ്നാശയാം സാധു ഞാൻ;
ഇന്നോ നീ പതി, പതിമാരിലൊരുവൾ ഞാൻ, ആക്കഴിഞ്ഞൊന്നുമി--
ല്ലൊന്നും നമ്മളി, ലീവിധം കഠിനമായ് വജ്രോപമം ജീവിതം!

ശാർദ്ദൂലവിക്രീഡിതം

2. ഒന്നായുള്ള ശരീരമായ് കഴിയുവോരാദ്യം ഭവാൻ ഞാനുമേ,
പിന്നെക്കാമുകനാകവേ, കമനിയായ്; പിന്നീടു ഞാൻ ത്യക്തയായ്;
ഇന്നോ നീ പതി, മറ്റൊരാൾക്കു വധുവായ് ഞാനും വസിക്കുന്നു, നീ
കൊന്നൂ പ്രാണനെ, ജീവിതം കഠിനമായ് വജ്രോപമം ദാരുണം!

ശാർദ്ദൂലവിക്രീഡിതം

⇐ കപോലേ പത്രാളീ/കയ്യാൽ മാഞ്ഞു മുഴുക്കെ... (ശ്ലോകം 85) ⇒

സമാസോക്തി അലങ്കാരം. അവളുടെ ദേഷ്യം ചെയ്തതൊക്കെ – കവിളിലെ ചായം തുത്തു കളഞ്ഞതു്, അധരരസം കുടിച്ചതു്, മുലകളെ ഇളക്കിയതു് – ഇതൊക്കെ കാമുകൻ ചെയ്യുന്ന പ്രവൃത്തികളാണ്. അങ്ങനെ ദേഷ്യത്തിൽ കാമുകഭാവം ആരോപിച്ചിരിക്കുന്നു.

⇐ രോഹന്തൌ പ്രഥമം മമോരസി/എൻ മാറത്തു കുരുത്ത... (ശ്ലോകം 87) ⇒

ഇതു പോലെ കഴിഞ്ഞ കാലത്തു പ്രണയം തോന്നിയ ഒരു യുവാവിനെപ്പറ്റി നായിക ഓർക്കുന്ന ശ്ലോകം വള്ളത്തോളിന്റെ **വിലാസലതിക** –ൽ ഉണ്ട്.

**കുട്ടിക്കാലമതെത്ര തുഷ്ടികര, മന്നദ്ദേഹമെന്നോടു വേർ--**
**പെട്ടിട്ടുള്ള ദിനം ചുരുങ്ങു, മൊരുമിച്ചല്ലാതെയില്ലൊന്നുമേ;**
**കിട്ടില്ലിപ്പൊഴുതിപ്പൊഴസ്സഭഗനെക്കാണാനുമെന്നായി, പാർ--**
**ത്തട്ടിൽ ദുഃസ്ഥിതിഹേതുവിങ്ങു ഹതമാമീ യൌവനം താനഹോ!**

⇐ കരകിസലയം ധൂത്വാ/അഴിഞ്ഞു പോയരയ്ക്കു... (ശ്ലോകം 89) ⇒

രതിക്രീഡയ്ക്കിടയിൽ അരഞ്ഞാണം അഴിയുകയും മാല പൊട്ടുകയും ചെയ്തു എന്നു വ്യക്തം. അരഞ്ഞാണം/അരപ്പട്ട അഴിഞ്ഞതു കൊണ്ട് നഗ്നത കൂടുതൽ വെളിവായി എന്നും, അതു കാലിൽ കുരുങ്ങി അവൾക്ക് ഓടിപ്പോയി വിളക്കു കെടുത്താൻ പറ്റിയില്ല എന്നും വ്യംഗ്യം. തന്റെ നഗ്നത ഒളിപ്പിക്കാൻ കൈ വീശി മറയ്ക്കാനും മാല എറിഞ്ഞു് വിളക്കു കെടുത്താനും ഭർത്താവിന്റെ കണ്ണു പൊത്താനും ഒക്കെ ശ്രമിക്കുന്നു.

⇐ പരാചീ കോപേന/കടുക്കും കോപത്താൽ... (ശ്ലോകം 90) ⇒

വേമഭൂപാലന്റെ വ്യാഖ്യാനമനുസരിച്ച് മടിക്കത്തിൽ കൈ വെയ്ക്കുന്നതു നായകനാണു്. മൂന്നാം വരിയിലെ “സ്പൃശതി” (സ്പർശിക്കുന്നു) എന്നതിന്റെ കർത്താവു നായകനോ നായികയോ ആവാം. അതനുസരിച്ചുള്ള തർജ്ജമ താഴെ.

കടുക്കും കോപത്താൽ മുഖമതു തിരിച്ചും, മിഴിയട--
ച്ചുറക്കം ഭാവിച്ചും മരുവുമവൾ തന്നംഗമൊരു പോൽ
വെളിക്കാക്കീട്ടാലിംഗനകുതുകിയായ് മാരനവൾ തൻ
മടിക്കത്തിൽ കൈ വെ, ച്ചവളുഴറിനാൾ ഹ്രീഭയമൊടും.

ശിഖരിണി

വള്ളത്തോളിന്റെ **വിലാസലതിക** –യിൽ ഇതിനോടു സാദൃശ്യമുള്ള ഒരു ശ്ലോകമുണ്ടു്.

**മങ്കത്തയ്യിനെ മഞ്ജുവാക്കുകൾ പറഞ്ഞൊട്ടൊട്ടടുപ്പിച്ചു ഞാൻ**
**തങ്കപ്പട്ടുറവുക്ക തൻ നടുവിലായ് കയ്യൊന്നു വെച്ചീടവേ**
**തങ്കൽ തീപ്പൊരി വീണ പോലെ തരസാ തട്ടിപ്പിടഞ്ഞുച്ചലൽ--**
**ക്കൊങ്കച്ചെപ്പുകൾ മെത്തമേലമരുമാറാക്കിക്കിടന്നാളവൾ.**

# 6 മറ്റു പരിഭാഷകൾ

## 6.1 കേരളവർമ്മ വലിയകോയിത്തമ്പുരാൻ

വേമഭൂപാലന്റെ ദാക്ഷിണാത്യപാഠത്തെ അവലംബിച്ച് 1893–ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ചെയ്ത പരിഭാഷ. മണിപ്രവാളശാകുന്തളത്തിനു ശേഷം കേരളവർമ്മ രചിച്ച ആദ്യത്തെ ഭാഷാപദ്യകൃതിയായിരുന്നു ഇത്.

1. കർണ്ണാന്തം കടകാമുഖാകലിതമായ്
   ജ്യാകർഷണം ചെയ്യുമ-
   ക്കയ്യിന്മേൽ പരിചിൽ പരന്ന കരജ-
   ശ്രീപൂരസമ്മിശ്രിതം
   കാതിൽചേർത്ത കരുത്ത നൽത്തളിർ കൊതി-
   ച്ചെത്തുന്ന മത്താളിപോൽ
   കാന്തം കാന്തിമതീകടാക്ഷമവതു
   ത്വാം കാംക്ഷിതാർത്ഥപ്രദം

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ജ്യാകൃഷ്ടിബദ്ധ...(പേജ് 26)

2. വേഗത്താൽ ക്ഷിപ്തനാലംബിതകരനവധൂ-
   തൻ ഗൃഹീതാംശുകാന്തൻ
   പ്രാഗല്ഭ്യത്തോടപാസ്തൻ കലിതകചനനാ-
   ലോകിതൻ പാദലഗ്നൻ
   ആഗത്യാലിംഗനേ നിർദ്ധതനഴലിയലും
   മുപ്പുരസ്ത്രീജനത്താ-
   ലാഗസ്വീ കാമിപോൽ ശങ്കരശരദഹനൻ
   ദഗ്ദ്ധമാക്കട്ടഘം വഃ

സ്രഗ്ദ്ധര

**മൂലശ്ലോകം:** ക്ഷിപ്തോ ഹസ്താവലഗ്നഃ...(പേജ് 27)

3. ഇന്നാലോലാളകാളീലളിതമിളകിടും
   തോടയോടേ ലലാടോൽ-
   ഭിന്നാനാം സ്വേദവാരാം തന്ദതരനിരയാ-
   ലൊട്ടു നൽപ്പൊട്ടു മാഞ്ഞും
   നന്നായ്ക്കന്ദർപ്പലീലാവിരതിയിലവസ-
   ന്നാക്ഷി വീരായിതസ്ത്രീ
   തന്നാസ്യം രക്ഷതു ത്വാം ഹരിഹരമുഖരാം
   ദൈവതൈരാവതെന്താം

സ്രഗ്ദ്ധര

**മൂലശ്ലോകം:** ആലോലാമളകാവലീം...(പേജ് 29)

4. സന്ദംശിച്ചീടവേ സുന്ദരമധരമുദ-
   ഞ്ചദ്രസം കൈ കടഞ്ഞി-
``ട്ടെന്നേ വിട്ടാലു"മെന്നങ്ങനെയരുളി രുഷാ
   ചില്ലിവില്ലാട്ടമോടേ
വന്നീടും സീൽകൃതത്താൽ ചടുലനയനയാം
   മാനിനിയ്ക്കുമ്മവയ്ക്കും
ധന്യർക്കത്രേ ലഭിക്കുന്നമൃതു, കടൽ കട-
   ഞ്ഞാരമർത്ത്യർ ശ്രമാർത്ഥം

സ്രഗ്ദ്ധര

**മൂലശ്ലോകം:** സന്ദഷ്ടാധരപല്ലവാ...(പേജ് 30)

5. ജാതാലസ്യം തിരിഞ്ഞും കിമപി മുഹുരട-
   ഞ്ഞും പ്രിയത്താലലിഞ്ഞും
ഫ്രീതാരള്യം നിറഞ്ഞും ക്ഷണമെതിരെയണ-
   ഞ്ഞും നിമേഷം വെടിഞ്ഞും
വീതാശങ്കം ഹൃദന്തർഗ്ഗതമതു വെളിവാ-
   ക്കുന്ന പോലുള്ളദൃഷ്ട്യാ
നീ താൻ മുഗ്ദ്ധേ! കഥിക്കേതൊരു സുകൃതിയെയാ-
   ണിന്നു വീക്ഷിച്ചിടുന്നു.

സ്രഗ്ദ്ധര

**മൂലശ്ലോകം:** അലസവലിതൈഃ...(പേജ് 31)

6. അന്തസ്താപേന കണ്ണീർകണിക കരരുഹാ-
   ഗ്രത്തിനാൽ നീക്കിനീക്കി-
ക്കിം തൂഷ്ണീം രോഷണേ രോദിഷി? ഭൃശമിനി വാ
   വിട്ടു രോദിച്ചിടും നീ
എന്തെന്നാലേഷണിക്കാരുടയ മൊഴികളാ-
   ലേറെ നീ മാനമാർന്നാൽ
കാന്തൻ നിർവിണ്ണനായ് സാന്ത്വനസരണിയുപേ-
   ക്ഷിച്ചുദാസീനനാകും.

സ്രഗ്ദ്ധര

**മൂലശ്ലോകം:** അംഗുല്യഗ്രനഖേന...(പേജ് 33)

7. നീതാൻ സ്നേഹിച്ചു മാനിച്ചിവളെയധികനാ-
   ളായി ലാളിച്ചു നീ താൻ
നീതാനേ ചെയ്തുപോലിപ്പൊഴുതു നവമിവൾ-
   ക്കപ്രിയം ദൈവയോഗാൽ
ഏതാവൽസങ്കടം ദുസ്സഹമിതു നിയനം
   സാന്ത്വനൈശ്ശാന്തമാകാ
ഹാ താവൽകാലമുച്ചൈരകരുണ കരുണം
   തോഴി രോദിച്ചിടട്ടേ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദത്തോഽസ്യാഃ പ്രണയഃ...(പേജ് 34)

8. വാഴുന്നാഴി വരച്ചു കൊണ്ടവനതൻ
ബാഹ്യാങ്കണേ വല്ലഭവൻ;
കേഴുന്നു തവ തോഴിമാർ കരകയാൽ
കണ്ണുതിയുണ്ണാതയും;
താഴും മൗലികളോടു പൈങ്കിളികളും
മിണ്ടാതെയായ്; നിന്റെയും
തോഴീ, യിവിധയാവസ്ഥ; യിനിയും
കാഠിന്യമെന്തിങ്ങനെ?

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ലിഖന്നാസ്തേ ഭൂമിം...(പേജ് 35)

9. ത്വന്നാഥം വശ്യനാക്കും സരളശഠകളാം
നാരിമാരേത്തടുക്കാ-
നിന്നാമോ? പിന്നെ നീയെന്തിനു ബത കരയു-
ന്നാർത്തയായ് തത്പ്രിയാർത്ഥം?
നന്നായുള്ളോരു ഭർത്താവതിരസികനവൻ
കാതരേ! നീ തിരിച്ചി-
ട്ടെന്നാലേനം കഥഞ്ചിൽ പ്രിയശതമതിനാൽ
പാട്ടിലാക്കാത്തതെന്തേ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** നാര്യോ മുഗ്ദ്ധശഠാ...(പേജ് 36)

10. കാലുഷ്യത്തോടു ലോലായിതഭുജലതയാൽ
ഗാഢമാബദ്ധ്യസായം-
കാലേ കേളീഗൃഹത്തിൽ പ്രിയതമനെനയി-
ച്ചാളിമാർ നോക്കിനില്ക്കേ
"മേലാലീവണ്ണ" മെന്നങ്ങിടറിയരുളിയാ-
ഗസ്സിനെസ്സൂചയിത്വാ
ലോലാക്ഷീ നിഹ്നവോൽകം പ്രഹരതി രുദതീ
ധന്യമേനം ഹസന്തം.

സ്രഗ്ദ്ധര

**മൂലശ്ലോകം:** കോപാത് കോമളലോല...(പേജ് 37)

11. "പോയാലിങ്ങായവർ സുന്ദരി! തിരിയെ വരാ-
റില്ലയൊ? നീയെനിക്കാ-
യായാസപ്പെട്ടിടൊല്ലാ ഭൃശമസി കൃശ"യെ-
ന്നോതവേ ഞാനുദസ്രം
ഹ്രീയാൽ മന്ദിച്ചു കണ്ണീർവരവു കവരുമ-
ക്കണ്ണുകൊണ്ടെന്നെ നോക്കി-
ജ്ജായാ ഹാസത്തിനാൽ ഭാവിനമൊരു മരണോ-
ത്സാഹമാവിഷ്കരിച്ചാൾ

സ്രഗ്ദ്ധര

**മൂലശ്ലോകം:** യാതാഃ കിം ന മിലന്തി...(പേജ് 38)

12. കാന്തേ മത്സമ്മുഖീനേ വദനമനമയം
    കാൽകളിൽ കണ്ണു ചേർത്തേൻ
പൂന്തേനോലും തദുക്തിശ്രുതികുതുകികളാം
    കാതുകൾ ഞാനടച്ചേൻ
സ്വാന്തേ തിങ്ങും വികാരം പ്രകടമധികപോ-
    ലം കരാജ്യാം മറച്ചേൻ
പ്രാന്തേഷു ച്ഛിദ്യതേ കഞ്ചുളിക സഖികളെ!
    ഹന്ത ഞാനെന്തു ചെയ്‌വൂ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** തദ്വക്ത്രാഭിമുഖം മുഖം...(പേജ് 39)

13. "വന്നീടാനിവിടെക്കുറേ വഴുകുമോ?
    നട്ടുച്ചയായീടുമോ?
പിന്നീടായ് വരുമോ? പകൽ കഴിയണോ?
    ചൊല്ലേണമെൻ വല്ലഭാ!"
എന്നീവണ്ണമുരച്ചു ഗൽഗദവതീ
    ദേശാന്തരേ പോകുവാ-
നന്നീടും കണവന്റെ യാത്രയെ മുട-
    ക്കീടുന്നു മുഗ്ദ്ധാംഗനാ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പ്രഹരവിരതൌ മദ്ധ്യേ...(പേജ് 41)

14. കേളീകോപവശാൽ കഥഞ്ചന ഗമി-
    ക്കാൻ ഞാൻ കഥിച്ചപ്പൊഴേ-
യ്ക്കാളീ! യക്കഠിനൻ കിടക്കയെവെടി-
    ഞ്ഞുത്ഥായ മണ്ടീടിനാൻ
കേളീ നിമ്മർമനായ നിഷ്കരുണനിൽ
    ചെല്ലുന്നു ചിത്തം ഹത-
വ്രീളീഭൂതമിതാഗ്രഹത്തൊടിനിയും
    വല്ലായ്മ ചൊല്ലാവതോ?.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കഥമപി സഖി ക്രീഡാ...(പേജ് 42)

15. രണ്ടാളും രാത്രിയിൽ ചേർന്നരുളിയ മൊഴിതാൻ
    സന്നിധാനേ ഗുരൂണാം
കൊണ്ടാടിക്കൊഞ്ചിയാമ്രേഡിതമൊടുഷസി ചൊ-
    ല്ലുന്ന കേളീശുകത്തെ
മിണ്ടാതാക്കുന്നു ചഞ്ചൂപുടനികടമതിൽ
    കർണ്ണികാപത്മരാഗം
വണ്ടാർപൂവേണി കാണിച്ചവനതവദനാ
    ദാഡിമീബീജദംഭാൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദമ്പത്യോർന്നിശി ജല്പതോഃ...(പേജ് 43)

16. വിശ്വാസക്കേടിനാലിജ്ജനമനഭിമുഖം
    പിന്നിലോർക്കാതെ വന്നി-
ങ്ങാശ്ലേഷിച്ചെന്നു കിട്ടീ തവ കിതവ! ഫലം
    സൗഭഗഭ്രംശമെന്യേ?
പശ്യേദം പ്രേയസീപൊർമുലയിണയിലെഴും-
    കുങ്കുമാലംകൃതം മൽ-
കൈശ്യേ തങ്ങും മെഴുക്കാലതിവികൃതമെഴു-
    ക്കേറിടും മാറിടം തേ

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അജ്ഞാനേന പരാങ്മുഖീം...(പേജ് 45)

17. ദൂരാൽപ്രത്യുദ്വ്രജന്തീ വസതി പരിഹരി-
    ച്ചീടിനാളേകമഞ്ചേ
സ്വൈരാശ്ലേഷായ വീടീപ്രണയനകപട-
    ത്താൽ കൊടുത്തില്ല തക്കം
ചേരാതാക്കീടിനാളുക്തികൾ സഖികളൊടായ്
    കൃത്യമൊരൊന്നു ചൊല്ലി-
ദ്ധീരാ സൽകാരഭംഗ്യാ ദയിതനൊടു ഫലി-
    പ്പിച്ചു തൻപ്രേമകോപം.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഏകത്രാസനസംഗതിഃ...(പേജ് 46)

18. കണ്ടിട്ടേകാസനത്തിൽ പ്രിയകളിരുവരെ-
    പ്പിന്നിലെത്തി പ്രമോദാൽ
കണ്ടിക്കാർക്കുന്തലാളാമൊരുവൾമിഴികളേ
    മൂടി ലീലാച്ഛലേന
തൊണ്ടിക്കിണ്ടൽകൊടുക്കുന്നധരയപരയെ-
    ക്കണ്ടമീഷൽതിരിച്ചും-
കൊണ്ടിഷ്ടാവാപ്തിഹൃഷ്ടാം കിതവനതിരസം
    പൂണ്ടു ചുംബിച്ചിടുന്നു

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദൃഷ്ട്വൈകാസനസംഗതേ...(പേജ് 47)

19. ഭള്ളില്ലാതെ നമസ്കരിച്ചതു, മുപേ-
    ക്ഷിക്കെ പ്രസാദാശയെ-
ത്തള്ളിത്തൻ ദയിതൻ നിഗ്രഢകിതവാ-
    ചാരേതി ദുർവാക്കിനാൽ
ഉള്ളിൽ കോപമിയന്നു പോകമളവിൽ
    കൈവെച്ചു പോർകൊങ്കയിൽ
പുള്ളിപ്പേടമൃഗാക്ഷി നോക്കി നെടുവീർ-
    പ്പോടുൽകടാസ്രാ സഖീഃ

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ചരണപതനപ്രത്യാഖ്യാനാത്...(പേജ് 48)

20. ചുമ്മാതെന്തേ പടാന്തം ദൃഢതരമരഞ്ഞാൺ-
കൊണ്ടു ബന്ധിച്ചുറങ്ങു-
ന്നിമ്മാൻകണ്ണാളിവണ്ണം പ്രിയനവളുടെയാ-
ളോടു മന്ദം വദിക്കേ
അമ്മാ! യിമ്മാമുറങ്ങുന്നതിനുമനുവദി-
ക്കുന്നതില്ലെന്നു കോപി-
ച്ചമ്മാറമ്മെത്തയിൽത്താൻ ഛലമൊടവൾ തിരി-
ഞ്ഞൊട്ടിടം വിട്ടുവന്നായ്. സ്രഗ്ദ്ധര

**മൂലശ്ലോകം:** കാഞ്ച്യാ ഗാഢതരാവബദ്ധ...(പേജ് 49)

21. ഉൾത്താപത്തോടൊരേ മെത്തയിലനഭിമുഖം
തമ്മിൽ മിണ്ടാതെ ഭാര്യാ-
ഭർത്താക്കന്മാരു തൻ ഗൗരവമതിനെ വിടാ–
തേ പണിപ്പെട്ടിരിക്കേ
ചിത്താസംഗേന മന്ദം മിഴികളിടകലർ–
ന്നോരു നേരം ക്ഷണത്താ-
ലുൾത്താരിൽ തീർന്നു കേളീകലഹമിരുവരും
ചേർന്നു കെട്ടിപ്പുണർന്നാർ. സ്രഗ്ദ്ധര

**മൂലശ്ലോകം:** ഏകസ്മിഞ്ഛയനേ പരാങ്മുഖ...(പേജ് 51)

22. കണ്ടീടാമെന്നൊടെന്താണിവളുടെ വിധമെ-
ന്നോർത്തു ഞാൻ പാർത്തിരുന്നേൻ
മിണ്ടീട്ടുന്നില്ലിതെന്തെന്നൊട്ടു ശഠനിതി മൽ-
ക്കാന്തയും കോപമാർന്നാൾ
അവ്യാപാരം മിഥോ വീക്ഷണചതുരമതാ-
മായവസ്ഥാന്തരത്തിൽ
സവ്യാജം ഞാൻ ചിരിച്ചേ, നവൾ മമ ധൃതി പോ-
കും പ്രകാരം കരഞ്ഞാൾ സ്രഗ്ദ്ധര

**മൂലശ്ലോകം:** പശ്യാമോ മയി കിം പ്രപദ്യത...(പേജ് 53)

23. അദ്ധ്യാസിച്ചേകശയ്യാം പതി പരതരുണീ-
പേരു ചൊന്നോരു നേര-
ത്തദ്ധാ കോപാൽ തിരിഞ്ഞോരവളൊടനുനയാ
ർത്ഥം പറഞ്ഞൊരു വാക്യം
ബദ്ധാവേഗം ഗണിച്ചില്ലവളവനുമട-
ങ്ങിക്കിടന്നാനുടൻ സാ
മുഗ്ദ്ധാ വീക്ഷിച്ചുറങ്ങീടരുതിവനിതി സോൽ-
കണ്ഠമാവൃത്തകണ്ഠാ. സ്രഗ്ദ്ധര

**മൂലശ്ലോകം:** ഏകസ്മിഞ്ഛയനേ വിപക്ഷ...(പേജ് 54)

24. കുന്നേലുംകൊങ്കയാളാമവളുടെ പരിരം-
ഭാങ്കമാന്വേർരു വക്ഷ-
സ്സിന്നേരത്തെന്തിനംഘ്രിപ്രണമനകപടാൽ
ഗോപനം ചെയ്തിടുന്നു?
എന്നേവം തന്വി ചൊന്നാളട``നതെവിടെ?" യെ-
ന്നായതേ മായ്ക്കുവാനാ-
യൊന്നേണാക്ഷീം പുണർന്നേൻ; ദൃഢമവളുമതേ-
ത്തദ്രസത്താൽ മറന്നാൾ

സ്രഗ്ദ്ധര

**മൂലശ്ലോകം:** തസ്യാസ്സാന്ദ്രവിലേപന...(പേജ് 55)

25. മയ്യേൽക്കണ്ണീ! നിനക്കേറുമൊരഴക മുല-
ക്കച്ച കൂടാതെ തന്നേ
പൊയ്യല്ലെന്നോതി മെല്ലെ പ്രിയതമനതിലേ-
ക്കെട്ടു തൊട്ടീടുമപ്പോൾ
ശയ്യയ്ക്കാരാലിരിക്കും സുമുഖിയുടെ മുഖം
നോക്കിയാനന്ദമോടെ
പയ്യപ്പോയീടിനാരാളികൾ വെളിയിലളീ-
കങ്ങളോരോന്നു ചൊല്ലി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ത്വം മുഗ്ദ്ധാക്ഷി വിനൈവ...(പേജ് 57)

26. വല്ലാതാക്കിച്ചുളുക്കാം പുരികമപിതു ക-
ണ്ണാസ്ഥയാ നോക്കിടുന്നു
സല്ലാപത്തേത്തടുക്കാം തദപി ഹതമിദം
സ്മേരമാകുന്നു വക്ത്രം
ഇല്ലാതാക്കാം മൃദുത്വം ഹൃദിപുളകിതമാ-
കുന്നിതെന്നാലുമംശം
ചൊല്ലാമായാളിനേക്കാണുകിലതിവിഷമം
തന്നെ മാനം നടിപ്പാൻ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഭ്രൂഭംഗേ രചിതേപി...(പേജ് 58)

27. കാന്തൻ വിപ്രിയമാചരിക്കുമളവിൽ
കാലുഷ്യമാർന്നീർഷ്യയാ
കാട്ടും ചേഷ്ടകൾ മുള്ളുവാക്കുകളിവ-
യ്ക്കാളീടെ കോളെന്നിയെ
കൌശല്യം കലരാതെ ബാലിക കര-
ഞ്ഞീടുന്നു ഹാ കേവലം
കണ്ണീർകൊണ്ടു കപോലപാളി കഴുകി-
ക്കല്യാണി കാർവേണിയാൾ

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പ്രാണേശപ്രണയാപരാധ...(പേജ് 59)

28. ആകട്ടേ വിവരം ഗ്രഹിച്ചു മതി വീൺ-
വാക്യങ്ങൾ പോകാം പ്രിയാ!
ദോഷം നിന്നിലശേഷമില്ല വിധി താ-
നെന്നിൽ ധൃതദ്വേഷനായ്
അവ്വണ്ണം വലുതായ് വളർന്നൊരു തവ
പ്രേമാവതിവ്വണ്ണമാ-
യെന്നാലീ ഹതജീവിതം വിടുവതിൽ
കില്ലില്ല മേ തെല്ലുമേ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ഭവതു വിദിതം വ്യർത്ഥ...(പേജ് 60)

29. താരം ഹാരമുരസ്സിലും കളകളം
തഞ്ചുന്ന കാഞ്ചീഗുണം
സ്ഫാരശ്രീജഘനത്തിലും മുഖരമാ
മിത്തണ്ട കാൽത്താരിലും
സ്വൈരം ചേർത്തു തമുക്കടിച്ചഭിസരി
ക്കാൻ പോകയാണെങ്കിലി-
ന്നേരം പാരമുഴന്നു ദിക്കുകളയേ!
നോക്കുന്നതെന്തിന്നു നീ?

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ഉരസി നിഹിതസ്താരോ...(പേജ് 61)

30. എത്തിക്കാലത്തുകാലത്തരികിൽ മിഴികളേ
നിദ്രയില്ലാതെയാക്കി-
പ്പോക്കിച്ചേൻ ഗൌരവത്തെസ്സരളഹൃദയയാ-
മെന്നെനീ പാട്ടിലാക്കി
മുഗ്ദ്ധൻ നീയെന്തുചെയ്തു? മൃതിഭയമതു ഞാൻ
വിട്ടു പോയ്ക്കോൾക കഷ്ട-
പ്പെട്ടീടേണ്ടാചരിപ്പെൻ ഹിതമതുമുടനേ
കേൾക്കുമാറാകുമേ നീ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** പ്രാതഃപ്രാതരുപാഗതേന...(പേജ് 62)

31. സ്ഥൈര്യം വിട്ടുന്നർപോയീ വളക; ളിടവിടാ-
തശ്രു നിര്യാതമായീ;
ധൈര്യം നിന്നില്ല തെല്ലും; മനമതു ഗമനം
നിശ്ചയിച്ചു നടേതാൻ;
പോകാൻ ഭർത്താവുറച്ചോരളവതിലൊരുമി-
ച്ചേവരും നിഗ്ഗമിച്ചു;
പോകേണ്ടും നേരമെൻ ജീവിത! ബത വെടിയു-
ന്നെന്തു ചങ്ങാതിമാരെ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** പ്രസ്ഥാനം വലയൈഃ കൃതം...(പേജ് 63)

32. ``ശ്രീമാൻ ഭർത്താവുറങ്ങീ സഖി, ഭവതിയുറ''-
ങ്ങെന്നു ചൊന്നാളിമാർ പോയ്
പ്രേമാവേശന ചേർത്തേൻ തദനു തരളയായ്
തന്മുഖേ മന്മുഖത്തേ
രോമാഞ്ചാലോകനത്താൽ കിതവകൃതകനി-
ദ്രാമറിഞ്ഞോരു നേരം
ഹ്രീമാന്ദ്യം മേ ഭവിച്ചായതുമവനുചിത-
പ്രക്രമത്താലമർത്താൻ. സ്രഗ്ദ്ധര

**മൂലശ്ലോകം:** സുപ്തോ∫യം സഖി സുപ്യതാം...(പേജ് 64)

33. ഉൾപ്പൂവിൽ കോപമപ്പോൾ ഭ്രുകടിഘടന താൻ,
ശണ്ഠ മിണ്ടാവ്രതം താ,-
നല്പം തമ്മിൽ സ്മിതം താനനുനയ, മൊരു ദൃക്-
പാതമാത്രം പ്രസാദം,
അപ്രേമാവിപ്പൊഴോർത്തീടുക വിഷമതയേ
പ്രാപ്തമായിപ്രകാരം
മൽപാദേ നീ കിടക്കുന്നഹഹ! കനിവുമി-
ല്ലൊട്ടുമേ ദുഷ്ടയാം മേ. സ്രഗ്ദ്ധര

**മൂലശ്ലോകം:** കോപോ യത്ര ഭ്രുകുടിരചനാ...(പേജ് 65)

34. മതി മതിമുഖി! മൗനം കാൺക ഞാൻ കാല്ക്കൽ വീണേൽ
മതിയതിലിതുപോൽ തേ ജാതു ജാതാം ന കോപം
ഇതി പതി പറയുമ്പോൾ സാ തിരിഞ്ഞക്ഷി ചിമ്മി–
ച്ചതിവിധുര കരഞ്ഞാളേതുമൊന്നോതിടാതേ മാലിനി

**മൂലശ്ലോകം:** സുതനു ജഹിഹി മൗനം...(പേജ് 66)

35. മുദ്രാഹീനാദരം പുൾകിയ മുലകളമർ-
ന്നേറേ രോമാഞ്ചമാർന്നും
ഹൃദ്രാഗോദ്രേകമൂലം കടിതടമതിൽ നി-
ന്നംശുകം സ്രംസിയായും
ഭദ്രാസാ വേണ്ടവേണ്ടന്തിതുമതിമതിയെ-
ന്നാകുലാലാപിനീ കിം
നിദ്രാണാ മൂർച്ഛിതാ കിം മനസി മമ ലയി-
ച്ചോ ദ്രവത്വം ഭജിച്ചോ? സ്രഗ്ദ്ധര

**മൂലശ്ലോകം:** ഗാഢാലിംഗനവാമനീകൃത...(പേജ് 67)

36. കാന്തൻ പൂന്തുകിലേന്തവേയവൾ മുഖം
താഴ്ത്തുന്നു മര്യാദയാ
പുൾകാനായി മുതിർന്നിടും പൊഴുതൊഴി-
ച്ചീടുന്നു മെയ് മെല്ലവെ
ആളാകാതുരിയാടുവാൻ സ്മിതമുഖീ-
മാലോക്യ ചാലേ സഖീം
വ്രീളാലോളിതയാദ്യകേളിയിൽ വല-
ഞ്ഞീടുന്നു ബാലാ തുലോം

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പടാലഗ്നേ പത്യൗ...(പേജ് 68)

37. സാന്ത്വത്താൽ ശാന്തമാകാതെയുമപഹൃതമാ-
കാതെയും ബന്ധുവാക്യൈ-
സ്സ്വാന്തത്തിൽ ഭൂരിയത്നത്തൊടു പകൽ മുഴുവൻ
സോഢമാം പ്രേമകോപം
താന്താങ്ങൾ പിന്തിരിഞ്ഞങ്ങനെ മരുവുമവ-
സ്ഥാന്തരേ തിര്യഗക്ഷി-
പ്രാന്തങ്ങൾ ചേർന്നനേരത്തിരുവരുടയ ഹാ-
സത്തിനാൽ തീർന്നു വേഗാൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** നാപേതോഽനുനയേന യഃ...(പേജ് 69)

38. പ്രേമാവും ബഹുമാനവും പ്രണയവും
സൗജന്യവും വിട്ടവൻ
സാമാന്യത്തിലൊരാളു തൻ നിലയിലായ്
മുൻപിൽ ഗമിച്ചിടവേ
സീമാതീതസുഖം കഴിഞ്ഞ ദിവസാ-
നോർത്തോർത്തു മേ മാനസം
ഹേ മാന്യേ സഖി! യെന്തുകൊണ്ടു പൊടിയു-
ന്നില്ലെന്നറിഞ്ഞില്ല ഞാൻ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ഗതേ പ്രേമാവേശേ...(പേജ് 70)

39. ഏറക്കാലം പിരിഞ്ഞിട്ടതിരതി കൊതി കൊ-
ണ്ടാർത്തരായ് പുത്തനായി-
ഷ്ഷാരൊക്കെത്തീർന്ന പോലുള്ളൊരു പരമരസം
പൂണ്ടു ചേർന്നോരു യൂനോഃ
സ്വൈരക്കേടായി നീളപ്പകലതു ഗുരുമ-
ദ്ധ്യേ കഴിഞ്ഞിട്ടു രാവിൽ
ഭൂരിക്രീഡയ്ക്കു നേരം ബഹുസരസകഥാ-
വിസ്തരൈരസ്തമായി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ചിരവിരഹിണോരുത്കണ്ഠ...(പേജ് 72)

40. ദ്വാരത്തിൽ ചേർത്തു മാല്യം കുവലയമയമാ
ദൃഷ്ടിപാതത്തിനാൽ താൻ
ചാരത്താചാരപുഷ്പാഞ്ജലികലന ഫലി-
പ്പിച്ചു മന്ദസ്മിതത്താൽ
നേരത്തർഘ്യം വിയർത്തുള്ളൊരു കുചകലശം
കൊണ്ടവൾ നൽകിനാൾ സൽ-
ക്കാരത്തേ വീട്ടിലെത്തും പ്രിയതമനു പരാ-
പേക്ഷ കൂടാതെ ചെയ്താൾ

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദീർഘാ വന്ദനമാലികാ...(പേജ് 74)

41. രോഷത്താൽ സാപരാധൻ കണവനെയകല-
ത്താക്കിനേൻ പിന്നെയാളീ-
വേഷത്തോടെത്തിനാനെന്നരികിലവനിരു-
ട്ടത്തു ഞാൻ ഭ്രാന്തിമൂലം
ഭാഷിച്ചേൻ ഗൂഢമായാഗ്രഹമവനില്ലടൻ
ദുഷ്കരം താനിതെന്നൽ-
ഘോഷിച്ചാലിംഗനം ചെയ്തുദിതഹസിതനായ്
ധൂർത്തനെന്നെച്ചതിച്ചാൻ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** കാന്തേ സാഗസി യാപിതേ...(പേജ് 76)

42. കാൽക്കൽ വീണീടുമെന്നോർത്തടിമലരിണ മൂ-
ടുന്നു ചേലാഞ്ചലംകൊ-
ണ്ടേല്ക്കും ഹാസം മറയ്ക്കുന്നൊളിവൊടു തെളിവായ്
ദൃഷ്ടി ചേർക്കുന്നതില്ല
വാക്യം ഞാനൊന്നു ചൊല്ലുന്നളവിലവൾ വിരു-
ദ്ധോക്തിയോതുന്നു സഖ്യാ
വായ്ക്കും പ്രേമാവിരിക്കട്ടവളുടെ കലഹാ-
രംഭവും രമ്യമത്രേ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ആശങ്ക്യ പ്രണതിം പടാന്ത...(പേജ് 77)

43. കറ്റക്കാർവേണിയാളേ പ്രിയസഖികൾ പഠി-
പ്പിച്ചുറപ്പിച്ചതെല്ലാം
കുറ്റക്കാരൻ പ്രിയൻതന്നരികിലവൾ പറ-
ഞ്ഞിട്ടു വേഗേന പിന്നേ
സ്നിഗ്ദ്ധത്വത്തോടനംഗാഭിമതമതനുവ-
ത്തിർപ്പതിന്നായ് തുനിഞ്ഞാൾ
മുഗ്ദ്ധത്വത്തോടിണങ്ങും പ്രിയതയുടെ നിസർ-
ഗ്ഗാഭിരാമഃ ക്രമോയം.

സ്രഗ്ദ്ധര

**മൂലശ്ലോകം:** സാ യാവന്തി പദാന്യളീക...(പേജ് 78)

44. പ്രേയാനാഗസ്സു ചെയ്തോൻ വരുവതുവരെയും
പാരമൗത്സുക്യമാർന്നി-
ട്ടായാനം ചെയ്തനേരം വിവലിതമഭിഭാ-
ഷിക്കവേ സ്ഫാര്യമാണം
ആലിംഗിക്കെച്ചകന്നൻപൊട്ടു പുടക പിടി
ക്കെക്കുതത്ഭ്രൂവിഭംഗം
കാലിൽ വീണപ്പൊളസ്രാവിലമതിചതുരം
കണ്ണഹോ മാനവത്യാഃ

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദൂരാദുത്സുകമാഹതേ...(പേജ് 79)

45. ``എന്താണീയതികാർശ്യ? മെന്തിതു വിറ-
ച്ചീടുന്നു? മുഗ്ദ്ധേ മുഖം
കിം താവൽ പരിപാണ്ഡുഗണ്ഡ?"മിതി തൽ-
കാന്തൻ കഥിച്ചീടവേ
ചിന്താവിഗ്ന``യിതൊക്കെയും സഹജ"മെ-
ന്നോതിത്തിരിഞ്ഞന്യത-
സ്സന്താപാശ്രുവിനേക്കളഞ്ഞു നെടുവീർ-
പ്പോടേ നെടുങ്കണ്ണിയാൾ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അംഗാനാമതിതാനവം...(പേജ് 80)

46. ക്ഷീണം പൂണ്ടംബുദാഡംബരജനിതസമു-
ദ്വേഗനായിട്ടു രാത്രൗ
ദീനം രോദിച്ചു കേഴും വിരഹിയുടെ വിലാ-
പങ്ങളേക്കേട്ട നേരം
പ്രാണം പോക്കും പ്രവാസവ്യസനകഥയിരി-
ക്കട്ടെയുണ്ടായിടൊല്ലാ
മാനം പോലും മഹാസങ്കടമിതിസകലർ-
ക്കും മനസ്സാർദ്രമായി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** രാത്രൗ വാരിഭരാലസാംബുദ...(പേജ് 81)

47. ഹാലാപാനേന മത്താ നിജകരജപദം
കണ്ടു ശങ്കിച്ചു സേർഷ്യാ
ബാലാ പോകമ്പൊളേന്തിപ്പുടകയതുളിനേ-
നെങ്ങു പോകുന്നിതെന്നായ്
ലോലാപാംഗീടെ സാചീകൃതവദനമുദ-
സ്രേക്ഷണം മുഞ്ച മുഞ്ചേ-
ത്യാലാപം കോപകമ്പ്രാധരമതുപൊഴുതെ-
ന്നുള്ളിൽനിന്നെങ്ങനേ പോം.

സ്രഗ്ദ്ധര

**മൂലശ്ലോകം:** സ്വം ദൃഷ്ട്വാ കരജക്ഷതം...(പേജ് 82)

48. ഞാനേറെപ്പണി ചെയ്കയാലിഹ ഗൃഹേ
വന്നിട്ടു നിൻ കാൽകളിൽ
താനേ വീണ സരാഗനാം രമണനേ
നീയെന്തു കൈവിട്ടെടീ?
മാനേലുംമിഴി! മന്ദഭാഗ്യയിനി നീ-
യിസ്സാഹസത്തിൽ ഫലം
താനേ വാണ കരഞ്ഞു കേണനുഭവി-
ക്കാജീവാനന്തം ശഠേ! ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ചപലഹൃദയേ കിം...(പേജ് 83)

49. ക്രാന്താകാശാന്തരാളം കരിമുകിൽനികരം
നോക്കിയുദ്ഭ്രാന്തബാഷ്പാ
കാന്താ നി പോകുവാനായിഹ തുനിയുകയാ-
ണെങ്കിലെന്നദ്ധർവാക്യം
ശ്രാന്താ കൃച്ഛ്രേണ ചൊല്ലീട്ടഥ മമ പടമേ-
ന്തിദ്ധരിത്രീം ലിഖന്തീ
കാന്താ പിന്നെന്തു ചെയ്യേന്നതു ബത പറവാൻ
നാവിനിന്നാവതല്ലാ. സ്രഗ്ദ്ധര

**മൂലശ്ലോകം:** നഭസി ജലദലക്ഷ്മീം...(പേജ് 84)

50. ``കാന്തേ!'', ``നാഥാ!''; ``കയർത്തീടരുതു മയി'', ``കയർ-
ത്തെന്തു ചെയ്തേനഹം തേ?'';
``സ്വാന്തേ ദുഖം'', ``ഭവാനില്ലൊരു പിഴയുമെനി-
ക്കല്ലയോ കുറ്റമെല്ലാം''
``എന്തേ പിന്നീവിധം തേ രുദിത-'', ``മെവനുടേ
മുൻപി-''; ``ലെന്മുൻപിലത്രേ''
``ഹന്തേയം തേസ്മികാഹം?''; ``ദയിതതമ'', ``യത-
ല്ലെന്നു രോദിച്ചിടുന്നേൻ!'' സ്രഗ്ദ്ധര

**മൂലശ്ലോകം:** ബാലേ നാഥ വിമുഞ്ച...(പേജ് 86)

51. പ്രാണേശന്റെ കഴുത്തിലെന്തു പുണരാ-
ഞ്ഞിപ്പൊട്ടി ഞാനെന്തുവാ-
നാണേ താഴ്ത്തി മുഖത്തെയുമ്മതരവേ
നോക്കാതിരുന്നെന്തുവാൻ?
തൂഷ്ണീം വാണതുമെന്തിനെന്നു നവസം-
ഗാവസ്ഥയോർത്തംഗനാ
കേണീടുന്നനുതാപമാർന്നു രസികാ
പ്രേമ്ണി പ്രരൂഢേ ദൃഢേ ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ശ്ലിഷ്ടഃ കണ്ഠേ കിമിതി...(പേജ് 88)

52. കണ്ണീർ വാത്താർണയിട്ടും കഴലിണയിൽ നമി-
ച്ചും പ്രിയം മറ്റു ചെയ്തും
പെണ്ണുങ്ങൾ ദൈന്യമാന്നർന്യകൾ ഗമനപരം
പ്രാണനാഥം തടുക്കും
ധന്യാഹം പോക നി മംഗള സുദിവസമ-
ക്കാലമേ ചെയ്വനെന്നാ-
ലെന്നാൽ കത്തർവ്യമായുള്ളതു തവ വഴിയേ
കേട്ടിടാമായഭീഷ്ടം. സ്രഗ്ദ്ധര

**മൂലശ്ലോകം:** വാണ്യൈർല്ലോചനവാരിഭിഃ...(പേജ് 89)

53. നീലാംഭോജാക്ഷി നിന്നി; ല്ലവൾ നടയെ മുട-
ക്കിപ്പിടിച്ചില്ല കയ്യാൽ;
ചേലാന്തത്തെപ്പതിച്ചില്ലടിയിണയി; ലുര-
ച്ചില്ല നില്ക്കെന്നവാക്കും;
കാളാംഭോദാളി മേളിച്ചിളകിയ സമയേ
പോകുവാനായ് തുനിഞ്ഞോ-
രാളാം കാന്തന്റെ യാനം നയനജലനദീ-
നിർജ്ഝരത്താൽ തടുത്താൾ സ്രഗ്ദ്ധര

**മൂലശ്ലോകം:** ലഗ്നാ നാംശുകപല്ലവേ...(പേജ് 90)

54. പാരം കാമൻ വിരഹവിഷമൻ മെയ് മെലിപ്പിച്ചിടുന്നു
സ്വൈരം കാലൻ ദിവസഗണനാദക്ഷനത്യന്തരുക്ഷൻ
ഘോരം മാനാമയമതിനു ഹാ വശ്യനായ് നീയുമോർക്കി–
ന്നേരം ജീവിപ്പതു സുകരമോ ദുർബ്ബലസ്ത്രീജനത്താൽ. മന്ദാക്രാന്ത

**മൂലശ്ലോകം:** വിരഹവിഷമഃ കാമഃ കാമം...(പേജ് 91)

55. മാനം മ്ലാനതയാർന്നു മാനിനി കരം
കൊണ്ടാനനം താങ്ങിയും
ഞാനംഘ്രിപ്രണതിക്കൊരുങ്ങിയുമുപാ-
യങ്ങൾ ഫലിക്കായ്കയാൽ
വാണോരക്ഷണമക്ഷിരോമനിരയിൽ
തങ്ങീട്ടു പൊർകൊങ്കയിൽ
വീണോരശ്രുവിനാലുടൻ പ്രകടമാ-
യുള്ളിൽ പ്രസാദോദയം ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പരിമ്ലാനേ മാനേ...(പേജ് 92)

56. ദൂരാൽ താനുപചാരമോടുടനെഴ-
 ന്നേറ്റം സമന്ദസ്മിതം
പാരാതാജ്ഞ ശിരസ്സിൽ വച്ചു മമ ചൊ-
 ല്ലീടുന്നുമുണ്ടുത്തരം
ചേരുന്നില്ലയവിന്നു ദൃഷ്ടിയിലയേ
 നിന്നാശയേ ഗൂഢമി-
ഷ്ടാരുഷ്യം പരമേവ മോർത്തു കഠിനേ!
 കത്തുന്നിതുൾത്താരു മേ

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കൃതോ ദുരാദേവ...(പേജ് 93)

57. തെല്ലും വിശ്വാസമില്ലെൻസഖികളിലതിരി-
 ക്കട്ടെയെന്നാശയത്തേ-
യല്ലാം ബോധിച്ചൊരാളിൽ സലളിതമിഴിചേർ-
 ഷ്ടാനുമാളല്ലഹോ ഞാൻ
വല്ലാതെല്ലാരുമെല്ലാക്കഥയുമറിയുമെ-
 ന്നാൽ ഹസിക്കും രസിക്കും
ചൊല്ലമ്മാ! നീയെനിക്കാരൊരുഗതിയനുരാ-
 ഗാഗ്നിയുള്ളിൽ ജരിച്ചു.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ആസ്താം വിശ്വസനം...(പേജ് 94)

58. ഉണ്ടാകുന്നൊണ്ടു മേ കോൾമയിരധികമവൻ
 പേരുപോലും ശ്രവിച്ചാൽ
കണ്ടാലോ തന്മുഖത്തിങ്കളെയുടലലിയും
 ചന്ദ്രകാന്തം കണക്കേ
കണ്ടാശ്ലേഷത്തിനെത്തും നിലയിലണയുമ-
 പ്പ്രാണനാഥോപകണ്ഠേ
കണ്ടാ ശണ്ഠയ്ക്കു ചിന്താ മമ കഠിനതയു-
 ണ്ടാക്കിയാലും കഥഞ്ചിൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ശ്രുത്വാ നാമാപി...(പേജ് 95)

59. ശിഷ്ടപ്പെണ്ണുങ്ങളൊണ്ടിങ്ങനുഗ്രഹമവരോ-
 ടിന്നുനീ ചെന്നു ചോദി-
ക്കിഷ്ടന്മാർ കുപ്പമോ? നിന്നടിമയുടെ നില-
 യ്ക്കല്ലയോ നിൻമണാളൻ?
ദുഷ്ടക്കൂട്ടങ്ങൾ ചൊല്ലുന്നതു കരുതരുതേ
 നിന്നെ നീയോത്തിർടേണം
കഷ്ടപ്പാടേറിവന്നാൽ കഠിനത പുരുഷ-
 ന്മാർക്കു കൂടീട്ടുമത്രെ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** സന്ത്യേവാത്ര ഗൃഹേ...(പേജ് 96)

60. അദ്ധാ കാമുകർ കാമകൌതുകനദീ-
പൂരത്തിനാലൂഢരാ-
യദ്ധാമസ്ഥഗുരുക്കളാമണകളാൽ
പ്രത്യൂഢരായന്തികേ
രുദ്ധാസംഗമിരിക്കിലും നിഭൃതമാ-
യൌന്മുഖ്യമോടേ മിഥ-
ശ്ശ്രദ്ധാമാർന്നു പകർന്നിടുന്ന മിഴികൊ-
ണ്ടുള്ളിൽ കിടക്കുംരസം.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** സ്മരരസനദീപൂരേണോഢാഃ...(പേജ് 97)

61. നഷ്ടം നിശ്ശേഷമായ് പോർമുലയിൽ മലയജം
ചുണ്ടിലേച്ചോപ്പശേഷം
മൃഷ്ടം ലുപ്താഞ്ജനം കണ്ണിണ തവ കൃശമി-
ക്കോൾമയിർ കൊണ്ടകോലം
കഷ്ടം പോയ്യോതുവോള! സ്വജനരുജ ധരി-
ക്കാത്ത ദൂതീ! കുളിപ്പാ-
നിഷ്ടം പോലങ്ങു നീ പോയ് കുളമതിൽ ന ഹി ത-
സ്യാനമസ്യാന്തികത്തിൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** നിശ്ശേഷച്യുതചന്ദനം...(പേജ് 98)

62. ഒട്ടേറത്തട്ടി വാട്ടം കുറുനിരകൾ വളർ-
ന്നാർത്തി പൂണ്ടങ്ങിരിക്കെ-
പ്പെട്ടെന്നെന്നാഗമത്താൽ പുനരുടനുളവാ-
യോരു സൗന്ദര്യമാർന്നും
ചട്ടറ്റാടോപമോടേ രതികുതുകമിയ-
ന്നും പ്രകാശിച്ച പുത്ത-
ന്മട്ടോലും വാണിതന്നാനനമതിനെ നുകർ-
ന്നോരു സൗഖ്യം മറക്കാ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** മ്ലാനം പാണ്ഡു കൃശം...(പേജ് 99)

63. മുന്നേപ്പോൽ മുണ്ടഴിക്കുംപൊഴുതവൾകലഹി-
ക്കുന്നതില്ലിന്നു ദീനാ
പിന്നക്കുന്തൽ പിടിക്കെ ഭ്രുകുടിയൊടധര-
ത്തേ മുറിക്കുന്നുമില്ല
തന്നത്താൻ തന്നിടുന്നൊണ്ടുടലുമവൾ ഹഠാ-
ലിംഗനേ ശാഠ്യമെന്യേ
കന്നൽക്കണ്ണാൾ പഠിച്ചാളപരമൊരു കയ-
ഷിർന്റെ മട്ടെന്നിലിപ്പോൾ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ആയസ്താ കലഹം...(പേജ് 100)

64. പ്രാണപ്രേഷ്ഠൻ പ്രണാമത്തെയുമവൾ വകവ
യ്ക്കാതിരുന്നോരു നേരം
ക്ഷീണപ്പെട്ടേറ്റുമോതാതരിശമൊടു ശഠൻ
പോകുവാനായ് തുനിഞ്ഞാൻ
നാണപ്പെട്ടേറുമാലസ്യമൊടവിരളബാ-
ഷ്പാർദ്രമാമീക്ഷണത്താ-
ലേണപ്പെൺകണ്ണി നോക്കീട്ടവനെ വിവശയായ്
തൽക്ഷണത്തിൽ തടുത്താൾ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ചിന്താമോഹനിബദ്ധ്യമാന...(പേജ് 101)

65. വീടിച്ചെഞ്ചാറുചേർന്നിട്ടൊരിട, മഗുരുപ-
ങ്കാങ്കമാർന്നിട്ടൊരേടം,
കൂടിച്ചൂർണ്ണക്കറിക്കുട്ടൊരിട, മരുണമാം
ചേവടിപ്പാടൊരേടം,
വാടിശ്ശീർണ്ണങ്ങളാം പൂക്കളൊടുമിടയിലേ-
റച്ചുളുക്കോടുമിന്നി-
ക്കോടിശ്ശയ്യാസ്തരം പെൺകൊടിയുടെ രതഭേ-
ദങ്ങളെക്കാട്ടിടുന്നു.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ക്വചിത്താംബൂലാക്തഃ...(പേജ് 102)

66. ``ചൊല്ലാനുണ്ടൊരു കാര്യമിങ്ങു വരികെ''-
ന്നാഹൂതയായ് മറ്റൊരാ-
ളില്ലാതുള്ളൊരിടത്തിൽ ഞാനൃജുതയാ
ചെന്നേനവന്നന്തികേ
എന്തോ മേ ചെവിയിൽ പറഞ്ഞു വദനം
ധൂർത്തൻ മണപ്പിച്ചു കൊ--
ണ്ടെൻ തോഴീ! മുടിയിൽ പിടിച്ചധരസർ-
വസ്വം കവർന്നീടിനാൻ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അഹം തേനാഹൂതാ കിമപി...(പേജ് 103)

67. വണ്ടാർ പൂവണിവേണി കേളിശയനാൽ
തീണ്ടാർന്നകന്നീടവേ
ചുണ്ടാലോലത പൂണ്ടു ചുംബനമതി-
ന്നർത്ഥിച്ചു കാന്തൻ ഭ്രുവാ
ഉണ്ടാമുൾച്ചിരിചേർന്ന ചാരുവദനം
പൂഞ്ചേലതന്നഞ്ചലം
കൊണ്ടാരോമൽ മറച്ചവൾ തല കല്പ-
ക്കീ തോടയാടീടവേ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പുഷ്പോൽഭേദമവാപ്യ...(പേജ് 104)

68. കനത്ത നട്ടരാവിലെങ്ങു കരഭോരു! പോകുന്നു നീ?
മനഃപ്രിയതമൻ മയോദ്യ മരുവുന്നിടത്തേക്കു താൻ
നിനക്കു ഭയമില്ലയോ സഖി! തനിച്ചുപോയീടുവാ–
നനംഗനിഷുവും തൊടുത്തു തുണയായെനിക്കില്ലയോ?. പൃത്ഥ്വി

**മൂലശ്ലോകം:** ക്വ പ്രസ്ഥിതാസി കരഭോരു...(പേജ് 105)

69. അന്യസ്ത്രീദിക്കിലേക്കായ് പൂരികമിളകവേ
മൂർദ്ധനിർദ്ധൂതി ചെയ്താൻ
പിന്നത്തത്വജ്ഞലോകേ മിഴിയതണയവേ
ചിന്ത പൂണ്ടമ്പരന്നാൻ
തമ്പിക്കാസ്യം ചുകന്നീടവെയടിയിണയിൽ
ദൃഷ്ടികൊണ്ടാനമിച്ചാൻ
മുന്നിൽതന്നേ ഗുരുണാമിരുവരവർ വെടി-
ഞ്ഞില്ല കാലോചിതത്തെ. സ്രഗ്ദ്ധര

**മൂലശ്ലോകം:** ലോലഭ്രൂലതയാ വിപക്ഷദി...(പേജ് 106)

70. ഏണാക്ഷീ നോക്കി ദീനാ ചിരതരമഥ കൈ-
ക്കൂപ്പി യാചിച്ചു പിന്നെ-
ച്ചേണാർന്നച്ചേലമേന്തീ ചിദമൊട്ടു തദനു
വ്യാജമെന്യേ പുണർന്നാൾ
വീണാക്കീട്ടായതെല്ലാം ശഠനഹ്ഹണനവൻ
പോവതിന്നാഞ്ഞ നേരം
പ്രാണാശാം കൈവെടിഞ്ഞൂ പ്രഥമമവളഥ
പ്രാണനാഥം പ്രയത്നാൽ. സ്രഗ്ദ്ധര

**മൂലശ്ലോകം:** ദൃഷ്ടഃ കാതരനേത്രയാ...(പേജ് 107)

71. ആ ലാക്ഷാങ്കം ലലാടസ്ഥലമതുചുഴലെ,-
ക്കങ്കണാങ്കം കഴുത്തിൽ,
ചേലായിട്ടാനനത്തിൽ മഷി, മിഴികളില-
സ്വപ്നതാംബൂലരാഗം
ബാലാകാലത്തു കോപാവഹമിതി ചിരമാ-
ലോക്യ കാന്തന്റെ കോലം
ലീലാകഞ്ജത്തിനുള്ളിൽ കൊടിയൊരു നെടുതാം
വീർപ്പതപ്പോളടക്കീ സ്രഗ്ദ്ധര

**മൂലശ്ലോകം:** ലാക്ഷാലക്ഷ്മ ലലാട...(പേജ് 108)

72. ഇക്കാലത്തു മുതൽക്കു മാനവുമെനി-
ക്കായാളിലുണ്ടാകയി-
ല്ലക്കാർക്കോടകനാം ശഠന്റഭിധയും
ഞാൻ തെല്ലുമേ ചൊല്ലിടാ
നോക്കാ, മായവനെപ്പിരിഞ്ഞിഹ ശരൽ
കാലത്തിലേ രാത്രിയോ
നൽക്കാർ കൊണ്ടൊരു വർഷകാലദിനമോ
പോക്കാനെനിക്കാവതോ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അദ്യാരഭ്യ നഹി പ്രിയേ...(പേജ് 109)

73. കയ്യാ! കൈതവശീല! മറ്റവളുടേ
കാഞ്ചീരവം കേട്ടു നീ
കയ്യാശു ശ്ലഥബന്ധമാക്കിയിഹ മാം
പുൽകിശ്ശയിച്ചീടവേ
അയ്യാ ചൊൽവനിതാരൊടെന്റെ സഖിയും
കൂട്ടാക്കയില്ലേതുമേ
നെയ്യായും മധുവായുമുള്ള ബഹുനിൻ
പൊയ്വാഗ്വിഷാഘൂർണ്ണിതാ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ശഠാന്യസ്യാഃ കാഞ്ചീ...(പേജ് 110)

74. വീക്ഷിച്ചേകാന്തമായപ്പുരമുറി ശയനാൽ
ചെറ്റെഴുന്നേറ്റു മന്ദം
സൂക്ഷിച്ചൊട്ടേറെനേരം കൃതകപടമുറങ്ങുന്ന കാ-
ന്തന്റെ വക്ത്രം
ചുംബിച്ചാശങ്കയെന്യേ കലിതപുളകമായ്
കണ്ടു ഗണ്ഡസ്ഥലത്തെ-
ച്ചുംബിക്കപ്പെട്ടു ലജ്ജാനതമുഖി ഹസതാ
പ്രാണനാഥേന ബാലാ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ശൂന്യം വാസഗൃഹം വിലോക്യ...(പേജ് 111)

75. ഹേ രംഭോരു! വിരോധമെന്തു സുചിരം
കാൽക്കൂപ്പുമിക്കാന്തനോ-
ടാരംഭത്തിനു താമസിക്കിലവനെ-
ന്താഗസ്സയേ കോപനേ!
പാരം പൊങ്ങിയ കോപമിങ്ങനെ സഖീ-
വാചാ ശമിച്ചീടുമ-
ന്നേരം പെണ്ണിനു തോർന്നുമില്ല മിഴിയിൽ
നീർ വാർന്നുമില്ലഞ്ജസാ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പാദാസക്തേസുചിരമിഹതേ...(പേജ് 113)

76. കഷ്ടപ്പെട്ട വിയോഗിനീ കഥമപി
    പ്രത്യാഗതൻ കാമുകൻ
    ദ്വിഷ്ടസ്ത്രീയുടെ പേരുചൊല്ലിയതു കേ-
    ട്ടില്ലെന്നു ഭാവിക്കിലും
    ധൃഷ്ടാ തൻസഖി കേട്ടിതോ പരമിതെ-
    ന്നൽഭ്രാന്തമായ് സംശയാ-
    വിഷ്ടാവേല്ലിതദൃഷ്ടി വേശ്മവിജനം
    കണ്ടാശ്വസിച്ചീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കഥമപി കൃതപ്രത്യാപത്തൗ...(പേജ് 114)

77. പാടീരപ്പൊടി വീണ്ട പാരമധുനാ
    പാരുഷ്യമീ മെത്തമേൽ
    വാടീടൊല്ലയി പല്ലവാംഗി! തവ മെ-
    യ്യെന്നേറ്റി മാറത്തു മാം
    കൂടീടും പരിരംഭചുംബനരസാ-
    വേശേന കാൽ കൊണ്ടു താൻ
    ശാടീബന്ധമകറ്റിയക്കിതവനാ-
    ലാരബ്ധമാത്മോചിതം

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പശ്യാശ്ലേഷവിശീർണ്ണ...(പേജ് 115)

78. ബന്ധുക്കൾക്കാക്കി ബാഷ്പോദകരധരികഗുരു-
    ക്കൾക്കുമശ്രാന്തചിന്താം
    ചിന്തും ദൈന്യത്തെയെല്ലാം പരിജനമതിനും
    താപമത്തോഴിമാർക്കും
    സന്ധിപ്പിച്ചന്യരിൽ തന്നഴൽ പരമസുഖം
    ശ്വാസമാത്രേണഖിന്നാ
    പന്തൊക്കും കൊങ്കയാൾ ചേർന്നിടുമുടനെയിനി
    സ്വൈരമായ് നീയിരിക്ക

സ്രഗ്ദ്ധര

**മൂലശ്ലോകം:** അച്ഛിന്നം നയനാംബു...(പേജ് 116)

79. ദേഹത്തെക്കൃശമാക്കിടട്ടലർശരൻ
    പൊട്ടട്ടെയെൻ നെഞ്ചകം
    സ്നേഹസ്ഥൈര്യമകന്ന കാന്തനെയിനി-
    ക്കാണേണ്ടെനിക്കെൻ സഖി!
    മോഹത്താലതി മാനിനീ സരഭസം
    ചോന്നേവമീക്ഷിച്ചു സാ
    ഗേഹസ്ഥാ ഭയസംഭ്രമേണ രമണൻ-
    തൻമാർഗ്ഗമേണേക്ഷണാ

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** സ്ഫുടതു ഹൃദയം കാമഃ കാമം...(പേജ് 118)

80. നന്നായ ന്യാരദാങ്കം പ്രിയനുടെയധരേ
 കണ്ടു ലീലാംബുജം കൊ -
ണ്ടൊന്നായാളേയടിച്ചാളതുവയ, റുടന-
 ക്കേസരം വീണവണ്ണം
നിന്നാൻ ചിമ്മിച്ചു കണ്ണങ്ങവ, നവളനുതാ
 പത്തൊട്ടൂതീട്ടുവാനായ്
ചെന്നാൾ; ആ ധൂർത്തനപ്പോളനുനയതിയെ-
 ന്യേ പ്രിയയ്ക്കുമ്മവച്ചാൻ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ലീലാതാമരസാഹതോന്യ...(പേജ് 119)

81. മുന്നത്തേ സ്ഥിതിയോർക്കിൽ നമ്മുടെ വപു -
 സ്സൊന്നായിരുന്നാദിയിൽ
പിന്നത്തേ നിലയിൽ ഭവാൻ പ്രിയതമൻ
 ഭഗ്നാശ ഞാൻ പ്രേയസീ
ഇന്നേരം കണവൻ ഭവാനൊരു കള-
 ത്രം ഞാനുമീമട്ടിലാ
യെന്നേ വേണ്ടിതു വജ്ര നിഷ്ഠുരമതാ-
 മിജ്ജീവിതത്തിൽ ഫലം.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പുരാഭൂദസ്മാകം...(പേജ് 121)

82. ``പാവം നീ പാവമായ് താനനവരതമിരു-
 ന്നീടൊലാ കാന്തനോടി-
ബ്ഭാവം മാറ്റിക്കയർത്തീടുക സരളതയേ
 വിട്ടു കയ്ക്കൊണ്ടു ധൈര്യം"
ഈവണ്ണം തോഴിയോതുംപൊഴുതു മതിമുഖീ
 സാദ്ധ്വിസാ സാദ്ധ്വാസത്തോ-
ടേവം ചൊന്നാൾ ``പതുക്കപ്പറക മനസി മേ
 വാഴുമായാളു കേൾക്കും".

സ്രഗ്ദ്ധര

**മൂലശ്ലോകം:** മുഗ്ദ്ധേ മുഗ്ദ്ധതയൈവ...(പേജ് 122)

83. നീരാഴിക്കരയിൽ പരാഗരസമാർ-
 ന്നാരബ്ധഝങ്കാരമായ്
ധാരാളം വരിവണ്ടണഞ്ഞു വിലസും
 മാംവള്ളിയേന്തീട്ടവൾ
പാരാതങ്ങുടലുത്തരീയമുറിയാൽ
 മന്യേ മറച്ചേറിട്ടു-
ന്നാരാവത്തെയടക്കിയിന്നു കരയു-
 ന്നൂ ശ്വാസകമ്പ്രസ്തനീ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ആലംബ്യാംഗണവാപികാ...(പേജ് 123)

84. ചിന്തിക്കാതവനുള്ളരാഗമനവർ-
ത്തിക്കാതെ ബന്ധുക്കളേ
യെന്തിക്കാലമകാരണം കണവനോ-
ടണ്ഡേ; കലമ്പിച്ചു നീ?
ചെന്തീക്കട്ടകൾ താൻ യുഗാന്തദഹനോ-
ദ്ദീപ്തങ്ങൾ നീ കയ്യിനാ-
ലേന്തിക്കാട്ടിലിനിക്കിടന്നു മുറയി-
ട്ടാലാരു കൂട്ടാക്കിടും?

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അനാലോച്യപ്രേമ്ണഃ...(പേജ് 124)

85. പത്തിക്കീറ്റു കവിൾത്തടത്തിലമരും
കയ്യാൽ പ്രമൃഷ്ടം, സുധാ-
സത്തിന്നൊത്തിയലും തവാധരരസം
നിശ്ശ്വാസനിഷ്പീതമായ്
എത്തിക്കണ്ണുമണഞ്ഞു പോർമുല ചലി-
പ്പിക്കുന്ന കണ്ണീർ പ്രകോ-
പത്തിന്നായ് പ്രിയഭാവമിന്നതു ദുരാ-
രാദ്ധ്യേ!നമുക്കൂർദ്ധ്വമായ്.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കപോലേ പത്രാളീ...(പേജ് 125)

86. കാന്തൻ പോയ് വന്ന ശേഷം കഥമപി പകലുൽ-
കണ്ഠയോടേ കഴിച്ചി-
ട്ടന്തേഗ്ഗേഹത്തിലെത്തിജ്ജഡസഖികൾ കഥാ-
വിസ്തരം ചെയ്തിടുമ്പോൾ
``എന്തോയെന്നെക്കടിച്ചെ"ന്നധികവിവശയായ്
ചൊല്ലി വസ്ത്രം കുടഞ്ഞ-
പ്പൂന്തേന്നേർവാണിയേറ്റം രതിരഭസഭരം
പൂണ്ടു ദീപം കെടുത്തി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ആയാതേ ദയിതേ മനോരഥ...(പേജ് 127)

87. എൻമാറിൽ പൂർവ്വമുണ്ടായൊരു മുലയിണ നിൻ-
മാറിലത്രേ വളർന്നൂ
നിൻവാക്യത്തോടു ചേർന്നെന്നുടെ മൊഴിയതിനി-
ല്ലാതയായ് മുഗ്ദ്ധഭാവം
എൻബാഹുക്കൾക്കു ധാത്രീഗളതലമതു വി-
ട്ടാശ്രയം നിൻകഴുത്തായ്
നിൻമാർഗ്ഗം നിർദ്ദയാഗ്രേസര! തെരുവുമിത-
ല്ലാതയായെന്തു ചെയ്വൂ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** രോഹന്തൌ പ്രഥമം മമോരസി...(പേജ് 128)

88. കണ്ണിന്നാഹ്ലാദമുണ്ടായ് ഹൃദയമതു പതി-
ഞ്ഞോർത്തുപായങ്ങളേറ്റം
വർണ്ണിച്ച സ്നേഹമെൻ ദൂതിയുടെ മൊഴികളും
ചെന്നുകൊണ്ടങ്ങിരിക്കേ
എണ്ണിക്കൂടാത്തൊരാലിംഗനസുഖമതിരി-
ക്കട്ടെ, യെന്നോമലാമ-
പ്പെണ്ണിൻ വീട്ടിന്നടുക്കൽ പെരുവഴിയിൽ നട-
ക്കുന്നതും ബ്രഹ്മസൌഖ്യം. സ്രഗ്ദ്ധര

**മൂലശ്ലോകം:** ചക്ഷുഃപ്രീത്യാ നിഷണ്ണേ...(പേജ് 129)

89. കാമക്രീഡ കഴിഞ്ഞ വേളയിലഴി-
ഞ്ഞക്കാഞ്ചി കാലിൽ തട-
ഞ്ഞോമൽ കയ്ത്തളിർ വീശി വീശി വിവശാ
ദീപം കെടുത്തിടുവാൻ
സാമർത്ഥ്യത്തോടെറിഞ്ഞു മാല്യമുറിയെ-
ക്കാന്തന്റെ കൺ പൊത്തിടു-
ന്നാമയ്ക്കണ്ണി ചിരിച്ചു ഭംഗിയതവൻ
നോക്കുന്നു കൌതുഹലാൽ. ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കരകിസലയം ധൂത്വാ...(പേജ് 131)

90. കോപംകൊണ്ടു തിരിഞ്ഞു ശയ്യയിലണ-
ഞ്ഞേണേക്ഷണാ വ്യാജമായ്
സ്വാപം ചെയ്തിടവേ പുണർന്നു നിപുണൻ
പ്രാണേശ്വരൻ മാന്മഥം
താപം പൂണ്ടു പതുക്കയംശുകമഴി-
ക്കാനാഞ്ഞിടുമ്പോൾ ഭുജ-
ക്ഷേപം ചെയ്തഥ നീവീയേറ്റവുമുറ-
പ്പിക്കുന്നു ചിക്കെന്നവൾ. ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പരാചീ കോപേന...(പേജ് 132)

91. നോക്കിക്കണ്ണെത്തുവോളം കണവനുടെ വഴി-
ക്കാശവിട്ടെങ്ങുമേയാൾ
പോക്കില്ലാതന്തിനേരം വഴികളിലിരുളേ-
റിത്തുടങ്ങീടുമപ്പോൾ
വീട്ടിൻ നേർക്കായ് വിഷാദിച്ചൊരടി വിരഹിണീ
വച്ചുകൊണ്ടിക്ഷണത്തിൽ
പ്രേഷ്ഠൻ വന്നേക്കുമോയെന്നുടനെ വലിതയായ്
പിന്നെയും കണ്ണയച്ചാൾ. സ്രഗ്ദ്ധര

**മൂലശ്ലോകം:** ആദൃഷ്ടിപ്രസരാത് പ്രിയസ്യ...(പേജ് 133)

92. നാട്ടും മേട്ടും കൊടുങ്കാട്ടുകൾ പുഴകളനേ
കം കടന്നെത്തിടേണ്ടു-
ന്നേടത്തുള്ളൊരു തൻകാന്തയെയൊരുവിധവും
കാണ്മതല്ലെന്നറിഞ്ഞും
കൂടക്കൂടക്കിളർത്തിഗ്ഗളമതു മിഴിനീർ
പോക്കിയദ്ദിക്കിലേക്കാ-
യാടൽപ്പെട്ടുള്ളിലെന്തോ നിനവൊടു വിരഹീ
നോക്കിടുന്നാക്കമോടെ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദേശൈരന്തരിതാ ശതൈശ്ച...(പേജ് 134)

93. വക്ത്രമെന്തിതു വിയർത്തു ഹന്ത വെയിൽ-
കൊണ്ടു കണ്ണരുണമായവ-
ന്നുക്തി കേട്ടൊരു തൃഷാ കറുത്തൊരള-
കങ്ങൾ ചിന്നിയതു തെന്നലാൽ
പത്രലേഖയിതു മാഞ്ഞു വസ്ത്രകഷ--
ന്നാൽ തളർന്നതു നടപ്പിനാൽ
യുക്തമോതിയതശേഷവും പുറക
ദൂതി! ചുണ്ടിൽ മുറിവെന്തു തേ?

കുസുമമഞ്ജരി

**മൂലശ്ലോകം:** സ്വിന്നം കേന മുഖം...(പേജ് 135)

94. വിട്ടാലും കഠിനേ! വ്യളീകകഥയെ-
ച്ചേർന്നുള്ള വിഭ്രാന്തിയെ--
പ്പെട്ടെന്നേഷണി കേട്ടു നീ ജനമിമം
കഷ്ടപ്പെടുത്തീടൊലാ
തിട്ടപ്പെട്ടിതു സത്യമായ് കരുതിയോ?
മുഗ്ദ്ധേ! ഫലിപ്പിച്ച മേ
ചട്ടറ്റുള്ളൊരഭീഷ്ടമെൻ പ്രിയതമേ!
വാണീടുകാനന്ദമായ്

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കഠിനഹൃദയേ മുഞ്ച ഭ്രാന്തിം...(പേജ് 137)

95. ചില്ലീഭംഗം കഴിച്ചേനരുവനവധിയ-
ക്കണ്ണടപ്പഭ്യസിച്ചേൻ
സല്ലീലാഹാസവും സല്ലപിതമതുമട-
ക്കാൻ പഠിച്ചേൻ ചിരം ഞാൻ
ഇല്ലാതാക്കാൻ മൃദുത്വം ഹൃദയമതു പണി-
പ്പെട്ടുറപ്പിച്ചുകൊണ്ടേ-
നെല്ലാമായ് മാനയത്നം മമ ഫലമേതു ദൈ-
വത്തിനായത്തമത്രേ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഭ്രൂഭേദോ ഗണിതശ്ചിരം...(പേജ് 138)

96. കാന്തൻ കേണു കഴൽക്കു വീണു കരയും
സ്വാന്തം ഹരിക്കുന്ന പോൽ
സാന്ത്വം ചൊല്ലിടുമാർത്തിയോടു പുണരും
ചുംബിക്കുമത്യാദരാൽ
എന്തെല്ലാം ഗുണമൊണ്ടു മാനമതിനെ-
ന്നാലും മടിയ്ക്കുന്നു ഞാ-
നന്തസ്സ്നേഹമിയന്ന കാന്തനെ നിന-
ച്ചെന്തിങ്ങു ചെയ്‌വേൻ സഖി. ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ചരണപതനം സാസ്രാലാപാ...(പേജ് 140)

97. തല്പത്തിൽ പ്രിയനെത്തിയപ്പൊളുടനേ
സ്രംസിച്ചു നീവിസ്വയം
സ്വല്പം നിന്നധിമധ്യമത്തുകിലഴി-
ഞ്ഞീടുന്ന കാഞ്ച്യാ ധൃതം
ഉൾപ്പൂവിത്രയുമോർത്തിടുന്നു സഖി! മേ
പിന്നീടു തന്മൂർത്തി ചേർ-
ന്നപ്പോളാരവനാരു ഞാൻ രതമതേ-
തെന്തോർമ്മയില്ലേതുമേ ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** കാന്തേ തല്പമുപാഗതേ...(പേജ് 141)

98. മ്ലാനം നിശ്ശ്വാസദാഹാന്മുഖമകതളിരു-
ന്മൂലിതം ദീനയാം മേ
ന്യൂനം നിദ്രാപ്രസംഗം ദയിത മുഖമദൃ-
ശ്യം സദാ രോദനം താൻ
ഗ്ലാനം ഗാത്രം മെലിഞ്ഞെൻ പ്രിയനടിയിൽ നമി-
ച്ചിട്ടുപേക്ഷിച്ചു ഹാ ഞാൻ
മാനം ചെയ്യിച്ചു മാം കാന്തനിലൊരുഫലമെ-
ന്താവുമെൻ തോഴിമാരേ? സ്രഗ്ദ്ധര

**മൂലശ്ലോകം:** നിശ്വാസാ വദനം ദഹന്തി...(പേജ് 142)

99. തടുത്തില്ലാവാസാഗതിയുഥ ഭവിച്ചില്ല വിമുഖീ
കടുത്തോരുൾ കൊപാൽ പൌരുഷമുരചെയ്തില്ല മൊഴിയും ശിഖരിണി
അടുത്തെത്തും തൻകാന്തനെ വെറുമോരാളോടു സദൃശ-
പ്പെടുത്തി പ്രേക്ഷിച്ചാൾ പരമവളു ദാസീനതയോടെ

**മൂലശ്ലോകം:** നാന്തഃ പ്രവേശമരുണ...(പേജ് 143)

100. കാന്തൻ വസ്ത്രമൊളിച്ചു കിഞ്ചന വിളം-
ബിച്ചപ്പൊളെന്തോ പരം
ക്ലാന്തത്വത്തൊടു ചൊല്ലുമത്തരുണിയെ-
ക്കണ്ടാശു തണ്ടാർശരൻ
ശാന്തപ്പെട്ടു രതാഹവം ശിബിരവും
വിച്ഛിന്നമായെങ്കിലും
ശ്രാന്തത്വേന വിനാ തിരിഞ്ഞുചിതമായ്
വൻപുള്ളവൻ പിന്നയും

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** പ്രിയകൃതപടസ്തേയ...(പേജ് 144)

101. സുകിസലയുമൊത്താലസ്യം പൂണ്ടലക്തകരക്തമായ്
സകിലികിലിതം മഞ്ജീരം ചേർന്നൊഴും ചരണത്തിനാൽ
ചകിതഹരിണീനേത്രം മാനം കലർന്നു ചവിട്ടുകിൽ
സകില സുകൃതീ ശ്രീമന്മീനാങ്കനാലുരരീകൃതൻ.

ഹരിണി

**മൂലശ്ലോകം:** സാലക്തകേന നവപല്ലവ...(പേജ് 145)

## 6.2 മാനവിക്രമൻ ചെറിയനുജൻ രാജാ

വേമഭൂപാലന്റെ ദാക്ഷിണാത്യപാഠത്തെ അവലംബിച്ച് പടിഞ്ഞാറേ കോവിലകത്ത് മാനവിക്രമൻ ചെറിയനുജൻ രാജ ചെയ്ത പരിഭാഷ.

1. ഒന്നായ് ഞാൺ കടകാമുഖത്തോടു വലി-
ച്ചീടുന്ന കൈ മേൽ സ്വയം
ചേർന്നീടുന്ന നഖങ്ങൾ തന്നിലിയലും
ശ്രീ തിങ്ങിവിങ്ങിഷ്പരം
നന്നായ് കാതിലണഞ്ഞ മഞ്ജരി കൊതി-
ച്ചെത്തുന്ന മത്താളിപോൽ
മിന്നീടുന്നൊരുമാകടാക്ഷമനിശം
പാലിക്കണം നിങ്ങളെ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ജ്യാകൃഷ്ടിബദ്ധ...(പേജ് 26)

2. ക്ഷിപ്തൻ കൈത്താർ പിടിക്കെ, ത്തുകിൽ തൊടുമളവിൽ
താഡിതൻ, പിന്നപാസ്തൻ
ഹസ്തത്താൽ കുന്തലേന്തീടവെ, വെടിയിലുടൻ
വീഴെ നോക്കപ്പെടാത്തോൻ
എത്തിപ്പുകേ നിരസ്തൻ, ത്രിപുരയുവതിമാർ
തങ്ങളാൽ; ചെറു തെറ്റി-
ങ്ങെത്താക്കാമിക്കു തുല്യൻ ഹരശരദഹനൻ
ദഗ്ദ്ധമാക്കട്ടെ പാപം.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ക്ഷിപ്തോ ഹസ്താവലഗ്നഃ...(പേജ് 27)

3. പാരം പുംസായിതത്തിൽ ചിതറുമളകവും
    ലോലമാം തോടതാനും
സ്ഫാരശ്രീനെറ്റി വേർത്തജ്ജലകണികകളാ-
    ലൊട്ടു മാഞ്ഞുള്ള പൊട്ടും
മാരക്രീഡാന്തതാന്തത്തിരുമിഴിയുമെഴും
    സ്ത്രീമുഖം നിങ്ങളെത്താൻ
നേരെപ്പാലിച്ചിടട്ടെ ഹരിഹരമുഖരാം
    ദേവരാലെന്തു സാദ്ധ്യം?

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ആലോലാമളകാവലീം...(പേജ് 29)

4. ചുണ്ടിൽ ദംശിക്കവേ സംഭ്രമമൊടു തരസാ
    കൈ കുടഞ്ഞിട്ടു ധൂർത്താ
വേണ്ടാ വിട്ടാലുമെന്നായ് പുരികമതു ചുളി-
    ച്ചീർഷ്യഭാവേന ചൊല്ലി
പൂണ്ടീടും സീൽകൃതത്താൽ മുകുളിതമിഴിയാം
    മാനിനിക്കുമ്മവെച്ചാ-
ലുണ്ടാം പിയൂഷമയ്യോ! കടലമൃതു കട-
    ഞ്ഞീടിനാർ വ്യർത്ഥമായി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** സന്ദഷ്ടാധരപല്ലവാ...(പേജ് 30)

5. ആലസ്യത്താൽ തിരിഞ്ഞുൾപ്രിയമൊഴുകി, യട-
    ഞ്ഞൊന്നു നേരിട്ടു നാണ-
ത്താലേ, ചാഞ്ചല്യമാർന്നിട്ടൊരു നൊടിയിട കൈ-
    വിട്ടു നോട്ടങ്ങളോടേ
ചേലോടേന്തുന്നൊരന്തർഗ്ഗതമതു വെളിവിൽ
    കാട്ടിടും മട്ടിലൊന്നി-
ക്കാലേ നീ നോക്കിടുന്നേതൊരു സുകൃതിയെയാ-
    ണിന്നു മുഗ്ദ്ധേ; കഥിക്ക

സ്രഗ്ദ്ധര

**മൂലശ്ലോകം:** അലസവലിതൈഃ...(പേജ് 31)

6. കണ്ണീരും കയ്യുമായിട്ടിതുവിധമധികം
    കോപനേ മൗനമാർന്നീ
വണ്ണം കേഴുന്നതെന്തിന്നിതിലുമധികമായ്
    കേഴമാറായിടും തേ
പൊണ്ണത്തം കൊണ്ടു പാരം പിശുനമൊഴികളെ-
    ക്കേട്ടു മാനം കലർന്നാൽ
തിണ്ണം നിർവിണ്ണനായ് നിൻ പതി നയഗതിയേ
    വിട്ടുദാസീനനാകും.

സ്രഗ്ദ്ധര

**മൂലശ്ലോകം:** അംഗുല്യഗ്രനഖേന...(പേജ് 33)

7. നന്നേ പ്രേമാലിവളെയധികം
ലാളനം ചെയ്തു നീ താൻ
തന്നേ യോഗാൽ നവമിവളിലോ
വിപ്രിയം ചെയ്തുവത്രേ
ഇന്നോ കോപം നിയതമധികം
സാന്ത്വനാൽ ശാന്തമാകു-
ന്നന്നോളം ഹേ കഠിന സഖീ, മേ
ഹന്ത രോദിച്ചിടട്ടേ.

മന്ദാക്രാന്ത

**മൂലശ്ലോകം:** ദത്തോഽസ്യാഃ പ്രണയഃ...(പേജ് 34)

8. വല്ലഭനുഴി വരച്ചു പുറത്തു കുനിഞ്ഞമരു-
ന്നിതു തോഴികളോ-
ടല്ലലൊടൂണമുറക്കുമൊഴിച്ചു കരഞ്ഞു
തളർന്നു വരുന്നു പരം
വല്ല വിധം തല താഴ്ത്തി വിലാസമൊഴിച്ചു
വസിച്ചിതു തത്തകളും
നല്ലൊരു നിന്റെയവസ്ഥയുമിങ്ങിനെ മാന-
മകറ്റുക മാനവതീ

മദിര

**മൂലശ്ലോകം:** ലിഖന്നാസ്തേ ഭൂമിം...(പേജ് 35)

9. ഭർത്താവെപ്പാട്ടിലാക്കും കുടിലകളെ തട്ടു-
ത്തീട്ടുവാൻ വയ്യ പൊയ്യ-
ല്ലോർത്താൽ നീ പിന്നെയെന്തിന്നഴലൊടു കരയു
ന്നായവക്കിഷ്ടമായി
കത്തും പേടിക്കധീനേ; പ്രിയനതി രസിക-
ക്കുട്ടി കേളീവിലോലൻ
മുത്തേറ്റം വാക്ശതത്താലൊരുവിധമവനെ-
പ്പാട്ടിലാക്കാത്തതെന്തേ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** നാര്യോ മുഗ്ദ്ധശഠാ...(പേജ് 36)

10. ഏറീട്ടും കോപമോടേ കരലതികകളാൽ
കെട്ടി ലീലാഗൃഹേ ചെ-
ന്നേറി, "പിന്നേയുമേവം വിധ"മിതിയരുളി-
ത്തോഴിമാർ നോക്കിനിൽക്കേ
പാരം ദുർവൃത്തിച്ചുണ്ടുന്നവളോടു വടിവിൽ
തന്റെ ധൂർത്തേ മറപ്പാൻ
പാരാതോർത്തിട്ടുളവിലടി പെട്ടും
കാമിയാണിങ്ങു ധന്യൻ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** കോപാത് കോമളലോല...(പേജ് 37)

11. എത്താറില്ലേ ഗമിച്ചോർ വരതനു, തിരികേ?
മത്കൃതേ വ്യർത്ഥമാണി-
ന്നുൾത്താപം, നിന്നിലേറുന്നതിപരവശമെ-
ന്നശ്രു വാർത്തോതവേ ഞാൻ സ്രഗ്ദ്ധര
ചിത്തം മന്ദിച്ചു നാണം പെരുകി ജലമെഴും
കണ്ണുകൊണ്ടെന്നെ നോക്കി-
ഷ്ഷേർത്തും ഹംസാലവൾ താൻ വരുമൊരു മരണോ-
ത്സാഹമൊന്നാശു ചൂണ്ടി.

**മൂലശ്ലോകം:** യാതാഃ കിം ന മിലന്തി...(പേജ് 38)

12. തദ്വക്ത്രത്തിങ്കലേക്കായ് തിരിയുമൊരു മുഖം
താഴ്ത്തി വീക്ഷിച്ചു കാലിൽ
തദ്വാക്കിൽ തോഷമേന്തും മമ ചെവികളട-
ച്ചീടിനേൻ മെച്ചമായി സ്രഗ്ദ്ധര
കൈത്താരാൽ സ്വേദവും നൽപുളകവുമിയലും
ഗണ്ഡദേശം മറച്ചേ-
നോർത്താലെന്തൊന്നു ചെയ്‌വൂ പറക സഖികളേ,
കഞ്ചുകം നൂറു കീറായ്!

**മൂലശ്ലോകം:** തദ്വക്ത്രാഭിമുഖം മുഖം...(പേജ് 39)

13. എത്താനായിഹ വൈകുമോ? പറയെടോ
മദ്ധ്യാഹ്നമായീടുമോ?
പാർത്തീടിൽ പരമായതും കഴിയണോ?
സായാഹ്നമാകേണമോ? ശാർദ്ദൂലവിക്രീഡിതം
ഇത്ഥം ഗദ്ഗദബാഷ്പധാരയൊടഹോ
ചോദിച്ചുറച്ചീടിനാൾ
ഭർത്താവിന്റെ വിദേശയാത്രയെ മുട-
ക്കീടുന്നു മുഗ്ദ്ധാംഗനാ

**മൂലശ്ലോകം:** പ്രഹരവിരതൌ മദ്ധ്യേ...(പേജ് 41)

14. ഇന്നെന്തോ പോകയെന്നായ് കളിയിലൊരുവിധം
കോപഭാവേന ചെന്നേ-
നെന്നപ്പോൾ ശയ്യ വിട്ടാൻ കഠിനനനുനയം
പിന്നെ ഞാൻ ചൊൽകിലും പോയ് സ്രഗ്ദ്ധര
പിന്നേയും നാണമെന്യേ വിഗതകരുണനാം
പ്രേമമില്ലാത്തവങ്കൽ
ചെന്നീടുന്നെന്റെ ചിത്തം സഖി; ഇതുസമയം
ഹന്ത! ഞാനെന്തു ചെയ്‌വേൻ?

**മൂലശ്ലോകം:** കഥമപി സഖി ക്രീഡാ...(പേജ് 42)

15. താനും ഭർത്താവുമായി സ്വയമിരവില്വരയ്-
    ക്കുന്നതേക്കേട്ടു കാല-
ത്താനന്ദത്തോടതെല്ലാം ഗുരുജനനികടേ
    ചൊല്ലിടും തത്ത തന്നെ
തേനോലും മാതളത്തിൻകുരു ഇതി കപടാൽ
    കണ്ണികാപത്മരാഗം
താനേ കൊക്കിനടുത്തായ് നതമുഖിയവൾ വെ-
    ച്ചോതിടാതാക്കിടുന്നു.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ദമ്പത്യോർന്നിശി ജല്പതോഃ...(പേജ് 43)

16. കാല്യഷ്യേന കുനിഞ്ഞുകൊണ്ടു മരുവ്വ-
    ന്നെന്നേ വിചാരം വിനാ
ചാലേ പുൽകി ലഭിച്ചതെന്തഴകു പോ-
    യീടുന്നതെന്തേ ശഠ!
കോലം കാണുക കാന്തതൻ കചയുഗേ
    ചേർന്നുള്ളൊരക്കുങ്കുമം
കോല്വം നിന്നുടെ മാറിലെൻ തലയിലെ-
    ത്തൈലാലഴുക്കല്ലയോ?

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** അജ്ഞാനേന പരാങ്മുഖീം...(പേജ് 45)

17. ഒന്നായ് പ്രത്യുൽഗമത്താൽ സഹവസതി കൊട്ടു-
    ത്തില്ലൊരേ മെത്ത തന്മേൽ
പിന്നെത്താംബൂലപൂഗാനയനമഭിനയി-
    ച്ചംഗസംഗം വിലക്കി
തന്നാലാപം മുടക്കി പലപണിയൊരുമി-
    ച്ചാളിമാരോടു ചൊല്ലീ-
ട്ടെന്നീസൽകാരമോടീഷ്യത ചതുര നട-
    ത്തീട്ടുടൻ തൃപ്തി പൂണ്ടാൾ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഏകത്രാസനസംഗതിഃ...(പേജ് 46)

18. സുന്ദരിമാരിരുപേരൊരു പീഠമതിങ്ക-
    ലിരിപ്പതു കണ്ടുടനെ
പിന്നിലണഞ്ഞൊരു പെൺമണി തന്നുടെ
    കണ്ണിണപൊത്തി വെറും കളിപോൽ
പിന്നെ മദോല്ലസഹർഷമിയന്നകതാരു
    കുളുർത്തൊരു മറ്റവൾ തൻ
ഗണ്ഡയുഗേ ഗളമാശ്രു തിരച്ചഥ ചുംബന-
    മൊന്നു കഴിച്ചു ശഠൻ

മദിര

**മൂലശ്ലോകം:** ദൃഷ്ട്വൈകാസനസംഗതേ...(പേജ് 47)

19. മാനം വിട്ടു പണിഞ്ഞതും വെടികയാൽ
തൽപ്രീതിയിൽ കൌതുകം
താനേ വിട്ടഥ ധൂർത്തനെന്ന മൊഴിയാൽ
കോപിച്ചു കാന്തൻ ദ്രുതം
യാനത്തിനു തുനിഞ്ഞ പോതുരസിജേ
കൈ വെച്ച കണ്ണീരൊടും
തേനോലും മൊഴി തോഴിമാരെ നെടുവീർ-
പ്പോടൊന്നു നോക്കീടിനാൾ.

ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ചരണപതനപ്രത്യാഖ്യാനാത്...(പേജ് 48)

20. എന്തിന്നായ് മുഗ്ദ്ധ ചേലാഞ്ചലമതു ദൃഢമായ്
കാഞ്ചിയാൽ ബന്ധനം ചെയ്-
തേന്തുന്നു നിദ്രയെന്നായ് പ്രിയതമനവൾതൻ
ദാസിയോടോതിയപ്പോൾ
"എന്തമ്മേ; നിദ്ര പോകുന്നിത"യരുളി വെറും
സ്വപ്നഭാവത്തൊടൊന്നായ്
ചന്തത്തിൽ കട്ടിലിന്മേൽ കണവനിടമുടൻ
നൽകിനാളാസ്ഥയോടേ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** കാഞ്ച്യാ ഗാഢതരാവബദ്ധാ...(പേജ് 49)

21. സന്താപംപൂണ്ടു മിണ്ടാതൊരു ശയനമതിൽ
പിന്തിരിഞ്ഞിട്ടു കാന്താ-
കാന്തന്മാർ ഗൌരവത്താൽ മനമനുനയമാർ-
ന്നീടിലും കഷ്ടമാകെ
എന്തോ തമ്മിൽ കടക്കൺകളവു വെളിവിലായ്
പ്രേമകോപം സമസ്തം
സ്വാന്തത്തിൽത്തീർന്നു നന്നായ് ചിരിയൊടു രഭസം
കെട്ടിയൊന്നായ് പുണർന്നാർ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഏകസ്മിഞ്ഛയനേ പരാങ്മുഖ...(പേജ് 51)

22. എന്നോടെന്തൊന്നു കാണിച്ചിട്ടുമിവളറിയാ
മെന്നു ഞാൻ സ്ഥൈര്യമോർത്തേൻ
തന്നോടെന്തോതിടാത്തീ ശഠനിതി കരളിൽ
കാന്തയും കോപമാർന്നാൾ
അന്യോന്യം ലക്ഷശൂന്യം മിഴിയൊടു വിലസു-
ന്നായവസ്ഥാന്തരേ ഞാൻ
മന്ദം വ്യാജാൽ ചിരിച്ചേ, നവൾ മമ ധൃതി പോ-
മ്മാറു കണ്ണീരു വാർത്താൾ

സ്രഗ്ദ്ധര

**മൂലശ്ലോകം:** പശ്യാമോ മയി കിം പ്രപദ്യത...(പേജ് 53)

23. ചെന്നൊരു മെത്തയിലൊത്തമരും പതി
മറ്റവൾ തന്നുടെ നാമമുരയ്-
ക്കുന്നതു കേട്ടു കയർത്തു തിരിഞ്ഞുകിടന്നവ-
ളോടു നയങ്ങൾ പരം
ചൊന്നവ നിഷ്ഫലമെന്നതു കണ്ടുരിയാട-
ലൊഴിച്ചു ശയിച്ചിതവൻ
പിന്നെയുറങ്ങിയൊയെന്നിതി മുഗ്ദ്ധ കഴുത്തു
തിരിച്ചഥ നോക്കിയുടൻ. മദിര

**മൂലശ്ലോകം:** ഏകസ്മിഞ്ഛയനേ വിപക്ഷ...(പേജ് 54)

24. നന്നായ്ച്ചെന്നങ്ങു പൂണ്ടാരവൾ മുലയണിയും
ലേപനം പൂണ്ട വക്ഷ-
സ്സിന്നെന്തിന്നായ് മറക്കുന്നടി പണിയുകയെ-
ന്നുള്ള കള്ളത്തിനാലെ
എന്നത്തന്വംഗി ചൊന്നാ"ളെവിടെയ"തിതി ഞാൻ
വേഗമോതീട്ടുതെല്ലാ-
മൊന്നായ് മായ്ക്കുന്നതിനായ് തഴുകിയവൾ മറ-
ന്നീടിനാൾ തൽസുഖത്താൽ. സ്രഗ്ദ്ധര

**മൂലശ്ലോകം:** തസ്യാസ്സാന്ദ്രവിലേപന...(പേജ് 55)

25. ഇന്നെൻ മുഗ്ദ്ധാക്ഷി, കൂടുന്നഴക തവ പരം
റൗക്കയില്ലാതെ താ, നാ-
ണെന്നോതിച്ചെന്നു വേഗം ദയിതനതിലെഴും
കെട്ടു തൊട്ടോരുനേരം
മന്ദാക്ഷത്തോടു മെത്തക്കരികിലമരുമ-
ത്തന്വിയേ നോക്കി മോദാൽ
മന്ദം പോയീടിനാരാളികൾ വെളിയിൽ വെറും
കള്ളമോരോന്നു ചൊല്ലി. സ്രഗ്ദ്ധര

**മൂലശ്ലോകം:** ത്വം മുഗ്ദ്ധാക്ഷി വിനൈവ...(പേജ് 57)

26. നൂനം ചില്ലിചുളിക്കിലും സകുതുകം
നോക്കുന്നു നേത്രാഞ്ചലം
മൗനം കേൾകിലുമാനനം സ്മിതമെഴ-
ന്നീടുന്നു താപാതുരം
ഞാനോ വാശിപിടിക്കിലും പുളകമാർ-
ന്നീടുന്നു സർവ്വാംഗവും
മാനം തെല്ലു നടിപ്പതിന്നു വിഷമം
തന്മേനി കാണും വിധൗ ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ഭ്രൂഭംഗേ രചിതേപി...(പേജ് 58)

27. പ്രേമം കൈവിട്ടു കുറ്റം പ്രിയതമനൊരുനാൾ
ചെയ്തുവന്നോരുനേര-
ത്തോമന്മുഗ്ദ്ധാക്ഷി താനേ സഖിയുടെയുപദേ-
ശാദിയില്ലാതെ കഷ്ടം
സാമർത്ഥ്യം ലേശമെന്യേ കുടിലമൊഴികളിൽ
തന്മുഖം താഴ്ത്തി മന്ദം
സാമാന്യം രോദനം ചെയ്തവൾ കവിൾ കഴുകി-
ക്കേവലം കണ്ണുനീരാൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** പ്രാണേശപ്രണയാപരാധ...(പേജ് 59)

28. വ്യാർത്ഥാലാപങ്ങളാട്ടേ മതി വിവരമറി-
ഞ്ഞീടിനേൻ നാഥ! പോവാം
പാർത്താൽ ദോഷങ്ങളൊന്നും തവ നഹി വിധിതാ-
നിന്നുമേ വൈരി നൂനം
പ്രത്യക്ഷം രൂഢമായിങ്ങിനെ പെരുകിയ നിൻ
പ്രേമമിവ്വണ്ണമായാൽ
സത്യത്തിൽ ദുഃഖമെന്തിപ്രകൃതിതരളമാം
കെട്ട ജീവൻ ഗമിച്ചാൽ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഭവതു വിദിതം വ്യർത്ഥ...(പേജ് 60)

29. ചാരുശ്രീതാരഹാരം വിപുലകുചതടം
തന്നിലും താരനാദം
ചേരുന്നപൊന്നരഞ്ഞാണരയിലുമടിമേൽ
കാൽച്ചിലമ്പും ധരിച്ച്
പാരെല്ലാം കൊട്ടിഘോഷിച്ചയി കണവനെ നീ
കാണുവാൻ പോകയെന്നാ-
ലോരാതേ നാലുപാടും ഭ്രമമൊടു രഭസം
നോക്കിടുന്നെന്തു മുഗ്ദ്ധേ?

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഉരസി നിഹിതസ്താരോ...(പേജ് 61)

30. നിത്യം കാലത്തു വന്നിങ്ങിനെ സുഖമിയലും
നിദ്ര നീ പോക്കിടുന്നു
സത്യം നിർഭാഗ്യയാം മേ ഗരിമ കളകയാൽ
ലാഘവം ചേർത്തു പാരം
പ്രത്യേകം കാന്തനെന്ന ഭയമിഹ ഗതമായ്
മുഗ്ദ്ധ നീയെന്തുചെയ്തു?
പഥ്യം ഞാൻ ചെയ്തുകൊള്ളാമുടനതുമറിയാം
നിന്നു കഷ്ടപ്പെടേണ്ടാ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** പ്രാതഃപ്രാതരുപാഗതേന...(പേജ് 62)

31. സ്വന്തം നൽകങ്കണൗഘം വിരവൊടു ഗതമായ്
കണ്ണുനീരാക വേർപ്പായ്,
സ്വാന്തം മുമ്പേ നടപ്പാൻ കരുതി, ദൃഢതരം
ധൈര്യവും യാത്രയായി
കാന്തൻ പോകാൻ തുനിഞ്ഞൊരളവവനൊരുമി-
ച്ചേവമെല്ലാവരും പോ-
യെന്തിപ്പോകേണ്ടനേരം പ്രിയമുടയവരെ
പ്രാണ! നീ വേർവിടുന്നു. സ്രഗ്ദ്ധര

**മൂലശ്ലോകം:** പ്രസ്ഥാനം വലയൈഃ കൃതം...(പേജ് 63)

32. നന്നായായാളുറങ്ങീ സഖി; വിരവില്ലുറ-
ങ്ങെന്നുരച്ചാളിമാർ പോയ്
പിന്നെ പ്രേമാർത്തയാം ഞാൻ ദയിതനുടെ മുഖ-
ത്തെൻ മുഖം ചേർത്ത നേരം
തന്നംഗേ കണ്ടകം കണ്ടവനുടെ കപടം
പൂണ്ടുറക്കെന്നറിഞ്ഞേ-
നന്നേരം ലജ്ജയായ് മേ പരിചൊടതു പൊടി-
ക്കൈകളാൽ തീർത്തു നാഥൻ. സ്രഗ്ദ്ധര

**മൂലശ്ലോകം:** സുപ്തോഽയം സഖി സുപ്യതാം...(പേജ് 64)

33. ചില്ലിത്തല്ലാണു കോപം വടിവൊടു കലഹം
കേവലം മൌനഭാവം
തെല്ലന്യോന്യം സ്മിതംതാനുചിതമനുനയം
നോക്കമാത്രം പ്രസാദം
ചൊല്ലേവം ചേർന്ന രാഗം പരമിതുവിധമായ്
തീർന്നു നീ കാക്കലിപ്പോൾ
വല്ലാതേ വീണുരുണ്ടും കടുമ കലരുമെൻ
കോപമോ പോവതില്ല. സ്രഗ്ദ്ധര

**മൂലശ്ലോകം:** കോപോ യത്ര ഭ്രുകുടിരചനാ...(പേജ് 65)

34. കണ്ടാലും കോമളാംഗീ; തവ കഴൽ പണിയു-
ന്നെന്നെ നീ കോപമേവം
പണ്ടുണ്ടായില്ല നിന്നിൽ കടുമയൊടധുനാ
പോരുമേ മൌനഭാവം
കണ്ഠത്വം പൂണ്ടു പാരാതിതി പതി പറകേ
കൺതിരിച്ചാശ്രു ചിമ്മി-
ക്കൊണ്ടൽക്കാർവേണി കണ്ണീർ കളവിലവൾ കള-
ഞ്ഞൊന്നുമേ ചൊന്നതില്ലാ. സ്രഗ്ദ്ധര

**മൂലശ്ലോകം:** സുതനു ജഹിഹി മൗനം...(പേജ് 66)

35. ചേർത്തേറെപ്പുൽകമൂലം പുളകവികൃതമാം
 പോർമുലക്കുന്നു ചേർന്നും
മെത്തും രാഗാലഴിഞ്ഞത്തുകിലൊടുമഴകിൽ
 കാഞ്ചിയും കാലിലാർന്നും
ഭർത്താവേ വേണ്ട വേണ്ടാ മതിയിതിയുരചെ-
 താത്തയായ നിദ്ര പൂണ്ടോ?
ചത്തോ ചിത്തേ ലയിച്ചോ പരമവളലിവായ്
 തീർന്നുവോ തീർച്ചയില്ല.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഗാഢാലിംഗനവാമനീകൃത...(പേജ് 67)

36. ചേലാന്തം കണവൻ വലിക്കുമളവിൽ
 താഴ്ത്തുന്നു വക്ത്രാംബുജം
ആലിംഗിപ്പതിനായടുത്തു തുടരും
 നേരത്തൊഴിക്കുന്നു മെയ്
ആലാപത്തിനശക്തയായ് പ്രിയസഖീ-
 മുഗ്ദ്ധാസ്യമീക്ഷിച്ചു തൻ
ബാലാ നൂതന സംഗമേ പരമുഴ-
 ന്നീടുന്നു നാണിച്ചഹോ.

സ്രഗ്ദ്ധര

**മൂലശ്ലോകം:** പടാലഗ്നേ പത്യൗ...(പേജ് 68)

37. അന്യൂനം താണുചൊല്ലും നയമടയ സുഹൃ-
 ദ്വാക്യവും ലേശമേശാ-
തുന്നിദ്രം ദീർഘമായപ്പകലഖിലമട-
 ക്കീടുമപ്രേമകോപം
അന്യോന്യം പിന്തിരിഞ്ഞിട്ടപഹൃതമുഖരായ്
 വാണിടുമ്പോൾ കടക്കൺ
ചേർന്നൊന്നാകെച്ചിരിച്ചീടിന സമയമുടൻ
 കേവലം തീർന്നുപോയി.

സ്രഗ്ദ്ധര

**മൂലശ്ലോകം:** നാപേതോനുനയേന യഃ...(പേജ് 69)

38. തീരേ മര്യാദരാഹാദരമിതുകൾ വെടി
 ഞ്ഞാശു മൽപ്രാണനാഥൻ
ചാരത്തെൻ മുന്നിലേതോ പുരുഷനുടെ നില-
 യ്ക്കങ്ങിനേ പോയ നേരം
നേരായ് താനിന്നു പോയ്പോയൊരു ദിനഗുണവും
 പാർത്തുപാർത്തെന്റെ ചിത്തം
നൂറായ്പ്പൊട്ടിത്തെറിക്കാത്തതിനിഹ സഖി; ഞാൻ
 കാരണം കാണ്മതില്ല.

സ്രഗ്ദ്ധര

**മൂലശ്ലോകം:** ഗതേ പ്രേമാവേശേ...(പേജ് 70)

39. ഏറേ നാൾ വിട്ടുപാർത്തിട്ടലർശരദുര താ-
നേറെ നീറിപ്പൊരിഞ്ഞി-
പ്പാരെല്ലാം പുത്തനെപ്പോൽ പരമസുഖമെഴും
നായികാനായകന്മാർ
പാരാതെപ്പോക്കി നീളപ്പകൽ ഗുരുനികടേ
കഷ്ടമായ് ചെന്നു രാവിൽ
താരമ്പാട്ടത്തിനോടും പല കഥ പറകേ
നേരമില്ലാതെയായി. സ്രഗ്ദ്ധര

**മൂലശ്ലോകം:** ചിരവിരഹിണോരുത്കണ്ഠ...(പേജ് 72)

40. മെല്ലേ തോരണമാല തൂക്കി മിഴിയാൽ,
നീലാബ്ജാലത്തിനാ
ലല്ലാ, പൂജകഴിച്ചു മന്ദഹസിതം
കൊണ്ടല്ല കുന്ദാദിയാൽ
നല്ലോരർഘ്യമുദാരമേകി മുലയാൽ
കുംഭങ്ങൾകൊണ്ടല്ല താൻ
മല്ലാക്ഷീമണിചെയ്തു സൽകൃതി ശുഭം
കാന്തനു താൻ തന്നെയായ്. ശാർദ്ദൂലവിക്രീഡിതം

**മൂലശ്ലോകം:** ദീർഘാ വന്ദനമാലികാ...(പേജ് 74)

41. തെറ്റേറ്റം ചെയ്കയാലെൻ ദയിതനെ വെളിയിൽ
തള്ളി ഞാൻ പിന്നിരുട്ടിൽ
തെറ്റാതെത്തോഴിവേഷത്തൊടുമവനുമടു-
ത്തെത്തി ഞാൻ പുൽകി മന്ദം
തെറ്റിച്ചൊന്നെൻ നിഗൂഢാഗ്രഹമവനിലവൻ
ബുദ്ധിമുട്ടാണിതെന്നായ്
തെറ്റേന്നോതിപ്പുണർന്നച്ചിരിയൊടു ചതിയോ-
നിന്നു പറ്റിച്ചിതെന്നെ. സ്രഗ്ദ്ധര

